KLM

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## അധികാരം ജനങ്ങളിലേക്ക്





# സമഗ്ര വികസന റിപ്പോർട്ട് 1996

## കിളികൊല്ലൂർ ഗ്രാമ പഞ്ചായത്ത്

# ഒമ്പതാം പദ്ധതി ജനകീയ പദ്ധതി

## അധികാരം ജനങ്ങളിലേക്ക്

### കിളികൊല്ലൂർ ഗ്രാമ പഞ്ചായത്ത്




## സമഗ്ര വികസന റിപ്പോർട്ട് 1996



"സ്വയം സമ്പൂർണ്ണ ഗ്രാമസൃഷ്ടിയിലൂടെ മാത്രമേ
രാഷ്ട്ര പുനർനിർമ്മാണം സാദ്ധ്യമാവൂ."

–മഹാത്മാഗാന്ധി

# കിളികൊല്ലൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി



എൻ. ശാന്താദേവി
പ്രസിഡന്റ്



ആർ. അജയകുമാർ
വൈസ് പ്രസിഡന്റ്



എ. വഹാബ്
സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ



എം. ആർ. മോഹനൻ പിള്ള
മെമ്പർ



പി. ശ്യാംപ്രകാശൻ പിള്ള
മെമ്പർ



ജി. സരസ്വതി അമ്മ
മെമ്പർ



റ്റി. കെ. ഇന്ദിര
മെമ്പർ

# കിളികൊല്ലൂർ ഗ്രാമ പഞ്ചായത്ത് ഭരണസമിതി



എസ്. പ്രസാദ്
മെമ്പർ



എൽ. രാജി
മെമ്പർ



കെ. ശിവൻ
മെമ്പർ



ആർ ലതികാ കുമാരി
മെമ്പർ



എസ്. ഹരിദാസൻ
മെമ്പർ



എം. അബ്ദുൾ റഷീദ്
മെമ്പർ



കെ. ബാബു
മെമ്പർ



എൻ. ബാലൻ
സെക്രട്ടറി

*ചീഫ് എഡിറ്റർ*

എൻ. ശാന്താദേവി

(പ്രസിഡന്റ് കിളികൊല്ലൂർ ഗ്രാമ പഞ്ചായത്ത്)

*പത്രാധിപ സമിതി*

പേരൂർ എസ്. പ്രഭാകരൻ

പ്രൊഫ: മുഹമ്മദ് കുഞ്ഞ്

കെ. ശിവൻ

പി. ഇസ്ഡോർ

എസ്. പ്രസാദ്

ആർ. ലതികാ കുമാരി

റ്റി. പ്രേംലാൽ

*ടൈപ്പ് സെറ്റ്*

നവഭാരത് അഡ്വർടൈസിംഗ് കമ്പനി.

ഫോ: 72561

**എൻ. ശാന്താദേവി**
പ്രസിഡന്റ് കിളികൊല്ലൂർ ഗ്രാമപഞ്ചായത്ത്

പ്രിയമുള്ളവരേ,

ആസൂത്രണം താഴെത്തട്ടിൽ നിന്നു തുടങ്ങുമ്പോൾ
സ്വാതന്ത്ര്യത്തിന് അർത്ഥമുണ്ടാകുന്നു.
ചിന്തിക്കുകയും, സംസാരിക്കുകയും ചെയ്യുന്ന ജനത്തിന്
അംഗീകാരം ലഭിക്കുന്നു.
ഭരണത്തിൽ പങ്കാളികളാകാൻ
അവർക്ക് അവസരം കിട്ടുന്നു.
യഥാർത്ഥ ജനാധിപത്യം നടപ്പിലാക്കാൻ
ഇതിനേക്കാൾ ഉത്തമമായ മറ്റൊരു മാർഗ്ഗമില്ല.
വികേന്ദ്രീകൃത ആസൂത്രണത്തിൽ
അധികാരവും വികേന്ദ്രീകരിക്കപ്പെടുന്നു.
പഞ്ചായത്തുകൾക്കും നഗര സഭകൾക്കും
കാര്യക്ഷമമായ ഭരണത്തിനും ജനസേവനത്തിനും
അവസരം ലഭിക്കുന്നതോടൊപ്പം
ഉദ്യോഗസ്ഥ മേധാവിത്വം അവസാനിക്കുകയും ചെയ്യുന്നു.
ഇത് തുടക്കം മാത്രം.
ഈ മഹത്തായ യത്നത്തിന് ധാരാളം
തയ്യാറെടുപ്പുകളും കരുതലുകളും ആവശ്യമാണ്.
ജീവിതത്തിന്റെ എല്ലാ മേഖലകളുടേയും വികസനമാണ് ലക്ഷ്യം
ഈ ലക്ഷ്യത്തിന്റെ സഫലതയ്ക്ക് വേണ്ടി
എല്ലാവിധ ആശംസകളും അർപ്പിച്ചുകൊണ്ട്
കിളികൊല്ലൂർ പഞ്ചായത്തിന്റെ വികസന റിപ്പോർട്ട്
അവതരിപ്പിച്ചുകൊള്ളട്ടെ!

**എൻ. ശാന്താദേവി**




അവലംബം : വിഭവഭൂപടം, സെസ്സ്

# ഉള്ളടക്കം


1. ആമുഖം
2. പൊതുവിവരണം
3. ചരിത്രം
4. ഭൂപ്രകൃതിയും വിഭവങ്ങളും
5. വികസന റിപ്പോർട്ടുകൾ
   - 5.1 കൃഷിയും ജലസേചനവും
   - 5.2 മൃഗസംരക്ഷണവും, മത്സ്യബന്ധനവും
   - 5.3 വ്യവസായം
   - 5.4 ഗതാഗതം, ഊർജ്ജം, മാർക്കറ്റ്
   - 5.5 വിദ്യാഭ്യാസം
   - 5.6 കുടിവെള്ളവും പൊതുജനാരോഗ്യവും
   - 5.7 പാർപ്പിടവും സാമൂഹ്യ ക്ഷേമവും
   - 5.8 സംസ്കാരം
   - 5.9 വനിതാക്ഷേമം
   - 5.10 സഹകരണം
   - 5.11 പട്ടികജാതി, പട്ടികവർഗ്ഗ ക്ഷേമം
   - 5.12 വിഭവ സമാഹരണം, ടൂറിസം
   - 5.13 പൊതു വിതരണം.

ഉപസംഹാരം




# 1. ആമുഖം

ബ്രിട്ടീഷുകാർ ഏകീകരിച്ച് ഒരു കേന്ദ്രഭരണത്തിൻ കീഴിൽ കൊണ്ടുവരുന്നതുവരെ ഏകരാഷ്ട്രമെന്ന നിലയിൽ 'ഭാരതം' വെറും സങ്കൽപ്പമായിരുന്നു. ഇംഗ്ലീഷുകാരുടെ ക്രൂരമായ കോളനി വാഴ്ചയ്ക്ക് എതിരായി ഇന്ത്യക്കാർ ഒത്തുചേർന്ന് സുദീർഘമായ പോരാട്ടം നടത്തിയപ്പോൾ ഭാരതത്തിന്റെ ഏകതയ്ക്ക് ഒരു പുതിയ മാനം ഉണ്ടായി. 1947 ആഗസ്റ്റ് 15 ഇന്ത്യയുടെ ചരിത്രത്തിലെ അതിമഹത്തായ ദിനമാണ് പക്ഷേ സ്വാതന്ത്ര്യത്തിന്റെ മധുര സ്വപ്ന ങ്ങൾ അയവിറക്കിയ ജനത്തിന് ലഭിച്ചത് തൊഴിലില്ലായ്മയും ദാരിദ്ര്യവുമായിരുന്നു. ജനാധിപത്യവും സ്വാതന്ത്ര്യവും സോഷ്യലിസവുമൊക്കെ അവർക്ക് നഷ്ടസ്വപ്നങ്ങളായി അഴിമതിയും അക്രമങ്ങളും കൊണ്ട് വീർപ്പുമുട്ടുന്ന നഗരങ്ങളും ഫ്യൂഡൽ വ്യവസ്ഥിതിയുടെ കരാള ഹസ്തങ്ങളിൽ നിന്ന് ഇനിയും മോചനം ലഭിച്ചിട്ടില്ലാത്ത ഗ്രാമങ്ങളും ഇന്ത്യയുടെ ദുഃഖമായി. ഭൂവുടമാ വ്യവസ്ഥിതിയിൽ വിപ്ലവകരമായ മാറ്റങ്ങൾ വരുത്താൻ കഴിഞ്ഞെങ്കിലും കേരളത്തിലെ ഗ്രാമങ്ങൾ തൊഴിലില്ലായ്മയും ദാരിദ്ര്യവും കൊണ്ട് വീർപ്പുമുട്ടുകയാണ്.

എട്ട് പഞ്ചവത്സരപദ്ധതികൾ കടന്നു പോയിട്ടും രാജ്യത്തിന്റെ അടിസ്ഥാന പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയാതെ ഭരണ വർഗ്ഗം ഇരുട്ടിൽ തപ്പുകയാണ്. കുരുടന്മാർ ആനയെ കണ്ടതുപോലെ സോഷ്യലിസം ഉപേക്ഷിച്ചും സ്വകാര്യവത്ക്കരണവും തുറന്ന കമ്പോളവും പുത്തൻ സാമ്പത്തിക പരിഷ്കാരങ്ങളുമൊക്കെ നടപ്പാക്കിയും പ്രശ്നപരിഹാരമുണ്ടാക്കാൻ ചെയ്ത ശ്രമങ്ങൾ കാര്യങ്ങൾ കൂടുതൽ വഷളാക്കി. തൊഴിലില്ലായ്മ പെരുകി. നിത്യോപയോഗ സാധനങ്ങളുടെ വില പലയിരട്ടി വർദ്ധിച്ചു. ഈ അവസരത്തിലാണ് കേരളത്തിൽ ജനകീയ ആസൂത്രണമെന്ന ഒരു പുതിയ മുദ്രാവാക്യമുയർന്നത്. കേരളത്തെ സംബന്ധിച്ചിടത്തോളം ഈ മുദ്രാവാക്യം ഒമ്പതാം പഞ്ചവത്സരപദ്ധതിയുടെ ശക്തിയും ചൈതന്യവുമാണ്. പഞ്ചായത്തീരാജിന്റെ രാജവീഥിയിലൂടെ ജനകീയാസൂത്രണത്തിന്റെ രഥം ഉരുളാൻ തുടങ്ങുന്നു. പുതിയ മാറ്റത്തിന്റെ ശംഖുനാദം മുഴുങ്ങുന്നു.

ജനകീയ പ്രശ്നങ്ങളുമായി വലിയ ബന്ധമൊന്നുമില്ലാത്ത ആസൂത്രണ വിദഗ്ധന്മാരും ഉദ്യോഗസ്ഥ മേധാവികളും ഭരണകർത്താക്കളും കൂടിച്ചേർന്ന് ഉന്നതങ്ങളിൽ തീരുമാനിച്ച് നടപ്പാക്കിവരുന്ന പഞ്ചവത്സര പദ്ധതികളുടെ പരിപാടികളധികവും ജനത്തിന് വേണ്ടത്ര പ്രയോജനം ചെയ്യുന്നവ ആയിരുന്നില്ല. ഇവിടെയാണ് ജനകീയ ആസൂത്രണത്തിന്റെ പ്രസക്തി. ജീവിതത്തിന്റെ വിവിധ മേഖലകളിൽ തങ്ങൾക്ക് ആവശ്യമുള്ളത് എന്തൊക്കെയാണെന്ന് വാർഡ് തലത്തിൽ ജനം തീരുമാനിക്കുന്നത് നടപ്പിലാക്കപ്പെടുന്നു എന്നതാണ് ഇതിന്റെ ഏറ്റവും വലിയ സവിശേഷത. കേന്ദ്രീകൃത ആസൂത്രണത്തിന്റെ സ്ഥാനത്ത് വികേന്ദ്രീകൃത ആസൂത്രണം വന്നെത്തിയിരിക്കുന്നു. ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ വസിക്കുന്നു എന്ന് പറഞ്ഞ ഗാന്ധിജി നടപ്പിലാക്കാൻ ആഗ്രഹിച്ച 'ഗ്രാമ സ്വരാജ്' യഥാർത്ഥത്തിൽ ഗ്രാമപഞ്ചായത്ത് റിപ്പബ്ലിക്കായിരുന്നു. സ്വാശ്രയ ശീലമുള്ള ജനവും സ്വയംപര്യാപ്തമായ ഗ്രാമവും സഹകരണാടിസ്ഥാനത്തിലുള്ള വികസന പ്രവർത്തനവുമെല്ലാം കൂടിച്ചേരുമ്പോൾ മാത്രമേ നമ്മുടെ സാമൂഹിക ജീവിതത്തിൽ ഇന്ന് അനുഭവപ്പെടുന്ന അസംതൃപ്തിയ്ക്കും മുരടിപ്പിനും അറുതി വരുകയുള്ളു. രാജ്യത്തിന്റെ ജനതയെ കർമ്മപഥങ്ങളിൽ കൊണ്ടുവരാൻ അധികാരവികേന്ദ്രീകരണം ആവശ്യമാണെന്ന് അറിഞ്ഞിട്ടും അതിന് തയ്യാറാവാതെയിരുന്നത് ഭരണവർഗ്ഗത്തിന് അധികാരം നഷ്ടപ്പെടുന്നതിലുള്ള വൈമനസ്യംകൊണ്ടാണ്.

ഇന്ന് കേരളം ഒരു ചരിത്ര മുഹൂർത്തത്തിന് സാക്ഷ്യം വഹിയ്ക്കുന്നു. വാർഡുകളും ത്രിതല പഞ്ചായത്തുകളും തോളോടുതോൾ ചേർന്ന് ജാതിമതാദിവർഗ്ഗീയ ഭിന്നതകളെ അവഗണിച്ച്കൊണ്ട് കൂട്ടായ്മയുടെ ഒരു പുതിയ സംസ്കാരത്തിന് ജന്മം നൽകുന്നു. നൂറ്റാണ്ടുകളായി മൂടിനിൽക്കുന്ന അന്ധകാരത്തെ അടിച്ചുനീക്കി വെളിച്ചം പകരുവാൻ കാലമായി. 'ജനകീയ ആസൂത്രണം എന്ന മഹാമന്ത്രം ഉരുവിട്ടുകൊണ്ട് വികസനത്തിന്റെ പാത തുറന്ന് ഒരു ജനതയുടെ സ്വപ്നങ്ങളെ സാക്ഷാത്കരിക്കുവാനുള്ള മഹായജ്ഞത്തിൻ നമുക്കും പങ്കുചേരാം.

കിളികൊല്ലൂരിലെ ജനകീയ ആസൂത്രണ പദ്ധതിയുടെ ഉത്ഘാടന കർമ്മം 17-8-1996 ലെ കർഷക ദിനത്തിൽ പഞ്ചായത്ത് കമ്മ്യൂണിറ്റി ഹാളിൽവെച്ച് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ശ്രീ. എം. ഡി. പശുപാലൻ നിർവ്വഹിച്ചു. പ്രസ്തുത സമ്മേളനത്തിൽ ശ്രീ. പി. വൈ. വർഗ്ഗീസ് പടവിള ജനകീയ ആസൂത്രണ പദ്ധതിയുടെ ദർശനത്തെക്കുറിച്ച് സംസാരിച്ചു. ജില്ലാതല പരിശീലനങ്ങളിൽ ഈ പഞ്ചായത്തിൽ നിന്നും 12 പേർ പങ്കെടുത്തു. 10-9-1996 ൽ പഞ്ചായത്താഫീസിൽ വെച്ച് കൂടിയ യോഗത്തിൽ പഞ്ചായത്തുതല ജനകീയ ആസൂത്രണ സമിതിയ്ക്ക് രൂപം നൽകി. പഞ്ചായത്ത് പ്രസിഡന്റ് കൺവീനറായും സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ ജോയിന്റ് കൺവീനറായും നാലംഗ കോർ ഗ്രൂപ്പ് രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചു. 14.9.96 കോയിക്കൽ ഗവൺമെന്റ് ഹൈസ്ക്കൂളിൽ വെച്ച് പഞ്ചായത്തുതല ഏക ദിന ശില്പശാല നടന്നു. ബഹുമാനപ്പെട്ട കൊല്ലം എം. എൽ. എ. ശ്രീ. ബാബുദിവാകരൻ ശില്പശാല ഉദ്ഘാടനം ചെയ്തു.

'വിശേഷാൽ ഗ്രാമസഭകൾ' ചേരുന്നതിനു മുമ്പ് എല്ലാ വർഡുകളിലും രാഷ്ട്രീയ സാമൂഹിക പ്രവർത്തരെ പങ്കെടുപ്പിച്ചുകൊണ്ട് സ്വാഗതസംഘ രൂപീകരണത്തിനായി യോഗം ചേർന്നിരിനു. ജില്ലാ തലത്തിൽ പരിശീലനം ലഭിച്ചവർ ഈ യോഗത്തിലും പങ്കെടുത്തിരുന്നു. കിളികൊല്ലൂർ പഞ്ചായത്തിലെ 15 വാർഡുകളിലും പരമാവധി ആളുകളെ പങ്കെടുപ്പിച്ചുകൊണ്ട് വിശേഷാൽ ഗ്രാമസഭകൾ കൂടി. പ്രസ്തുത ഗ്രാമസഭകളിൽ ജില്ലാതല പരിശീലനം നേടിയവരും ബ്ലോക്ക് പ്രസിഡന്റ് ബ്ലോക്ക് ഓഫീസർ, കൃഷി ഓഫീസർ തുടങ്ങിയവരും പങ്കെടുത്തു. 3.10.96 ൽ അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്തിന്റെ നേതൃത്വത്തിൽ ഐ. ആർ. ഡി. പി. ബോധവത്കരണ ക്യാമ്പ്, ജനകീയ ആസൂത്രണ സെമിനാർ തുടങ്ങിയവ കിളികൊല്ലൂർ പഞ്ചായത്തിൽ നടന്നു. 24.10.96 ൽ കോർ ഗ്രൂപ്പ് കൂടി നവംബർ 1 -ാം തീയതി കേരള പിറവി

ദിനം പുനരർപ്പണ ദിനമായി ആചരിച്ചു. കിളികൊല്ലൂർ ഈശ്വർ ടാക്കീസിൽ നടന്ന പ്രതിജ്ഞാ ചടങ്ങിൽ ശ്രീ. എൻ. കെ. പ്രേമചന്ദ്രൻ എം. പി. ശ്രീ. ബാബു ദിവാകരൻ എം. എൽ. എ. ശ്രീ. എം. ഡി. പശുപാലൻ അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് തുടങ്ങിയവർ പങ്കെടുത്തു. ബഹുമാനപ്പെട്ട എം. പി. പ്രതിജ്ഞ ചൊല്ലിക്കൊടുത്തു. നവംബർ 4,5,6 എന്നീ തീയതികളിൽ പഞ്ചായത്തിന്റെ വിവിധ ഭാഗങ്ങളിൽ കലാജാഥകളും നടന്നു. 14.11.96 ൽ പഠന പര്യടനവും നടത്തി. 17.11.96 ൽ രണ്ടാംഘട്ട പഞ്ചായത്ത് തല ശില്പശാല നടന്നു. പ്രസ്തുത പര്യടനത്തിൽ ചരിത്രം, ഭൂപ്രകൃതി, പ്രകൃതിവിഭവങ്ങൾ, തുടങ്ങിയ വിഷയങ്ങളെ ആസ്പദമാക്കി സ്ഥിതിവിവരക്കണക്കുകൾ ശേഖരിച്ചു.

കിളികൊല്ലൂർ പഞ്ചായത്തിലെ സാമൂഹിക രാഷ്ട്രീയ പ്രവർത്തകരും സേവനസന്നദ്ധരായ ആളുകളും ആദ്യംമുതൽക്കുതന്നെ ജനകീയ ആസൂത്രണത്തിന്റെ പരിപാടികളിൽ വലിയ ഉത്സാഹത്തോട് കൂടി പങ്കെടുത്തിട്ടുണ്ട്. ആരോഗ്യം, വെറ്ററിനറി, ആയുർവേദം, കൃഷി, ഇലക്ട്രിസിറ്റി തുടങ്ങിയ വിവിധ ഡിപ്പാർട്ടുമെന്റുകളിലെ ഉദ്യോഗസ്ഥന്മാരും പഞ്ചായത്തു ജീവനക്കാരും പഞ്ചായത്തു സമിതി അംഗങ്ങളും ഇതിന്റെ പ്രവർത്തനത്തിൽ സജീവമായി പങ്കെടുത്തിട്ടുണ്ട്. തുടർന്നുള്ള പ്രവർത്തനങ്ങളിലും എല്ലാവരുടേയും സഹായ സഹകരണങ്ങൾ ലഭിക്കുമെന്നത് ഉറപ്പാണ്.

ഗ്രാമ സഭകളിലൂടെ ഉയർന്നു വന്നിട്ടുള്ള എല്ലാ പ്രശ്നങ്ങൾക്കും ഉടനടി പരിഹാരം കാണാൻ കഴിയുമെന്ന വ്യാമോഹം നമുക്കാർക്കുമില്ല. എങ്കിലും നമ്മുടെ പഞ്ചായത്തിന്റെ വികസന മുരടിപ്പിന് ഒരു പരിധിവരെ പരിഹാരം കാണാനും ജനങ്ങളുടെ കാതലായ പ്രശ്നങ്ങൾക്ക് കാര്യക്ഷമമായ പരിഹാരം കാണാനും ഈ സംരംഭം നമ്മെ സഹായിക്കുമെന്ന കാര്യത്തിൽ സംശയമില്ല.






# 2. പൊതു വിവരണം

**കിളികൊല്ലൂർ ഗ്രാമ പഞ്ചായത്ത്**

| | | | |
|---|---|---|---|
| 1. | ഗ്രാമ പഞ്ചായത്തിന്റെ പേര് | – | കിളികൊല്ലൂർ |
| 2. | ഉൾപ്പെടുന്ന റവന്യൂ വില്ലേജുകൾ | – | കിളികൊല്ലൂർ, മങ്ങാട് |
| 3 | ബ്ലോക്ക് പഞ്ചായത്ത് | – | അഞ്ചാലുംമൂട് |
| 4 | ജില്ലാ പഞ്ചായത്ത് | – | ശക്തികുളങ്ങര |
| 5 | താലൂക്ക് | – | കൊല്ലം |
| 6 | ജില്ല | – | കൊല്ലം |
| 7 | നിയമസഭാ മണ്ഡലം | – | കൊല്ലം |
| 8 | ലോകസഭാ മണ്ഡലം | – | കൊല്ലം |
| 9 | ഗ്രാമപഞ്ചായത്ത് ആസ്ഥാനം | – | മൂന്നാംകുറ്റി |
| 10 | വിസ്തീർണ്ണം | – | 11.24 ചതുരശ്ര കി. മി. |
| 11 | ജനസംഖ്യ | – | 56773 (1991 സെൻസസ്) |
| 12 | ജനസാന്ദ്രത | – | 5050 |
| 13 | പുരുഷന്മാർ | – | 27841 |
| 14 | സ്ത്രീകൾ | – | 28932 |
| 15 | സാക്ഷരതാ നിരക്ക് | – | 79% |
| 16 | വാർഡുകളുടെ എണ്ണം. | – | 15 |
| 17 | സ്ത്രീ സംവരണം | – | 5 |
| 18 | പട്ടിക ജാതി സംവരണം | – | 2 |
| 19 | ജനറൽ | – | 8 |
| 20 | കാർഷിക മേഖല | – | സതേൺ മിഡ്ലാന്റ് (ലോ) |
| 21 | ഏറ്റവും കൂടുതൽ കാണുന്ന മൺതരം | – | മണൽ കലർന്ന എക്കൽ മണ്ണ്. |
| 22 | ഏറ്റവും പ്രധാനപ്പെട്ട വ്യവസായം | – | കശുവണ്ടി |
| 23 | ആകെ വീടുകൾ | – | 11676 – 91 സെൻസസ് |
| 24 | ആകെ വോട്ടറന്മാർ | – | 37610 |

| | | |
|---|---|---|
| 25 ഏറ്റവും വലിയ വാർഡ് | – | കരിക്കോട് എ. (വാർഡ് 1) |
| 26 പ്രസിഡന്റിന്റെ പേര് | – | എൻ. ശാന്താദേവി |
| 27 വൈസ് പ്രസിഡന്റിന്റെ പേര് | – | ആർ. അജയകുമാർ |
| 28 സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ | – | എ. വഹാബ്. |
| 29 പഞ്ചായത്ത് നിലവിൽ വന്ന വർഷം | – | 1953 |
| 30 ആദ്യത്തെ പഞ്ചായത്ത് പ്രസിഡന്റ് | – | എസ്. പൊലികാർപ്പ് |
| 31 അതിരുകൾ | – | വടക്ക് പടിഞ്ഞാറായി തൃക്കടവൂർ പഞ്ചായത്തിൽ ഉൾപ്പെട്ട അഷ്ടമുടികായൽ, പടിഞ്ഞാറ് – കൊല്ലം മുനിസിപ്പാലിറ്റി, കിഴക്ക് – പെരിനാട്. കൊറ്റംകര പഞ്ചായത്തുകൾ, തെക്ക് –വടക്കേവിള പഞ്ചായത്തും സ്ഥിതിചെയ്യുന്നു. |

**ഗ്രാമപഞ്ചായത്ത് അംഗങ്ങൾ**

| | | |
|---|---|---|
| വാർഡ് 1– കരിക്കോട് എ. | – | ശ്രീ. എം. ആർ. മോഹനൻപിള്ള |
| 2– കരിക്കോട് ബി | – | പി. ശ്യാം പ്രകാശൻ പിള്ള |
| 3 – കരിക്കോട് സി. | – | ജി. സരസ്വതി അമ്മ |
| 4 – മങ്ങാട് | – | ടി. കെ. ഇന്ദിര |
| 5 – അറുന്നൂറ്റിമംഗലം എ | – | എൻ. ശാന്താദേവി |
| 6 –അറുന്നൂറ്റിമംഗലം ബി | – | എസ്. പ്രസാദ് |
| 7 – അറുന്നൂറ്റിമംഗലം സി | – | എൽ. രാജി |
| 8 – കന്നിമേൽ എ. | – | കെ. ശിവൻ |
| 9 – കിളികൊല്ലൂർ എ. | – | എ. വഹാബ് |
| 10 – കോളേജ് വാർഡ് | – | ആർ. അജയകുമാർ |
| 11 – കിളികൊല്ലൂർ ബി. | – | ആർ. ലതികാകുമാരി |
| 12 – കിളികൊല്ലൂർ സി | – | എം. അബ്ദുൾ റഷീദ് |
| 13 – കന്നിമേൽ ബി | – | എസ്. ഹരിദാസൻ |
| 14 – കന്നിമേൽ സി | – | കെ. ബാബു |
| 15 – കന്നിമേൽ ഡി | – | ജെ. മാത്യൂ |

| | | |
|---|---|---|
| **ഗ്രാമപഞ്ചായത്ത് സെക്രട്ടറി** | – | ശ്രീ. എൻ. ബാലൻ |
| **ജില്ലാ പഞ്ചായത്ത് മെമ്പർ** | – | ശ്രീമതി ജെ. ചിഞ്ചുറാണി |
| **ബ്ലോക്ക് പഞ്ചായത്ത് മെമ്പന്മാർ** | – | ശ്രീ. ടി. സുകേശൻ |
| | – | കുമാരി. എ. നൂർജഹാൻ |
| | – | ശ്രീ. എൻ. ഗോപിനാഥൻ |
| | – | ശ്രീ. എം. ഡി. പശുപാലൻ (പ്രസിഡന്റ്) |

| | | | |
|---|---|---|---|
| **മുൻ പഞ്ചായത്ത് പ്രസിഡന്റുമാർ** | – | ശ്രീ. എസ്. പൊലിക്കാർപ്പ് | (1953–54) |
| | – | ശ്രീ. കെ. പി. നാണു | (1955–56) |
| | – | ശ്രീ. എസ്. എം. ഇബ്രാഹിംകുട്ടി | (1956–62) |
| | – | ശ്രീ. സി. എം. മൈതീൻകുഞ്ഞ് | (1964–79) |
| | – | ശ്രീ. എം. ഡി. പശുപാലൻ | (1979–95) |

# 3. ചരിത്രം




പുരാതന പ്രസിദ്ധമായ കൊല്ലം പട്ടണത്തോട് ചേർന്ന് കിടക്കുന്ന കിളികൊല്ലൂരിന് ഉജ്ജ്വലമായ ചരിത്ര പാരമ്പര്യമുണ്ട്. പ്രാചീനകാലത്തുതന്നെ കൊല്ലം, ഈജിപ്റ്റ്, ഗ്രീസ്, റോം. ചൈന, സുമാത്ര, ജാവ തുടങ്ങിയ അനവധി രാജ്യങ്ങളുമായി വാണിജ്യബന്ധത്തിൽ ഏർപ്പെട്ടിരുന്നു. അന്ന് കൊല്ലം ഇന്ത്യയിലെ വലിയ തുറമുഖ നഗരങ്ങളിൽ ഒന്നായിരുന്നു. കൊലം, കുലം, കൊലമ്പം, ക്വയിലോൺ തുടങ്ങിയ അനവധി പേരുകളിൽ അറിയപ്പെട്ടിരുന്ന കൊല്ലത്തിന്റെ ചരിത്രവുമായി കിളികൊല്ലൂരിന് അഭേദ്യമായ ബന്ധമുണ്ട്.

രാജാക്കന്മാരുടെ പടയോട്ടങ്ങൾക്കും ഉഗ്രശാസനങ്ങൾക്കും ഈ ഗ്രാമം പലപ്പോഴും സാക്ഷ്യം വഹിച്ചിട്ടുണ്ടാവണം. കരിക്കോട് പ്രദേശത്ത് വലിയ രണ്ട് പട്ടാളകിണറുകൾ ഇന്നുമുണ്ട്. അഷ്ടമുടിക്കായലിന്റെ തീരങ്ങളിൽ തുടങ്ങി തെക്കോട്ട് വ്യാപിച്ച് കൊല്ലം ചെങ്കോട്ട റോഡിന്റെ ഇരുവശങ്ങളിലുമായി കിടക്കുന്ന കിളികൊല്ലർ ഗ്രാമത്തിന് ഈ പേര് കിട്ടിയത് തന്നെ ചരിത്ര പശ്ചാത്തലത്തിൽ നിന്നാണ്. പണ്ട് കരിക്കോട്ട് തമ്പടിച്ചു കിടന്ന കുതിരപ്പട്ടാളം സായംസന്ധ്യകളിൽ കൂടണയാൻ പറന്നു പോയിരുന്ന കിളികളെ വെടിവെച്ച് വീഴ്ത്തിയിരുന്നു. അവരുടെ ക്രൂരമായ ഈ വിനോദത്തിൽ നിന്നാണ് കിളികൊല്ലൂർ അതായത് കിളികളെ കൊല്ലുന്ന ഊര് എന്ന് ഈ പ്രദേശത്തിന് പേര് ഉണ്ടായതെന്ന് പറയപ്പെടുന്നു.

കിളികൊല്ലൂരിന്റെ സ്ഥലനാമത്തെക്കുറിച്ച് വേറെയും ചില അഭിപ്രായങ്ങളുണ്ട് വേലുത്തമ്പി ദളവയുടെ സൈന്യവും ബ്രട്ടീഷ് പട്ടാളവും തമ്മിൽ കരിക്കോട്ട് വെച്ച് ഏറ്റുമുട്ടി. ചെറിയ ആൾ നാശത്തോടെ ആ യുദ്ധം അവസാനിച്ചുവെന്നും ഇതിനെ അനുസ്മരിപ്പിച്ചുകൊണ്ട് കിള്ളിക്കൊല്ലൂർ എന്ന് ഈ സ്ഥലത്തിന് പേരുണ്ടായി എന്നും കാലക്രമത്തിൽ അത് കിളികൊല്ലൂരായി പരിണമിച്ചെന്നുമാണ് മറ്റൊരഭിപ്രായം. കിള്ളിയെന്നാൽ അല്പം അഥവാ ചെറുത് എന്നാണ് ഇവിടെ വിവക്ഷ.

കിളികൊല്ലൂരിലെ അഷ്ടമുടിക്കായലിന്റെ തീരങ്ങളിൽ പതിവായി ചരക്കുകപ്പലുകൾ വന്നുചേർന്നിരുന്നു. അത് ഈ പ്രദേശത്തിന്റെ പ്രാധാന്യം വർദ്ധിപ്പിച്ചു. വാണിജ്യം വ്യവസായം തുടങ്ങിയ മേഖലകളിൽ വളരെയേറെ പുരോഗതി

നേടിയതിന്റെ ഫലമായി ഈ പ്രദേശത്തിനെ കൊച്ചുകൊല്ലം എന്നർത്ഥം വരുന്ന കിള്ളിക്കൊല്ലൂർ എന്ന് വിളിച്ചുവെന്നും അത് പിന്നീട് കിളികൊല്ലൂരായി എന്നും പറയപ്പെടുന്നു. (കിള്ളി + കൊല്ലം + ഊര് = കിളികൊല്ലൂർ). കൊല്ലത്തിനടുത്തുള്ള കൊല്ലൂർവിള കൊല്ലുന്ന വിള ആയിരുന്നില്ലെന്നും കൊല്ലത്തോട് ചേർന്നു കിടന്ന കൃഷിയിടങ്ങളായിരുന്നുവെന്നും പറയാവുന്നതാണ്.

കൊല്ലം ഒരു സ്വതന്ത്ര രാജ്യമായും ഒരു സാമന്തരാജ്യമായും ചരിത്രത്തിൽ സ്ഥാനം പിടിച്ചിട്ടുണ്ട്. കൊല്ലം പട്ടണത്തിന്റെ ഭരണം നടത്തിയിരുന്നത് അറുന്നൂറ്റുവർ എന്ന നാട്ടുക്കൂട്ടമായിരുന്നു കിളികൊല്ലൂരിലെ അറുന്നൂറ്റിമംഗലം എന്ന സ്ഥലത്തിന് അറുന്നൂറ്റവരുടെ സഭയുമായി എന്തെങ്കിലും ബന്ധമുണ്ടോയെന്ന് ചിന്തിക്കേണ്ടതാണ്. നമ്പൂതിരിമാർ ഭരണത്തിലിടപെടാനുപയോഗിച്ചിരുന്ന ഒരു ഉപകരണമായിരുന്നു അറുന്നൂറ്റുവർ എന്ന ഈ നാട്ടുക്കൂട്ടം. കൊട്ടാരം എന്നും ക്ഷത്രിയ ഭവനം എന്നും അധികാരികൾ ഇരുന്ന് കാര്യവിചാരം നടത്തുന്ന ഇടമെന്നുമൊക്കെ അർത്ഥമുള്ള 'കോയിക്കൽ' എന്നു പേരുള്ള ഒരു സ്ഥലം കിളികൊല്ലൂരിലുണ്ട്. ഇന്നിവിടെ ഒരു ഹൈസ്ക്കൂൾ പ്രവർത്തിക്കുന്നു. ഒരു കാലത്ത് ഇവിടെ ഒരു കോടതിയും കഴുമരവും ഉണ്ടായിരുന്നുവത്രേ. കോയിക്കൽ സ്കൂളിന് സമീപമുള്ള ശാസ്താ ക്ഷേത്രവും, കിളികൊല്ലൂരിലെ ചില ക്ഷേത്രങ്ങളിൽ എടുപ്പുകുതിരകളെകെട്ടി എഴുന്നൊള്ളിക്കുന്നതും കേരളത്തിലെ മറ്റു ചില പ്രദേശങ്ങളിലെപ്പോലെ തന്നെ കിളികൊല്ലൂരിലും ബുദ്ധമതം സ്വാധീനം ചെലുത്തിയിരുന്നു എന്നുള്ളതിന് തെളിവാണ്. കിളികൊല്ലൂരിലെ ചെറുവള്ളികുടുംബം കൊല്ലം രാജാവ് ആര്യങ്കാവിൽ നിന്നു കൊണ്ടുവന്ന പടനായകന്റെ കുടുംബമാണെന്നും ഈ കുടുംബത്തിൽ മാർത്താണ്ഡവർമ്മ മഹാരാജാവിന് ഒരു ദിവസം അഭയം നൽകിയിരുന്നുവെന്നും പറയപ്പെടുന്നു. ഇതിനു പ്രതിഫലമായി മാർത്താണ്ഡവർമ്മ ആയിരപ്പറനിലം ഈ കുടുംബത്തിന് നല്കിയത്രേ.

ബി. സി. മൂന്നാം നൂറ്റാണ്ടിനും എ. ഡി. ഒന്നാം നൂറ്റാണ്ടിനും മദ്ധ്യേയുള്ള കാലമാണ് മഹാശിലായുഗ കാലമെന്ന അഭിപ്രായമാണ് ഭൂരിപക്ഷം ചരിത്രകാന്മാർക്കും ഉള്ളത്. ഈ കാലഘട്ടത്തിന്റെ ചിഹ്നമായി ഏതാനും സ്മാരകക്കല്ലുകൾ കിളികൊല്ലൂരിലെ മങ്ങാട് വില്ലേജിൽ കാണാം. ആരാധനാ സ്ഥലമായി സംരക്ഷിക്കപ്പെടുന്ന ഒരു ചെറിയ കാവാണിത്. 1991 മാർച്ചിൽ ഇവിടെ നടത്തിയ ഖനനത്തിൽ പുരാവസ്തു ഗവേഷകർ പ്രാചീനകാലത്ത് ആളുകൾ ഉപയോഗിച്ചിരുന്ന പലവസ്തുക്കളും കണ്ടെടുത്തിട്ടുണ്ട്. കിട്ടിയ വസ്തുക്കളെ അടിസ്ഥാനപ്പെടുത്തിനോക്കുമ്പോൾ ഇത് ആ കാലഘട്ടത്തിലെ ഒരു ശവസംസ്കാര സ്ഥലമായിരുന്നു എന്ന് വ്യക്തമാകുന്നു. അന്ന് ലഘു ശവസംസ്കാരവും (Simple Burial) കലത്തിനകത്താക്കിയുള്ള ശവസംസ്കാരവും (Ury burial) നിലവിലുണ്ടായിരുന്നു. ഇതിൽ ലഘുശവസംസ്കാരത്തിലെ രണ്ടാം ഘട്ട ശവസംസ്കാര സ്ഥലമായിരുന്നു ഇവിടമെന്ന് മനസിലാക്കാൻ കഴിഞ്ഞു. അതായത് ആദ്യ സംസ്കാരത്തിനു ശേഷമുള്ള അവശിഷ്ടം ചെറിയ മൺപാത്രങ്ങളിലാക്കി ആദരവോടെ സംസ്കരിക്കുന്ന ഇടം. ശവം വലിയ കളിമൺ പാത്രങ്ങളിലാക്കി വളരെ ആഴത്തിൽ കുഴിച്ചിടുന്ന സമ്പ്രദായവും മഹാ ശിലായുഗത്തിൽ നിലവിലുണ്ടായിരുന്നു.

മങ്ങാട്ട് നിന്ന് പുരാവസ്തു ഗവേഷകർ കണ്ടെടുത്ത വസ്തുക്കളിൽ മൺഭരണികളും മൺകലശങ്ങളും ചെറിയ മൺപാത്രങ്ങളും ഉണ്ടായിരുന്നു. ഇരുമ്പുകൊണ്ടുള്ള കത്തി, മഴു, അരിവാൾ തുടങ്ങിയ ആയുധങ്ങളും പനിനീർതളിക്കാൻ ഉപയോഗിക്കുന്ന പാത്രങ്ങളും ഇവിടെ നിന്നും ലഭിച്ചു. ഭരണികളിൽ നിന്ന് കരിയും പൊടിഞ്ഞ അസ്ഥിയുടെ അവശിഷ്ടങ്ങളും കിട്ടിയിട്ടുണ്ട്. ഇവിടെ നിന്ന് മുപ്പത് മുത്ത് മണികളും ലഭിച്ചു. അവർ മൺപാത്രങ്ങൾ, ആഭരണങ്ങൾ തുടങ്ങിയവയുടെ നിർമ്മാണത്തിലും കൃഷിപ്പണിയിലും വൈദഗ്ദ്ധ്യമുള്ളവരായിരുന്നു. പൂജാദി കർമ്മങ്ങൾ നടത്തിയിരുന്നു. മരണാനന്തര ജീവിതത്തിൽ വിശ്വസിച്ചിരുന്നു.

നൂറ്റാണ്ടുകൾ പഴക്കമുള്ള വ്യാപാര ബന്ധങ്ങൾക്ക് സാക്ഷ്യം വഹിച്ച അഷ്ടമുടി കായലിന്റെ ഓളങ്ങളിലൂടെ കിളികൊല്ലൂരിന്റെ തീരങ്ങളിൽ ചരക്കുകൾ നിറച്ച കെട്ടുവള്ളങ്ങളും ബാർജ്ജുകളും എത്തിയിരുന്നത് ഇന്നലെയുടെ കഥ. വയലുകളിലെ ചെറുതോടുകൾ ചേർന്നുണ്ടായ കിളികൊല്ലൂർ ആറ് അഷ്ടമുടിക്കായലിൽ സംഗമിക്കുന്നതിന് സമീപമുള്ള പാലത്തിനോട് ചേർന്നുള്ള സ്ഥലം കശുവണ്ടി, കക്ക, തൊണ്ട് മുതലായ അസംസ്കൃത പദാർത്ഥങ്ങൾ കൊണ്ടുവന്ന് ഇറക്കുന്ന ഇടമായിരുന്നു. അന്നിവിടം ഏറ്റവും തിരക്കുള്ള ഒരു വ്യാപാര കേന്ദ്രമായിരുന്നു. കശുവണ്ടി വ്യവസായത്തിന്റെ ഈറ്റില്ലമെന്ന് വിശേഷിപ്പിക്കപ്പെടുന്ന കിളികൊല്ലൂരിലേക്കും മറ്റ് പ്രദേശങ്ങളിലേക്കുമുള്ള കശുവണ്ടി ഇവിടെയാണ് ഇറക്കുമതി ചെയ്തിരുന്നത്. കോട്ടയം തുടങ്ങിയ ജില്ലകളിൽ നിന്ന് ഇവിടെ ഇറക്കുമതി ചെയ്യുന്ന പച്ചക്ക നീറ്റി കുമ്മായ വ്യാപാരം നടത്തുന്നത് ഇവിടെ ഒരു പ്രധാന തൊഴിലായരുന്നു. സിമന്റ് സുലഭമല്ലായിരുന്ന അക്കാലത്ത് ആലയനിർമ്മാണം തുടങ്ങിയ പണികൾക്കെല്ലാം കുമ്മായം ഉപയോഗിച്ചിരുന്നു. മങ്ങാടൻ കയറിന്റെ നിർമ്മാണത്തിന് ഇവിടെയെത്തുന്ന തൊണ്ട് ഉപയോഗിച്ചിരുന്നു. അക്കാലത്തെ കൊല്ലത്തിന്റെ വെനീസ് എന്ന് ഈ പാലക്കടവിനെ നമുക്ക് വിശേഷിപ്പിക്കാം. കിളികൊല്ലൂർ ഒരു പ്രധാന നെയ്ത്തു വ്യവസായ കേന്ദ്രമായിരുന്നു. പരുക്കൻ തുണിത്തരങ്ങളോടൊപ്പം നേർമ്മയേറിയ മനോഹരമായ തുണിത്തരങ്ങളും ഇവിടെ നിർമ്മിച്ചിരുന്നു. കിളികൊല്ലൂരിലെ മങ്ങാടൻ കയർ ലോകവിപണിയിൽ പ്രസിദ്ധി നേടി. കൊല്ലം കമ്പോളം കഴിഞ്ഞാൽ ഏറ്റവും പ്രസിദ്ധി നേടിയ ഒരു വ്യാപാരകേന്ദ്രമായി മങ്ങാട് ഉയർന്നുവന്നു. അന്നത്തെ പായ്ക്കപ്പലുകൾക്ക് മങ്ങാടിന്റെ തീരങ്ങളിൽ അടുക്കുവാനുണ്ടായിരുന്ന സൗകര്യം ഈ ഉയർച്ചയ്ക്ക് ഒരു പ്രധാന കാരണമായിരുന്നു. സാധനങ്ങൾ വാങ്ങുവാനും വില്ക്കുവാനും വളരെ അകലങ്ങളിൽ നിന്നു പോലും ആളുകൾ മങ്ങാട് കമ്പോളത്തിൽ എത്തിയിരുന്നു. മങ്ങാടിന്റെ സാമ്പത്തിക വളർച്ചയ്ക്കും പുരോഗതിയ്ക്കും ഇത് കാരണമായി. മങ്ങാടിന്റെ ഈ സാമ്പത്തിക പുരോഗതി ആ പ്രദേശത്തിന്റെ സാംസ്കാരിക വളർച്ചയ്ക്കും വഴിതെളിച്ചു. 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകത്തിൽ തന്നെ കിളികൊല്ലൂരിൽ പ്രൈമറിസ്കൂളുകൾ സ്ഥാപിക്കപ്പെട്ടു. ഇതിൽ മങ്ങാട് സ്കൂൾ ഏകദേശം 80 വർഷങ്ങൾക്കു മുമ്പുതന്നെ കാവനാട് കൃഷ്ണനാശാന്റെ നേതൃത്വത്തിൽ മിഡിൽസ്കൂളായി ഉയർത്തപ്പെട്ടു. കിളികൊല്ലൂരിലെയും പരിസരപ്രദേശങ്ങളിലേയും വിദ്യാർത്ഥികൾ ഇവിടെയാണ് വന്നു പഠിച്ചിരുന്നത്.

പിന്നോക്ക ജാതിക്കാർക്കും അധഃകൃതർക്കും ക്ഷേത്രപ്രവേശനത്തിന് അവകാശമില്ലാതിരുന്ന കാലത്ത് 1888 ൽ അരുവിപ്പുറത്ത് ശ്രീനാരായണ ഗുരു നടത്തിയ ശിവപ്രതിഷ്ഠ കേരളത്തിലാകമാനം പരിവർത്തനത്തിന്റെ കൊടുങ്കാറ്റ് ഉയർത്തിവിട്ടു. അദ്ദേഹത്തിന്റെ "ഒരു ജാതി ഒരു മതം ഒരു ദൈവം" എന്ന മുദ്രാവാക്യത്തിന്റെ മാറ്റൊലി കിളികൊല്ലൂരിലും ഉയർന്നു. ശ്രീനാരായണ ഗുരു മങ്ങാട്ട് വരുകയും കിളികൊല്ലൂരിലെ നവോത്ഥാന പ്രവർത്തനങ്ങൾക്ക് പ്രേരണ നൽകുകയും ചെയ്തു. അന്ന് 'പൂച്ചനട' എന്ന് പരിഹസിച്ച് വിളിക്കപ്പെട്ടിരുന്ന ഒരു ചെറിയ അമ്പലത്തിലെ പുനഃപ്രതിഷ്ഠ അദ്ദേഹം നടത്തിച്ചുകൊണ്ട്. "ഇത് ആന നടയാകും" എന്ന് പ്രവചിച്ചു. അതാണ് ഇന്നത്തെ ശ്രീകുമാരപുരം ക്ഷേത്രം.

ഈ കാലഘട്ടത്തിൽ അയ്യങ്കാളിയുടെ നേതൃത്വത്തിൽ നടന്ന ഹരിജനോദ്ധാരണ പ്രവർത്തനങ്ങൾ പ്രസിദ്ധമാണ്. ഇതിനോട് അനുബന്ധിച്ച് പെരിനാട്ട് നടന്ന ലഹള 'പെരിനാട് ലഹള' എന്ന പേരിൽ കേരള ചരിത്രത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അലയടികൾ കിളികൊല്ലൂർ പഞ്ചായത്തിലും ചലനങ്ങൾ സൃഷ്ടിച്ചു.

രാജ വാഴ്ചയും ബ്രട്ടീഷ് ഭരണവും ജന്മിത്തവും കൂടിച്ചേർന്ന് സാധാരണ ജനത്തെ വീർപ്പുമുട്ടിച്ചു. അന്ന് ഉച്ചഭക്ഷണം അപൂർവ്വമായിരുന്നു. ദിവസം രണ്ടു നേരം മാത്രം ഭക്ഷണം കഴിച്ചാണ് അധികം ആളുകളും ജീവിച്ചത്. കഞ്ഞിയും കിഴ

ങ്ങുവർഗ്ഗങ്ങളുമായിരുന്നു സാധാരണക്കാരുടെ മുഖ്യ ആഹാരം. രണ്ടാം ലോക മഹായുദ്ധാനന്തരം കിളികൊല്ലൂരിലും കോളറ പടർന്നുപിടിച്ചു. മരണത്തിന്റെ പേടിപ്പെടുത്തുന്ന മൂകതയും പരിഭ്രാന്തിയും എങ്ങും വ്യാപിച്ചു. ശരിയായ ചികിത്സയോ ശുശ്രൂഷയോ ആർക്കും കിട്ടിയില്ല. ശവം മറവു ചെയ്യുന്നതുപോലും ബുദ്ധിമുട്ടുള്ള കാര്യമായി. ഈ അവസരത്തിൽ കെ. പി. നാണുവിന്റെയും, കെ. ആർ. നാണുവിന്റേയും നേതൃത്വത്തിൽ രാഷ്ട്രീയ സാമൂഹിക പ്രവർത്തകർ വീടുകൾ തോറും കയറിയിറങ്ങി ആളുകളെ സഹായിച്ചു. സി. പി. രാമസ്വാമി അയ്യരുടെ സ്വേച്ഛാധിപത്യത്തിനും ബ്രിട്ടീഷ് ഭരണത്തിനും എതിരായി ആളുകൾ സംഘടിക്കുകയും സമരം ചെയ്യുകയും ചെയ്യുന്ന കാലമായിന്നു അത്.

ട്രേഡ് യൂണിയൻ പ്രവർത്തനത്തിന്റെ ഈറ്റില്ലങ്ങളിൽ ഒന്നാണ് കിളികൊല്ലൂർ. എ. തങ്ങൾകുഞ്ഞ് മുസലിയാർ ചട്ടിവറുപ്പിൽ ആരംഭിച്ച കശുവണ്ടി വ്യവസായം ഒരു വ്യവസായ ശൃംഖലയായി പടർന്നു കയറി. കിളികൊല്ലൂർ ഈ വ്യവസായത്തിന്റെ കേന്ദ്രബിന്ദുവായി. കരുനാഗപ്പള്ളി, ഓച്ചിറ, കായംകുളം, തഴവ തുടങ്ങിയ സ്ഥലങ്ങളിലെ കുടികിടപ്പുകാരും കൂലിപ്പണിക്കാരുമായിരുന്ന നൂറുകണക്കിന് ആളുകളെ മുതലാളിയുടെ ദല്ലാളന്മാർ കശുവണ്ടി ഫാക്ടറികളിൽ പണിയെടപ്പിക്കാനായി കൊണ്ടുവന്നു. ഇവർക്ക് താമസിക്കുവാൻ മുതലാളി നെടുനീളത്തിലുള്ള ഷെഡ്ഡുകൾ കെട്ടിക്കൊടുത്തു. വളരെ മോശപ്പെട്ട ജീവിത സൗകര്യങ്ങളും തുച്ഛമായ കൂലിയും, പിരിച്ചുവിടൽ ഭീഷണിയുമാണ് അവർക്ക് ലഭിച്ചിരുന്നത്. ഇതിനെതിരായി നാവനക്കിയവർക്കെല്ലാം തൊഴിൽ നഷ്ടപ്പെട്ടു.

ഒരിക്കൽ തങ്ങൾകുഞ്ഞ് മുസലിയാരുടെ രണ്ടാംകുറ്റിയിലുള്ള കാഷ്യൂഫാക്ടറിയിൽ നിന്ന് പാട്ടനിറപ്പുകാരായ 14 യുവാക്കളെ പുറത്താക്കി. അവരും കിളികൊല്ലൂരിലെ രാഷ്ട്രീയ പ്രവർത്തകരും ചേർന്ന് സമരം ചെയ്തെങ്കിലും അവർക്ക് തൊഴിൽ നഷ്ടപ്പെടുകയാണുണ്ടായത്. ഈ സംഭവം കശുവണ്ടി രംഗത്ത് ഒരു യൂണിയന്റെ ആവശ്യം ഉണ്ടെന്ന ബോധം തൊഴിലാളികളിലും രാഷ്ട്രീയ പ്രവർത്തകരിലും ഉണ്ടാക്കി. ഈ അപകടം മണത്തറിഞ്ഞ മുതലാളിതന്നെ ഒരു യൂണിയൻ രൂപീകരിച്ചു എന്നത് രസകരമായ ഒരു സംഭവമാണ്. പക്ഷേ സമ്മേളനത്തിൽ വച്ച് ആ യൂണിയൻ തൊഴിലാളികൾ പിടിച്ചെടുത്തു. അഖില തിരുവിതാംകൂർ കാഷ്യൂനട്ട് വർക്കേഴ്സ് യൂണിയൻ എന്നായിരുന്നു ഇതിന്റെ പേര്. പുളിമാന ചെല്ലപ്പൻപിള്ള പ്രസിഡന്റും കെ. പി. നാണു വൈസ് പ്രസിഡന്റും എസ്. പൊലിക്കാർപ്പ് സെക്രട്ടറിയുമായി തെരഞ്ഞെടുക്കപ്പെട്ടു.

പാവങ്ങൾക്ക് നിയമസംരക്ഷണം കിട്ടാത്ത കാലമായിരുന്നു അത്. പ്രബലന്മാർക്കും സമ്പന്നന്മാർക്കുമായിരുന്നു സംരക്ഷണം ലഭിച്ചിരുന്നത്. അക്കാലത്ത് ട്രേഡ് യൂണിയൻ പ്രവർത്തനം ബുദ്ധിമുട്ടുള്ളതും സാഹസികവുമായിരുന്നു. യൂണിയനെ തകർക്കുവാൻ മുതലാളിമാരുടെ ഗുണ്ടാപ്പടയും പോലീസും ശക്തമായി പ്രവർത്തിച്ചിരുന്നു. അന്നു തൊഴിലാളികൾ സമരം ചെയ്യുവാനോ മുദ്രാവാക്യങ്ങൾ ഏറ്റുവിളിക്കുവാനോ ഭയപ്പെട്ടിരുന്നു. എസ്. പൊലിക്കാർപ്പ്, എ. പൊലിക്കാർപ്പ് കെ. ചെല്ലപ്പൻ, അലക്സ്, കെ. പി. നാണു, കെ. ആർ. നാണു, നാരായണൻ, സി. എം. മൈതീൻകുഞ്ഞ് തുടങ്ങിയവർ അന്നത്തെ തൊഴിലാളിയൂണിയൻ പ്രവർത്തകരായിരുന്നു. ഇവർക്ക് മാർഗ്ഗനിർദ്ദേശം നൽകുവാൻ എം. എൻ. ഗോവിന്ദൻ നായർ, കെ. സി. ജോർജ് തുടങ്ങിയവർ കിളികൊല്ലൂരിൽ ഇടയ്ക്കിടെ വന്നുകൊണ്ടിരുന്നു. എം. എൻ. ഗോവിന്ദൻ നായർ കിളികൊല്ലൂരിൽ ഒളിവിൽ താമസിച്ചിട്ടുണ്ട്. ഈ കാലയളവിൽ ഇ. എം. എസ്., ശ്രീകണ്ഠൻനായർ തുടങ്ങിയുള്ളവരും കിളികൊല്ലൂരിൽ വന്നിട്ടുണ്ട്.

നവോത്ഥാനത്തോട് അനുബന്ധിച്ച് സാമൂഹിക പ്രവർത്തന രംഗത്ത് വന്ന പി. കെ. കുഞ്ഞൻ ഒരു നല്ല നടൻ കൂടിയായിരുന്നു. സ്വേച്ഛാധിപത്യവാഴ്ചയ്ക്ക് എതിരായി തിരുവനന്തപുരത്ത് അക്കാമ ചെറിയാന്റെ നേതൃത്വത്തിൽ നടന്ന മാർച്ചിൽ കിളികൊല്ലൂരിൽനിന്ന് പി. കെ. കുഞ്ഞന്റെ നേതൃത്വത്തിൽ ഏകദേശം 300 പേർ പങ്കെടു

ത്തു. വൈക്കം സത്യാഗ്രഹം തുടങ്ങിയുള്ള അനവധി സാമൂഹിക വിപ്ലവങ്ങളിലും ഇന്ത്യൻ സ്വാതന്ത്ര്യ സമരത്തിലും അതിനു ശേഷം നടന്നിട്ടുള്ള സാമൂഹിക പരിവർത്തനത്തിനുവേണ്ടിയുള്ള സമരങ്ങളിലും കിളികൊല്ലൂരിലെ പ്രബുദ്ധരായ ജനങ്ങൾ പങ്കെടുത്തിട്ടുണ്ട്. വിദ്യാഭ്യാസം, കല, സാഹിത്യം, സംസ്കാരം തുടങ്ങിയുള്ള എല്ലാ രംഗങ്ങളിലും കിളികൊല്ലൂരിന് അഭിമാനാർഹമായ സ്ഥാനമുണ്ട്.

1953 – ൽ പഞ്ചായത്തുകൾ രൂപീകൃതമായപ്പോൾ കിളികൊല്ലൂർ പഞ്ചായത്തും രൂപംകൊണ്ടു. ഇതിന്റെ ആദ്യ പ്രസിഡന്റ് ശ്രീ. എസ്. പൊലിക്കാർപ്പ് ആയിരുന്നു. അദ്ദേഹം രാജിവെച്ചൊഴിഞ്ഞപ്പോൾ ശ്രീ. കെ. പി. നാണു പ്രസിഡന്റായി. അദ്ദേഹത്തിന്റേയും രാജിയെ തുടർന്ന് ശ്രീ. എസ്. എം. ഇബ്രാഹിംകുട്ടി പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. 1963 – ൽ നടന്ന തെരഞ്ഞെടുപ്പിൽ സി. എം. മൈതീൻകുഞ്ഞ് പ്രസിഡന്റായി പുതിയ പഞ്ചായത്ത് കമ്മിറ്റി നിലവിൽ വന്നു. ഈ ഭരണ സമിതി 16 കൊല്ലം നിലവിലുണ്ടായിരുന്നു. 1979 ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ശ്രീ. എം. ഡി. പശുപാലൻ പഞ്ചായത്തു പ്രസിഡന്റായി 15 അംഗങ്ങളുള്ള പഞ്ചായത്തു സമിതി രൂപം കൊണ്ടു. ഈ പഞ്ചായത്തിലെ ആദ്യ കമ്മിറ്റിയിൽ എട്ട് അംഗങ്ങളാണ് ഉണ്ടായിരുന്നത്. രണ്ടാമത്തെ കമ്മിറ്റി രൂപം കൊണ്ടപ്പോൾ അത് 13 അംഗങ്ങളായി വർദ്ധിച്ചു.

1979–ൽ തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്ത് കമ്മിറ്റിയുടെ കാലാവധി കഴിഞ്ഞപ്പോൾ സ്പെഷ്യൽ ഓഫീസറുടെ ഭരണം നാലുവർഷം നടന്നു. 1988–ൽ നടന്ന പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ വിജയിച്ചുവന്ന ഭരണ സമിതി അംഗങ്ങളിൽ നിന്ന് ശ്രീ. എം. ഡി. പശുപാലൻ പ്രസിഡന്റായി വീണ്ടും തിരഞ്ഞെടുക്കപ്പെട്ടു. ഈ സമിതി 7.5 വർഷം നിലവിലുണ്ടായിരുന്നു. പുതിയ പഞ്ചായത്ത് രാജ് സംവിധാന പ്രകാരം 1995–ൽ നിലവിൽ വന്ന ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടെ പ്രസിഡന്റായി എൻ. ശാന്താദേവി തെരഞ്ഞെടുക്കപ്പെട്ടു.




# 4. ഭൂപ്രകൃതിയും വിഭവങ്ങളും

## ഭൂപ്രകൃതി

കിളികൊല്ലൂർ പഞ്ചായത്തിന്റെ പടിഞ്ഞാറ് കൊല്ലം മുനിസിപ്പാലിറ്റിയും കിഴക്ക് കൊറ്റംകര പഞ്ചായത്തും വടക്ക് പടിഞ്ഞാറ് ഭാഗത്തായി തൃക്കടവൂർ പെരിനാട് പഞ്ചായത്തുകളും തെക്കു ഭാഗത്തായി വടക്കേവിള പഞ്ചായത്തും സ്ഥിതി ചെയ്യുന്നു.

കൊല്ലം മേജർ മുനിസിപ്പാലിറ്റിയോട് ചേർന്നുകിക്കുന്ന കിളികൊല്ലൂർ പഞ്ചായത്ത് പട്ടണ ജീവിത സ്വാധീവനും ഗ്രാമീണതയുടെ സമ്പന്നതയും കൊണ്ട് ഇവിടുത്തെ ജനജീവിതം വളരെ സമ്പുഷ്ടമാണ്. കാർഷിക മേഖലയായ സതേൺ മിഡ്‌ലാന്റിൽ ഉൾപ്പെട്ടുകിടക്കുന്ന പഞ്ചായത്താണ് കിളികൊല്ലൂർ പ്രകൃതിയുടെ വരദാനമായ അഷ്ടമുടി കായലിന്റെ തീരത്ത് കാണുന്ന മങ്ങാട് വില്ലേജും കിളികൊല്ലൂർ വില്ലേജും ചേർന്നതാണ് സംസ്കാര സമ്പന്നമായ കിളികൊല്ലൂർ പഞ്ചായത്ത്.

അക്ഷാംശം 8°54'40" നും 8°55'54" നോർത്തും രേഖാംശം 76°36'37" നും 76°38'29" ഈസ്റ്റിനും ഇടയിൽ കിളികൊല്ലൂർ ഗ്രാമപഞ്ചായത്ത് സ്ഥിതി ചെയ്യുന്നു.

ഭരണപരമായി 15 വാർഡുകളാണ് ഉള്ളത്. പഞ്ചായത്തിന്റെ വടക്കുകിഴക്ക് ഭാഗത്തുകൂടി കൊല്ലം – ചെങ്കോട്ട മീറ്റർ ഗേജും, കൊല്ലം – എറണാകുളം ഡബിൾ റയിൽവേ ലൈനുകളും കടന്നു പോകുന്നു.

കിളികൊല്ലൂർ പഞ്ചായത്തിന്റെ ഭൂവിസ്തൃതി 11.24 ച.കി.മി. ആണ്. വടക്ക് പടിഞ്ഞാറ് ഭാഗത്തായി ഏറെ സവിശേഷതകളുള്ള അഷ്ടമുടിക്കായൽ സ്ഥിതിചെയ്യുന്നു. ഭൂപ്രകൃതി അനുസരിച്ച് കിളികൊല്ലൂർ ഗ്രാമപഞ്ചായത്തിനെ ആറ് മേഖലകളായി തിരിക്കാം

ഭൂപടം 1

1. ഉയർന്ന സമതലം
2. ഇടത്തരം സമതലം
3. ഇടത്തരം ചരിവ്
4. ചെറു ചരിവ്
5. താഴ്‌വര
6. തീരസമതലം

## ഭൂപടം 1 ഭൂപ്രകൃതി




ഇവയിൽ ഓരോന്നിന്റേയും വിസ്തൃതി ചുവടെ ചേർത്തിരിക്കുന്നു.

| ഭൂപ്രകൃതി മേഖലകൾ | വിസ്തീർണ്ണം | ഹെക്ടർ |
|---|---|---|
| 1. ഉയർന്ന സമതലം | 1.5 ച.കി.മി | 150 |
| 2. ഇടത്തരം സമതലം | 0.31 " | 30 |
| 3. ഇടത്തരം ചരിവ് | 1.34 " | 134 |
| 4. ചെറു ചരിവ് | 2.34 " | 234 |
| 5. താഴ്വര | 2.46 " | 246 |
| 6. തീരസമതലം | 3.29 " | 329 |
| ആകെ | 11.24 " | 1124 |

അവലംബം – വിഭവ ഭൂപടങ്ങൾ (C.E.S.S) പഠന പര്യടനം

നിമ്നോന്നതിയെ അടിസ്ഥാനപ്പെടുത്തി പഞ്ചായത്തിനെ പത്ത് മീറ്ററിനു താഴെ, 10 മീറ്ററിനും 20 മീറ്ററിനും ഇടയിൽ എന്നിങ്ങനെ രണ്ടായി തിരിക്കാം.

സമുദ്ര നിരപ്പിൽ നിന്നും ഏറ്റവും ഉയരം കൂടി പ്രദേശം ചുമട് താങ്ങി മുക്കും സമീപ പ്രദേശങ്ങളുമാണ്. താഴ്വര പ്രദേശങ്ങളുടേയും തീര സമതലങ്ങളുടേയും ഉയരം 10 മീറ്ററിനും താഴെയാണ്. പഞ്ചായത്തിന്റെ 99% ഭാഗവും 10 മീറ്ററിന് താഴെയാണ്

## ഭൂപടം – 2 നിമ്നോന്നത മേഖലകൾ



ഭൂപടം – 2

നിമ്നോന്നത മേഖലളുടെ വിസ്തൃതി ചുവടെ ചേർക്കുന്നു

| നിമ്നോന്നതമേഖലകൾ | വിസ്തീർണ്ണം | ഹെക്ടർ |
|---|---|---|
| 10 മീറ്ററ് താഴെ | 10.70 ച.കി.മി. | 1070 |
| 10 മീറ്ററിനും 20 മീറ്ററിനും ഇടയിൽ | 0.54 ച.കി.മി | 54 |
| ആകെ | 11.24 " | 1124 |

അവലംബം- വിഭവ ഭൂപടങ്ങൾ (C.E.S.S) പഠന പര്യടനം

ഉപരിതല മൺതരങ്ങളെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ വെട്ടുകല്ല് പ്രദേശങ്ങൾ, എക്കൽമണ്ണ് പ്രദേശങ്ങൾ, മണൽകലർന്ന എക്കൽമണ്ണ് പ്രദേശങ്ങൾ എന്നിങ്ങനെ തരംതിരിക്കാം

ഭൂപടം–3

കിളികൊല്ലൂരിന്റെ 58.16% എക്കൽമണ്ണും (മണൽ കലർന്ന എക്കൽ മണ്ണ് ഉൾപ്പെടെ) 41.84% വെട്ടുകല്ല് പ്രദേശങ്ങളുമാണ്.

ഉപരിതല മൺതരങ്ങളുടെ ഇനവും വിസ്തൃതിയം ചുവടെ ചേർത്തിരിക്കുന്നു.

| ഉപരിതല മൺതരങ്ങൾ | വിസ്തീർണ്ണം | ശതമാനം |
|---|---|---|
| വെട്ടുകല്ല് പ്രദേശം | 469 ഹെക്ടർ | 41.84% |
| എക്കൽ മണ്ണ് മണൽകലർന്ന എക്കൽ മണ്ണ് ഉൾപ്പെട് | 655 ഹെക്ടർ | 58.16% |
| ആകെ | 1124 ഹെക്ടർ | 100 % |

അവലംബം - വിഭവ ഭൂപടങ്ങൾ (C.E.S.S) പഠന പര്യടനം

## ഭൂപടം - 3 മൺതരങ്ങൾ




## കാലാവസ്ഥ

ദക്ഷിണമദ്ധ്യ താഴ്ന്ന കാർഷിക മേഖലയിൽ ഉൾപ്പെടുന്ന കിളികൊല്ലൂർ പഞ്ചായത്തിൽ തെക്കു പടിഞ്ഞാറൻ മൺസൂൺകാലമായ ജൂൺ, ജൂലൈ മാസങ്ങളിലാണ് ഏറ്റവും കൂടുതൽ മഴ ലഭിക്കുന്നത്. കൂടാതെ ഒക്ടോബറിൽ ലഭിക്കുന്ന വടക്കു കിഴക്കൻ മൺസൂൺ ഇടമഴകളും കിളികൊല്ലൂരിൽ ലഭ്യമാകുന്നുണ്ട്. ശരാശരി മഴ 2302.08 മില്ലീമീറ്ററാണ്. മാർച്ച് ഏപ്രിൽ മാസങ്ങളിലാണ് ഏറ്റവും കുറച്ച് മഴലഭിക്കുന്നത്.

ശരാശരി മഴയുടെ അളവ് ചുവടെ രേഖപ്പെടുത്തുന്നു.

തെക്കുപടിഞ്ഞാറൻ മൺസൂൺ ശരാശരി - 1361 മില്ലീമീറ്റർ

വടക്ക് കിഴക്കൻ മൺസൂൺ ശരാശരി - 941 മിമീ.

1996 ൽ കിളികൊല്ലൂരിൽ ലഭിച്ച മഴ-മില്ലീമിറ്ററിൽ
(ജനുവരി മുതൽ നവംബർ വരെ)



ലഭിച്ച മഴ കഴിഞ്ഞ വർഷങ്ങളിൽ

| | | | |
|---|---|---|---|
| 1979 | – | 2659.6 | മില്ലീമീറ്റർ |
| 1983 | – | 2779 | മില്ലീമീറ്റർ |
| 1990 | – | 1897.5 | " |
| 1991 | – | 2658 | " |
| 1992 | – | 2637 | " |
| 1993 | – | 2618 | " |
| 1994 | – | 2069 | " |
| 1995 | – | 1973 | " |
| 1996 (നവംബർ വരെ) | – | 1420.49 | " |

അവലംബം–സതേൺ റയിൽവേ (PWI) കാലാവസ്താവിഭാഗം, കൊല്ലം.

## താപനില

ജൂലൈ ആഗസ്റ്റ് മാസങ്ങളിൽ പരമാവധി താപനില 29°ഇ ആയിരിക്കും

മാർച്ച് മെയ് മാസങ്ങളിൽ പരമാവധി താപനില 32°ഇ – 33°ഇ നും മദ്ധ്യേയും. കുറഞ്ഞ താപനില 23°ഇ –26°ഇ നും ഇടയ്ക്ക് ആകുന്നു. ഡിസംബർ ജനുവരി മാസങ്ങളിൽ പരമാവധി താപനില 30°ഇ –31°ഇ നും ഇടയ്ക്ക് ആയിരിക്കും. കുറഞ്ഞ താപനില 21°ഇ – 22°ഇ നും ഇടയ്ക്കാകുന്നു.

അവലംബം – ലാൻഡ് യൂസ് റിക്കോർഡ്സ് കേരള

ശരാശരി കുറഞ്ഞ താപവും കൂടിയ താപവും (ജനുവരി മുതൽ ഡിസംബർ വരെ) 1991–94




## ജല വിഭവം

വർഷത്തിൽ ശരാശരി 2302.08 മില്ലീമീറ്റർ മഴ കിളികൊല്ലൂർ ഗ്രാമപഞ്ചായത്തിൽ ലഭിക്കുന്നുണ്ട് ഏറ്റവും കൂടുതൽ മഴലഭിക്കുന്നത് ജൂൺ – ജൂലൈ മാസങ്ങളിലാണ്. ഏറ്റവും കുറവ് മഴ ലഭിക്കുന്നത് മാർച്ച്–ഏപ്രിൽ മാസങ്ങളിലാണ്.

കിളികൊല്ലൂർ പഞ്ചായത്തിന്റെ വടക്ക് പടിഞ്ഞാറ് ഭാഗത്ത് തൃക്കടവൂർ പഞ്ചായത്തിന്റെ അധീനതയിൽ വരുന്ന അഷ്ടമുടി കായൽ സ്ഥിതി ചെയ്യുന്നു. മുഖത്തല പെരുങ്കുളം ഏലായിൽ നിന്നും ആരംഭിച്ച് അയത്തിൽ, പാൽക്കുളങ്ങര കോയിക്കൽ എന്നീ ഭാഗങ്ങളിലൂടെ വടക്കോട്ടൊഴുകി അഷ്ടമുടി കായലിൽ പതിക്കുന്ന കിളികൊല്ലൂർ തോടാണ് ഗ്രാമ പഞ്ചായത്തിലെ പ്രധാന ജല സ്രോതസ്.

എല്ലാത്തോടുകളും അഷ്ടമുടികായലിലാണ് പതിക്കുന്നത്. ആകെ തോടുകൾ 6.66 കി. മി. നീളം വരും. (കിളികൊല്ലൂർ തോട് ഉൾപ്പെടെ).

10 പഞ്ചായത്ത് കുളങ്ങളും 6 അമ്പലകുളങ്ങളും 11 പ്രധാന തോടുകളും 5000 ത്തോളം കിണറുകളും ചേർന്നതാണ് കിളികൊല്ലൂരിലെ ഉപരിതല ജലസ്രോതസ്. മങ്ങാട് പള്ളിക്ക് സമീപമുള്ള ഊറ്റുകുഴിയെന്ന ചെറുകുളം ഒരു ശുദ്ധജല സ്രോതസായി ഉപയോഗിക്കുന്ന ഒരു നീരുറവയാണ്.

പ്രധാന പഞ്ചായത്ത് കുളങ്ങളെക്കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| പേര് | വാർഡ് | വില്ലേജ് |
|---|---|---|
| ചിറയിൽക്കുളം | കരിക്കോട് എ | മങ്ങാട് |
| ചുറ്റുവള്ളിക്കുളം | അറുന്നൂറ്റിമംഗലം എ | മങ്ങാട് |
| ചിറയിൽക്കുളം | അറുന്നൂറ്റിമംഗലം ബി | മങ്ങാട് |
| ആറാട്ടുകുളം | അറുന്നൂറ്റിമംഗലം ബി | മങ്ങാട് |
| പൂവങ്ങൽകുളം | കരിക്കോട് സി | മങ്ങാട് |
| നിരകത്ത് തൊടിക്കുളം | കിളികൊല്ലൂർ ബി | കിളികൊല്ലൂർ |
| ഇരട്ടക്കുളം | കോളേജ് വാർഡ് | കിളികൊല്ലൂർ |
| കനച്ചക്കുളം | കിളികൊല്ലൂർ ബി. | കിളികൊല്ലൂർ |
| നായരുകുളം | കന്നിമേൽ സി. | കിളികൊല്ലൂർ |
| ചിറയിൽക്കുളം | മങ്ങാട് | മങ്ങാട് |

അവലംബം – വിഭവ ഭൂപടങ്ങൾ (C.E.S.S) പഠന പര്യടനം, പഞ്ചായത്ത് രേഖകൾ

കൂടാതെ ക്ഷേത്രം–പള്ളിവകക്കുളങ്ങളുമുണ്ട്. ഇവയുടെ വിവരം ചുവടെ ചേർക്കുന്നു.

| പേര് | വാർഡ് | വില്ലേജ് |
|---|---|---|
| കോയിക്കൽ ക്ഷേത്രക്കുളം | കന്നിമേൽ ബി. | കിളികൊല്ലൂർ |
| മഠത്തിൽ കുളം | കോളേജ് വാർഡ് | കിളികൊല്ലൂർ |
| ചേരിയിൽ ക്ഷേത്രക്കുളം | കന്നിമേൽ ബി. | കിളികൊല്ലൂർ |
| ശ്രീനാരായണാ മൂർത്തി ക്ഷേത്രക്കുളം | മങ്ങാട് | മങ്ങാട് |
| കുരുതി കാമൻ ക്ഷേത്രക്കുളം | കരിക്കോട് ബി. | മങ്ങാട് |
| കോയിക്കൽ പള്ളിക്കുളം | കന്നിമേൽ എ. | മങ്ങാട് |

അവലംബം–പഠനപര്യടനം ഗ്രാമസഭ

പഞ്ചായത്തിലെ പ്രധാന തോടുകളെക്കുറിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു.

| തോടിന്റെ പേര് | നീളം മീറ്ററിൽ | വീതി മീറ്ററിൽ | സംരക്ഷിക്കപ്പെട്ട തോടിന്റെ നീളം മീറ്ററിൽ |
|---|---|---|---|
| കിളികൊല്ലൂർ ഏലാ തോട് | 1250 | 2.00 | 600 |
| അറുന്നൂറ്റിമംഗലം ഏലാതോട് | 1060 | 1.50 | 120 |
| കല്ലിംഗൽ (കണിയാംകണ്ടം) | 400 | 1.60 | 325 |
| കുഴിങ്കണ്ടം ഏലാതോട് | 500 | 1.00 | 350 |
| ഭഗവതി കുഴി ഏലാതോട് | 750 | 1.00 | 300 |
| മങ്ങാട് ഏലാതോട് | 400 | 1.00 | 300 |
| മംഗലശ്ശേരി ഏലാതോട് | 700 | 1.00 | 500 |
| പുത്തേത്ത് ഏലാതോട് | 350 | 1.00 | 50 |
| കരിക്കോട് ഏലാത്തോട് | 850 | 1.30 | 750 |
| 10 ഇരപ്പൻചാൽ തോട് | 400 | 0.80 | 400 |
| 11 തടത്തിൽ - കരിക്കോട് സി | 200 | 1.50 | ലഭ്യമല്ല |

അവലംബം: വില്ലേജ് ലിത്തോമാപ്പ്, മൈനർ ഇറിഗേഷൻ, പഞ്ചായത്ത് രേഖകൾ

പഞ്ചാത്തിൽ ഒരു ചിറയുണ്ട് കരിക്കോട് എ. വാർഡിലെ തെക്കേവീട്ടിൽ ചിറയാണ് അത്. കണ്ടച്ചിറ ചീപ്പിന് കിഴക്കും റെയിൽവേ ലൈനിനും ഇടയിൽ കാണുന്ന വയലിൽ ഓരു ജലം കയറി കൃഷിയ്ക്ക് അനുയോജ്യമല്ലാതെ കിടക്കുന്നു.

പഞ്ചായത്തിന്റെ ഏറിയ ഭാഗത്തും ശുദ്ധജലം ലഭിക്കുന്നു 5000 ത്തോളം കിണറുകളിലൂടെയാണ് ഇത് സാധ്യമാക്കുന്നത്. ജലക്ഷാമം പ്രകൃതിയുമായി ബന്ധപ്പെട്ടാണ് കിടക്കുന്നത്. ഉയർന്ന സമതലങ്ങളിലും ചരിവുപ്രദേശങ്ങളിലും ജല ലഭ്യത താരതമ്യേന കുറവാണ്. ചാത്തിനാംകുളം കിളികൊല്ലൂർ സി. കല്ലുംതാഴം കരാമൂല കോളേജ് വാർഡ് എന്നീ പ്രദേശങ്ങളിൽ വരൾച്ചാ സമയത്ത് ജലക്ഷാമം രൂക്ഷമാണ്.

ജല ലഭ്യതയെ അടിസ്ഥാനമാക്കി പഞ്ചായത്തിനെ താഴെപ്പറയുന്ന മേഖലകളായി തിരിക്കാം

ഭൂപടം–4

1) ഉയർന്ന നിരക്കിൽ ജലം ലഭിക്കുന്നവ
2) മിതമായ നിരക്കിൽ ജലം ലഭിക്കുന്നവ
3) താഴ്ന്ന നിരക്കിൽ ജലം ലഭിക്കുന്നവ

ജല ലഭ്യതയുടെ വിവരം ചുവടെ ചേർക്കുന്നു.

| മേഖല | വിസ്തീർണ്ണം(ഹെ) | ശതമാനം |
|---|---|---|
| ഉയർന്ന നിരക്കിൽ ജലം ലഭിക്കുന്ന പ്രദേശം | 475 | 51% |
| മിതമായ നിരക്കിൽ ജലം ലഭിക്കുന്ന പ്രദേശം | 495 | 44.1% |
| താഴ്ന്ന നിരക്കിൽ ജലം ലഭിക്കുന്ന പ്രദേശം | 50 | 4.9% |

അവലംബം - വിഭവ ഭൂപടങ്ങൾ (C.E.S.S) പഠന പര്യടനം

നിലവിലുള്ള കുളങ്ങളുടെ സംരക്ഷണം തോടുകളുടെ പരിപാലനം കിണറുകളുടെ സംരക്ഷണം എന്നിവയിലൂടെ പഞ്ചായത്തിന്റെ ഉപരിതല ജല സമ്പത്ത് വർദ്ധിപ്പിക്കാവുന്നതാണ്. ഇതിന് ആവശ്യമായ നീർമറി പദ്ധതികൾ ആവിഷ്കരിച്ച് കൂടുതൽ ജന പങ്കാളിത്തത്തോടെ ഗ്രാമപഞ്ചായത്തിന്റെ ഉപരിതല ജലസ്രോതസ് മെച്ചപ്പെടുത്താവുന്നതാണ്.

**ഭൂഗർഭജലം**

നമുക്ക് ആവശ്യമായ ജലത്തിന്റെ വലിയൊരളവ് ലഭിക്കുന്നത് ഭൂഗർഭജലത്തിൽ നിന്നാണ്. ഒട്ടുമിക്കവാറും ഭൂഗർഭ ജലത്തിൽ ഉറവിടം ഉപരിതല ജലം തന്നെയാണ്. മഴയിൽ നിന്നും ജലസംഭരണികളിൽ നിന്നും ജലം ഭൂമിക്കടിയിലേക്ക് കിനിഞ്ഞിറങ്ങുന്നു. മനുഷ്യന്റെ പ്രയത്ന ഫലമായും ജലത്തെ ഭൂമിക്കടിയിലേക്ക് നയിക്കാം സാധാരണ കിണറുകൾ ഭൂഗർഭ ജലവിതാനത്തിന് തൊട്ടു താഴെവരെ കുഴിച്ചുണ്ടാക്കുന്നതാണ്. ഭൂഗർഭ ജലവിതാനത്തെ ഉയർത്താൻ നീർത്തട പദ്ധതികൾ വളരെയേറെ സഹായിക്കും.

ഭക്ഷ്യോത്പന്നങ്ങളുടെ ഉത്പാതനത്തിന് വെള്ളം ആവശ്യമാണ്. ഒരു കിലോ ഗ്രാം നെല്ല് ഏകദേശം 4000 കിലോ ഗ്രാം ജലം ആവശ്യമാണ്. കൃഷിയിൽ നിന്നുള്ള ഉൽപ്പാദനവും സമ്പത്തും ഒരു വലിയ പരിധിവരെ ജലത്തിന്റെ ലഭ്യതയെ ആശ്രയച്ചിരിക്കുന്നു.

നമ്മുടെ പഞ്ചായത്തിൽ ഓരോ വർഷവും കഴിയുമ്പോൾ ജനസംഖ്യ ഗണ്യമായി വർദ്ധിച്ചു വരുന്നു. അവർക്കുവേണ്ട കുടിവെള്ളവും മറ്റ് ആവശ്യങ്ങളും നിറവേറ്റുന്നതിനുവേണ്ടിയും ജലത്തിന്മേലുള്ള ആവശ്യകത കൂടിക്കൂടി വരുന്നു. ചരിവുള്ള കിഴക്കൻ പ്രദേശങ്ങളിൽ മഴപെയ്ത് മണിക്കൂറുകൾക്കുള്ളിൽ തോടുകൾ വഴി അഷ്ടമുടികായലിലേക്ക് ജലം എത്തിച്ചേരുന്നു. വരണ്ട മാസങ്ങളിൽ ജലക്ഷാമം പരിഹരിക്കുന്നതിന് അനിവാര്യമായും വെള്ളം സംഭരിച്ച് നിർത്താൻ കഴിയണം. പരമ്പരാഗത രീതിയിൽ വെള്ളം സംഭരിച്ച് നിർത്തുന്നതിന് കുളങ്ങൾ മതിയാകും. ഇങ്ങനെയുള്ള ഉപരിതല ജലസ്രോതസുകൾ സമീപ പ്രദേശങ്ങളിലെ കിണറുകളെ സമ്പുഷ്ടമാക്കും ഭൂഗർഭ ജല സമ്പത്ത് വർദ്ധിപ്പിക്കുകയും ചെയ്യാം എന്നാൽ ഉടമസ്ഥാവകാശം ഭൂവിനിയോഗം തുടങ്ങിയവയിലുണ്ടായ മാറ്റങ്ങൾ മൂലം വൻതോതിലുണ്ടായ മലിനീകരണം, വേണ്ടത്ര പരിചരണമില്ലായ്മ തുടങ്ങിയ കാരണങ്ങളാൽ സ്വാഭാവികമായും ഉപരിതലത്തിൽ വെള്ളം സംഭരിച്ചിരുന്ന സ്രോതസുകൾ ഉപയോഗയോഗ്യമല്ലാതാകുകയോ മൂടിപ്പോകുകയോ ചെയ്തിരിക്കുന്നു.

വെള്ളം ഭൂഗർഭത്തിലൂടെ സഞ്ചരിക്കുന്നതിന് അധികം സമയമെടുക്കുന്നതു കാരണം മഴയില്ലാത്ത കാലങ്ങളിൽ ലഭ്യമാകുകയും ചെയ്യും.

കിണറുകൾ, നീരുറവ, കുഴൽകിണറുകൾ താഴ്‌വരകളിലെ ജലസാന്നിദ്ധ്യം തുടങ്ങി വിവിധ രീതികളിൽ ഭൂമിയുടെ വിവിധ പാളികളിലൂടെ സഞ്ചരിക്കുന്ന വെള്ളം നമുക്ക് വരൾച്ചക്കാലത്ത് ലഭ്യമാക്കുന്നു. വിവിധ കാരണങ്ങളാൽ ഭൂഗർഭ ജലത്തിന്റെ അളവ്കുറഞ്ഞ് പാടങ്ങളിൽ വേനൽതുടങ്ങുന്നതിനുമുമ്പ് ഈർപ്പം നഷ്ടപ്പെടുന്നതും കിണറുകളിലെ ജലനിരപ്പ് താഴുന്നതും, സംഭരിക്കപ്പെടുന്ന ജലത്തിന്റെ അളവ് കുറഞ്ഞതുകൊണ്ടാണ്.

4 ഹെക്ടർ 70. ആർ വിസ്തൃതിയുള്ള കിളികൊല്ലൂർതോടിലെ വർദ്ധിച്ച തോതിലുള്ള മലിനീകരണം തടയപ്പെടേണ്ടതാണ്. കിളികൊല്ലൂർതോടിന്റെയും മറ്റു ഉപരിതല ജലസ്രോതസുകളുടേയും സംരക്ഷണം, ഫലപ്രദമായ സസ്യാവരണം(കാവുകൾ) തുടങ്ങിയവ ശാസ്ത്രീയമായി സംരക്ഷിച്ചാൽ ജലക്ഷാമത്തിൽ നിന്നും നമുക്ക് രക്ഷപ്പെടാം.

മനുഷ്യൻ മാത്രമല്ല വെള്ളം ഉപയോഗിക്കുന്നത് ജലത്തെ ആശ്രയിച്ച് ഒരു ജൈവവ്യവസ്ഥ നിലനിൽക്കുന്നു. വെള്ളത്തിനുമേൽ കർഷകന് നിയന്ത്രണമില്ലെങ്കിൽ ഉത്പ്പാദനം വർദ്ധിക്കുകയില്ല.

ഉപരിതലത്തിലും ഭൂഗർഭത്തിലും ശേഖരിക്കുന്ന ജലം പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. മഴക്കാലത്ത് കൂടുതൽ വെള്ളം ഉപരിതല ജല സ്രോതസുകളുണ്ടാകും. ഇതിനെ തടയണകൾ കുളങ്ങൾ തോടുകൾ എന്നിവയിലൂടെ തടഞ്ഞ് നിർത്തിയാൽ വെള്ളംമിച്ചപ്പെടുത്തവുന്നതാണ് മഴക്കാലത്ത് കൂടുതൽ ഉപരിതല സ്രോതസുകൾ ഉപയോഗപ്പെടുത്തിയാൽ ഭൂഗർഭ ജലം വരൾച്ചാക്കാലത്ത് ഉപയോഗപ്രദമാക്കാം. ഉയർന്ന പ്രദേ

ശങ്ങളിലെ പറമ്പുകളിൽ മഴവെള്ളം കെട്ടി നിർത്താൻ അനുവദിച്ചാൽ ജലക്ഷാമം പരിഹരിക്കാവുന്നതാണ്.

കിളികൊല്ലൂരിന് അനുയോജ്യമായ രീതിയിൽ ശാസ്ത്രീയ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ ദീർഘ കാല ലക്ഷ്യങ്ങളോട് കൂടി ജല വിഭവത്തിന്റെ സമഗ്രവികസനത്തിന് പരിഹാരമാർഗങ്ങൾ ജനപങ്കാളിത്തത്തോടെ കൈക്കൊള്ളേണ്ടതാണ്.

## ഭൂപടം-4 ജലലഭ്യത



## ജൈവസമ്പത്ത്

കാർഷിക മേഖലയിലെ വിലമതിക്കാനാവാത്ത ഒന്നാണ് ജൈവസമ്പത്ത്. ഭൂമിയിലെ വിവിധ തരത്തിലുള്ള എല്ലാ സസ്യങ്ങളുടേയും മൃഗങ്ങളുടേയും സൂക്ഷ്മ ജീവികളുടേയും ശേഖരമാണ് ജൈവസമ്പത്ത്.

പരിസ്ഥിതി വൈവിധ്യമാണ് കേരളത്തെ ജൈവസമ്പന്നമാക്കിയത്. ജൈവവൈവിധ്യതയ്ക്കുള്ള വളരെ അനുകൂലമായ കാലാവസ്ഥ, മണ്ണ്, മറ്റ് ഭൗതിക സാഹചര്യങ്ങൾ എന്നിവയെല്ലാം കിളികൊല്ലൂരിൽ ഉണ്ട്. ശാസ്ത്ര സാങ്കേതിക വിദ്യയുടെ സഹായത്താൽ മാത്രമേ നമുക്ക് ജൈവ വൈവിധ്യം ഉപയോഗപ്പെടുത്താൻ സാധിക്കുകയുള്ളൂ. സതേൺ മിഡ്ലാന്റ് ബ്ലോക്കിൽ (ലോ) വരുന്നതാണ് കിളികൊല്ലൂർ ഉൾപ്പെട്ട അഞ്ചാലുംമൂട് ബ്ലോക്ക് പഞ്ചായത്ത്.

നമ്മുടെ പഞ്ചായത്തായ കിളികൊല്ലൂരിലെ ജൈവവൈവിധ്യത്തിൽ താഴെ പറയുന്നവ ഉൾപ്പെടുന്നു.

1. സസ്യ വർഗ്ഗങ്ങൾ
2 ധാന്യ വർഗ്ഗങ്ങൾ
3 കിഴങ്ങ് വർഗ്ഗങ്ങൾ
4 ഫല വർഗ്ഗങ്ങൾ
5 പയറു വർഗ്ഗങ്ങൾ
6 ഔഷധ-സുഗന്ധ സസ്യങ്ങൾ

ജീവന്റെ ഇഴകൾ പരസ്പരം ബന്ധപ്പെട്ടാണ് കിടക്കുന്നത് അനിയന്ത്രിതമായ പ്രവർത്തനങ്ങൽ കൂടുംതോറും പരിസ്ഥിതിയ്ക്കുള്ള ക്ഷതവും ഏറും. കൂടുതൽ സുഖകരമായ ജീവിത ചുറ്റുപാടുകളുണ്ടാക്കാനുള്ള ശ്രമത്തിനിടയിൽ മനുഷ്യൻ ആവ്യാസ വ്യവസ്ഥകൾ നശിപ്പിക്കുന്നു. മാനവരാശിയുടെ ഭാവി നിലനിൽപ്പിന് ഇത്തരം വൈവിധ്യം നിലനിർത്താൻ ബഹുജന ബോധവൽക്കരണം വളരെ അത്യാവശ്യമാണ്. ജൈവ വൈവിധ്യവും ജനിതക വൈവിധ്യവും സംരക്ഷിക്കുന്നതിനുള്ള ലളിതമായ മാർഗ്ഗങ്ങൾ നാം അവലംബിക്കേണ്ടതാണ്. ജൈവസമ്പത്ത് ആധാരമാക്കിയുള്ള സംയോജിത സമഗ്ര ഗ്രാമതലവികസന പദ്ധതികൾ നടപ്പിലാക്കേണ്ടതാണ്.

നമ്മുടെ പഞ്ചായത്തിൽ കണ്ടുവരുന്ന പ്രധാന സസ്യജാലങ്ങളെക്കുറിച്ചുള്ള പട്ടിക താഴെ ചേർക്കുന്നു.

**കിളികൊല്ലൂരിലെ സസ്യവിഭാഗങ്ങൾ**

| നമ്പർ | |
|---|---|
| 1 ധാന്യവർഗ്ഗം | – നെല്ല് |
| 2. പയറുവർഗ്ഗം | – പയറ് മുതിര |
| 3 കിഴങ്ങ് വർഗ്ഗം | – ചേന, ചേമ്പ്, കാച്ചിൽ, ചെറുകിഴങ്ങ്, മരച്ചീനി |
| 4 ഫലവർഗ്ഗം | – തെങ്ങ്, കവങ്ങ്, പുളി, പ്ലാവ്, പൈനാപ്പിൾ മുരിങ്ങ, ചാമ്പയ്ക്ക, മാതള നാരങ്ങ, കടപ്പിലാവ്, കശുമാവ്. |
| 5 സസ്യവർഗ്ഗം | – കോളാമ്പി, മുയൽ ചെവിയൻ, നാടൻപുല്ല്, തീറ്റപുല്ല്, ശീമകൊന്ന, മന്ദാരം ഡാലിയ, മുതലായവ (അലങ്കാര ചെടികൾക്ക് പുറമേ) |
| 6 ഔഷധ വർഗ്ഗം | – കുറുന്തോട്ടി, തൊട്ടാവാടി, മുഞ്ഞിൾ, ആവണക്ക്, ഇഞ്ചി, അശോകം, ശംഖ്പുഷ്പം, മയിലാഞ്ചി, ചീര, കാഞ്ഞിരം, അരണമരം, കണികൊന്ന, ചന്ദനം, നന്ത്യാർവട്ടം, ബ്രഹ്മി, വാഴ തുടങ്ങിയവ |
| 7 വൃക്ഷങ്ങൾ | – ചീലാന്തി, തേക്ക്, പെരുമരം, ആഞ്ഞിലി, ഉതി, പൈൻ, ആൽ, പാല |

അവലംബം : പഠനപര്യടനം, മാമൊഴി, നാട്ടറിവുകൾ

വിവിധ വാർഡുകളിലായി കാവുകൾ 9 എണ്ണം കാണപ്പെടുന്നു.

**കിളികൊല്ലൂരിലെ പ്രധാനപ്പെട്ട കാവുകൾ**

| പേര് | വാർഡ് |
|---|---|
| തെങ്ങ്യം | കന്നിമേൽ സി. |
| മാടൻ കാവ് | 5-ാം വാർഡ് |
| ഇടത്തുങ്ങൽ കാവ് | കരിക്കോട് സി |
| ആറാട്ടിൽ കാവ് | കരിക്കോട് സി |
| ചേരിയിൽ കാവ് | കരിക്കോട് സി |
| പുല്ലേരിൽ കാവ് | കിളികൊല്ലൂർ സി |
| ശ്രീശങ്കര നാരായണ മൂർത്തി ക്ഷേത്രകാവ് 4-ാം വാർഡ് | |
| മാടൻകാവ് | 6-ാം വാർഡ് |

അവലംബം – പഠന പര്യടനം, ഗ്രാമസഭകൾ

നഗരത്തോട് കിടപിടിക്കുന്ന കിളികൊല്ലൂരിൽ കാവുകളെ സംരക്ഷിച്ച് ശുദ്ധവായുവും ഇല ലഭ്യതയും മെച്ചപ്പെടുത്താവുന്നതാണ്.. കിളികൊല്ലൂരിന്റെ വടക്കേ വാർഡായ കരിക്കോട് സി (3-ാം വാർഡ്) യിൽ ജനുവരി-ഫെബ്രുവരി മാസങ്ങളിൽ ദേശാടന പക്ഷികൾ വരാറുണ്ട് കണ്ടച്ചിറ ചീപ്പിനോട് അടുത്ത് കിടക്കുന്ന വയലിനും (പാടം) റെയിൽവേ ലൈനും ഇടയ്ക്കാണ് ഇവയെ കാണപ്പെടുന്നത്. എരണ്ട പക്ഷികളെ കൂടുതലായും കണ്ടുവരുന്ന പ്രദേശമാണ് ഇത്. പ്രധാനപ്പെട്ട കാവുകൾ (സസ്യാവരണം) പല ഔഷധ സസ്യങ്ങളുടേയും കലവറകളാണ്.

പറമ്പുകളിൽ കൂടുതൽ ആദായകരായ വിധത്തിൽ വാണിജ്യവിളകളും ഫലവൃഷങ്ങളും ശാസ്ത്രീയമായ രീതിയിൽ കൃഷിചെയ്യാം. മണ്ണിന്റെ ഫലപുഷ്ടി നിലനിലർത്തുന്നതിനും ജൈവാംശം വർദ്ധിപ്പിക്കുന്നതിനുമുള്ള രീതികൾ അവലംബിക്കുക എന്നത് പ്രധാനമാണ്. കൂടുതൽ ജനപങ്കാളിത്തത്തോടെ ജൈവ സമ്പത്ത് പരിരക്ഷിക്കാൻ സാധിക്കും എന്നതിൽ യാതൊരു സംശയവും വേണ്ട. മൂന്നാംകുറ്റിയ്ക്കടുത്തുള്ള സ്വകാര്യ ഓർക്കിഡ് ശേഖരം വളരെ പ്രസിദ്ധമാണ്.

## മനുഷ്യ വിഭവം

ആസൂത്രണ പ്രക്രിയയുടെ അടിസ്ഥാന ലക്ഷ്യം ജന നന്മയാണ്. ഒരു പ്രദേശത്തിന്റെ സാമ്പത്തിക സാമൂഹിക പുരോഗതിയുടെ അളവ് നൽകുന്നത് അവിടുത്തെ ജനപ്രകൃതിയുടെ സ്വഭാവവും മറ്റ് അനുബന്ധ ഘടകങ്ങളുമാണ്. കിളികൊല്ലൂർ പഞ്ചായത്തിൽ ഉൾപ്പെട്ട പ്രദേശങ്ങളിലെ ജനങ്ങളുടെ തൊഴിലും അവരുടേ ആരോഗ്യ നിലവാരവും പരിശോധിക്കുമ്പോൾ ജനഘടന നമ്മുടെ സംസ്ഥാന ജനഘടനയുമായി വളരെയേറെ സാദൃശ്യമുള്ളതായിക്കാണാം.

1991 ലെ കനേഷ്കുമാരി സെൻസസ് കണക്കുകൾ പ്രകാരം കിളികൊല്ലൂർ പഞ്ചായത്തിലെ ജനസംഖ്യ 56773 ആണ്. 1996 ലെ അങ്കണവാടി റിപ്പോർട്ടനുസരിച്ചുള്ള ജനസംഖ്യ 61721 ആണ്. സെൻസസ് പ്രകാരം 27841 പുരുഷന്മാരും 28932 സ്ത്രീകളുമുണ്ട്. പുരുഷന്മാരെ അപേക്ഷിച്ച് 1091 സ്ത്രീകൾ കൂടുതലാണ്. ആകെ കുടുംബങ്ങൾ 5244 ആണ്. അതായത് ശരാശരി വീടൊന്നിന് 10.82 ആളുകൾ വീതമുണ്ട്. സംസ്ഥാന ശരാശരി 6.2 ആണ്. ജനസാന്ദ്രത ചതുരശ്ര കിലോമീറ്ററിന് 5050 ആണ്. പട്ടികജാതി ജനസംഖ്യ 6028 ആണ്. 2929 പുരുഷന്മാരും 3099 സ്ത്രീകളും പട്ടികജാതി ജനസംഖ്യയിൽ ഉൾപ്പെടുന്നു. ആകെ ജനങ്ങളിൽ 83% പുരുഷന്മാരും 75% സ്ത്രീകളും സാക്ഷരരാണ്. പട്ടികവർഗ്ഗ ജനസംഖ്യ 14 ആണ്. ഇതിൽ 7 സ്ത്രീകളും 7 പുരുഷന്മമാരും ഉൾപ്പെടുന്നു.

വളർച്ചാനിരക്ക് 1981 ൽ 21.18 ഉം 1991 4.07 മാണ്. 6 വയസ്സിൽ താഴെയുള്ള കുട്ടികളുടെ എണ്ണം പഞ്ചായത്തിൽ 2158 ആണ്. സാക്ഷരതാ നിരക്ക് 79% ആണ്.

തൊഴിലാളികളുടെ മേഖലാ വിതരണമെടുത്താൽ ഏറ്റവും പ്രധാനപ്പെട്ട നിരീക്ഷണം, കാർഷിക മേഖലയുടെ താരതമ്യേന അപ്രധാനമായ അവസ്ഥയായിരിക്കും. ഏറ്റവും കൂടുതൽ തൊഴിലാളികൾ കശുവണ്ടി മേഖലയിലാണ്. 9725 പേർ ഈ മേഖലയിൽ വരുന്നു. 1500 ഓളം തൊഴിലാളികൾ കയറുമേഖലയിൽ ഉൾപ്പെടുന്നു. വിദേശരാജ്യങ്ങളിൽ തൊഴിലെടുക്കുന്നവരും ഇവിടെ ധാരാളമുണ്ട് അവരുടെ അദ്ധ്വാന ഫലമായി കിട്ടുന്ന സമ്പത്ത് നാടിന് വേണ്ടി ഉപയോഗിക്കുന്നില്ല എന്നത് പരിഗണിക്കേണ്ട ഒരു പ്രധാന പ്രശ്നം തന്നെയാണ്.

65% ഹിന്ദുക്കളും 25%. മുസ്ലീങ്ങളും 10% ക്രിസ്ത്യാനികളുമുണ്ടെന്ന് ജനസംഖ്യാ പരിശോധനയിൽനിന്നും വ്യക്തമാകുന്നു. ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ള കുടുംബങ്ങളുടെ എണ്ണം വളരെകൂടുതലാണ്. സ്ത്രീകൾ നയിക്കുന്ന കുടുംബങ്ങളുടെ എണ്ണം 999 ആണെന്ന് കാണുന്നു. വികലാംഗരുടെ എണ്ണം. ഗ്രാമപഞ്ചായത്തിൽ 139 ആണ്.

വിദ്യാഭ്യാസരംഗത്ത് കൊല്ലം ജില്ലയിൽ മുന്നോക്കം നിൽക്കുന്ന പഞ്ചായത്തുകളിൽ ഒന്നാ

ണ് കിളികൊല്ലൂർ. വിദ്യാഭ്യാസം നേടുന്നവരുടെ എണ്ണത്തിൽ കാലാനുക്രമമായി വർദ്ധനവ് ഉണ്ടെങ്കിലും പഠന നിലവാരത്തിൽ പിന്നോക്കമാണ്. ഈ സ്ഥിതിവിശേഷം അടിയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്. അഭ്യസ്ഥവിദ്യരുടെ തൊഴിലില്ലായ്മ ഒരു പ്രധാന പ്രശ്നമാണ്. തൊഴിലധിഷ്ഠിത വിദ്യാഭ്യാസത്തിന് ഊന്നൽ നൽകിയാലെ ഇതിനൊരു മാറ്റം ഉണ്ടാവുകയുള്ളൂ.

ജനങ്ങളുടെ പ്രധാന വരുമാന മാർഗ്ഗമായിരുന്ന പരമ്പരാഗത വ്യവസായങ്ങളായ കയർ തടി കാർഷിക രംഗം, തുടങ്ങിയ മേഖലകൾ ആദായകരമല്ലാതായതൊടെ മറ്റ് തൊഴിൽ മേഖലകളിലേയ്ക്കുള്ള കടന്നുകയറ്റം വർദ്ധിച്ചിരിക്കുകയാണ്. പ്രധാനമായും കശുവണ്ടി രംഗത്തേയ്ക്കാണ്. കശുവണ്ടി സ്ത്രീ തൊഴിലാളികളുടെ പരിചയ സമ്പന്നത ഭാരതത്തിൽ വളരെ പ്രശസ്തമാണ്. കയർമേഖലയിൽ തൊഴിൽ അവസരങ്ങൾ കുറഞ്ഞുവരുകയാണ്. തൊഴിലില്ലായ്മ രൂക്ഷമായി അനുഭവിക്കുന്നത് സ്ത്രീകളിലാണ്. തൊഴിലെടുക്കാൻ ശേഷിയുള്ള വരിൽ 70% ത്തിനും യാതൊരു തൊഴിലുമില്ല. തൊഴിൽ രഹിതരുടെ എണ്ണം 39045 ആണ്. ജാതിപരമായ ഉച്ഛനീചത്വങ്ങൾ വളരെ കുറവാണ്. മതനിരപേക്ഷ സംസ്കാരത്തിന്റെ വളർച്ചയ്ക്ക് ഗ്രാമവാസികൾ എന്നും പോരാടിയിട്ടുണ്ട്. പൊതുവേപറഞ്ഞാൽ ജാതിയുടേയും സമുദായത്തിന്റേയും സ്വാധീനം കുറഞ്ഞുവരികയാണ്. ഇത്തരം ചേരിതിരിവുകളല്ല ഇന്ന് സാമൂഹിക ജീവിതത്തിന് അടിത്തറ. ഭൂ പരിഷ്കരണം ജാതിയുടെ അടിത്തറ തകർത്തു. പട്ടികജാതികളെ ഒഴിവാക്കിയായൽ എല്ലാജാതികളിലും പാവപ്പെട്ടവരേയും പണക്കാരേയും കാണാൻകഴിയും. ഇപ്രകാരം ഉരുത്തിരിഞ്ഞുവരുന്ന വർഗ്ഗഘടന അതീവ സങ്കീർണ്ണമാണെന്ന് എടുത്ത് പറയേണ്ടിയിരിക്കുന്നു. കാർഷിക മേഖലയിൽ ഇത് വളരെ പ്രകടമാണ്. ജനകീയാസൂത്രണത്തിന്റെ ഭാഗമായി പ്രകൃതി വിഭവവും, മനുഷ്യ വിഭവവും സമന്വയിപ്പിച്ച് വികസനത്തിന്റെ പുതിയ മേഖലകൾ കണ്ടെത്തേണ്ടതാണ്.

1981 ലെയും 91 ലെയും സെൻസസ് റിപ്പോർട്ടുകൾ

| വർഷം | വിസ്തീർണ്ണം | ജനസംഖ്യ | ആൺ | പെൺ | പട്ടിക ജാതി | | പട്ടികവർഗ്ഗം | | കർഷകർ | കർഷക തൊഴിലാളി |
|---|---|---|---|---|---|---|---|---|---|---|
| | | | | | ആൺ | പെൺ | ആൺ | പെൺ | | |
| 1981 | 11.21 ച.കി.മി | 50734 | 25076 | 26658 | 2656 | 2819 | | | 247 | 1501 |
| 1991 | 11.24 ച.കി.മി | 56773 | 27841 | 28932 | 2929 | 3099 | 7 | 7 | 166 | 1040. |

പട്ടിക 2

സാക്ഷരതാ നിരക്ക് (79%)

| വർഷം | ആകെ. വാർഡുകൾ | സാക്ഷരർ | |
|---|---|---|---|
| | | ആൺ | പെൺ |
| 1981 | 15 | 19346 | 16696 |
| 1991 | 15 | 23109 | 21875 |

അവലംബം സെൻസസ് റിപ്പോർട്ട് 1981–91

പട്ടിക 3

വില്ലേജ് തിരിച്ചുള്ള ജനസംഖ്യാ വിവരങ്ങൾ

| വില്ലേജ് | വിസ്തീർണ്ണം | വില്ലേജ് ജനസംഖ്യ |
|---|---|---|
| മങ്ങാട് | 655 ഹെക്ടർ | 28317 |
| കിളികൊല്ലൂർ | 466 ഹെക്ടർ | 28456 |
| ആകെ | | 56773 |

അവലംബം സെൻസസ് റിപ്പോർട്ട് 1991

പട്ടിക 4

ഗ്രാമപഞ്ചായത്തിലെ തൊഴിലുള്ളവരുടേയും തൊഴിൽ രഹിതരുടേയും വിവരങ്ങൾ

| മുഖ്യതൊഴിലാളികൾ | | | നാമമാത്രതൊഴിലാളികൾ | | | തൊഴിൽ രഹിതർ | | |
|---|---|---|---|---|---|---|---|---|
| ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ | ആൺ | പെൺ | ആകെ |
| 11178 | 3777 | 14955 | 1217 | 1588 | 2805 | 15448 | 23597 | 39045 |

അവലംബം സെൻസസ് റിപ്പോർട്ട് 1991

# 5.1 കൃഷിയും ജലസേചനവും






കേരളത്തിന്റെ കാർഷിക കാലാവസ്ഥാമേഖലകളിൽ ദക്ഷിണ മദ്ധ്യ ഭൂമേഖല എന്നറിയപ്പെടുന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന 1124 ഹെക്ടർ പ്രദേശമാണ് കിളികൊല്ലൂർ പഞ്ചായത്ത്. എ. ഡി 1906–ാമാണ്ടിലെ രേഖകളിൽ ഈ പഞ്ചായത്തിലെ കൃഷിഭൂമിയാകെ 1548 പട്ടാധാരന്മാരുടെ കൈവശത്തിലായിരുന്നുവെന്നും അവ 203 നിലങ്ങൾ 991 പുരയിടങ്ങൾ 354 പുരയിടവും നിലവും ചേർന്നത് എന്നിങ്ങനെ മൂന്ന തരത്തിലുള്ളവയും അയിരിന്നുവെന്ന് കാണുന്നു. ഇതിൽത്തന്നെ ഭൂരിപക്ഷം കൃഷിഭൂമികളും ചെറുകിട കൃഷിഭൂമികൾ ആയിരുന്നു. ശരാശരി വലിപ്പം 0.66 ഹെക്ടർ ആയിരുന്നു എന്നാൽ ഈ ചെറുകിട ഭൂമികൾ എല്ലാം തന്നെ കാർഷിക വിളകളാൽ സമൃദ്ധമായിരുന്നു.

കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലം ഇവിടുത്തെ ഭൂവിനിയോഗത്തിൽ നിരന്തരമായി മാറ്റങ്ങൾ വന്നുകൊണ്ടിരുന്നു. കഴിഞ്ഞരണ്ടു ദശാബ്ദങ്ങളിൽ ഇവിടെ ഭൂമി മുഖ്യമായും പാർപ്പിടാവശ്യങ്ങൾക്കായും മറ്റു കാർഷികേതര ആവശ്യങ്ങൾക്കായും ദ്രുതഗതിയിൽ മാറ്റപ്പെടുകയും കൃഷിയുടെ പ്രാധാന്യം പ്രായേണ കുറയുകയും ചെയ്തു. ഇന്ന് ഭൂമി 22489 തണ്ടപേരുകളിൽ പുനർവിതരണം നടന്നിട്ടുള്ളതായിക്കാണുന്നു. ഇന്നത്തെ ശരാശരി ഭൂവിസ്തൃതിയാകട്ടെ 0.045 ഹെക്ടർ ആയിക്കുറയുകയും ചെയ്തു.

കൊല്ലം മുനിസിപ്പാലിറ്റിയുടെ തൊട്ടടുത്ത പഞ്ചായത്ത് ആയതിനാലാകണം ഭൂവിനിയോഗത്തിലെ ഈ വ്യതിയാനം ദ്രുതഗതിയിൽ വന്നു ചേർന്നത്.

പട്ടിക 1

ഭൂമിയുടെ സ്വഭാവത്തിൻ വന്ന വ്യതിയാനം

| ഭൂമിയുടെ സ്വഭാവം | 1905 | 1995 | വ്യത്യാസം | വ്യത്യാസ കാരണം |
|---|---|---|---|---|
| | ഹെക്ടർ | | | |
| 1. പുരയിടം | 796 | 910 | + 114 | നിലം നികത്തി പുരയിടമാക്കി |
| 2. നിലം | 230 | 105 | –125 | " " |
| 3.പുറമ്പോക്ക് | 61 | 109 | +48 | വഴി, റോഡ്, റയിൽവേ ഇവയ്ക്കായി മാറ്റപ്പെട്ടു. |
| 4. തരിശ് | 20 | ഇല്ല | –20 | പുറമ്പോക്കിലും കൃഷി ഭൂമിയിലും ചേർക്കപ്പെട്ടു. |
| ആകെ | 1107 | 1124 | +17 | രണ്ടുവില്ലേജുകളിലും റൂസർവേയിൽ വന്ന വ്യത്യാസം |

അവലംബം: സെറ്റിൽമെന്റ് രജിസ്റ്റർ

ഭൂമി ചെറുതുണ്ടുകളായി മുറിയുകയും ഭൂമിയിൽ നിന്നുള്ള വരുമാനത്താൽ കുടുംബം പുലർത്താൻ കഴിയാത്ത സ്ഥിതി വരുകയും ചെയ്തതിനാൽ കൃഷി ഉപജീവനമാക്കിയിരുന്ന ചെറുകിട കർഷകർക്ക് കാർഷികേതര മേഖലകളിൽ ഉപജീവനം കണ്ടെത്തേണ്ടതായിവന്നു. ആദ്യഘട്ടങ്ങളിൽ ഭാഗിക സമയ കർഷകരായി മാറയവർ ക്രമേണ ഈ മേഖല പൂർണ്ണമായും വിടുകയും കൃഷി ഉപയുക്തമാ ഭൂമിയുടെ വലിയൊരളവുവരെ കൃഷി ചെയ്യാതെ തരിശിടുന്ന സ്ഥിതി സംജാതമാകുകയും ചെയ്തു. തുടർന്ന് ഈ മേഖലയിലെ തൊഴിലാളികൾ കൂടുതൽ മെച്ചപ്പെട്ടതും തൊഴിൽ സ്ഥിരതയുള്ളതുമായ മറ്റുമേഖലകളിൽ ചേക്കേറിയതൊടെ കർഷകത്തൊഴിലാളികളുടെ ലഭ്യതയിൽ സാരമായ കുറവ് ഉണ്ടായി. ഈ പ്രദേശത്ത് വികസിച്ചു വന്ന കശുവണ്ടി വ്യവസായവും തൊട്ടടുത്ത നഗരപ്രദേശങ്ങളിൽ ലഭിച്ച മെച്ചപ്പെട്ട തൊഴിലവസരങ്ങളും ഈ മാറ്റങ്ങൾക്ക് ആക്കം കൂട്ടുകയും ചെയ്തതോടെ കിളികൊല്ലൂരിലെ കാർഷിക മേഖല വളരെ ശുഷ്കമായി എന്നാൽ ഇന്നും ഗ്രാമീണതയു ഹരിതാഭയും നഷ്ടമായിട്ടില്ലാത്ത ഈ പ്രദേശത്ത്, അനുകൂലമായ കാലാവസ്ഥയും ഭൂപ്രകൃതിയും ഉണ്ടന്നുള്ളതിനാൽ കാർഷിക വികസനത്തിനുള്ള സാധ്യതകൾ ഏറെയുണ്ടെന്നുള്ളത് വിസ്മരിക്കാൻ ആവില്ല.

മാറിയ സാഹചര്യങ്ങൾക്ക് അനുസൃതമായി കാർഷിക വികസന സമീപനങ്ങൾ കൈക്കൊണ്ടും കൂട്ടായ ശ്രമത്തിലൂടെയും നൂതന സാദ്ധ്യതകൾ ഉപയുക്തമാക്കിയും ഈ പ്രദേശത്തിന്റെ കാർഷിക ഉത്പാദനം ഗണ്യമായി വർദ്ധിപ്പിക്കുവാനും അതുവഴി സാമ്പത്തികവും സാമൂഹികവുമായ വളർച്ചയെ സഹായിക്കുവാനും കഴിയും.

കാർഷിക മേഖലയുടെ ഇപ്പോഴത്തെ അവസ്ഥ കഴിഞ്ഞകാല വിവരങ്ങളുടേയും അനുഭവങ്ങളുടേയും വെളിച്ചത്തിൽ വിളകളുടെ അടിസ്ഥാനത്തിൽ ഒന്നു വിലയിരുത്താം. ഈ രംഗത്ത് ഇന്ന് നിലനിൽക്കുന്ന പ്രശ്നങ്ങളേയും പരിഹാര സാദ്ധ്യതകളേയും വിലയിരുത്തുന്നതിന് ഇത് സഹായകമാണ്. കഴിഞ്ഞകാല കാർഷികരംഗം പരിശോധിക്കുമ്പോൾ പ്രധാന വിളകൾ നെല്ല്, തെങ്ങ് കവുങ്ങ്, കുരുമുളക്, മരച്ചീനി, മറ്റു കിഴങ്ങുവിളകൾ ഇഞ്ചി മഞ്ഞൾ, വാഴ, തുടങ്ങിയവയായിരുന്നുവെന്ന് കാണാം.



## നെൽകൃഷി

നെൽകൃഷി പൂർണ്ണമായും. മഴയെ ആശ്രയിച്ചുള്ളതായിരുന്നു. പഴയ സെറ്റിൽമെന്റ് രജിസ്റ്റർ പ്രകാരം ഈ പഞ്ചായത്തിലെ ആകെ നിലം 230 ഹെക്ടർ ആയിരുന്നു ഇതിൽ ഏകദേശം 135 ഹെക്ടർ പ്രദേശം ഇരുപ്പൂ നിലങ്ങളും 95 ഹെക്ടർ ഒരുപ്പൂ നിലങ്ങളുമായിരുന്നു. മെയ് – ആഗസ്റ്റ് മാസങ്ങളിലായി ഒന്നാം വിളയും സെപ്റ്റംബർ –ഫെബ്രുവരി മാസങ്ങളിലായി രണ്ടാംവിളയും മുടങ്ങാതെ കൃഷിചെയ്തുവന്നിരുന്നു. ഫെബ്രുവരി – ഏപ്രിൽ മാസങ്ങളിൽ മൂന്നാം വിളയായി. എള്ള്, പയർ, മുതിര, ഉഴുന്ന് ഇവയും സാധാരണയായി കൃഷി ചെയ്തിരുന്നു. ഒന്നാം വിളയ്ക്ക് അതിക്കിരായ്, കൊച്ചുവിത്ത്, അറുപതാംവെള്ള എന്നിങ്ങനെ പലയിനം മൂപ്പുകുറഞ്ഞ വിത്തുകളും (90–105 ദിവസം) രണ്ടാംവിളയ്ക്ക് മൂപ്പ്കൂടിയ ആലുവാവെള്ള (165 ദിവസം) ചേറാടി (180 ദിവസം) എന്നീ ഇനങ്ങളും ആയിരുന്നു മുഖ്യമായും ഉപയോഗത്തിൽ ഉണ്ടായിരുന്നത്. ചേറാടി തന്നെ രണ്ടിനമുണ്ടായിരുന്നു. അവ മകര ചേറാടി എന്നും കുംഭ ചേറാടി എന്നും അറിയപ്പെട്ടിരുന്നതും യഥാക്രമം മകരത്തിലും കുംഭത്തിലുമായി കൊയ്ത്തിന് പാകമാകുന്നതുമായിരുന്നു.

ഒന്നാം വിളക്കാലത്ത് ജലക്ഷാമമുള്ള പ്രദേശങ്ങളിൽ വരൾച്ചയെ ചെറുക്കുവാൻ കഴിവുള്ള ആനക്കൊമ്പൻ, പാറപിളർപ്പൻ എന്നീ ഇനങ്ങളും ഉപയോഗിച്ചിരുന്നു. കൂരീക്കണ്ണി എന്നറിയപ്പെട്ടിരുന്ന വിരിപ്പ് കൃഷിക്ക് ഉപയോഗിച്ചിരുന്ന

ഒരിനം വിത്ത് വൈകി നടുന്ന മുണ്ടകൻ വിളയ്ക്ക് ഇളവിത്തായും ഉപയോഗിച്ചിരുന്നു. അതുപോലെ ഓരു ജലത്തിന്റെ പ്രശ്നമുണ്ടായിരുന്ന പ്രദേശങ്ങളിൽ രണ്ടാംവിള കൃഷിമാത്രമേ ചെയ്തിരുന്നുള്ളൂ. അതിന് ഓരുമുണ്ടകൻ എന്ന ഇനം വിത്തായിരുന്നു ഉപയോഗിച്ചിരുന്നത്.

ക്രമേണ കൃഷിയിൽ വന്ന മാറ്റങ്ങൾക്കനുസൃതമായി കൂടുതൽ വിളവു ലഭിക്കുന്ന വിത്തിനങ്ങൾ പ്രചാരത്തിൽ വന്നു ആദ്യമൊക്കെ പുതിയ വിത്തിനങ്ങളെയും കൃഷിമുറകളേയും ആശങ്കയോടെ വീക്ഷിച്ച കർഷകർ മെല്ലെയാണെങ്കിലും ഈ മാറ്റങ്ങൾ ഉൾക്കൊള്ളുകയുണ്ടായി. ഒന്നാം വിളയ്ക്ക് ജ്യോതി, പവിഴം, ത്രിവേണി തുടങ്ങിയ ഇനങ്ങളും രണ്ടാം വിളയ്ക്ക് പി. റ്റി. ബി. 20, യു. ർ. 19 എന്നീ ഇനങ്ങളും ഇപ്രകാരം പ്രചാരം ലഭിച്ച വിത്തിനങ്ങളിൽപ്പെടുന്നു. കഴിഞ്ഞ രണ്ടു ദശാബ്ദങ്ങൾക്കു മുമ്പ് പൂർണ്ണമായും ജൈവ വളങ്ങൾ മാത്രമുപയോഗിച്ചിരുന്ന കർഷകരെ രാസവളത്തിന്റെ ഉപയോഗത്തിലേക്ക് കൊണ്ടുവരുന്നതിലും ഇവിടത്തെ സർക്കാർ ഏജൻസികളുടെ പ്രവർത്തനങ്ങൾക്കു കഴിഞ്ഞു. ഇതോടെ ഹെക്ടറിന് ലഭിച്ചിരുന്ന ശരാശരി വിളവ് 1300 കിലോ ഗ്രാമിൽ നിന്നും 2300 കിലോ ഗ്രാമായി ഉയർന്നു. ഒപ്പം രോഗ കീട നിയന്ത്രണങ്ങളും മറ്റു പരിചരണങ്ങളും അധികമായി വേണ്ടിവരികയും കൃഷി കൂടുതൽ സങ്കീർണ്ണ മാവുകയും ചെയ്തു. ഉത്പ്പാദന ക്ഷമതയിൽ കാര്യമായ വർദ്ധന ഉണ്ടായെങ്കിലും 80–90 കാലഘട്ടത്തിൽ അധ്വാനവും ശ്രദ്ധയും അധികമായി വേണ്ടുന്ന നെൽകൃഷിയിൽ നിന്നും കർഷകർ ക്രമേണ പിൻമാറുകയാണുണ്ടായത്.

ഈ ഘട്ടത്തിൽ നെൽപ്പാടങ്ങൾ തെങ്ങുകൃഷിക്കായും പാർപ്പിടാവശ്യങ്ങൾക്കായും മാറ്റപ്പെട്ടു. 1985 ൽ ഇവിടെ നിലം 133 ഹെക്ടറായി കുറഞ്ഞു. ഈ മാറ്റം തുടരുകയും 1995 ആയപ്പോഴേയ്ക്ക് നെൽകൃഷിക്ക് ഉപയുക്തമാക്കാവുന്ന ഭൂമിയുടെ വിസ്തൃതി വെറും 105 ഹെക്ടർ ആയി കുറയുകയും ചെയ്തു. അതായത് 9 ഏലാകളിലായി ആകെ ഉണ്ടായിരുന്ന നെൽകൃഷി യോഗ്യമായ ഭൂമിയിൽ 54 ശതമാനം കുറവുണ്ടായി ഇതിൽ തന്നെ 1995–96 ൽ കൃഷിചെയ്തതാകട്ടെ ഒന്നാം വിളയ്ക്ക് വെറും പത്തു ഹെക്ടറും രണ്ടാംവിളയ്ക്ക് 35 ഹെക്ടറും മാത്രമാണ്. സൂക്ഷ്മവും കാര്യക്ഷമവുമായ പ്രവർത്തനങ്ങൾ ഉണ്ടായില്ലെങ്കിൽ ഈ പഞ്ചായത്തിലെ നെൽകൃഷി അനതിവിദൂര ഭാവിയിൽ തന്നെ പൂർണ്ണമായും അപ്രത്യക്ഷമാകും.

ചിത്രം 1.

1906–1985–1995 ആണ്ടുകളിൽ കൃഷിഭൂമിയിൽ വന്ന വ്യതിയാനം.




## തെങ്ങുകൃഷി

ഏറ്റവും കൂടുതൽ ഭൂമി ഉപയോഗിക്കപ്പെട്ടിരിക്കുന്നത് ഈ ഒരു വിളയ്ക്കുവേണ്ടിയാണ്. എന്നാൽ ഒരു തോട്ടവിളയ്ക്ക് വേണ്ടതായ പരിചരണങ്ങൾ ഒന്നും തന്നെ അന്നും ഇന്നും ഈ വിളയ്ക്ക് ലഭിച്ചിട്ടില്ല. എങ്കിലും കഴിഞ്ഞകാലങ്ങളിൽ പരമ്പരാഗത രീതിയിൽ നൽകിവന്നിരുന്ന പരിചരണങ്ങൾ നല്ല വിളവു നൽകിയിരുന്നു. ഒരു കാർഷിക വിള എന്നതിൽ കവിഞ്ഞ് 'കല്പവൃക്ഷം' എന്ന സ്ഥാനം തന്നെയായിരുന്നു ഈ ദീർഘകാല വൃക്ഷ വിളയ്ക്ക് ലഭിച്ചിരുന്നത്. കഴിഞ്ഞ ഒരു നൂറ്റാണ്ടുകാലത്ത് രൂപാന്തരപ്പെടുത്തപ്പെട്ട 125 ഹെക്ടർ നിലത്തിൽ 100 ഹെക്ടറിലും തെങ്ങാണ് നട്ടുപിടിപ്പിക്കപ്പെട്ടത്. ഇതിൽ നിന്നും ഈ വിളയോട് നാം കാണിച്ച ആഭിമുഖ്യം വ്യക്തമാണല്ലോ. ഇത്രയേറെ താല്പര്യം ഈ വിള

നട്ടുപിടിപ്പിക്കുന്നതിൽ കാണിച്ചുവെങ്കിലും ഇതിന്റെ ഉത്പാദനക്ഷമതയിൽ കാര്യമായ മെച്ചമുണ്ടാക്കാൻ കഴിഞ്ഞില്ല എന്നു മാത്രമല്ല കുറവുണ്ടായതായും കാണാം. നാളീകേരത്തിന്റെ വാർഷിക ഉത്പാദനത്തിന്റെ സംസ്ഥാന ശരാശരി 29 നാളികേരമായിരിക്കേ ഇന്ന് നമ്മുടെ തെങ്ങിന്റെ വാർഷിക ഉൽപ്പാദന ശരാശരി വെറും 24 നാളീകേരമാണ്. നികത്തപ്പെട്ട പാടത്ത് നട്ടു പിടിപ്പിച്ച തെങ്ങുകളൊന്നും മെച്ചപ്പെട്ട പ്രകടനം കാഴ്ചവെച്ചില്ല.

പുരയിടങ്ങളിലാകട്ടെ നേരത്തെയുണ്ടായിരുന്ന പരിചരണം പോലും കൊടുക്കാതെ വീട്ടുമുറ്റത്തെ ഒരു അവഗണിക്കപ്പെട്ട വിളയെന്ന രീതിയിലേക്ക് വളരെയധികം തെങ്ങുകൾ തഴയപ്പെടുകയും ചെയ്തു.

കൃഷിവകുപ്പിലൂടെയും മറ്റും നൽകിയ സങ്കരയിനങ്ങളും മെച്ചപ്പെട്ട നാടൻ ഇനങ്ങളും പ്രചരിപ്പിക്കപ്പെട്ട ശാസ്ത്രീയ പരിചരണമുറകളും ഉൽപ്പാദന ക്ഷമതയിൽ വർദ്ധനവ് ഉണ്ടാക്കേണ്ടതായിരുന്നു എന്നാൽ വ്യാപകമായി തെങ്ങുകൾക്ക് ബാധിച്ചിരിക്കുന്ന കാറ്റ് വീഴ്ചയും മറ്റു രോഗങ്ങളും കീടാക്രമണങ്ങളും ഒപ്പം നേരത്തേ സൂചിപ്പിച്ച അവഗണയും എല്ലാം ചേർന്ന് ഉൽപ്പാദന ക്ഷതയ്ക്ക് കനത്ത ആഘാതമാണ് ഏൽപ്പിച്ചത്.

നമ്മുടെ പുരയിടങ്ങളുടെ സമഗ്രവികസനത്തിലൂടെയും, വിളസാന്ദ്രത വർദ്ധനവിലൂടെ ഭൂമിയുടെ ഉപയോഗ ക്ഷമത പരമാവധി വർദ്ധിപ്പിക്കുന്ന തരത്തിൽ തെങ്ങിനെ അടിസ്ഥാന വിളയാക്കിയുള്ള രീതിയിലൂടെയും വികസനപരിപാടികൾ ആസൂത്രണം ചെയ്തെങ്കിൽ മാത്രമേ നമ്മുടെ പുരയിടങ്ങലും മുഖ്യവിളയായിട്ടുള്ള തെങ്ങും മെച്ചപ്പെടുകയുള്ളു. ഉൽപ്പാദന ക്ഷമത നഷ്ടപ്പെട്ട തെങ്ങുകൾ മുറിച്ചുമാറ്റി സാന്ദ്രത ശാസ്ത്രീയമായി നിലനിർത്തിക്കൊണ്ട് പുതിയ തൈകൾ വെച്ചുപിടിപ്പിച്ചും സമയാസമയങ്ങളിൽ നൽകേണ്ട പരിചരണമുറകൾ നൽകിയും ഈ വിളയെ പുഷ്ടിപ്പെടുത്താൻ കഴിയും.

## കുരുമുളക് കൃഷി

കുരുമുളക് നന്നായി ഇടവിളായി വളർത്തുവാൻ കഴിയുന്ന തരത്തിലുള്ള ഭൂപ്രകൃതിയും കാലാവസ്ഥയുമുള്ള പ്രദേശമാണ് കിളികൊല്ലൂർ. കഴിഞ്ഞ കാലത്ത് ഇവിടെ ധാരാളം പാഴ്മരങ്ങളിൽ പടർത്തി ഇടവിളയായി കുരുമുളക് കൃഷി നല്ലരീതിയിൽ നടത്തിയിരുന്നു. കഴിഞ്ഞ 10 വർഷത്തിനിടയിൽ ഈ വിളയുടെ വിസ്തൃതി നേർ പകുതിയായി. കുരുമുളകിന് പറ്റിയ താങ്ങായി നേരത്തേയുണ്ടായിരുന്ന താങ്ങ് മരങ്ങളും ഇന്ന് കാണാനില്ല. എന്നാൽ മുഖ്യവിളയായ തെങ്ങിൽത്തന്നെ പടർത്തി ഈ വിള വിജയകരമായി കൃഷി ചെയ്യാമെന്നിരിക്കേ ഈ വിളയേയും അതിന്റെ അനന്ത സാധ്യതകളേയും പ്രയോജനപ്പെടുത്തുവാൻ കഴിയും. ഇടവിളയായി കൃഷിചെയ്യാൻ കഴിയുന്ന മെച്ചപ്പെട്ട ഇനങ്ങൾ പ്രചരിപ്പിച്ചും തെങ്ങിലും മറ്റെല്ലാ വൃക്ഷങ്ങളിലും പടർത്തി വളർത്തിയും നല്ല ഉൽപ്പാദനം ലഭ്യമാക്കാം.

ഇത്തരത്തിൽ ഓരോ കൃഷിവിളയേയും എടുത്ത് വിശകലനം ചെയ്യുമ്പോൾ ഉൽപ്പാദന ക്ഷമത ഉയർത്താ ൻ പറ്റിയ പ്രകൃതി ഘടകങ്ങൾ ഉണ്ടായിരുന്നതുകൊണ്ട് മിക്കവിളകളുടേയും ഉൽപ്പാദന ക്ഷമത വർദ്ധിച്ചു എങ്കിലും ആകെ ഉൽപ്പാദനം ഗണ്യമായി കുറഞ്ഞതായിക്കാണാൻ കഴിയും. ഉദ്പ്പാദന ക്ഷമത വർദ്ധിപ്പിക്കാൻ കഴിഞ്ഞ വിളകളുടെ വിസ്തൃതിയിൽ കുറവുവന്നതു മൂലവും മറ്റുവിളകളുടെ ഉത്പ്പാദന ക്ഷമതതന്നെ കുറഞ്ഞതുകൊണ്ടും ആകെ ഉൽപ്പാദനം വളരെക്കുറഞ്ഞു. ഇതുരണ്ടും മാത്രമല്ല മറ്റുനിരവധി സാമൂഹിക സാമ്പത്തിക പ്രശ്നങ്ങളും ഇതിന് ഉപോൽബലകങ്ങളായിട്ടുണ്ട്.

പട്ടിക രണ്ടിൽ കൊടുത്തിരിക്കുന്ന വിള ചേരുവ താരതമ്യപഠനത്തിൽ നിന്നും കാർഷിക വിളകളുടെ വിസ്തൃതിയിലും ഉൽപ്പാദനക്ഷമതയിലും വന്ന വ്യതിയായങ്ങളുടെ വ്യക്തമായ ചിത്രം ലഭിക്കും.

പട്ടിക 2.

വിളച്ചേരുവ താരൃതമ്യപഠനം

കിളികൊല്ലൂർ പഞ്ചായത്ത്.

| വിള | വിസ്തീർണ്ണം പഴയത് | % | വിസ്തീർണ്ണം പുതിയത് | % | ഉല്പാദന ക്ഷമത | ഉല്പാദനം | കറിപ്പ് |
|---|---|---|---|---|---|---|---|
| പുരയിടം - തനിവിളകൾ | 796 ഹെക്ടർ | – | 910 ഹെക്ടർ | – | – | – | പുരയിടത്തിൽ പാർപ്പിടങ്ങൾ ഉൾപ്പെടും |
| 1. തെങ്ങ് | 620 | 77.89 | 720 | 79.10 | കുറഞ്ഞു | കുറഞ്ഞു | |
| 2. ഫലവൃക്ഷങ്ങൾ | 35 | 4.4 | 30 | 3.3 | – | കുറഞ്ഞു | |
| 3. മറ്റുവൃക്ഷങ്ങൾ | 11 | 1.38 | 6 | 0.66 | – | കുറഞ്ഞു | |
| മറ്റുതനിവിളകൾ | | | | | | | |
| 4. വാഴ | 35 | 4.4 | 17 | 1.87 | കൂടി | കുറഞ്ഞു | |
| 5. മരച്ചീനി | 80 | 10 | 66 | 7.2 | കൂടി | കുറഞ്ഞു | |
| 6. പയർവിളകൾ, പച്ചക്കറി | 15 | 1.9 | 4 | 0.44 | കൂടി | കുറഞ്ഞു | |
| ആകെ തനിവിള | 796 | | 843 | | | | |
| പുരയിടം - ഇടവിളകൾ | | | | | | | |
| 1. കിഴങ്ങുവിളകൾ | 260 | 32.6 | 140 | 15.3 | കുറഞ്ഞു | കുറഞ്ഞു | |
| 2. മരച്ചീനി | 80 | 10 | 75 | 8.2 | കൂടി | കുറഞ്ഞു | |
| 3. അടയ്ക്കാ | 22 | 2.7 | 5 | 0.55 | കൂടി | കുറഞ്ഞു | |
| 4. ഇഞ്ചി, മഞ്ഞൾ, മറ്റു സുഗന്ധവിളകൾ | 15 | 1.88 | 5 | 0.55 | കുറഞ്ഞു | കുറഞ്ഞു | |
| 5. വാഴ | 35 | 4.4 | 18 | 1.98 | കൂടി | കുറഞ്ഞു | |
| 6. പയർ വിളകൾ | 55 | 6.9 | 20 | 2.2 | കുറഞ്ഞു | കുറഞ്ഞു | |
| 7. കുരുമുളക് | 20 | 2.5 | 10 | 1.0 | കുറഞ്ഞു | കുറഞ്ഞു | |
| ആകെ ഇടവിള | 487 | | 273 | | | | വിളസാന്ദ്രത 0.39 |
| പുരയിടത്തിലെ വിള സാന്ദ്രത | 1.61 | | 1.22 | | | | കുറഞ്ഞു |
| നിലം | 230 | 105 | | | | | നിലം 125 ഹെക്ടർ |
| തനിവിളകൾ | | | | | | | കുറഞ്ഞു. |
| 1. ഒന്നാംവിള | 135 | 58.7 | 10 | 9.5 | കൂടി | കുറഞ്ഞു | |
| 2. രണ്ടാംവിള | 230 | 100 | 35 | 33.3 | കൂടി | കുറഞ്ഞു | നെൽപ്പാടം തരിശ് ഇടുന്നു |
| 3. മൂന്നാംവിള- എള്ള് | 38 | 16.5 | 10 | 9.52 | കൂടി | കുറഞ്ഞു | |
| - പയർവിളകൾ | 19 | 8.26 | 4 | 3.8 | കുറഞ്ഞു | കുറഞ്ഞു | |
| - പച്ചക്കറികൾ | 5 | 2.17 | 1 | .95 | കൂടി | കുറഞ്ഞു. | |
| ആകെ നിലം കൃഷി | 427 | | 60 | | | | വിളസാന്ദ്രത 1.285 കുറഞ്ഞു |
| നിലത്തിലെ വിള സാന്ദ്രത | 1.856 | | 0.571 | | | | |
| കൃഷിയുടെ മൊത്തം വിസ്തൃതി | 1670 | | 1166 | | | | |

അവലംബം: 1 വില്ലേജ് സെറ്റിൽ മെന്റ് രേഖകൾ, റീസർവ്വേ രേഖകളൾ കൃഷിഭവൻ രേഖകൾ, കർഷകരുടെ അഭിപ്രായങ്ങൾ. (1996–നവംബർ)

## കാർഷിക ഭൂപടം


പ്രധാന വിളകൾ
76|38'
0 0.5 1KM
8° 56'
8° 54'
Mc
P
co
Mc(co)
Mc മിശ്രിതവിളകൾ
P നെല്ല്
CO തെങ്ങ്

## ജലസേചനം

പൂർണ്ണമായും മഴയെ ആശ്രയിച്ചായിരുന്നു പഴയകാല കൃഷി കാര്യമായ വ്യതിയാനമൊന്നും ഇക്കാര്യത്തിൽ ഉണ്ടായിട്ടില്ലെങ്കിലും ഓരോ പാർപ്പിടത്തോടും ചേർന്നുണ്ടാക്കിയിട്ടുള്ള കിണറുകൾ കുടിവെള്ളം ഉൾപ്പെടെയുള്ള ദൈനംദിന ആവശ്യങ്ങൾക്കുമാത്രമല്ല ചെറുകിട ജലസേചനത്തിനും ഉപയുക്തമാക്കാവുന്ന സ്ത്രോതസുകളായിട്ടുണ്ട്. ഇത്തരത്തിലുള്ള 5000 ലേറെ കിണറുകൾ ഈ പഞ്ചായത്തിലുണ്ടെന്ന് കണക്കാക്കുന്നു. ഇവ ഉണ്ടെങ്കിലും ആസൂത്രിതമായ ഒരു ജലസേചനമൊന്നും ആരും അനുവർത്തിക്കുന്നില്ല. പൊതുവെ പച്ചക്കറികൾ പോലെയുള്ള കൃഷികൾക്ക് മാത്രമേ ഈ തരത്തിലുള്ള ജലസേചനം നടത്താറുള്ളൂ. അതാകട്ടേ തുലോം കുറവുമാണ്. അതുകൊണ്ടാകണം ജലസേചനം ഉള്ള പ്രദേശത്തിന്റെ വിസ്തൃതി ആകെയുള്ളതിന്റെ മൂന്ന് ശതമാനത്തിൽ താഴെ മാത്രമായിരിക്കുന്നത്. നിലവിലുള്ള സ്രോതസുകൾ (വേനൽക്കാലത്തും യഥേഷ്ടം ജലം ലഭിക്കുന്നവ) മാത്രം ഉപയോഗപ്പെടുത്തിയാൽ തന്നെ ഇത് 35-40 ശതമാനത്തോളം ഉയർത്താൻ കഴിയും.

കാലവർഷവും തുലാവർഷവും മറ്റ് ഇട മഴകളും സാധാരണ ഗതിയിൽ ലഭിക്കുകയാണെങ്കിൽ മുഖ്യവിളയായ തെങ്ങിന്റെ കാര്യത്തിൽ ഫെബ്രുവരി-ഏപ്രിൽ മാസങ്ങളിൽ മാത്രമേ ജലസേചനം പ്രസക്തമാകുന്നുള്ളൂ. ഈ സമയത്ത് മാത്രം ജലസേചനം നൽകുക വഴി തെങ്ങിന്റെ ഉൽപ്പാദനം വർദ്ധിപ്പിക്കാൻ കഴിയും. തോടുകളും, തലച്ചിറകളും, കുളങ്ങളും ആവശ്യത്തിനുണ്ടായിരന്ന ഈ പ്രദേശത്ത് ഇന്ന് അവയൊക്കെ നശിച്ചു പോകുകയോ, ഉപയോഗ യോഗ്യമല്ലാതെ ആവുകയോ ചെയ്തിട്ടുണ്ട്. ഉപരിതല ജലസ്രോതസുകളായി 11 തോടുകൾ 16 കുളങ്ങൾ ഇവകൂടാതെ ഒരു ആറും ഉണ്ട്. മുഖ്യവിളയായ തെങ്ങിനെ അടിസ്ഥാനമാക്കി സമഗ്ര പുരയിട കൃഷിവികസനം സാധ്യമാക്കണമെങ്കിൽ ജലസേചനം അനുവാര്യമായും ഉണ്ടാകേണ്ടതാണ്. ഇതിന് നിലവിലുള്ള സ്രോതസുകൾ, കിണറുകൾ ഉൾപ്പടെയുള്ളവ ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിഞ്ഞാൽ ഇത് ഒട്ടൊക്കെ സാധിക്കാവുന്നതാണ്. എന്നാൽ വേനൽക്കാലത്ത് ഈ ജല സ്രോതസ്സുകളിൽ വേണ്ടത്ര ജലം ലഭിക്കുമെന്ന് ഉറപ്പുവരുത്തണം. അല്ലെങ്കിൽ ജലം ഏറ്റവും അനിവാര്യമാകുന്ന ഘട്ടത്തിൽ അത് കിട്ടാതെയാകും. അതുകൊണ്ട് ഭൂഗർഭ ജലവിതാനം മതിയായ അളവിൽ നിലനിൽക്കുമെന്ന് ഉറപ്പാക്കുന്നതിന്, മണ്ണും ജലവും സംരക്ഷിക്കുന്ന 'നീർമറി പ്രദേശ' (വാട്ടർഷെഡ്) വികസനം നടപ്പിലാക്കി, ജലസ്രോതസുകളെ സംപുഷ്ടമാക്കുന്നതിനുള്ള നടപടികൾ ആദ്യപടിയായി ഉണ്ടാകണം. 8-ാം പഞ്ചവത്സരക്കാലത്ത് കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും തെരഞ്ഞെടുത്ത

വാട്ടർഷെഡ് പ്രദേശങ്ങളിൽ വികസന പരിപാടികൾ നടക്കുകയുണ്ടായി. ഇതിന്റെ രണ്ടാം ഘട്ടമായി പുതിയ വാട്ടർഷെഡ് പ്രദേശങ്ങൾ തെരഞ്ഞെടുക്കുകയും ഉണ്ടായി. എന്നാൽ ഈ കേന്ദ്രാവിഷ്കൃത പദ്ധതിയിൽ കിളികൊല്ലൂർ പഞ്ചായത്തിന് ഒരു പ്രയോജനവും ഉണ്ടായിട്ടില്ല.

കിളികൊല്ലൂരിലെ 95% പ്രദേശങ്ങളിലും ഭൂഗർഭ ജലം ലഭ്യമാണ്. ഇതിൽ 51% പ്രദേശവും ജലസുഭിക്ഷമാണ്. 44% ആവശ്യത്തിനുമാത്രം ജലം ലഭിക്കുന്നതും ബാക്കി 5 % ജലദൗർലഭ്യം അനുഭവിപ്പെടുന്നതുമാണ്.

ഭൂഗർഭജല ലഭ്യത - കിളികൊല്ലൂർ പഞ്ചായത്ത്

ഭൂഗർഭജല ലഭ്യത -
കിളികൊല്ലൂർ പഞ്ചായത്ത്



ജലസുഭിക്ഷ പ്രദേശങ്ങളിൽ കാർഷികാവശ്യത്തിനായി ജലം ഉപയോഗിക്കന്നതിനു ചില ബോധവത്‌കരണ ശ്രമങ്ങളും ചെറിയ ചില അടിസ്ഥാന സൗകര്യവികസനവും മതിയാകും. ആവശ്യത്തിനുമാത്രം ജലം ലഭിക്കുന്ന പ്രദേശങ്ങളിൽ കുറേക്കൂടി സൂക്ഷ്മമായ ആസൂത്രണത്തിലൂടെ കാര്യക്ഷമമായ ജലസേചനം നടപ്പിലാക്കാം. ജല ദൗർലഭ്യം ഉള്ള പ്രദേശത്തെ ഈ വിഷയത്തിൽ പ്രശ്ന പ്രദേശമായിക്കണ്ട് സമീപിക്കേണ്ടിയിരിക്കുന്നു. ഭൂഗർഭ ജലവിതാനം 1 മീറ്ററിൽ താഴെ 2 മീറ്ററിനുമുകളിലുള്ള താഴ്ന്ന പ്രദേശങ്ങൾ, ജലദൗർലഭ്യമുള്ളഉയർന്ന പ്രദേശങ്ങൾ എന്നിവയെ പ്രത്യേകമായി എടുത്തു ജലസേചന പരിപാടികൾ നടപ്പിലാക്കേണ്ടിവരും. ഈ രംഗത്തെ നൂതന സംരംഭങ്ങളായ കണിക ജലസേചനം, സ്പ്രിംഗ്ളർ തുടങ്ങിയ രീതികളും ജലദുർലഭപ്രദേശത്തിനു വേണ്ടി ഉപയോഗിക്കാവുന്നതാണ്.

നിലവിൽ 6.6 കിലോമീറ്റർ നീളത്തിൽ തോടുകൾ ഉണ്ടെങ്കിലും, ഇവ പാടങ്ങളിലൂടെയുള്ളവ ആയതിനാൽ, ഇതു വികസിപ്പിച്ചു കരകൃഷിക്ക് ഉപയുക്തമാക്കാൻ കഴിയുന്ന സ്ഥിതിയലല്ല. നെൽകൃഷിയാകട്ടെ നിരവധി പ്രശ്നങ്ങളിൽ കുരുങ്ങി അനിശ്ചിതാവസ്ഥയിലുമാണ് ആറുനൂറ്റിമംഗലം പാടശേഖരത്തിന്റെ നടുവിലായുള്ള ചിറയിൽകുളം പുനരുദ്ധരിച്ചു മോട്ടോറും ടാങ്കും സ്ഥാപിച്ചു, ഉപയോഗയോഗ്യമാക്കിയാൽ ഈ പാടശേഖരത്തിലും ജലദൗർലഭ്യമുള്ള സമയങ്ങളിൽ ജലമെത്തിക്കാൻ കഴിയും. വർഷകാലത്തു അധിക ജലം ഒഴിക്കി കായലിലേക്ക് വിടുന്നതിനും ഇതേ മാർഗ്ഗം തന്നെ അവലംബിക്കയും ചെയ്യാം, ജല സേചന ജലനിർഗ്ഗമന സൗകര്യങ്ങൾ മെച്ചപ്പെടുത്തി കണ്ടച്ചിറ ചീപ്പിനു കിഴക്കുവശത്തു കിളികൊല്ലൂർ പഞ്ചായത്തിന്റെ ഏകദേശം 10 ഏക്കറും, പെരിനാടു പഞ്ചായത്തിലെ ഏകദേശം 15 ഏക്കറും 2 പൂനെൽകൃഷിക്കു ഉപയുക്തമാക്കാൻ കഴിയും. ആദിച്ചനല്ലൂർ, മയ്യനാട്, ഇരവിപുരം, വടക്കേവിള, തൃക്കോവിൽ വട്ടം എന്നീ പഞ്ചായത്തുകളുടെ സംഗമസ്ഥാനമായ പ്രശസ്തമായ പെരുങ്കുളം ഏലായിൽ നിന്നും ആരംഭിച്ച് കിളികൊല്ലൂരുനെ മുറിച്ച് അഷ്ടമുടിക്കായലിലെത്തുന്ന ഉപരിതല ജലസ്രോതസായ കിളികൊല്ലൂർ ആറ് കരയിടിഞ്ഞും മണ്ണു വീണ് നികന്നും നാശോന്മുഖമയിരിക്കുകയാണ്. ഈ ആറിനെ സംരക്ഷിച്ചാൽ ജല ഗതാഗതത്തിന് ഉപയുക്തമാക്കാനും ജലസേചനത്തിനുള്ള നല്ല ഒരു ഉപരിതല ജല സ്രോതസായി വികസിപ്പിച്ചെടുക്കാനും കഴിയും. നാളിതുവരെ ശ്രദ്ധകിട്ടിയിട്ടില്ലാത്ത ഈ ആറിന്റെ സംരക്ഷണം നമ്മുടെ ജല സമ്പത്തിന്റെ തന്നെ സംരക്ഷണമായിരിക്കും.

### കാർഷിക ബന്ധങ്ങൾ

ഇന്നു നമ്മുടെ നാട്ടിൽ സ്വന്തം ഭൂമിയിൽ പണിയെടുക്കുന്ന കർഷകർ എന്നു പറയാവുന്നവർ വളരെ കുറവാണ്. കർഷക തൊഴിലാളികളെ അധികമായി വേണ്ടിവരുന്ന ഒരു പ്രവണതയാണ് ഇതെങ്കിലും ഇവിടെ കർഷകത്തൊഴിലാളികളും എണ്ണത്തിൽ കുറഞ്ഞുവരികയാണ്.

ഭൂവിതരണം – കിളികൊല്ലൂർ പഞ്ചായത്ത്



മറ്റേത് മേഖലയിൽ പണിയെടുക്കുന്നവരായാലും സ്വന്തം തുണ്ടു ഭൂമിയിൽ അവരവർതന്നെ അധ്വാനിക്കുന്ന സംസ്കാരം വളർന്നെങ്കിലേ ഇവിടെ കൃഷി വികസനം സാധ്യമാകൂ എന്ന സ്ഥിതി സംജാതമായിരിക്കുന്നു. നിരന്തരമായി കൃഷിയുമായുള്ള സമ്പർക്കത്തിലൂടെയും കൃഷിപ്പണികൾ ചെയ്യുന്നതിലൂടെയും ഏറെ നാളുകൾകൊണ്ടാണ് ഒരാൾ നല്ലകർഷകനോ കർഷകതൊഴിലാളിയോ ആയി മാറുന്നത്. ഈ നിരന്തര സമ്പർക്കമില്ലാതെ, ഒരാൾ മാനസികമായി എത്ര പൊരുത്തപ്പെട്ടാലും അയാൾക്ക് പെട്ടെന്ന് ഒരു വിദഗ്ധകർഷകനോ കർഷകതൊഴിലാളിയോ ആകുവാൻ കഴിഞ്ഞെന്നു വരില്ല. അങ്ങനെ നോക്കുമ്പോൾ നമ്മുടെ നാട്ടിൽ വിദഗ്ധ കർഷകരും കർഷക തൊഴിലാളികളും പുതുതായി രൂപപ്പെടുന്നുണ്ടോ എന്നു സംശയിക്കേണ്ടിയിരിക്കുന്നു. ഈ മേഖല ആകർഷകമല്ലാത്തതും, കൂലി സേവന വ്യവസ്ഥകൾ മെച്ചമല്ലാത്തതും, തൊഴിലിന്റെയും വരുമാനത്തിന്റെയും കാര്യത്തിലുള്ള അനിശ്ചിതത്വവും ഇതിനു കാരണമായിക്കാണാം. ഇന്നു നമ്മുടെ നാട്ടിലെ കർഷകത്തൊഴിലാളികളുടെ എണ്ണം ഏകദേശം 1500 മാത്രമാണ്.

ഭൂവിതരണത്തിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങളാകട്ടെ അമ്പരപ്പിക്കുന്ന വിധത്തിലാണ്. 1548 പട്ടാധാരന്മാരുടെ കൈവശത്തിലായിരുന്ന ഈ പഞ്ചായത്തിലെ ഭൂമി ഇന്ന് 22489 തുണ്ടുകളായി മാറിയിരിക്കുന്നു. ആകെ ഉടമകളുടെ എണ്ണം ഇത്രത്തോളം ഇല്ലെങ്കിലും ഏകദേശം 20,000 ത്തോളം ഉണ്ടെന്നു കണക്കാക്കാം. ശരാശരി ആളോഹരി വിസ്തൃതി നമ്മുടെ പഞ്ചായത്തിൽ 4.56 സെന്റ് മാത്രമാണ്. ഇതിന്റെ സംസ്ഥാന ശരാശരി 17.5 സെന്റാണ്.

പട്ടിക മൂന്ന്
കിളികൊല്ലൂർ പഞ്ചായത്തിലെ ഭൂവിതരണം.
(പേജ് 40)

### കൂലി സേവന വ്യവസ്ഥകൾ

കാർഷിക മേഖലയിലെ കൂലിസേവന വ്യവസ്ഥകൾ വ്യക്തമായി നിർവ്വചിച്ചിട്ടില്ലാത്തതിനാൽ പ്രാദേശികമായിത്തന്നെ വളരെ വ്യത്യസ്ഥത പുലർത്തുന്നുണ്ട്. കാലാകലങ്ങളിൽ ജീവിത നിലവാരത്തിൽ വന്നിട്ടുള്ള മാറ്റങ്ങളും ജീവിത ചിലവിൽ വന്ന വർദ്ധനയും മറ്റും കൂലിനിരക്കിൽ വർദ്ധനവ് ഉണ്ടാക്കിയിട്ടുണ്ട്. പൊതുവേ കൂലി നിരക്ക് കൂടുതലാണെന്നും കൃഷിചെലവ് ഗണ്യമായി വർദ്ധിക്കുന്നതിൽ ഇത് മുഖ്യഘടകമാണെന്നും അഭിപ്രായമുണ്ടെങ്കിലും മറ്റെല്ലാ മേഖലകളിലും ഇക്കാര്യങ്ങളിൽ വന്നിട്ടുള്ള മാറ്റങ്ങൾ മാത്രമേ ഈ മേഖലയിലും വന്നിട്ടുള്ളൂ എന്നു വ്യക്തമാകും. കൂലി സേവന വ്യവസ്ഥകൾ കൂടുതൽ ആകർഷകമാകുകയും, കൃഷിപ്പണികളുടെ വിരസതയും, അധ്വാനഭാരവും കുറയ്ക്കുന്ന തരത്തിൽ ആധുനിക വത്ക്കരണം നടപ്പിലാകുകയും ചെയ്തെങ്കിലേ ഊ മേഖലയിലേക്ക് ഇനി നമ്മുടെ തൊഴിലാളികളെ ആകർഷിക്കുവാനും കഴിവുള്ള തൊഴിലാളികളെ വാർത്തെടുക്കാനും കഴിയൂ. നിലവിലുള്ള കൂലി നിരക്കുകൾ പരിശോധിച്ചാർ പ്രത്യക്ഷത്തിൽ ഇത് കൂടുതലാണെന്ന് തോന്നാമെങ്കിലും മറ്റു സംഘടിത മേഖലകളെ അപേക്ഷിച്ച് ഇതി കുറവാണെന്ന് കാണാം.

പട്ടിക 4
കാർഷിക മേഖലയിൽ നിലവിലുള്ള
കൂലിനിരക്കുകൾ
(പേജ് 40)

### സ്ഥാപനങ്ങൾ സംഘടനകൾ

കാർഷികമേഖലുമായി ബന്ധമുള്ള സർക്കാർ, അർദ്ധസർക്കാർ സ്വകാര്യസ്ഥാപനങ്ങൾ എന്നിവ പലതുണ്ട്. പ്രധാനപ്പെട്ട സർക്കാർസ്ഥാപനം കൃഷിവകുപ്പിന്റെ കീഴിലുള്ള കൃഷിഭവനാണ്. 1987 സെപ്റ്റംബറിൽ പഞ്ചായത്ത് തലത്തിൽ നിലവിൽവന്ന ഈ സ്ഥാപനത്തിന് കാർഷിക മേഖലയിലെ പ്രശ്നപരിഹാരത്തിന് പ്രതീക്ഷിച്ച നേട്ടങ്ങൾ ഒന്നും നൽകാനായിട്ടില്ല. പൊതുമരാമത്ത്-ചെറുകിട ജലസേചന വിഭാഗമാണ് കൃഷിയുമായി പ്രത്യക്ഷബന്ധമുള്ള മറ്റൊ

## പട്ടിക 3

കിളികൊല്ലൂർ പഞ്ചായത്തിലെ ഭൂവിതരണം

| വിസ്തൃതി(സെന്റ്) | തണ്ടപ്പേര് | | | | ആകെ | |
|---|---|---|---|---|---|---|
| | മങ്ങാട് വില്ലേജ് | | കിളികൊല്ലൂർ വില്ലേജ് | | | |
| | എണ്ണം | ശതമാനം | എണ്ണം | ശതമാനം | എണ്ണം | ശതമാനം |
| 5 സെന്റിന് താഴെ | 4634 | 36 | 4481 | 47 | 9115 | 40.6 |
| 5. – 10 സെന്റ് | 3833 | 29.7 | 3487 | 36.6 | 7320 | 32.6 |
| 10–20 സെന്റ് | 4101 | 31.83 | 1382 | 14.5 | 5789 | 25.7 |
| 20–50 സെന്റ് | 306 | 2.4 | | | | 25.7 |
| 50–100 സെന്റ് | 9 | 0.07 | 163 | 1.7 | 172 | 0.76 |
| 2 ഏക്കർ | 1 | – | 68 | 0.7 | 69 | 0.3 |
| 2–3 ഏക്കർ | – | – | 18 | 0.19 | 18 | 0.08 |
| 3–4 ഏക്കർ | – | – | 3 | – | 3 | – |
| 4–5 ഏക്കർ | – | – | 2 | – | 2 | – |
| 15–16 | – | – | 1 | – | 1 | – |
| ആകെ | 12884 | | 9605 | | 22489 | |

| | | | |
|---|---|---|---|
| കൈവശ ഭൂമിയുടെ | | | |
| ശരാശരി വലിപ്പം | 9.042 സെന്റ് | 17.126 സെന്റ് | 12.494 (സെന്റ്) |
| ആകെ ഭൂമി | 658 ഹെക്റ്റർ | 466 ഹെക്റ്റർ | |

ശരാശ്രി ആളോഹരി വിസ്തൃതി പഞ്ചായത്ത് അടിസ്ഥാനത്തിൽ 4.561 സെന്റ്

അവലംബം: വില്ലേജ് റീസർവേ രേഖകൾ, വില്ലേജ് ഭരണ റിപ്പോർട്ടുകൾ, സെൻസസ് റിപ്പോർട്ടുകൾ

പട്ടിക 4

കാർഷിക മേഖലയിൽ നിലവിലുള്ള കൂലി നിരക്കുകൾ

| തൊഴിലിന്റെ സ്വഭാവം | പുരുഷൻ, | സ്ത്രീ | കുറിപ്പ് |
|---|---|---|---|
| 1. പറമ്പിലെ കൃഷിപ്പണി | 100 രൂപ | 60 രൂപ | പ്രാദേശികമായിത്തന്നെ |
| 2. പാടത്തെപണികൾ | 100 രൂപ | 65 രൂപ | കൂലിനിരക്കിൽ |
| 3. കൊയ്ത്ത്–മെതി | – | 65 രൂപ | വ്യതിയാനങ്ങൾ ഉണ്ട്. |
| 4. മരുന്നൂതളി പാടത്തും പറമ്പിലും | 120 രൂപ | 80 രൂപ | പൊതു നിരക്കാണ് |
| 5. കറ്റച്ചുമട് | 120 രൂപ | 70 രൂപ | കൊടുത്തിട്ടുള്ളത് |
| 6. കാർഷിക മേഖലയിലെ മറ്റുപണികൾ | 80 രൂപ | 60 രൂപ | |
| 7. തെങ്ങുകയറ്റം | 1/10 തേങ്ങ | | |

അവലംബം: നാട്ടറിവ്

രു സർക്കാർ ഏജൻസി. ഇതിന്റെ പ്രവർത്തനങ്ങൾ കൃഷിയ്ക്കും കർഷകർക്കും എത്രത്തോളം ഗുണകരമെന്ന് പറയാൻ കഴിയാത്ത സ്ഥിതിയിലാണ്. താലൂക്കടിസ്ഥാനത്തിൽ ഉള്ള ഒരു ഓഫീസിൽ നിന്നുമാണ് ചെറുകിട ജലസേചന വിഭാഗത്തിന്റെ പ്രവർത്തനം നടക്കുന്നത്. ധനകാര്യസ്ഥാപനങ്ങളായ നിരവധി ബാങ്കുകളുടെ ശാഖകൾക്ക് ഈ പഞ്ചായത്തിൽ പ്രവർത്തന പ്രദേശങ്ങൾ ഉണ്ടെങ്കിലും കാർഷിക മേഖലയിൽ ഇവയുടെ പ്രവർത്തനം വളരെ പരിമിതമാണ്. അർദ്ധ സർക്കാർ സ്ഥാപനങ്ങളിൽ മുഖ്യം നിലവിലുള്ള രണ്ടു സർവ്വീസ് സഹകരണ ബാങ്കുകളാണ്. മറ്റു ധനകാര്യസ്ഥാപനങ്ങളെ അപേക്ഷിച്ച് കാർഷിക വായ്പാ രംഗത്ത് ഇവയുടെ സേവനം ലഭ്യമാണെങ്കിലും മതിയായ നിലയിലില്ല. മങ്ങാട് സർവ്വീസ് സഹകരണ ബാങ്ക് രാസവളം ശേഖരിച്ച് വിൽക്കുന്ന ഏജൻസികൂടിയാണ്. ഇവിടെ നേരത്തേ നല്ല നിലയിൽ ഒരു നഴ്സറി പ്രവർത്തിച്ചിരുന്നു. എന്നാൽ ഇപ്പോൾ അത് നിലവിലില്ല. സ്വകാര്യമേഖലയിലെ പ്രമുഖ സ്ഥാപനം രണ്ടാംകുറ്റിയിലെ കുമാർ നഴ്സറി ആണ്. കഴിഞ്ഞരണ്ടു ദശാബ്ദമായി പ്രവർത്തിക്കു ഈ സ്ഥാപനം രാസവളം, കീടനാശിനി എന്നിവ വിൽക്കുന്നതിന് അംഗീകാരമുള്ള ഏജൻസിയുമാണ്. കേരള സർക്കരിന്റെ ഈ വർഷത്തെ മികച്ച നഴ്സറിക്കുള്ള സംസ്ഥാന അവാർഡ് ഈ സ്ഥാപനത്തിനാണ് ലഭിച്ചത്. ഈ സ്ഥാപനങ്ങൾ കൂടാതെ ഈ മേഖലയിൽ സേവനമനുഷ്ഠിക്കുന്ന ചാരിറ്റബിൾ ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികളുമുണ്ട്. ഇത്തരത്തിൽ മൂന്ന് പാടശേഖര നെല്ലുല്പാദക സമിതികളും പഞ്ചായത്ത് തലത്തിൽ ഒരു കേരവികസന സമിതിയുമുണ്ട്.

രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ ആഭിമുഖ്യത്തിലുള്ള കർഷക-കർഷക തൊഴിലാളി പ്രസ്ഥാനങ്ങൾ പലതുണ്ടെങ്കിലും ശക്തമായ പ്രവർത്തനം ഉള്ളവ ചുരുക്കമാണ്, ഈ പ്രസ്ഥാനങ്ങൾക്കും ഈ മേഖലയെ സംഘടിത മേഖലായാക്കി ഉയർത്തുന്നതിലോ പ്രശ്നപരിഹാരങ്ങളിലോ ഫലപ്രദമായി ഇടപെടാൻ കഴിഞ്ഞിട്ടില്ല.

## നടപ്പുപദ്ധതികൾ

നിരവധി സർക്കാർ പദ്ധതികൾ കൃഷി വകുപ്പിലൂടെ നടപ്പിലാക്കുന്നുണ്ടെങ്കിലും കുറച്ചുപദ്ധതികൾ മാത്രമേ ഈ പ്രദേശത്തിന് ലഭിച്ചിട്ടുള്ളു. പദ്ധതികളുടെ സ്ഥൂല-സാമ്പത്തിക ലക്ഷ്യങ്ങൾ ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർ, ബ്ലോക്ക് തല ഉദ്യോഗസ്ഥനായ കൊല്ലം കൃഷി അസിസ്റ്റന്റ് ഡയറക്ടർ മുഖേന ആനുപാതികായി വീതിച്ചു തരുന്ന തരത്തിലാണ് ലഭിക്കുന്നത്. പലപദ്ധതികളും അതിന്റെ ചില നിബന്ധനകൾ മൂലം ഈ പഞ്ചായത്തിൽ നടപ്പിലാക്കാൻ കഴിയാത്തവയോ ബുദ്ധിമുട്ടുള്ളതോ ആയിരിക്കും. കൃഷിഭൂമിയുടെ വിസ്തൃതിയുടെ പരിധി പലപദ്ധതികൾക്കും 30 -50 സെന്റ് വരെയാണ്. ഇത്തരം പരിധികൾ മൂലം ഈ പഞ്ചായത്തിൽ ഈ പദ്ധതികൾ നടപ്പിലാക്കാൻ കഴിയില്ല. ഇവിടെ അമ്പതു സെന്റിന് മുകളിൽ വിസ്തൃതിയുള്ള ഭൂമി ആകെ ഭൂമിയുടെ 1.1 ശതമാനം മാത്രമാണ്. പ്രാദേശികമായി വ്യതിയാനങ്ങൾ വരുത്തുവാൻ കഴിയുന്ന വിധത്തിൽ നിബന്ധനകൾ നിർദ്ദേശിച്ചാൽ മാത്രമേ എല്ലാ പദ്ധതികളും എല്ലായിടത്തും നടപ്പിലാക്കാൻ കഴിയൂ. ഇവിടെ നടപ്പിലാക്കിയ ചില പദ്ധതികളിൽ പ്രധാനപ്പെട്ടത് സമഗ്രനാളീകേരവിസകന പദ്ധതിയാണ്. ഈ പദ്ധതി പ്രകാരം രോഗബാധിതമായി ഉല്പാദന ശേഷി നശിച്ച തെങ്ങുകൾ വെട്ടിമാറ്റി പകരം പുതിയ തൈകളും തെങ്ങൊന്നിന് 200 രൂപാ നിരക്കിൽ നഷ്ടപരിഹാരവും നൽകുക, പുതിയ ജലസേചന സൗകര്യങ്ങൾക്കായി സബ്സിഡി നൽകുക, പച്ചിലവളച്ചെടി വിത്ത് നൽകുക, ഇവയൊക്കെ ഇതിന്റെ ഘടകങ്ങളായിരുന്നു. ഈ പഞ്ചായത്തിലെ യഥാർത്ഥ ആവശ്യവുമായി തട്ടിച്ചുനോക്കുമ്പോൾ ഈ പദ്ധതിയിലൂടെ ഇവിടെ ലഭിച്ചത് തുച്ഛമായ സഹായം ആയിരുന്നു എന്നു കാണാം. വേറെയും ചില പദ്ധതികൾ ലഭിച്ചതാകട്ടേ ഏതാനും കർഷകർക്ക് നാമമാത്രമായ സഹായം നൽകുന്ന തരത്തിലായിരുന്നു. നെൽകൃഷിക്ക് നൽകിവന്ന ഉൽപ്പാദന ബോണസ് ഒരു സെന്റിന് ഒരു രൂപനിരക്കിലായിരുന്നു.

അതാകട്ടെ കഴിഞ്ഞ നാല് കൃഷിക്കുള്ളത് ഇനിയും നൽകിയിട്ടില്ല. പ്രകൃതിക്ഷോഭം മൂലം കൃഷി നശിച്ചവർക്ക് നൽകുവാൻ അനുവദിച്ച നഷ്ട പരിഹാരം നിലവിലുള്ള നിരക്കുകൾ പ്രകാരം അർഹമായ തുകയുടെ 17 ശതമാനം മാത്രമായിരുന്നു.

കാർഷികമേഖലയുടെ സമഗ്രവികസനത്തിന് വേണ്ട പ്രവർത്തനങ്ങൾ പ്രാദേഷികമായി ആസൂസ്തരണം ചെയ്ത് കൃഷി ഭവനിലൂടെ ഏകോപിപ്പിച്ചു കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് സർക്കാർ തലത്തിൽത്തന്നെ ഊർജ്ജിത ശ്രമങ്ങൾ ഇനിയും നടത്തേണ്ടതായിട്ടിരിക്കുന്നു. നെൽകൃഷി നിലനിർത്തുന്നതിനും, സമഗ്രപുരയിട കൃഷി വികസനം സാധ്യമാക്കുന്നതിനും, നൂതന സാധ്യതകൾ സാധാരണക്കാർക്ക് പ്രയോജനപ്പെടുത്തുന്നതിനും പ്രാവർത്തികമാക്കുന്നുതിനും കൃഷി വകുപ്പിന് ഫലപ്രദമായി ഉപയോഗിക്കുവാൻ കഴിയണം.

കൃഷിഭവനിലെ സൗകര്യങ്ങളുടെ പരിമിതിയും ഈ സ്ഥാപനത്തിന്റെ പ്രവർത്തനം ഗുണകരമാകുന്നതിന് തടസ്സമായിട്ടുണ്ട്. പഞ്ചായത്തിന്റെ തെക്കുകിഴക്കേ അറ്റത്തായി സ്ഥിതിചെയ്യുന്ന കൃഷി ഭവനിൽ മറ്റു പ്രദേശങ്ങളിലെ കർഷകർക്ക് ബന്ധപ്പെടാൻ വലിയ പ്രയാസങ്ങളുണ്ട്. മറ്റുപ്രദേശങ്ങളിലെ കർഷകർക്കും നിരന്തരം ബന്ധപ്പെടുന്നതിന് സൗകര്യപ്പെടുമാറ് മൂന്നു സമ്പർക്ക കേന്ദ്രങ്ങൾകൂടി കൃഷിഭവന്റെ കീഴിൽ ഉണ്ടാകണം.

കാർഷിക മേഖലയിലെ നൂതന സാധ്യതകൾ ഇവിടുത്തെ കാലാവസ്ഥ കാർഷിക പ്രവർത്തനങ്ങൾക്ക് ഏറ്റവും അനുയോജ്യമാണെന്ന് നേരത്തേ പ്രസ്താവിച്ചിട്ടുള്ളതാണ്. ഈ കാലാവസ്ഥാവിശേഷം ഒന്നുകൊണ്ടുമാത്രം ഇവിടെ നൂതനമായ പലകാർഷിക പ്രവർത്തനങ്ങൾക്കും വമ്പിച്ച സാധ്യതയുണ്ട്. അതിലൊന്ന് പുഷ്പകൃഷിയാണ്. ഓർക്കിഡ്, ആന്തൂറിയം ഇനങ്ങളിൽപ്പെട്ട പുഷ്പകൃഷിയ്ക്ക് ഇവിടെ അനന്ത സാധ്യതകളാണ് ഉള്ളത്. ചെറു തുണ്ട് ഭൂമികളിലോ കെട്ടിടങ്ങളിലെ ടെറസ്സുകളിലോ നട്ടുവളർത്തി ഒരു സ്ഥിരം വരുമാനമുണ്ടാക്കുന്നതിന് ഇവയുടെ കൃഷിമൂലം സാധിക്കുന്നു. ഇന്ന് ഇന്ത്യയിലെ ആഭ്യന്തര വിപണിയിൽ ആവശ്യത്തിനുള്ള പുഷ്പങ്ങൾ ലഭിക്കുന്നില്ല എന്നതുകൊണ്ടും, വിദേശ വിപണിയേക്കാൾ മെച്ചപ്പെട്ട വില ഇവിടെ കിട്ടുന്നതുകൊണ്ടും കയറ്റുമതിയിലേക്ക് ആരും ശ്രമിച്ചിട്ടില്ല. ഭാവിയിൽ ഉല്പാദനം വർദ്ധിക്കുമ്പോൾ കയറ്റുമതി സാധ്യതകൾ കണ്ടെത്തേണ്ടിവരും. ഇപ്പോഴത്തെ അവസ്ഥയിൽ പരിമിത സാഹചര്യങ്ങളിൽപോലും ഈ പുഷ്പകൃഷി വിജയകരമായി നടത്തിക്കൊണ്ടു പോകാൻ കഴിയും.

മറ്റൊരുമേഖല ഔഷധ സസ്യകൃഷിയാണ്. നിരവധി ഔഷധ സസ്യങ്ങൾ ഇവിടെ വളരുന്നുണ്ട്. വിപണിയിലെ ആവശ്യങ്ങൾ മനസ്സിലാക്കി ഓരോവീട്ടിലും ഒന്നോരണ്ടോ ഇനമെങ്കിലും വളർത്തി ഒരു സ്ഥിരവരുമാന മാർഗ്ഗം കണ്ടെത്താവുന്നതാണ്. കൂൺകൃഷി, വിദേശ മാർക്കറ്റിനുവേണ്ടിയുള്ള വാഴകൃഷി എന്നിങ്ങനെ നിരവധി മേഖലകൾ ഇനുയുമുണ്ട്. ഇതിനൊക്കെ ഉപരിയായി വീട്ടുമുറ്റത്തും, ഓരോ ഇഞ്ച് സ്ഥലത്തും പച്ചക്കറികൃഷി സംഘാടിസ്ഥാനത്തിൽ ചെയ്ത് വമ്പിച്ചനേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും. നമ്മുടെ ഇന്നത്തെ സാമൂഹിക സ്ഥിതിയ്ക്ക് വളരെ അനുയോഗ്യമായതാണ് ഈ നൂതന മേഖലകൾ. ഈ മേഖല കൂടുതൽ ആകർഷണീയവും, കൃഷിപണികളുടെ വിരസതയോ, അധ്വാനത്തിന്റെ ദുരിതങ്ങളോ ഇല്ലാത്തതുമാണ് ഇതിന് കാരണം.

## ഉത്പന്നങ്ങളുടെ വിലയും വിപണനവും

കാർഷികമേഖലയിൽ പുരോഗതി ഉണ്ടാകുന്നതിന് അവശ്യം വേണ്ടുന്ന ഘടകങ്ങളിൽ ഒന്നാണല്ലോ ലാഭകരമായ വിപണനം. കൃഷി വികസനത്തോടൊപ്പം കാർഷിക ഉൽപ്പനങ്ങൾക്ക് മതിയായ വില ലഭ്യമാകുന്ന തരത്തിൽ പ്രവർത്തിക്കുന്ന സംഭര വിപണന കേന്ദ്രങ്ങൾ ഉണ്ടാകേണ്ടത് ആവശ്യമാണ്. ഇത്തരത്തിലുള്ള ഒന്നും തന്നെ നമ്മുടെ പഞ്ചായത്തിലില്ല. കൃഷി നഷ്ടമായിത്തീരുക, ഉൽപ്പന്നങ്ങൾക്ക് വിലയും വിപണിയും ഇല്ലാതാകുക തുടങ്ങിയ പ്രതിസന്ധികളെ ഇത്തരം സംരംഭങ്ങൾകൊണ്ട് നേരിടത്താതും ഈ മേഖ

ലയെ ക്ഷീണിപ്പിച്ചിട്ടുണ്ട്. നിലവിലുള്ള സഹകരണ സംഘങ്ങൾ ഈ വിഷയത്തിൽ കൂടുതൽ ശ്രദ്ധിക്കുകയും പുതിയ സംവിധാനങ്ങൾക്ക് ആവശ്യാനുസരണം രൂപം നൽകുകയും ചെയ്തെങ്കിലേ വികസന ശ്രമങ്ങളെ ലക്ഷ്യത്തിലെത്തിക്കാൻ നമുക്ക് കഴിയൂ.

പട്ടിക 5

കിളികൊല്ലൂർ പഞ്ചായത്തിലെ പ്രധാന കാർഷിക വിളകളുടെ നടീൽ-വിളവെടുപ്പ് സമയങ്ങൾ

| ക്രമനമ്പർ | വിളകൾ | നടീൽ സമയം | വിളവെടുപ്പ് സമയം | കുറിപ്പ് |
|---|---|---|---|---|
| 1 | നെല്ല് | | | |
| | ഒന്നാം വിള | മെയ്-ജൂൺ | ആഗസ്റ്റ്-സെപ്റ്റംബർ | |
| | രണ്ടാംവിള | സെപ്റ്റംബർ-ഒക്ടോബർ | ജനുവരി-ഫെബ്രുവരി | |
| 2 | മരച്ചീനി | | | |
| | പ്രധാനകൃഷി | ഏപ്രിൽ-മെയ് | ജനുവരി<br>ഫെബ്രുവരി-മാർച്ച് | മൂപ്പുകുറഞ്ഞയിനം<br>സാധാരണവിള |
| | കുംഭകൃഷി | മാർച്ച്-ഏപ്രിൽ | ജനുവരി-ഫെബ്രുവരി | നടുമ്പോൾ നന വേണ്ടിവരും |
| | കന്നിക്കപ്പ | സെപ്റ്റംബർ-ഒക്ടോബർ | ജൂലൈ-ആഗസ്റ്റ് | നടുമ്പോൾ നന വേണ്ടിവരും |
| 3 | ഇഞ്ചി-മഞ്ഞൾ | ഏപ്രിൽ-മെയ് | ഡിസംബർ-ജനുവരി | |
| 4 | പച്ചക്കറി | | | |
| | വേനൽക്കാല പച്ചക്കറി | ജനുവരി-ഫെബ്രുവരി | മാർച്ച്-ഏപ്രിൽ | |
| | വർഷകാല പച്ചക്കറി | ഏപ്രിൽ-മെയ് | ജൂൺ-ജൂലൈ | |
| | ശീതകാല പച്ചക്കറി | ആഗസ്റ്റ്-സെപ്റ്റബർ | ഒക്ടോബർ-നവംബർ | |
| 5 | കുരുമുളക് | ജൂൺ-ജൂലൈ | നവംബർ-ഡിസംബർ | തിരുവാതിര ഞാറ്റുവേല സമയത്ത് വേരുപിടിപ്പിട്ട വള്ളികൾ നടാം |
| 6 | കവുങ്ങ് | | | |
| 7 | തെങ്ങ് | ജൂൺ-ജൂലൈ | | |

## കൃഷിപ്പഞ്ചാംഗം - കിളികൊല്ലൂർ

| മാസം | തെങ്ങ് | നെല്ല് | കരുമുളക് | മറ്റുവിളകൾ |
|---|---|---|---|---|
| ജനുവരി | നന തുടങ്ങുക<br>വിത്തിനുള്ള മാതൃവൃക്ഷം തിരഞ്ഞുപിടിക്കുക | രണ്ടാംവിള കൊയ്ത്തിന് പാകമാകും | തോട്ടംവൃത്തിയാക്കി വള്ളിയ്ക്ക് പുതയിടുക<br>വിളവെടുപ്പ് തുടരും | വേനൽക്കാല പച്ചക്കറി കൃഷിക്ക് തുടക്കം, വിത്തടയ്ക്ക ശേഖരിക്കാം, മൂപ്പുകുറഞ്ഞ മരച്ചീനി വിളവെടുപ്പ്. |
| ഫെബ്രുവരി | നന തുടരുക<br>വിത്ത് തേങ്ങ ശേഖരിക്കുക | കൊയ്തുകഴിഞ്ഞ നിലം ഉഴുതിടുക, മൂന്നാംവിള, എള്ള്, പയറ്, പച്ചിലവളം പച്ചക്കറി ഇവ ചെയ്യാം | വേരുപിടിപ്പിക്കുന്നതിന് വള്ളികൾ മുറിക്കാം | മരച്ചീനി വിളവെടുപ്പ്<br>ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിത്ത് തയ്യാറാക്കിവെയ്ക്കാം<br>വിത്ത് അടയ്ക്കാ പാകാം,<br>നന തുടങ്ങാം |
| മാർച്ച് | നനയുള്ള തോട്ടത്തിൽ രാസവളം ആദ്യ ഗഡു | മൂന്നാം വിളയുടെ പരിചരണം | പുതിയ തൈകൾ നടാൻ ഒരുക്കങ്ങൾ | നനയ്ക്കാമെങ്കിൽ കുംഭകപ്പ നടാം. ഇഞ്ചി, മഞ്ഞൾ നടാൻ മണ്ണൊരുക്കുക.<br>കവുങ്ങിന് നന തുടരുക |
| ഏപ്രിൽ | ഇടമഴ കിട്ടിയാൽ പുതിയ തൈനടാൻ കുഴിയൊരുക്കാം | മൂന്നാംവിള വിളവെടുപ്പ്, പച്ചില വളം ചേർക്കൽ | തൈകൾ നടാൻ കുഴികൾ ഒരുക്കുക, നട്ട് നനയ്ക്കുക | മരച്ചീനി പ്രധാന കൃഷി തുടങ്ങാം. വർഷകാല പച്ചക്കറി കൃഷിക്ക് ഒരുങ്ങുക. ഇഞ്ചി, മഞ്ഞൾ, നടീൽ, എല്ലാ ഇനത്തിലും പെട്ട നന ഇല്ലാത്ത വാഴകൃഷി തുടങ്ങുക, കവുങ്ങിന് തടമെടുത്ത് വളം ചേർക്കുക |

| | | | | |
|---|---|---|---|---|
| മെയ് | വിത്തു തേങ്ങപാകൽ നനയില്ലാത്ത തെങ്ങുകൾക്കും മൊരുക്കൽ രാസപ്രയോഗം, നനയുള്ളിടത്ത് രണ്ടാംഗഡു പച്ചില വളത്തിനുള്ള ചെടികളുടെ വിത്തുപാകൽ. കൊമ്പൻചെല്ലി നിയന്ത്രണം | ഒന്നാം വിളയ്ക്കു നില | ദ്രുദവാട്ടത്തിനെതിരെ സംരക്ഷണം ഒന്നാംഗഡു രാസവളം | കവുങ്ങ് തൈകൾ രണ്ടാം നഴ്സറിയിലേക്ക് മാറ്റുക ദീർഘകാല വിളകളെല്ലാം നടാം മുരിങ്ങ കോവൽ എന്നിവ നടാം. വാഴനടീൽ തുടരാം മരച്ചീനി നടീൽ തുടരാം |
| ജൂൺ | നല്ല തൈകൾ നടുക കളമെടുത്ത് ജൈവവളം തൊണ്ടടുക്കുക | ഒന്നാം വിളയ്ക്ക് അടിവള ചേർക്കുക. പ്രയോഗം ജൈവവളം ചേർക്കൽ | വേരുപിടിപ്പിച്ച വള്ളികൾ നടാം | വാഴയുടെ ചുവട്ടിൽ ചെത്തിക്കൂട്ടി ഒരു ഗഡു രാസവളം നൽകാം കവുങ്ങിന് സസ്യസംരക്ഷണം നടത്താം |
| ജൂലൈ | തെങ്ങിന് രോഗ–കീട നിയന്ത്രണം. നനയുള്ള തോട്ടങ്ങളിൽ രാസവളം മൂന്നാം ഗഡു | ഒന്നാംവിള മേൽവളപ്രയോഗം സസ്യസംരക്ഷണം. | തടമെടുത്ത് ജൈവളമിട്ട് മൂടുക | മരച്ചീനി കളയെടുത്ത് വളം ചെയ്യാം ഇഞ്ചിമഞ്ഞൾ മേൽ വളവും സസ്യസംരക്ഷണവും കവുങ്ങിന് തടമെടുത്ത് വളമിടാം. |
| ആഗസ്റ്റ് | നനയുള്ള തോട്ടങ്ങളിൽ രാസവളം നാലാം ഗഡു | വിരിപ്പ് കൊയ്ത്ത് | സസ്യസംരക്ഷണം | മഞ്ഞ് കാല പച്ചക്കറികൾ തുടങ്ങാം, നേന്ത്രക്കുലകൾ പാകമാകും, മരച്ചീനി കളയെടുത്ത് മേൽ വളപ്രയോഗം |
| സെപ്റ്റംബർ | നനയുള്ള തോട്ടത്തിൽ രാസവളം അഞ്ചാംഗഡു പച്ചിലവളം തടത്തിലിട്ടു മൂടുക, പറമ്പുകിളയ്ക്കുക | രണ്ടാംവിളയ്ക്ക് നിലമൊരുക്കൽ | സസ്യസംരക്ഷണം രണ്ടാംഗഡു രാസവളം | കന്നിക്കപ്പയ്ക്ക് കൃഷിപ്പണികൾ തുടങ്ങാം നേന്ത്രവാഴയുടെ പുതുവൽകൃഷി |
| ഒക്ടോബർ | നഴ്സറി പരിചരണം | അടിവളം ചേർത്ത് പാകമാക്കിയ നിലത്തിൽ നടീൽ | സസ്യസംരക്ഷണം | കവുങ്ങിന് ഇടകിളയ്ക്കൽ മരച്ചീനി തുലാക്കപ്പ നടീൽ നേന്ത്രവാഴ നനയ്ക്കാൻ ഒരുങ്ങുക |
| നവംബർ | നനയില്ലാത്തിടത്ത് പുതയിടീൽ | രണ്ടാംവിളയ്ക്ക് മേൽ വളം | വിളവെടുപ്പ് തുടങ്ങാം | മരച്ചീനി കളയെടുത്ത് മേൽവളം, മണ്ണുവെട്ടിക്കൂട്ടാം. |
| ഡിസംബർ | നനയുള്ളിടത്ത് രാസവളം അവസാന ഗഡു | രണ്ടാംവള പ്രയോഗം | വിളവെടുപ്പ് തുടരാം | തുലാക്കപ്പയ്ക്ക് കളയെടുപ്പും മേൽവളവും, കവുങ്ങിന് നന തുടങ്ങാം, ഇഞ്ചി, മഞ്ഞൾ വിളവെടുപ്പ് |

**പഞ്ചായത്തിലെ കാർഷിക മേഖലയിലെ പ്രശ്നങ്ങളും പരിഹാര സാധ്യതകളും**

പ്രശ്നങ്ങൾ

1. കൃഷിഭൂമി ചെറുതുണ്ടുകളായി മുറിയുകയും മറ്റാവശ്യങ്ങൾക്കായി രൂപാന്തരപ്പെടുത്തുകയും ചെയ്തു കൃഷിഭൂമി തരിശിടുന്ന പ്രവണത ഉണ്ടായി.
2. കൃഷി ചെലവ് ഗണ്യമായി വർദ്ധിച്ചു. കൃഷി ഉപജീവന മാർഗ്ഗം അല്ലാതായി.
3. പ്രകൃതിക്ഷോഭം, രോഗ-കീട ആക്രമണങ്ങൾ എന്നിവ കൃഷി വിജയകരമായി നടത്തുന്നതിന് നിരന്തരമയി പ്രതിബന്ധങ്ങൾ സൃഷ്ടിക്കുന്നു.
4. ജൈവ വളത്തിന്റെ ലഭ്യതയും ഉപയോഗവും കുറഞ്ഞത് മണ്ണിന്റെ ഫലഭൂയിഷ്ടത കുറച്ചു.
5. ജലസേചന സൗകര്യങ്ങൾ ഉണ്ടായില്ല. ജല നിർഗ്ഗമന സൗകര്യങ്ങൾ വളരെ കുറഞ്ഞു.
6. മേൽത്തരം നടീൽ വസ്തുക്കളും മറ്റുല്പാദന ഉപാധികളും ആവശ്യത്തിനും സമയത്തിനും ലഭിക്കാതായി.
7. കൃഷിപ്പണികളിൽ വിദഗ്ദ്ധരായ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കാതായി.
8. തെങ്ങിന് പരിചരണ മുറകൾ നടത്തുന്നതിന് കഴിയാതാവുകയോ, അവഗണിക്കപ്പെടുകയോ ചെയ്തു.
9. ഉല്പന്നങ്ങളുടെ വിപണനത്തിന് സൗകര്യങ്ങൾ മെച്ചപ്പെട്ടില്ല. ന്യായമായ വില കിട്ടാതായി.
10. പുതിയ ശാസ്ത്ര സാങ്കേതിക വിദ്യകൾ വേണ്ടത്ര ലഭിച്ചില്ല. കൃഷിപണി വിരസവും അനാകർഷകവുമായി
11. ചില പ്രദേശങ്ങളിൽ ഓരു ജലം മൂലം നെൽകൃഷി ചെയ്യാൻ കഴിയാതെയായി.

**പരിഹാര സാധ്യതകൾ**

1. നെൽപ്പാടങ്ങൾ രൂപാന്തരപ്പെടുത്തി മറ്റാവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന പ്രവണത അവസാനിപ്പിക്കുക. അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തു കൃഷിഭൂമി തരിശിടാതെ ഉപയോഗിക്കുന്നതിന് പ്രോത്സാഹിപ്പിക്കുക. പാർപ്പിടാവശ്യങ്ങൾക്കായി നിലം നികത്തേണ്ടിവരുന്നവർക്ക് മറ്റു മാർഗ്ഗങ്ങളില്ലെങ്കിൽ അത് സൗകര്യപ്പെടുത്തിക്കൊടുക്കുന്നതിന് ഗ്രാമപഞ്ചായത്ത് മേൽനോട്ടം വഹിക്കുക.
2. കൃഷി ചെലവ് കുറയ്ക്കുന്നതിന് എല്ലാ വിളകൾക്കും സംഘകൃഷി എന്ന ആശയം നടപ്പിലാക്കുക. നിലവിലുള്ള സർക്കാർ ആനുകൂല്യങ്ങൾപരമാവധി ലഭ്യമാക്കുക. വിളസാന്ദ്രത വർദ്ധിപ്പിച്ചും ഉത്പാദനക്ഷമത വർദ്ധിപ്പിച്ചും ഉത്പാദനം കൂട്ടുക. മൂന്ന് പ്രകൃതി ക്ഷോഭം നിയന്ത്രണാതീതമായ രോഗ-കീട ബാധകൾ ഇവമൂലമുണ്ടാകുന്ന നഷ്ടങ്ങൾക്ക് മതിയായ നഷ്ടപരിഹാരം നൽകുന്നതിന് സ്ഥിരം സംവിധാനം ഏർപ്പെടുത്തുക.
4. ജൈവവളം യഥേഷ്ടം ലഭിക്കുന്നതിന് ആവശ്യമായ മുന്നൊരുക്കങ്ങൾ നടത്തുക.
5. ജലസേചനത്തിന് പറമ്പിലെ കിണർ അടിസ്ഥാനമാക്കി ചെറുകിട വികസന പദ്ധതികൾ നടപ്പിലാക്കുക. പാടങ്ങളിലും മറ്റു സൗകര്യമുള്ള സ്ഥലങ്ങളിലും പൊതു സംവിധാനം ഏർപ്പെടുത്തുക.
6. ഗുണമേന്മയുള്ള ഉൽപ്പാദന ഉപാധികൾ ആവശ്യാനുസരം യഥാസമയത്ത് ലഭ്യമാക്കുക.
7. കർഷക തൊഴിലാളികളുടെ കൂലി സേവന വ്യവസ്ഥകൾ മെച്ചപ്പെടുത്തി തൊഴിൽ സ്ഥിരത ഉറപ്പുവരുത്തുക. വൈദഗ്ദ്ധ്യ പോഷണത്തിന് പരിശീലനം നൽകുക.
8. തെങ്ങിൻ തോപ്പിൽ സംഘം അടിസ്ഥാനത്തിൽ കൃഷിപ്പണികൾ ഏകോപിപ്പിച്ച് പുരയിട വികസനവും തെങ്ങുകൃഷിയും മെച്ചപ്പെടുത്തുക. ഇടവിളകളും പച്ചക്കറി കൃഷിയും നടപ്പിലാക്കുക.
9. ഉൽപ്പന്നങ്ങളുടെ സംഭരണം വിപണനം ഇവയ്ക്കായി കാര്യക്ഷമമായി പ്രവർത്തിക്കുന്ന പുതിയ സംവിധാനങ്ങൾ ഏർപ്പെടുത്തുക.
10. ശാസ്ത്ര സാങ്കേതിക വിദ്യകൾ ലഭ്യമാക്കു

ക, കർഷക പരിശീലനങ്ങൾ നടത്തുക.

11. ഭൂഉടമയ്ക്ക് കൃഷിചെയ്യാൻ കഴിയാത്ത സാഹചര്യങ്ങളിൽ ഗ്രാമപഞ്ചായത്തിന്റെ മേൽനോട്ടത്തിൽ ചാരിറ്റബിൾ സൊസൈറ്റികളെ കൃഷി ചെയ്യുന്നതിന് താല്ക്കാലികമായി ചുമതലപ്പെടുത്തുക.

12. നെൽപ്പാടങ്ങളിൽ മൂന്നാം വിളയായ പച്ചക്കറി പയർ, എള്ള് തുടങ്ങിയ വിളകൾ കൃഷി ചെയ്ത് പാടത്തുനിന്നുള്ള ആദായം വർദ്ധിപ്പിക്കുക. ഓരുജല പ്രശ്നപ്രദേശങ്ങളിൽ സമഗ്രവികസനം നടത്തി കൃഷിക്ക് അനുയോജ്യമാക്കുക.

13. യന്ത്രങ്ങളും ഉപകരണങ്ങളും ഏർപ്പെടുത്തി കൃഷിപണി ആകർഷണീയമാക്കി യുവതലമുറയെ ഈ മേഖലയിലേക്ക് ആകർഷിക്കുക. നൂതന സാദ്ധ്യതകളുമായി ബന്ധിപ്പിച്ച് പരിശീലനങ്ങൾ നൽകി കൃഷിയിൽ നിന്ന് സ്ഥിര വരുമാനത്തിന് മാർഗ്ഗം ഉണ്ടാക്കുക.

(അവലംബം – ഗ്രാമസഭാ റിപ്പോർട്ടുകൾ, ദ്വിതീയ സ്ഥിതി വിവരക്കണക്കുകൾ, കോർഗ്രൂപ്പ് വിലയിരുത്തലുകൾ, കർഷകരുടേയും കർഷകതൊഴിലാളികളുടേയും അഭിപ്രായങ്ങൾ)

## ഉചിതമായ ചില സമീപനങ്ങൾ

ഇന്ന് നമ്മുടെ കാർഷിക മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ ഏതെന്നും സാധ്യതകൾ എന്തെന്നും നാം കണ്ടുകഴിഞ്ഞു. വികസന സെമിനാറിൽ വിശദമായ ചർച്ചകൾ നടത്തി വികസന പ്രവർത്തനങ്ങൾക്ക് മുൻഗണന നിശ്ചയിക്കണം ഈ മുൻഗണനാ ക്രമത്തിൽ ആയിരുക്കും നാം പരിപാടികൾ നടപ്പിലാക്കുക. പരിപാടികൾ നടപ്പിലാക്കേണ്ടുന്നതിലേക്ക് കർമ്മസമിതികളെ തിരഞ്ഞെടുത്ത് പ്രോജക്റ്റുകൾ എഴുതി തയ്യാറാക്കുന്ന ചുമതല ഏല്പിക്കും. അപ്പോൾ ചില സമീപനങ്ങൾ നാം കൈക്കൊള്ളേണ്ടതായി വരും. ഇവിടെ കൃഷി വികസനം സാധ്യമാക്കേണ്ടത് നമ്മുടെ പാർപ്പിടങ്ങളോട് ചേർന്ന് നമ്മുടെ കൈവശത്തിലുള്ള തുണ്ടു ഭൂമികളിലാണെന്ന പ്രത്യേകത നാം വിസ്മരിക്കാൻ പാടില്ല. ഈ പ്രത്യേക സാഹചര്യത്തിൽ രാസവസ്തുക്കളുടെ ഉപയോഗം പരമാവധികുറച്ച് നമ്മുടെ കുടിവെള്ളവും പരിസരവും മലിനമാകാതെ സംരക്ഷിക്കേണ്ട ബാധ്യതയും നമുക്കുണ്ട്. അതുകൊണ്ട് വികസന പ്രോജക്ടുകൾക്ക് രൂപം കൊടുക്കുമ്പോൾ സ്വീകരിക്കാവുന്ന ഉചിതമായ ചില സമീപനങ്ങൾകൂടി ചർച്ചയ്ക്കായി വെച്ച് ഈ അദ്ധ്യായം അവസാനിപ്പിക്കാം.

1. വികസനം സുസ്ഥിരമാക്കുന്നതിനും മണ്ണും ജലവും സംരക്ഷിക്കുന്നതിനും കഴിയുന്നിടത്തൊളം നീർമറി പ്രദേശ വികസന രീതി അവലംബിക്കേണ്ടതാണ്.

2. വിള സാന്ദ്രത വർദ്ധിപ്പിക്കുന്നതിനും ജൈവ വൈവിധ്യം നിലനിർത്തുന്നതിനും സഹായകമായ രീതിയിൽ ജൈവകൃഷിക്ക് പ്രാമുഖ്യം നൽകണം.

3. തുണ്ടു ഭൂമിയിലെ കൃഷിയിൽ കർഷകർ ഒറ്റയ്ക്കൊറ്റയ്ക്ക് നേരിടുന്ന എല്ലാ പ്രശ്നങ്ങളേയും, ഉൽപ്പന്നങ്ങളുടെ സംഭരണ വിപണന രംഗത്തെ പ്രശ്നങ്ങളെയും സംഘടിതമായി നേരിട്ട് കൃഷി ലാഭകരമാക്കണം.

4. നൂതന സാധ്യതകൾ പരമാവധി ഉപയോഗപ്പെടുത്തിയും നൂതന സങ്കേതങ്ങൾ പ്രചരിപ്പിച്ചും കാർഷിക മേഖലയെ ആകർഷണീയമാക്കുക

5. കർഷകർക്കും തൊഴിലാളികൾക്കും വൈദഗ്ദ്ധ്യ പോഷണ പരിശീലനങ്ങൾ നല്കി കൃഷി വിജയകരമാക്കുക.

ഏറ്റവും അനുകൂലമായ പ്രകൃതി ഘടകങ്ങളാൽ അനുഗ്രഹീതമായ ഈ നാടിന്റെ കാർഷിക വികസനങ്ങൾ ഈ വിധ പരിശ്രമങ്ങളിലൂടെ സാധിതപ്രായമാകുമെന്നും നമ്മുടെ സാമൂഹിക വളർച്ചയെ അത് ത്വരിതപ്പെടുത്തുമെന്നും നമുക്ക് പ്രത്യാശിക്കാം.

# 5.2 മൃഗസംരക്ഷണവും മത്സ്യബന്ധനവും






## മൃഗസംരക്ഷണം

അരനൂറ്റാണ്ടുമുമ്പ് കിളികൊല്ലൂർ പ്രദേശത്തെ ജനങ്ങളുടെ പ്രധാന തൊഴിൽ കൃഷിയും മൃഗസംരക്ഷണവുമായിരുന്നു. അന്ന് കന്നുകാലികൾക്ക് മേഞ്ഞു നടക്കുന്നതിന് ധാരാളം സ്ഥലമുണ്ടായിരുന്നു. വിളവെടുപ്പ് കഴിയുമ്പോൾ നിലങ്ങളും ഈ ആവശ്യത്തിന് ഉപയോഗിച്ചിരിന്നു. കൃഷിക്കാവശ്യമായ ജൈവവളങ്ങൾ ലഭിച്ചിരുന്നത് പ്രധാനമായും കന്നുകാലികളിൽ നിന്നായിരുന്നു. പാലുല്പാദനത്തിന് പശുക്കളെ വളർത്തുന്നതോടൊപ്പം കൃഷിക്ക് ഉഴവ് മാടുകളെയും വളർത്താറുണ്ടായിരുന്നു. ആട്. കോഴി വളർത്തലും അന്ന് വ്യാപകമായിരുന്നു. എന്നാൽ സ്വാതന്ത്ര്യാനന്തര കാലഘട്ടത്തിലുണ്ടായ വ്യാവസായിക വളർച്ച കിളികൊല്ലൂർ പഞ്ചായത്തിലെ കൃഷിയേയും കാലി വളർത്തലിനേയും പ്രതികൂലമായി ബാധിക്കുകയും കാർഷികമേഖലയുടെ പ്രാധാന്യം കുറയ്ക്കുകയും ചെയ്തു. 1950 കളിൽ മങ്ങാട് കേന്ദ്രമാക്കി പ്രവർത്തിച്ചിരുന്ന പരസ്പര സഹായ സഹകരണസംഘത്തിന്റെ പ്രവർത്തനങ്ങൾ (ഇപ്പോഴത്തെ മങ്ങാട് സർവ്വീസ്സഹകരണ ബാങ്ക്) ഈ പ്രദേശത്ത് കാർഷിക മൃഗസംരക്ഷണ മേഖലകളിൽ പുരോഗതി നേടാൻ സഹായിച്ചിരുന്നു. സങ്കരയിനം പശുക്കളേയും ആടുകളേയും ഉൽപ്പാദിപ്പിക്കുന്നതിനായി സിന്ധി വിത്തുകാളകളെയും ജമുന പാരി ആടുകളേയും വളർത്തിയിരുന്നു. മാത്രമല്ല മേൽത്തരം ഇനത്തിൽപ്പെട്ട കോഴികളും ഉണ്ടായിരുന്നു. 1996 ലെ കന്നുകാലി സെൻസസ് പ്രകാരം കിളികൊല്ലൂർ പഞ്ചായത്തിൽ 1964 സങ്കരവർഗ്ഗ പശുക്കളും 67 നാടൻ പശുക്കളും 216 എരുമകളും 8346 കോഴികളും 561 ആടുകളും ഉള്ളതായി കണക്കാക്കിയിരിക്കുന്നു (പട്ടിക 1)

സമീപകാലത്തുണ്ടായ കാലിത്തീറ്റയുടെ അമിതമായ വില വർദ്ധനവ്, പുല്ല്, വൈക്കോൽ എന്നിവയുടെ ദൗർലഭ്യം പാലിന്റെ വിലക്കുറവ് എന്നീകാരണങ്ങളാൽ പശുവളർത്തലിനോടുള്ള കർഷകരുടെ ആഭിമുഖ്യം കുറയുകയും തന്മൂലം കന്നുകാലികളുടെ എണ്ണത്തിൽ ഗണ്യമായ കുറവ് സംഭവിക്കുകയും ചെയ്തു. എങ്കിലും പ്രതിദിന പാലുൽപാദനം 60 കളിൽ 500 ലിറ്റർ ആയിരുന്ന സ്ഥാനത്ത് ഇന്ന് 7000 ലിറ്റർ ആയി ഉയർന്നു. ഇതിന്റെ പ്രധാന കാരണം സങ്കരയിനം പശുക്കളുടെ ആവിർഭാവമാണ്

പട്ടിക 1

വളർത്തുമൃഗങ്ങളും പക്ഷികളും

| മൃഗങ്ങളുടെ ഇനം | 1947 | 1987 | 1996 |
|---|---|---|---|
| പശു സങ്കരയിനം | ഇല്ല | 2583 | 1964 |
| പശു നാടൻ | 2817 | 598 | 67 |
| എരുമ | 172 | 27 | 216 |
| കാള | 214 | 274 | 26 |
| ആട് | 1012 | 1871 | 561 |
| കോഴി | – | 21697 | 8346 |
| താറാവ് | – | 685 | 320 |

(അവലംബം : ലൈവ്സ്റ്റോക്ക് സെൻസസ്)

പ്രധാന പ്രശ്നങ്ങൾ

1. കാലിത്തീറ്റ കോഴിത്തീറ്റ എന്നിവയുടെ വില അമിതമായി വർദ്ധിക്കുകയും ഇവയ്ക്ക് അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടിവരികയും ചെയ്യുന്നു.
2. പുല്ല് വൈക്കോൽ എന്നിവ ആവശ്യത്തിന് ലഭിക്കുന്നില്ല.
3. പാലിന് വിലക്കുറവും വിപണനത്തിനുള്ള സൗകര്യങ്ങൾ അപര്യാപ്തവുമാണ്.
4. കാലിവളർത്തലിന് നിലവിൽ ലഭിക്കുന്ന വായ്പാ സൗകര്യങ്ങൾ തികച്ചും അപര്യാപ്തമാണ്. ബാങ്ക് വായ്പയായി ഒരു പശുവിനെ വാങ്ങുവാൻ നൽകുന്ന തുക പരമാവധി 7500 രൂപ മാത്രമാണ്.
5. കാലിരോഗങ്ങൾക്ക് ഭാരിച്ച ചികിത്സാ ചെലവ് വേണ്ടിവരുന്നു.
6. ഇൻഷുറൻസ് പരിരക്ഷ അപര്യാപ്തമാണ്.
7. അശാസ്ത്രീയ മാംസോത്പാദന വിപണന രീതികൾ ആരോഗ്യപ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.
8. മൃഗാശുപത്രിയുടേയും ഉപകേന്ദ്രത്തിന്റേയും അടിസ്ഥാന സൗകര്യങ്ങൾ അപര്യാപ്തമാണ്.
9. പേ വിഷ ബാധനിർമ്മാർജ്ജനത്തിനുള്ള വാക്സിന് അമിത വിലയും ദൗർലഭ്യവും അനുഭവപ്പെടുന്നു.

സാധ്യതകൾ

1. പാലുല്പാദന മേഖല:-

1. ഒമ്പതാം പഞ്ചവത്സരപദ്ധതിയിൽ ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾക്ക് മൃഗസംരക്ഷണ മേഖലയിൽ അതിപ്രധാന പങ്കാണ് വഹിക്കാനുള്ളത്. പാലുല്പാദനവും വിപണനവും കാര്യക്ഷമമാക്കുന്നതിന് വേണ്ടി പഞ്ചായത്തിന്റെ മൂന്ന് വാർഡുകൾക്ക് ഒന്നു വീതം ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
2. സംഘങ്ങളിൽ രജിസ്റ്റർ ചെയ്ത പശുക്കൾക്ക് സൗജന്യനിരക്കിൽ കാലിത്തീറ്റ വിതരണം ചെയ്യുക.
3. സംഘങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന പശുക്കൾക്ക് ഗ്രൂപ്പ് ഇൻഷുറൻസ് ഏർപ്പെടുത്തുക.
4. ക്ഷീര സംഘങ്ങളിൽ രജിസ്റ്റർ ചെയ്യുന്ന പശുക്കുട്ടികൾക്ക് കന്നുകുട്ടി പരിപാലന പദ്ധതിയിൽ ഉൾപ്പെടുത്തി സൗജന്യ നിരക്കിൽ കാലിത്തീറ്റ നല്കണം. ഇത് ആറ് മാസം മുതൽ 32 മാസം വരെ തുടരണം. (നിലവിൽ ഉള്ള ഈ സർക്കാർ പദ്ധതികളുടെ ആനുകൂല്യം ഈ പഞ്ചായത്തിന് ലഭിച്ചിട്ടില്ല)
5. മൃഗാശുപത്രികളിൽ രജിസ്റ്റർ ചെയ്യുന്ന കന്നുകുട്ടികൾക്ക് 50% സബ്സിഡി നിരക്കിൽ വിരമരുന്ന്, ധാതുമിശ്രിതം, മീനെണ്ണ ഇവ അടങ്ങിയ കിറ്റ് നൽകുക.
6. പ്രീമയം ബുൾ സെമൻ മാത്രമുപയോഗിച്ച് ഇപ്പോഴുള്ളതിന്റെ ബീജസങ്കലനം നടത്തിയാൽ പാലുല്പാദനം ഇരട്ടിയാക്കുവാൻ സാധിക്കും. അതിന് പ്രീമിയം ബുൾ സെമൻ അമ്പത് ശതമാനം സബ്സിഡി നിരക്കിൽ നൽകുക.
7. സർക്കാർ സാമ്പത്തിക സഹായത്തോടു കൂടി രണ്ടു പശുക്കൾ വീതമുള്ള "മിനി ഡയറി യൂണിറ്റുകൾ" ആവശ്യാനുസരണം പഞ്ചായത്തിന്റെ എല്ലാവർഡുകളിലും സ്ഥാപിക്കുക.
8. മാംസോത്പാദനത്തിനായി "മൂരിക്കുട്ടി വ

ഉർത്തൽ കേന്ദ്രങ്ങൾ" സ്ഥാപിക്കുക. അവയ്ക്ക് സൗജന്യ നിരക്കിൽ കാലിത്തീറ്റ നല്കുക.

9. ഊർജ്ജ പ്രതിസന്ധിക്ക് ഒരു പരിധിവരെ പരിഹാരം കാണുന്നതിന് സഹായകമായ ബയോഗ്യാസ് പ്ലാന്റുകൾ സ്ഥാപിച്ച് കാലിവളർത്തലിന്റെ ഉപ ഉൽപന്നമായി ബയോഗ്യാസ് ഉൽപ്പാദിപ്പിക്കുക.
10. പഞ്ചായത്ത് അതിർത്തിയിൽ കന്നുകാലികളുടെ ക്രയവിക്രയത്തിനായി ആണ്ടിൽ ഒന്നോ രണ്ടോ തവണ കൂടുന്ന കന്നുകാലി ചന്തകൾ സ്ഥാപിക്കുക. ഇവിടെ കാലി പ്രദർശനം, ഗോരക്ഷാക്യാമ്പ്, പ്രതിരോധകുത്തിവെയ്പ്പുകൾ എന്നിവ നടത്താനുള്ള നടപടികൾ എടുക്കുക.
11. എരുമ വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി പഞ്ചായത്തിൽ 50 യൂണിറ്റുകൾ അനുവദിക്കുക.
12. പാൽ ഉൽപാദനത്തിനായി ഉയർന്ന ഉൽപ്പാദനശേഷിയുള്ള മൂന്ന് ആടിനെ വീതം വളർത്തുന്ന യൂണിറ്റുകൾ പഞ്ചായത്തിന്റെ എല്ലാ വാർഡുകളിലും സൗകര്യമനുസരിച്ച് തുടങ്ങുക.
13. കറവത്തൊഴിലാളികൾക്ക് ക്ഷേമനനിധി ഏർപ്പെടത്തുക

## 2. മുട്ട ഉൽപ്പാദന മേഖല:-

1. പഞ്ചായത്തിന്റെ അഞ്ചുവാർഡിന് ഒന്നുവീതം "എഗ്ഗർ" നഴ്സറികൾ സ്ഥാപിക്കുക.
2. പിന്നാമ്പുറത്തെ കോഴിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി രണ്ടുമാസം പ്രായമായ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
3. പഞ്ചായത്ത് പ്രദേശത്തേയ്ക്ക് ആവശ്യമായ ഇറച്ചിക്കോഴി വളർത്തുന്നതിന് അഞ്ച് വാർഡുകൾക്ക് ഒന്നുവീതം ഇറച്ചിക്കോഴി വളർത്തൽ കേന്ദ്രം സ്ഥാപിക്കുക.
4. കുട്ടികളിൽ സമ്പാദ്യശീലം വളർത്തുന്നതിന് സഹായകമാകുന്ന സ്കൂൾ പൗൾട്രി ക്ലബ്ബുകൾ സ്ഥാപിച്ച് രണ്ടുമാസം പ്രായമായ കോഴികുഞ്ഞുങ്ങളെ വിതരണം ചെയ്യുക.
5. മങ്ങാട് കണ്ടച്ചിറ ഭാഗങ്ങൾ താറാവ് വളർത്തലിന് അനുയോജ്യമായതിനാൽ ഇവിടെ താറാവ് വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുക.
6. ഔഷധഗുണങ്ങളുള്ള കാടമുട്ട. കാടഇറച്ചി. എന്നിവ ലഭിക്കുന്നതിന് കാട വളർത്തൽ യൂണിറ്റുകൾ സ്ഥാപിക്കുക.

### 3. മാംസോത്പാദനമേഖല:-

**1. ആടുവളർത്തൽ:-**

**കുറഞ്ഞ മുതൽമുടക്കിൽ കൂടുതൽ ആദായം ലഭിക്കുന്ന ഒരു മേഖലയാണ് ആടുവളർത്തൽ. ഇതിനായി രണ്ടോ മൂന്നോ ആടുകളെ വളർത്തുന്ന ചെറുയൂണിറ്റുകൾ സ്ഥാപിക്കുക.**

ആട്ടിറച്ചി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി മുന്തിയ ഇനം ആട്ടിൻകുട്ടിക്കളെ ലഭ്യമാക്കണം. പ്രജനനത്തിനു വേണ്ടി മലബാറി ജമുനാപാരി ഇനങ്ങളിൽപ്പെട്ട മുട്ടനാടുകളെ വളർത്തുന്ന യൂണിറ്റുകൾ സ്ഥാപിക്കുക. നല്ലയിനം ആട്ടിൻകുട്ടികളെ ലഭിക്കുന്നതിന് പ്രത്യേകമായി ഒരു ആടു വളർത്തൽ കേന്ദ്രവും സ്ഥാപിക്കുക. ഇവിടെ മുന്തിയഇനം 10 പെണ്ണാടുകൾക്ക് ഒരു മുട്ടനാട് എന്ന തോതിൽ ഉണ്ടായിരിക്കണം.

**2 പന്നിവളർത്തൽ:-**

പഞ്ചായത്തിന്റെ കായലോരങ്ങൾ പന്നിവളർത്തലിന് അനുയോജ്യമായതിനാൽ മേൽത്തരം പന്നി കുഞ്ഞുങ്ങളെ വളർത്തുന്നതിനുള്ള യൂണിറ്റുകൾ ആരംഭിക്കുക.

**3. മുയൽ വളർത്തൽ:-**

**അഞ്ചു പെൺമുയലും ഒരാൺമുയലും ഉൾപ്പെട്ട യൂണിറ്റുകൾ സബ്സിഡി നിരക്കിൽ നല്കുക.**

**4. തീറ്റപുൽകൃഷി**

**ഈ പഞ്ചായത്തിൽ തരിശു ഭൂമികൾ ലഭ്യമല്ലാത്തതുകൊണ്ട് തെങ്ങിൻ തോപ്പുകളിൽ ഇടവിളയായി തീറ്റപുൽകൃഷി ചെയ്യേണ്ടതാണ്. ഇതിന് മേൽത്തരം പുൽവിത്തുകൾ ലഭ്യമാക്കണം വ**

ളം സബ്സിഡി നിരക്കിൽ നൽകണം. ഒരുപ്പൂ നിലങ്ങളിൽ വിളവെടുപ്പിന് ശേഷം പുൽകൃഷി ചെയ്യാവുന്നതാണ്. ആടുവളർത്തലിന് ആവശ്യമായ തോൽ ലഭിക്കുന്നതിനായി പ്ലാവ്, സുബാബുൾ എന്നീ വൃക്ഷങ്ങൾ നട്ടുപിടിപ്പിക്കണം.

**5. കാലിത്തൊഴുത്ത്**

തൊഴുത്ത് നിർമ്മാണത്തിനും നന്നാക്കലിനും ധനസഹായം നൽകുക.

**6. വളക്കുഴി**

ഓരോ വീട്ടിലും ഓരോ വളക്കുഴി എന്ന ആശയം നടപ്പിലാക്കി ജൈവവളക്ഷാമം പരിഹരിക്കുക.

**7. ഇൻഷുറൻസ്**

കന്നുകാലി ഇൻഷുറൻസ് സാർവത്രികമാക്കുക. ആട്, പന്നി, മുയൽ, കോഴി, താറാവ് എന്നിവയ്ക്കും ഇൻഷുറൻസ് ഏർപ്പെടുത്തുക. പ്രീമിയത്തിന്റെ 50 ശതമാനം സബ്സിഡി നൽകുക.

**8. അറവുശാല**

പഞ്ചായത്തിന്റെ പരിധിയിൽ ആധുനിക സൗകര്യങ്ങളോടു കൂടിയ ഒരു അറവുശാല സ്ഥാപിക്കണം. ഇവിടെ നിന്നും ഗുണനിലവാരം നിശ്ചയിച്ച മാംസം വില്ക്കുക. അനധികൃത കശാപ്പുശാലകൾ നിർത്തലാക്കുക. ഇതിനായി പഞ്ചായത്ത് തലത്തിൽ ഒരു സ്ക്വാഡ് രൂപീകരിക്കുക. അറവുശാലകളിൽ നിന്നു ലഭിക്കുന്ന രക്തം, തോൽ, എല്ല്, ജലാറ്റിൻ എന്നിവ സംസ്കരിക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കുക.

**9. പേവിഷ നിർമ്മാർജ്ജന പരിപാടി**

പഞ്ചായത്തിലുള്ള എല്ലാ വളർത്തുനായ്ക്കൾക്കും പേവിഷ ബാധയ്ക്കെതിരായുള്ള കുത്തിവെയ്പ് നിർബന്ധമാക്കുക. തെരുവുനായ്ക്കളെ ഉന്മൂലനം ചെയ്യുക. നായ്ക്കൾക്ക് ലൈസൻസ് സമ്പ്രദായം ഏർപ്പെടുത്തുക.

**10. വിപണന മേഖല**

- പാൽ, പാൽ ഉൽപ്പനങ്ങൾ, ഇറച്ചി, മുട്ട മുതലായവ വില്ക്കുന്നതിന് വിപണന കേന്ദ്രങ്ങൾ വനിതാ സഹകരണ സംഘങ്ങളുടെ ചുമതലയിൽ ആരംഭിക്കുക.

**11. തൊഴിൽ മേഖല**

മുകളിൽ പറഞ്ഞിരിക്കുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കിയാൽ പഞ്ചായത്തിലെ ജനസംഖ്യയിൽ 10 ശതമാനം പേർക്ക് തൊഴിൽ ലഭിക്കുന്നതാണ്. 12. കന്നുകാലി രജിസ്ട്രേഷൻ

12. പഞ്ചായത്തതിർത്തിയിലുള്ള എല്ലാ കന്നുകാലികളെയും രജിസ്റ്റർ ചെയ്ത് വിശദവിവരമടങ്ങിയ കാർഡ് ഉടമകൾക്ക് നൽകുക. കാലാകാലങ്ങളിൽ വേണ്ടവിവരം ഈ കാർഡുകളിൽ രേഖപ്പെടുത്തി കന്നുകാലികളെ സംബന്ധിച്ച അടിസ്ഥാന രേഖയായി ഇത് സൂക്ഷിക്കുക.

**13. പരിശീലനവും പഠനയാത്രയും**

കാലിവളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്ക് അതിനെ സംബന്ധിച്ചുള്ള നൂതന ശാസ്ത്രീയ വശങ്ങൾ മനസ്സിലാക്കുന്നതിന് പരിശീലനവും പ്രവർത്തി പരിചയവും കാലാകാലങ്ങളിൽ നൽകേണ്ടതാണ്. ഇതിന് സഹായിക്കുന്ന പഠനയാത്രകൾ ആണ്ടിൽ ഒന്നോരണ്ടോ തവണ നടത്തേണ്ടതും ആവശ്യമാണ്.

**14. മൃഗാശുപത്രിയുടേയും ഉപകേന്ദ്രത്തിന്റേയും വികസനം**

1963 ൽ പ്രവർത്തനം ആരംഭിച്ച മങ്ങാട് മൃഗാശുപത്രി നാളിതുവരെ വാടകക്കെട്ടിടത്തിലാണ് പ്രവർത്തിച്ചു വരുന്നത്. 9–ാം പദ്ധതിക്കാലത്ത് മൃഗാശുപത്രിക്ക് സ്വന്തമായി സ്ഥലവും ആധുനിക സൗകര്യങ്ങളുള്ള കെട്ടിടങ്ങളും നിർമ്മിക്കണം. ആവശ്യമായ മരുന്നുകൾ, ക്ലിനിക്കൽ ലബോററ്ററി, ടെലിഫോൺ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കണം. പാൽക്കുളങ്ങരയിൽ പ്രവർത്തിക്കുന്ന ഉപകേന്ദ്രത്തിന് കൂടുതൽ സൗകര്യങ്ങൾ ഏർപ്പെടുത്തണം. മൃഗ ചികിത്സാ സൗകര്യങ്ങൾ ഇല്ലാത്ത ചാത്തിനാംകുളം ഭാഗത്ത് ഒരു ഉപകേന്ദ്രം സ്ഥാപിക്കുകയും വേണം.

മൃഗസംരക്ഷണമേഖലയിൽ നിന്ന് കർഷ

കർക്ക് അധിക വരുമാനം ഉണ്ടാക്കാൻ കഴിയുമെന്ന് ബോധ്യപ്പെടുത്തിയാൽ ഈ മേഖലയിലേക്ക് പുത്തൻ തലമുറയെ കൊണ്ടുവരാനും ധാരാളം തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും സാധിക്കും. ഇതുവഴി സമൂഹത്തിലെ ദുരിതമനുഭവിക്കുന്ന സാധാരണ കർഷകർക്ക് സാമ്പത്തികനേട്ടവും ഈ പ്രദേശത്തിന്റെ സാമ്പത്തിക ആരോഗ്യമേഖകളിലെ സമഗ്രവികസനവും സാധ്യമാക്കാവുന്നതാണ്.

## മത്സ്യബന്ധനം

കിളികൊല്ലൂർ പഞ്ചായത്തിന്റെ വടക്കുപടിഞ്ഞാറുഭാഗം പ്രകൃതി രമണീയമായ അഷ്ടമുടി കായൽ സ്ഥിതിചെയ്യുന്നു. മങ്ങാട്, അറുന്നൂറ്റിമംഗലം സി, കരിക്കോട് സി., കന്നിമേൽ എ. എന്നീ വാർഡുകളുടെ ഏകദേശം 1.74 കിലോമീറ്ററോളം നീളത്തിൽ കായലോരപ്രദേശമാണ്. ഇതിൽ 0.54 കിലോമീറ്റർ മാത്രമാണ് കിളികൊല്ലൂർ പഞ്ചായത്തിൽ ഉൾപ്പെടുന്നത്. ബാക്കിയുള്ള കായൽപ്രദേശം തൃക്കടവൂർ പഞ്ചായത്തിന്റെ അധീനതയിലാണ്. കായലോരത്ത് താമസിക്കുന്ന ഏതാനും കുടുംബങ്ങൾ നാടൻ വള്ളവും വലയും ഉപയോഗിച്ച് കായലിൽ മത്സ്യബന്ധനം നടത്തുന്നു. ഇത്തരം കുടുംബങ്ങളുടെ പ്രധാന വരുമാന മാർഗ്ഗം മത്സബന്ധനവും വിപണനുമാണ്. ഏകദേശം 400 പേർ ഈ രംഗത്ത് തൊഴിലെടുക്കുന്നു. പുരുഷന്മാർ പിടിച്ചുകൊണ്ടുവരുന്ന മത്സ്യങ്ങൾ സ്ത്രീകൾ മാർക്കറ്റിൽ കൊണ്ടുപോയി വിപണനം നടത്തുന്നു. കായലിൽ നിന്നും കരിമീൻ, ഞണ്ട്, കക്ക, കൊഞ്ച്, കൂഴാവാലി, വരാൽ, കൈതക്കോര, എന്നിവ ലഭിക്കുന്നു. എന്നാൽ കായലോര പ്രദേശങ്ങളിൽ വ്യാപകമായി കാലാകാലങ്ങളിൽ തൊണ്ടഴുക്കൽ നടത്തിക്കൊണ്ടിരിക്കുന്നതിനാൽ മത്സ്യബന്ധനത്തിന് നാശം സംഭവിച്ചുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞവർഷം കായലിലും കുളങ്ങളിലും വ്യാപകമായി പടർന്നുപിടിച്ച. രോഗത്തിന്റെ ഫലമായി മത്സ്യങ്ങൾ വൻതോതിൽ ചത്തൊടുങ്ങുകയുണ്ടായി.

കരിക്കോട് സി. വാർഡിലുള്ള സ്ത്രീ തൊഴിലാളികൾ നീണ്ടകരയിൽ നിന്നും കടൽ മത്സ്യങ്ങൾ വിലയ്ക്കു വാങ്ങി ഗ്രാമപഞ്ചായത്തിലെ മാർക്കറ്റുകളിലും വീടികളിലും വില്പന നടത്തുന്നുണ്ട്. ഉൾനാടൻ മന്ത്യബന്ധനവുമായി ബന്ധപ്പെട്ട് 206 പേരും യന്ത്രവത്കൃത മത്സ്യബന്ധനത്തിൽ 39 പേരും മത്സ്യവിപണനത്തിൽ ഏർപ്പെട്ടിട്ടുള്ള 155 പേരും ഈ മേഖലയിൽ തൊഴിലെടുക്കുന്നു. കടൽ മത്സ്യങ്ങൾ വാങ്ങി നാട്ടിൽ വിൽക്കുന്നവർ കടുത്ത ചൂഷണത്തിന് വിധേയരാകുന്നതിനാൽ അവർക്ക് സാമ്പത്തികമായി ഉയരാൻ കഴിയുന്നില്ല. മാർക്കറ്റുകളിൽ വെച്ച് 1000 രൂപ സ്വകാര്യവ്യക്തികളിൽ നിന്നും വാങ്ങുന്നു മത്സ്യവില്പനക്കാർ വൈകിട്ട് പലിശയടക്കം 1100 രൂപ തിരികെകൊടുക്കേണ്ടിവരുന്ന സാഹചര്യം ഗൗരവമായികാണേണ്ട പ്രശ്നമാണ്. മത്സ്യത്തിന്റെ ദൗർലഭ്യം കാരണം ഇപ്പോൾ പഞ്ചായത്തിലെ മത്സ്യതൊഴിലാളികൾ മറ്റ് കായലുകളിൽ പോയി മത്സ്യബന്ധനം നടത്തേണ്ടിവന്നിരിക്കുന്നു.

പെരിനാട് പഞ്ചായത്തിൽ പ്രവർത്തിക്കുന്ന മത്സ്യത്തൊഴിലാളി സഹകരണസംഘത്തിൽ ഈ പഞ്ചായത്തിലെ കുറച്ച് തൊഴിലാളികൾ അംഗങ്ങളായിട്ടുണ്ട്.

പഞ്ചായത്തിൽ ഏഴ് പ്രധാന മത്സ്യ മാർക്കറ്റുകൾ ഉണ്ട്. ഇവയിൽ 5 എണ്ണം സ്വകാര്യ മേഖലയിലും 2 എണ്ണം ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുമാണ്. ചന്ദനത്തോപ്പിലേയും മൂന്നാംകുറ്റിയിലേയും പഞ്ചായത്ത് വക മാർക്കറ്റുകൾക്ക് സ്വന്തമായി കെട്ടിടവും മറ്റു സൗകര്യങ്ങളുമുണ്ട് എന്നാൽ സ്വകാര്യമേഖലയിലെ മാർക്കറ്റുകൾ വഴിയോരങ്ങളിലെ തുറന്ന സ്ഥലങ്ങളിലാണ് പ്രവർത്തിക്കുന്നത്. മങ്ങാട് കിരാലുവിള പോക്കർവിള രണ്ടാംകുറ്റി കുറ്റിച്ചിറ എന്നിവിടങ്ങളിലാണ് സ്വകാര്യമാർക്കറ്റുകൾ ഇവയിൽ താരതമ്യേന മെച്ചപ്പെട്ട മാർക്കറ്റ് രണ്ടാംകുറ്റിയിലേതാണ്. ശുദ്ധജല മത്സ്യകൃഷിയിൽ യാതൊരു ശ്രദ്ധയും കിളികൊല്ലൂർ പഞ്ചായത്തിൽ ഇനിയും ഉണ്ടായിട്ടില്ല. 8 ക്ഷേത്രക്കുളങ്ങൾ കൂടാതെ 10 പഞ്ചായത്തുവക കുളങ്ങളും ഉപരിതല ശുദ്ധജല സ്രോതസായിട്ടുണ്ട. ഈ കുളങ്ങളിൽ വരാൽ കാരി, വ്ളാങ്ക്, കൈതക്കോര, എരൽ, കൊറുവ തുടങ്ങിയ മത്സ്യ

ങ്ങളേയും കാണാം. എന്നാൽ പൊതുകുളങ്ങളായി ഉപയോഗിക്കുന്നവയിൽ മിക്കതിലും തുണി അലക്കുന്നതുകൊണ്ട് ശുദ്ധജല മത്സ്യകൃഷിക്ക് യോജിച്ചതല്ലാതായിത്തീരുന്നു. എന്നാൽ കരിക്കോട് സി. യിലെ കായലോര പ്രദേശം മുണ്ടയ്ക്കൽ കായൽവാരം തുടങ്ങിയ പ്രദേശങ്ങളിൽ ഈ ഓരുജല മത്സ്യകൃഷിക്ക് വമ്പിച്ച സാധ്യതകൾ കാണുന്നു.

കരിക്കോട് സി. വാർഡിലാണ് മത്സ്യതൊഴിലാളികൾ ഭൂരിഭാഗവും താമസിക്കുന്നത്. മത്സ്യതൊഴിലാളികളുടെ പാർപ്പിടപ്രശ്നങ്ങൾക്ക് ഇതുവരെയും പരിഹാരം കാണാൻ സാധിച്ചിട്ടില്ല. മഴക്കാലത്തും വരൾച്ചയിലും ഒരു പൊലെ ശുദ്ധജലം കിട്ടാത്ത ചതുപ്പ് പ്രദേശങ്ങളിലാണ് മത്സ്യതൊഴിലാളികളിൽ നല്ലൊരു വിഭാഗം താമസിക്കുന്നത് കിണറുകളിൽ ഓരു ജലമാണ് ഈ ഭാഗങ്ങളിൽ ലഭിക്കുന്നത്. പ്രാഥമിക സൗകര്യങ്ങൾപോലും പരിമിതമാണ്. മത്സ്യഫെഡ് വഴിയുള്ള കാര്യമായ സഹായങ്ങൾ ഒന്നും തന്നെ ലഭിക്കുന്നില്ല. ഫിഷറീസ് വകുപ്പിന്റെ പദ്ധതികളിൽ മുഖ്യമായിട്ടുള്ളവയെല്ലാം കടലോര മത്സ്യതൊഴിലാളികളെ ഉദ്ദേശിച്ചുള്ളതാണ്. ആയതിനാൽ കിളികൊല്ലൂർ ഗ്രാമപഞ്ചായത്തിൽ മത്സ്യഫെഡിന്റെ യാതൊരു പ്രയോജനവും ലഭിക്കുന്നില്ല.

മത്സ്യതൊഴിലാളികൾക്കുവേണ്ടി നടപ്പിലാക്കുക്കൊണ്ടിരിക്കുന്ന പദ്ധതികൾ.

**1. മത്സ്യതൊഴിലാളികളുടെ മക്കൾക്കുള്ള ലംപ്സംഗ്രാന്റ്**

മത്സ്യബന്ധനത്തിലേർപ്പെട്ടിരിക്കുന്ന തൊഴിലാളികളുടെ മക്കൾക്കൾക്ക് വിദ്യാഭ്യാസത്തിന് ലംപ്സം ഗ്രാന്റ് അനുവദിക്കുന്നുണ്ട്. ഒന്നാംക്ലാസ്സുമുതൽ കോളേജ് ക്ലാസ്സുവരേയും വിദ്യാഭ്യാസത്തിന് ലംപ്സം ഗ്രാന്റ് നൽകുന്നു.

പട്ടിക

ലംപ്സം ഗ്രാന്റ് തുക

| | |
|---|---|
| 1-ാം ക്ലാസുമുതൽ 3-ാം ക്ലാസുവരെ | - 50 രൂപ |
| 4-ാം ക്ലാസ് | - 55 രൂപ |
| 5-ാം ക്ലാസിൽ | - 80 രൂപ |
| 6-ാം ക്ലാസുമുതൽ 7-ാം ക്ലാസുവരെ | - 90 രൂപ |
| 8-ാം ക്ലാസുമുതൽ 10.-ാം ക്ലാസുവരെ | - 125 രൂപ |

കോളേജ് തലത്തിലുള്ള കുട്ടികൾക്ക് സ്റ്റൈപന്റും ലംപ്സം ഗ്രാന്റും സ്പെഷ്യൽ ഫീസിനും പരീക്ഷാഫീസിനും അർഹമായ തുകയും നൽകി വരുന്നു.

**2 ഭവനനിർമ്മാണ പദ്ധതി**

മത്സ്യതൊഴിലാളികൾക്ക് ഈ പദ്ധതി പ്രകാരം 35,000 രൂപ ധന സഹായം നൽകുന്നു. കിളികൊല്ലൂർ ഗ്രാമപഞ്ചായത്തിൽ നടപ്പുവർഷത്തിൽ 20 അപേക്ഷകൾ കിട്ടിയിട്ടുണ്ട്. അപേക്ഷയുടെ പരിശോധനയ്ക്ക് ശേഷം അർഹരായ അപേക്ഷകരെ ഗവൺമെന്റ് നിയോഗിക്കുന്ന ഒരു കമ്മിറ്റി തെരഞ്ഞെടുക്കുന്നതാണ്.

3. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെട്ട മത്സ്യതൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് നല്കുന്ന ധനസഹായ പദ്ധതിപ്രകാരം 91-92 ൽ ഒരപേക്ഷകന് 10,000 രൂപ ധനസഹായം നൽകുകയുണ്ടായി.

4. പട്ടിക ജാതി പട്ടിക വർഗ്ഗത്തിൽപ്പെടുന്ന പുരുഷന്മാർക്കും സ്ത്രീകൾക്കും മത്സ്യവിപണനത്തിന് ധനസഹായം നൽകുന്ന പദ്ധതി.

**5. വനിതാ മത്സ്യതൊഴിലാളി ബാങ്ക്**

തലച്ചുമടായി മത്സ്യകച്ചവടം ചെയ്യുന്ന സ്ത്രീകൾക്ക് നീണ്ടകരയിൽ പ്രവർത്തിക്കുന്ന മത്സ്യതൊഴിലാളി ബാങ്കിൽ നിന്നും കുറഞ്ഞ പലിശയ്ക്ക് 500 രൂപമുതൽ 1500 വരെ വായ്പ നൽകുന്നുണ്ട്. കൂടാതെ മത്സ്യഫെഡ് ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ധനസഹായവും വായ്പയും നൽകിവരുന്നു.

ക്ഷേമനിധി ബോർഡിൽനിന്നും ഉൾനാടൻ മത്സ്യതൊഴിലാളികൾക്ക് വേണ്ടി നടപ്പാക്കിവരുന്ന ക്ഷേമ പദ്ധതികൾ

1. **വാർദ്ധക്യകാല പെൻഷൻ**
2. **വിവാഹ ധനസഹായം**
3. **അപകട ഇൻഷുറൻസ് പദ്ധതി**

മേൽപ്പറഞ്ഞ പദ്ധതികളെ സംബന്ധിച്ച് അറിവില്ലായമ്കൊണ്ടും ക്ഷേമനിധിയിൽ ചേരാത്തതിനാലും അർഹതപ്പെട്ട നിരവധിപേർക്ക് ആനുകൂല്യങ്ങൾ ലഭിക്കാതെ പോകുന്നു.

ജൂൺ മുതൽ ആഗസ്റ്റ് വരെയുള്ള മാസങ്ങളിൽ മത്സ്യദൗർലഭ്യം മത്സ്യതൊഴിലാളികളുടെ ജീവിതത്തെ ദുരിത പൂർണ്ണമാക്കുന്നു.

പ്രധാന പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ ശുദ്ധജല മത്സ്യകൃഷി ഓരുജല മത്സ്യകൃഷി എന്നിവയ്ക്കുള്ള സാദ്ധ്യതകൾ ഉപയോഗപ്പെടുത്തിയിട്ടില്ല.
2. കായലോരപ്രദേശത്തെ ജനങ്ങളുടെ പ്രധാന ഉപജീവന മാർഗ്ഗം മത്സ്യബന്ധനമാണെങ്കിലും സാമ്പത്തിക പ്രതിസന്ധികാരണം വള്ളവും വലയും വാങ്ങാൻ കഴിയുന്നില്ല.
3. മത്സ്യതൊഴിലാളി സഹകരണസംഘം പ്രവർത്തനമാരംഭിച്ചിട്ടില്ല.
4. മത്സ്യോത്പാദന വിപണന രംഗത്ത് ശാസ്ത്രീയ രീതികൾ അവലംബിക്കുന്നില്ല.
5. മത്സ്യരോഗം തടയാൻ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ല.
6. തൊണ്ടഴുക്കൽ മത്സ്യസമ്പത്ത് നശിക്കാൻ കാരണമാകുന്നു.
7. ക്ഷേമനിധി പദ്ധതികൾ മത്സ്യതൊഴിലാളികൾ അറിയുന്നില്ല.
8. 60 വയസ്സുകഴിഞ്ഞ മത്സ്യതൊഴിലാളികൾക്ക് ക്ഷേമനിധിയിൽ അംഗങ്ങളാകാൻ കഴിയുന്നില്ല.

സാധ്യതകൾ.

1. പഞ്ചായത്ത് വക കുളങ്ങൾ ശുദ്ധജല മത്സ്യകൃഷി നടത്താവുന്നവയാണ്. സ്വകാര്യവ്യക്തികളേയും ഇതിൽ സഹകരിപ്പിക്കാം.
2. മത്സ്യബന്ധനം ഉപജീവനമാർഗ്ഗമായി സ്വീകരിച്ചിരിക്കുന്ന കുടുംബങ്ങൾക്ക് വള്ളവും വലയും വാങ്ങാൻ സാമ്പത്തിക സഹായം നൽകുക.
3. ഒരു മത്സ്യതൊഴിലാളി സഹകരണസംഘം സ്ഥാപിക്കുക.
4. ആനുകൂല്യങ്ങളെക്കുറിച്ച മത്സ്യതൊഴിലാളികളെ ബോധവാന്മാരാക്കുക.
5. ഉൾനാടൻ മത്സ്യതൊഴിലാളികൾക്കുവേണ്ടി ക്ഷേമപദ്ധതികൾ ആരംഭിക്കുക.
6. മത്സ്യഭവൻ സ്ഥാപിക്കുക.
7. മത്സ്യരോഗം തടയാൻ ആവശ്യമായ പ്രതിവിധികൾ സ്വീകരിക്കുക.

കണ്ടച്ചിറ ചീപ്പിന് കിഴക്ക്വശം ഉദ്ദേശം 2.5 ഏക്കർ വരുന്ന വെള്ളക്കെട്ടിൽ ശാസ്ത്രീയ മത്സ്യകൃഷി നടത്തുന്നതിനുള്ള സാധ്യതകളെക്കുറിച്ച കൊല്ലം ജില്ലാ മത്സ്യകർഷകവികസന ഏജൻസി പരിശോധിക്കുകയുണ്ടായി. ചീപ്പിന്റെ പടിഞ്ഞാറ് ഭാഗം അഷ്ടമുടിക്കായലാണ്. കായലിലെ ഉപ്പ് വെള്ളവും മേപ്പടി ജലാശയത്തിലെ ജലവും കൂടി കലർന്നു കിടക്കുകയാണ്. കണ്ടച്ചിറ ചീപ്പിന്റെ ഷട്ടറുകൾ നിലവിൽ പ്രവർത്തിക്കുന്നില്ല. തന്മൂലം കിഴക്കുവശത്തുള്ള വെള്ളക്കെട്ടിൽ ഉപ്പിന്റെ അംശം കാണപ്പെടുന്നു. മഴക്കാലത്ത് ഷട്ടർതുറന്നുവിടാതിരുന്നാൽ വെള്ളപ്പൊക്കത്തിന് സാദ്ധ്യത കൂടുതലാണ്. കായലിൽ ധാരാളമായി തൊണ്ടഴുക്കലും കയറുപിരിപ്പും ഉള്ളതുകൊണ്ട് തൊണ്ടിന്റെ കറ ധാരാളം കാണപ്പെടുന്നു. തൻനിമിത്തം കായൽ ജലം മലിനമാകുകയും വിഷാംശമുള്ള ഹൈഡ്രജൻ സൾഫൈഡ് വാതകങ്ങൾ ഉണ്ടാകുകയും ചെയ്യുന്നു. ഈ കാരണങ്ങളാൽ കണ്ടച്ചിറ ചീപ്പിന് കിഴക്ക് വശമുള്ള വെള്ളക്കെട്ട് ശുദ്ധ ജലമത്സ്യകൃഷിക്ക് അനുയോജ്യമല്ലെന്ന് ഏജൻസി റിപ്പോർട്ടിൽ പറയുന്നു.

എന്നാൽ മത്സ്യകൃഷിരംഗത്തെ പരിചയസമ്പന്നരുടെ അഭിപ്രായം അനുസരിച്ച് ഓരു ജലമത്സ്യ കൃഷിക്ക് ഇവിടം അനുയോജ്യമാണ്. മുണ്ടയ്ക്കൽ കായൽ വാരം, കിളികൊല്ലൂർ ബി വാർഡിൽ റെയിവേ ലൈനിന്റെ കിഴക്ക് ഭാഗം, പാലക്കടവിന്റെ വടക്കേക്കര തുടങ്ങിയ ഭാഗങ്ങളും ഓരുജലമത്സ്യകൃഷിക്ക് അനുയോജ്യമാണ്.

# 5.3 വ്യവസായരംഗം




ഒരു ദേശത്തിന്റെ സാമ്പത്തികമായ വളർച്ചയും ഭദ്രതയും അവിടുത്തെ വാണിജ്യവ്യവസായങ്ങളിൽ അധിഷ്ഠിതമായിരിക്കുന്നു. ഉയർന്ന വരുമാനവും ജോലി സ്ഥിരതയും വ്യവസായങ്ങളുടെ മാത്രം സംഭാവനയാണ്. കിളികൊല്ലൂർ ഗ്രാമപഞ്ചായത്തിന് ഈ രംഗത്ത് അതിപ്രധാനമായ ഒരു ചരിത്രമാണ് ഉള്ളത്. ഇന്ത്യ സ്വാതന്ത്ര്യം നേടുന്നതിനു വളരെ മുമ്പേ കിളികൊല്ലൂർ ഗ്രാമപഞ്ചായത്ത് കശുവണ്ടി കയർ എന്നീ വ്യവസായങ്ങളിൽ പ്രശസ്തമായ സ്ഥാനം കൈവരിച്ചിട്ടുണ്ട്. ഈ പ്രദേശത്തെ വെളുത്ത 'പൊന്നിന്റെ നാടെന്ന്' പാശ്ചാത്യ നാടുകളായ ഇംഗ്ലണ്ട്, അമേരിക്ക എന്നിവിടങ്ങളിൽ അറിയപ്പെട്ടിരുന്നു. അതുപോലെ മങ്ങാടൻ കയർ വിദേശ കമ്പോളങ്ങളിൽ വളരെ അംഗീകാരം നേടിയ ഒരു ഉൽപ്പന്നമായി അറിയപ്പെട്ടിരുന്നു. കശുവണ്ടി വ്യവസായത്തിന്റെ അനുബന്ധവ്യവസായമായി വളർന്നുവന്നതാണ് സാമില്ലുകളും ടിൻ വ്യവസായ സ്ഥാപനങ്ങളും. തീപ്പെട്ടി വ്യവസായത്തിന്റെ രൂപീകരണവും വളർച്ചയും ഇവിടുത്തെ മറ്റൊരു പ്രത്യേകതയാണ്. ഇവിടെയുണ്ടായിരുന്ന ഏക ഓട്ട് കമ്പനി ഇപ്പോൾ നിലവിലില്ല.

പരമ്പരാഗത വ്യവസായമല്ലാത്ത തീപ്പെട്ടി, തീപ്പെട്ടി കൊള്ളി, ഫർണിച്ചർ, എൻജിനീയറിംഗ്, പി. വി. സി പൈപ്പ്, പ്ലൈവുഡ്, മുള്ളുകമ്പി, വിവിധതരം വർക്ക്ഷോപ്പുകൾ, ഖാദി ഉല്പന്നങ്ങൾ എന്നിവയുടെ ഉത്പാദന യൂണിറ്റുകൾ ആധുനിക വ്യവസായങ്ങൾ എന്ന നിലയിൽ ഇവിടെ ഉയർന്നു വന്നു. അങ്ങനെ വിവിധ വ്യവസായങ്ങളുടെ ആവിർഭാവത്തോടെ കിളികൊല്ലൂർ ഒരു വ്യവസായ കേന്ദ്രമായി വളർന്നു. ആയിരക്കണക്കിന് തൊഴിലാളികൾ ഈ വ്യവസായങ്ങളെ ആശ്രയിച്ച് ഇങ്ങോട്ട് ആകർഷിക്കപ്പെട്ടിട്ടുണ്ട്. ഈ പ്രദേശത്തെ ജനങ്ങളിൽ ഏറിയ പങ്കും മറ്റു സ്ഥലങ്ങളിൽനിന്നും കുടിയേറിപ്പാർത്തവരാണ്. കേവലം 11.24 ചതുരശ്ര കീലോമീറ്റർ മാത്രം വിസ്തീർണ്ണമുള്ള ഈ ഗ്രാമപഞ്ചായത്തിൽ ജനസംഖ്യ 57000 ത്തോളമായി ഉയർന്നതിനുള്ള കാരണവും ഇവിടുത്തെ വ്യവസായ കേന്ദ്രീകരണമാണ്. (സെൻസസ് 1991)

കിളികൊല്ലൂർ ഗ്രാമം കശുവണ്ടി വ്യവസായത്തിന്റെ സിരാകേന്ദ്രമാണ്. ഈ ഗ്രമത്തെ കശുവണ്ടി ഗ്രാമം എന്ന അപരനാമത്തിൽ മാധ്യമങ്ങൾ

വിശേഷിപ്പിച്ചിട്ടുണ്ട്. കശുവണ്ടിരംഗം ഇപ്പോൾ സ്വകാര്യവ്യവസായികളുടെ സ്വാധീന വലയത്തിലാണ്. അവരുടെ അനാരോഗ്യമായ മത്സരങ്ങളിൽ കുടുങ്ങിയാണ് ഈ വ്യവസായം മിക്കപ്പോഴും പ്രതിസന്ധിയിൽ എത്തിച്ചേർന്നിട്ടുള്ളത്. തോട്ടണ്ടിയുടെ ശേഖരണത്തിലും പരിപ്പിന്റെ വില്പനയുലും അവർ അനുവർത്തിക്കുന്ന നയം ഈ വ്യവസായ പുരോഗതിക്ക് ഭൂഷണമല്ലാതായിരിക്കുന്നു എന്നതാണ് സത്യം. ഇന്ന് കശുവണ്ടിവ്യവസായത്തിൽ പൊതുമേഖയിലുള്ള നാലുഫാക്ടറികൾ ഉൾപ്പെട് 26 കമ്പനികൾ ഈ പ്രദേശത്ത് സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ഇതിൽ രണ്ടെണ്ണം സഹകരണ മേഖലയിലുള്ള കാപെക്സിലാണ്. കയർ ഉൽപ്പാദനത്തിൽ ചെറുകിട സ്ഥാപനങ്ങളാണ് ഏർപ്പെട്ടിരിക്കുന്നത്. സഹകരണ മേഖലയിൽ ഒരു കയർ ഉൽപ്പാദന യൂണിറ്റ് പ്രവർത്തിക്കുന്നു.

ഈ ഗ്രാമപഞ്ചായത്തിൽ വിവിധ മേഖലകളിലായി പതിനായിരത്തിലേറെ തൊഴിലാളികൾ പണിയെടുക്കുന്നു. കശുവണ്ടി, കയർ എന്നീ മേഖലകളിൽ 90 ശതമാനത്തിലധികം സ്ത്രീതൊഴിലാളികളാണ്. കശുവണ്ടി വ്യവസായം വലിയതോതിൽ വിദേശനാണ്യം നേടിത്തരുന്ന ഒന്നാണ്. പാശ്ചാത്യരാജ്യങ്ങളിൽ പ്രശസ്തിയാർജ്ജിച്ചിട്ടുള്ള കിളികൊല്ലൂർ കൊല്ലം പട്ടണത്തോട് ചേർന്നു കിടക്കുന്നു. കശുവണ്ടി വ്യവസായമാണ് കിളികൊല്ലൂരിന്റെ ശ്രേയസ്സിന്റെ അടിസ്ഥാനം. വളരെ ലാഭകരമായി നടത്തിപ്പോരുന്ന ഈ വ്യവസായത്തിന്റെ അധഃപ്പതനത്തിന് ഹേതുവാകുന്നത് സ്വകാര്യ മുതലാളിമാരുടെ കിടമത്സരമാണ്. ചില വൻകിട മുതലാളിമാർ പുന്തള്ളപ്പെടുന്നതും അതുകൊണ്ടാണ്. തൊഴിലാളികൾ വൻചൂഷണത്തിന് വിധേയമാകുന്നു.തൊഴിൽ-വേതന നിയമങ്ങൾ വിദഗ്ദമായി ലംഘിക്കപ്പെടുന്നു. ഇതിനു പരിഹാരമായാണ് ഈ വ്യവസായത്തിൽ സർക്കാർ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയത്. വമ്പിച്ച തോതിൽ തൊഴിൽ പ്രധാനം ചെയ്യുന്ന കശുവണ്ടി വ്യവസായം സംരക്ഷിക്കപ്പെടേണ്ടതും വികസിപ്പിക്കേണ്ടതുമാണ്. അത് ലക്ഷ്യമാക്കി തൊഴിലാളികൾ സംഘടിപ്പിച്ച പ്രക്ഷോപണങ്ങളുടേയും സമരങ്ങളുടേയും ഫലമായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപടികൾ സ്വീകരിച്ചു. തോട്ടണ്ടിയുടെ ഇറക്കുമതി ദേശീകരിച്ചു. കൂടാതെ കേരളത്തിൽ ഉൽപാദിപ്പിക്കുന്ന കശുവണ്ടി സർക്കാർ ശേഖരിച്ച് ഇറക്കുമതി തോട്ടണ്ടിയുടെ അനുപാതത്തിൽ തന്നെ കമ്പനികൾക്ക് നൽകാനുള്ള സംവിധാനം ഉണ്ടായി. എന്നാൽ ഈ രംഗത്ത് വളരെ പ്രാധാന്യം നൽകേണ്ട വിദേശക്കച്ചവടം നിയന്ത്രിക്കാനോ ദേശീകരിക്കാനോ കേന്ദ്രസർക്കാർ വിസമ്മതിച്ചു. അതുകൊണ്ട് വിദേശവാണിജ്യരംഗത്ത് നിലനിന്ന കഴുത്തറുപ്പൻ മത്സരങ്ങൾ നിർബാധം മുന്നോട്ട് പോയി. എന്നാൽ 1970-77 കാലഘട്ടത്തിൽ ഈ വ്യവസായ രംഗത്ത് പ്രതിസന്ധികൾ കുറവായിരുന്നു.

കശുവണ്ടി വ്യവസായത്തിലെ മറ്റൊരു പ്രതിസന്ധി ചുരുങ്ങിയ തൊഴിലവസരങ്ങളാണ്. തോട്ടണ്ടിയുടെ ദൗർലഭ്യം മൂലം തൊഴിലാളികൾക്ക് പൊതുമേഖലയിൽ ആണ്ടിൽ 50 ൽ താഴെ തൊഴിൽ ദിനങ്ങൾ മാത്രമേ ലഭ്യമാകുന്നുള്ളൂ. സഹകരണമേഖലയിൽ കമ്പനികൾ കുറവായതിനാൽ അവിടെ 100 മുതൽ 200 വരെ തൊഴിൽ ദിനങ്ങൾ ലഭ്യമാകുന്നു. സ്വകാര്യമേഖലയിൽ വർഷത്തിൽ മുഴുവൻ ദിനങ്ങളും തൊഴിൽ നൽകുന്ന ഫാക്ടറികൾ അപൂർവ്വമായെങ്കിലുമുണ്ട്. കുറേ ഫാക്ടറികൾ എല്ലാക്കാലവും മാറിമാറി അടഞ്ഞു കിടക്കുന്നത് സാധാരണ ദൃശ്യമാണ്. ഈ വ്യവസായത്തിൽ മറ്റൊരു പ്രതിസന്ധിയും രൂപം കൊണ്ടിട്ടുണ്ട്. 'കമ്മീഷൻ വറുപ്പ്' എന്നാണ് അത് അറിയപ്പെടുന്നത്. അത് വൻതോതിൽ നമ്മുടെ പഞ്ചായത്തിൽ നടക്കുകയും ചെയ്യുന്നു. ഈ വ്യവസായത്തിന്റെ സ്ഥിരതയെ ഇത് വളരെ അപകടകാരമായി ബാധിക്കുന്നു. കൂടാതെ തോട്ടണ്ടിയുടെ ലഭ്യത കണക്കിലെടുക്കാതെ പുതിയ ഫാക്ടറികൾ നിയന്ത്രണമില്ലാതെ അനുവദിക്കുന്നതും ഇതിനെ തകർക്കാനേ ഉപകരിക്കുകയുള്ളൂ. കശുവണ്ടി പ്ലാന്റേഷനെക്കുറിച്ച് വളരെയേറെ പറഞ്ഞു കേൾക്കുന്നുണ്ടെങ്കിലും ഈ രംഗത്ത് എന്തെങ്കിലും നടപടികൾക്ക് ഒരു രൂപവും നൽകിയിട്ടില്ല എന്നതാണ് സത്യം.

കയർ വ്യവസായവും പ്രതിസന്ധിയെ അഭിമുഖീകരിക്കുകയാണ്. ഇവിടെ തൊഴിൽ ദിനങ്ങൾ നൂറിൽക്കുറവുമാത്രമാണ്. നിയമപ്രകാരമുള്ള കൂലി തൊഴിലാളികൾക്ക് ലഭിക്കുന്നില്ല. സഹകരണസംഘം പോലും കുറഞ്ഞകൂലിയാണ് തൊഴിലാളികൾക്ക് നൽകുന്നത്. എന്നിട്ടും അത് നഷ്ടത്തിൽ പ്രവർത്തിക്കുന്നു എന്നാണ് അറിയുന്നത്. ഇപ്പോൾ കയർരംഗത്ത് 'പൊള്ളാച്ചി' എന്ന നാര് വ്യാപകമായി ഉപയോഗിച്ചുവരുന്നു. പച്ചതൊണ്ടിൽ നിന്നുമാണ് ഇത് ഉൽപ്പാദിപ്പിക്കുന്നത്. തൊഴിൽ ദിനക്കുറവും, തൊഴിലാളികളുടെ ലഭ്യതക്കുറവും കണക്കാക്കി എളുപ്പമായി ശേഖരിക്കാൻ കഴിയുന്ന അസംസ്കൃതവസ്തു എന്ന നിലയ്ക്കാണ് ഈ നാര് ഉപയോഗിക്കപ്പെടുന്നത്. തൊണ്ട് ശേഖരിച്ച് മൂടി അഴുക്കിയെടുക്കുന്ന സമ്പ്രദായത്തിൽ നിന്ന് വ്യവസായികൾ അകന്നു പോകുന്നു എന്നാണ് ഇത് ചൂണ്ടിക്കാണിക്കുന്നത്. കയർ രംഗത്ത് കുത്തക മുതലാളിത്വ പ്രവണത വർദ്ധിച്ചുവരുന്നു. ലാഭം അത്തരം മുതലാളിമാർ കൈയ്യടക്കുന്നു. ചെറുകിട ഉൽപ്പാദകർക്ക് അവർ തുച്ഛമായ വിലനൽകി കയർ ശേഖരിക്കുന്നു. ചെറുകിടക്കാർക്ക് അതുവഴി കമ്പോളങ്ങൾ നഷ്ടപ്പെടുന്നു. ഉൽപ്പന്നങ്ങൾ നേരിട്ട് വിറ്റഴിക്കാനുള്ള സാമ്പത്തിക ശേഷി അവർക്കില്ലാത്തതും ശരിയായ വിപണനസൗകര്യങ്ങളുടെ അപര്യാപ്തതയുമാണ് ഈ ചൂഷണത്തിന് കാരണം. എന്നാൽ പൊതുമേഖലാ സ്ഥാപനമായ കയർഫെഡ്, ചെറുകിടക്കാരുടെ ഉൽപ്പന്നങ്ങൾ അതാതുസമയങ്ങളിൽ വാങ്ങാനുള്ള നടപടി സ്വീകരിച്ചാൽ നിലവിലുള്ള പ്രതിസന്ധിക്കും ചൂഷണത്തിനും ഒരു പരിധിവരെ പരിഹാരം കാണാൻ കഴിയുന്നതാണ്. അതിനായി കയർഫെഡിന്റെ ഒരു ഡിപ്പോ ഈ പ്രദേശത്ത് സ്ഥാപിക്കണം.

തകർച്ചയെ അഭിമുഖീകരിക്കുന്ന മറ്റൊരു വ്യവസായമാണ് സ്വാമിൽ. സാമ്പത്തികമായ കഴിവില്ലായ്മ, തടിയുടെ ലഭ്യതക്കുറവ്, കമ്മീഷൻ വ്യവസ്ഥയിൽ പണിനടത്താനുള്ള വ്യവസായികളുടെ താല്പര്യം എന്നിവ ഈ മേഖലയെ അതിവേഗം അധഃപതനത്തിലേയ്ക്ക് നയിക്കുന്നു. ഇതിന്റെയും സ്ഥിരതയെ ബാധിക്കുന്നത് തടിശേഖരണത്തിലുള്ള കുത്തകയും ഉൽപ്പന്നങ്ങളുടെ വിപണിയിൽ സ്ഥാപിച്ചിരിക്കുന്ന കുത്തകകളുമാണ്. ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിനുള്ള ഉപാധികൾക്ക് അടിയന്തിരമായി രൂപം നൽകേണ്ടതാണ്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ ഉൾപ്പെടുന്ന നിരവധി സ്ഥാപനങ്ങൾ ഈ പ്രദേശത്ത് പ്രവർത്തിക്കുന്നുണ്ട്. ഇതിന്റെ വായ്പാവ്യവസ്ഥകളും കുറഞ്ഞ പലിശ നിരക്കും മറ്റു നിയമ സംരക്ഷണങ്ങളും അത്തരം വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതായി കാണുന്നുണ്ട്.

ജില്ലാവ്യവസായ കേന്ദ്രത്തിന്റെയും ദേശസാൽകരിച്ച് ബാങ്കുകളുടേയും സാമ്പത്തിക സഹായത്തോടെ നടത്തുന്ന നിരവധി ചെറുകിട വ്യവസായ യൂണിറ്റുകൾ ഇവിടെ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ സഹകരണമേഖലയിൽ ഒരു ബീഡി വ്യവസായ യൂണിറ്റ് പഞ്ചായത്തിൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ധാരാളം തൊഴിലാളികൾക്ക് പ്രത്യേകിച്ച് സ്ത്രീ തൊഴിലാളികൾക്ക് ജോലി സാദ്ധ്യതയുള്ള ഒരു വ്യവസായമാണിത്. കശുവണ്ടി തൊഴിലാളികൾക്ക് ജോലി ഇല്ലാത്ത അവസരങ്ങളിൽ ബദൽ തൊഴിൽ രംഗം എന്ന നിലയിലും ഈ വ്യവസായത്തിന് വൻ പ്രാധാന്യം കല്പിക്കുന്നുണ്ട്. കുത്തകകളുടെ ആധിപത്യം കൊടികുത്തി വാഴുന്ന ഈ രംഗത്തെ ജനകീയ വൽക്കരിക്കുന്നതിന് ഉതകുന്ന ഒന്നാണ് സഹകരണമേഖലയിൽ സ്ഥാപിക്കപ്പെടുന്ന ഇത്തരം യൂണിറ്റുകൾ. ഇപ്പോൾ പ്രവർത്തനരഹിതമായിക്കിടക്കുന്ന ബീഡിനിർമ്മാണ സഹകരണസംഘത്തെ പുനരുജ്ജീവിപ്പിച്ചാൽ അതൊരു വൻനേട്ടമായിക്കരുതാം. തീപ്പെട്ടി – ടിപ്പിംഗ് യൂണിറ്റുകളും തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ സഹായിക്കും. അതുപൊലെ തന്നെയാണ് റെഡിമെയ്ഡ് വസ്ത്രനിർമ്മാണ യൂണിറ്റുകളുടേയും പ്രാധാന്യം അത്തരം യൂണിറ്റുകളുടെ ഒരു ശൃംഖല ഈ പഞ്ചായത്തിൽ ഉണ്ടാകേണ്ടതാണ്.

പ്രശ്നങ്ങൾ

1. കിളികൊല്ലൂർ പഞ്ചായത്ത് പ്രദേശത്തെ പ്രധാന വ്യവസായ ശൃംഖലയായ കശുവണ്ടി സംസ്കരണ ഫാക്ടറികളിൽ പൊതു മേഖലയിലുള്ളവ 50 ൽ താഴെ തൊഴിൽ ദിനങ്ങൾ മാത്രവും സഹകരണമേഖലയിൽ ഉള്ളവ 150 കുറവ് തൊഴിൽ ദിനങ്ങൾ മാത്രവും സ്വകാര്യമേഖലയിലുള്ളവ 200–250 തൊഴിൽ ദിനങ്ങൾ മാത്രവും നല്കുന്നവയാണ്.
2. നിലവിലുള്ള ഫാക്ടറികളിൽ ജോലിചെയ്യുന്ന തൊഴിലാളികൾ തൊഴിലില്ലായ്മ കൊണ്ട് നട്ടംതിരിയുമ്പോൾ പുതിയ ഫാക്ടറികൾക്ക് അനുവാദം നൽകുന്നത് വിരോധാഭാസവും അപകടകരവുമാണെന്ന് സർക്കാർ തിരിച്ചറിയണം.
3. തോട്ടണ്ടി വാങ്ങുന്ന സ്ഥലത്തും പരിപ്പ് വിൽക്കുന്ന സ്ഥലങ്ങളിലും സ്വകാര്യമുതലാളിമാർ അനുവർത്തിക്കുന്ന കിടമത്സരങ്ങൾ ആ വ്യവസായത്തെ തകർക്കുകയും പൊതുമേഖലയെ നശിപ്പിക്കുകയും ചെയ്യുന്നു. ഈ അനാരോഗ്യകരമായ പ്രവണത അവസാനിപ്പിക്കേണ്ടതാണ്.
4. കാലപ്പഴക്കം ചെന്ന ശമ്പളവ്യവസ്ഥയാണ് ഇന്ന് കശുവണ്ടി രംഗത്ത് നിലനിൽക്കുന്നത്. കാലാകാലങ്ങളിൽ ശമ്പള പരിഷ്കരണം നടത്താത്തതിനാൽ ജീവിത ചെലവുമായി അത് പൊരുത്തപ്പെടാതെ നിൽക്കുന്നു. ക്ഷേമ പദ്ധതികളുടേയും നടത്തിപ്പ് തൃപ്തികരമല്ല. കശുവണ്ടി വ്യവസായ പുരോഗതിക്ക് സത്വര നടപടികൾ ആവശ്യമാണ്.
5. കയർ വ്യവസായ രംഗത്ത് അസംസ്കൃതവസ്തുവിന്റെ ലഭ്യതക്കുറവ്, ചെറുകിട ഉൽപ്പാദകർക്ക് ന്യായമായ വില കിട്ടാതിരിക്കൽ, തൊണ്ടുമൂടൽ രംഗത്തും തൊണ്ടുതല്ല് രംഗത്തും തൊഴിലാളികളെ മതിയായ അളവിൽകിട്ടാതിരിക്കൽ എന്നിവ ഗൗരവകരമാണ്.
6. സാമില്ലുകളുടെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്ന പ്രശ്നമാണ് തടിയുടെ ദൗർലഭ്യം. മുമ്പ് സൂചിപ്പിച്ചിട്ടുള്ളവ അടക്കമുള്ള ഇത്തരം പ്രശ്നങ്ങൾക്ക് അടിയന്തിര പരിഹാരം കാണേണ്ടതാണ്.
7. ചെറുകിട വ്യവസായങ്ങളെ പ്രതികൂലമായി ബാധിക്കുന്ന മറ്റൊരു ഘടകം മാർക്കറ്റിന്റെ അപര്യാപ്തതയാണ്. ചെറുകിട വ്യവസായികൾക്ക് നിശ്ചിത കാലയളവുകളിൽ പരിശീലനം നൽകേണ്ടതാണ്. ചെറുകിട വ്യവസായികോത്പന്നങ്ങൾക്ക് ഗുണമേന്മ നൽകുന്നതിന് ആവശ്യമായ സാങ്കേതിക ജ്ഞാനം ലഭ്യമല്ല.
8. സാമ്പത്തിക പ്രശ്നങ്ങളാൽ വളർച്ച നേടാൻ കഴിയാത്ത നിരവധി ചെറുകിട യൂണിറ്റുകളുണ്ട്. അതുപോലെ തന്നെ വൈദ്യുത കണക്ഷൻ കിട്ടാനുള്ള ബുദ്ധിമുട്ടും ഏറയാണ്. ഐ. ആർ. ഡി. പി., പി. എം. ആർ. വൈ., ഡി. ഡബ്ല്യൂ. സി. ആർ. എ. എന്നിവയിൽ ഉൾപ്പെടുന്ന വ്യവസായ യൂണിറ്റുകൾക്ക് ദേശസാത്കൃത ബാങ്കുകളിൽ നിന്നുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതിന് നിരവധി ബുദ്ധിമുട്ടുകൾ നേരിടേണ്ടിവരുന്നു. സർക്കാർ സബ്സിഡികളുടെ നിലയും പ്രോത്സാഹന ജനകമല്ല. കൂടാതെ സർക്കാർ സ്വീകരിച്ചിരിക്കുന്ന വ്യവസായ സംരംഭ പദ്ധതികളും, പുനരുദ്ധാരണ നയങ്ങളും മതിയായ തരത്തിൽ ജനങ്ങളിൽ എത്തിയിട്ടില്ല. ഈ രംഗത്ത് ബോധവത്ക്കരണ ശ്രമങ്ങൾ ഉണ്ടായിട്ടില്ല.

പരിഹാരങ്ങൾ

കശുവണ്ടിരംഗം

1. തോട്ടണ്ടിയുടെ ഇറക്കുമതി എസ്. റ്റി. സി. വഴി നടത്തുക.
2. നാടൻതോട്ടണ്ടി സർക്കാർ സംഭരിച്ച് ഫാക്ടറികൾക്ക് നൽകുക.
3. പരിപ്പിന്റെ വിദേശ വിപണി എസ്. റ്റി. സി. മുഖാന്തിരം ക്രമപ്പെടുത്തുക.
4. കാഷ്യൂ പ്ലാന്റേഷൻ കോർപ്പറേഷൻ രൂപീകരിക്കുക.
5. കാഷ്യൂ പ്ലാന്റേഷൻ ആസൂത്രിതമായി നടപ്പിലാക്കുക.

6. കശുവണ്ടി തൊഴിലാളികളുടെ കൂലി കാലാകാലങ്ങളിൽ പുതുക്കി നിശ്ചയിക്കുക.
7. കശുവണ്ടിപ്പരിപ്പിന്റെ ഇന്ത്യൻ വിപണി വിപുലീകരിക്കുക.
8. കശുവണ്ടി വ്യവസായത്തിൽ തൊഴിൽ–ക്ഷേമ നിയമങ്ങൾ പൂർണ്ണമായി നടപ്പിലാക്കാൻ കർശനമായ നടപടികൾ സ്വീകരിക്കുക.
9. പുതിയ കശുവണ്ടി ഫാക്ടറികൾക്ക് ലൈസൻസ് നൽകുന്നത് അവസാനിപ്പിച്ച് നിലവിലുള്ളവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുക.

**കയർ**

1. നമ്മുടെ നാട്ടിലെ തൊണ്ട് ശേഖരിച്ച് സംസ്കരിക്കാനുള്ള നടപടി അടിയന്തിരമായി സ്വീകരിക്കുക.
2. കയറുൽപന്നങ്ങൾ നിർമ്മിക്കുന്ന ഒര വൻകിട വ്യവസായ യൂണിറ്റ് സ്ഥാപിക്കുക.
3. കയറുൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിന് തൊഴിലാളികളെ പരിശീലിപ്പിക്കുക.
4. ചെറുകിട കയർ ഉൽപാദകരുടെ ഉൽപ്പന്നങ്ങൾ കയർഫെഡ് വാങ്ങാനുള്ള നടപടി സ്വീകരിക്കുക.
5. തൊഴിലാളികൾക്ക് നിയമാനുസൃതമായ കൂലി ഉറപ്പാക്കുക.
6. കയർതൊഴിലാളി ക്ഷേമപദ്ധതി പൂർണ്ണമായി നടപ്പിലാക്കുക.

**സാമിൽ**

1. തടിയുടെ ലഭ്യത ഉറപ്പുവരുത്തുക.
2. കമ്മീഷൻ വ്യവസ്ഥയിൽ സാമിൽ നടത്തുന്നത് അവസാനിപ്പിക്കുക.
3. ഉൽപ്പന്നങ്ങൾ വിറ്റഴിക്കുവാനും ഇടനിലക്കാരുരെ ചൂഷണം അവസാനിപ്പിക്കാനും സഹകരണമേഖലയിൽ ഒരു വിപണന യൂണിറ്റ് ആരംഭിക്കുക.

**മറ്റു വ്യവസായ യൂണിറ്റുകൾ**

1. ലാഭകരമായി പ്രവർത്തിക്കാത്തവയും രോഗഗ്രസ്ഥങ്ങളുമായ യൂണിറ്റുകളെ പുനരുജ്ജീവിപ്പിക്കുന്നതിനായി അടിയന്തിര നടപടി സ്വീകരിക്കുക. അതിനായി പഞ്ചായത്ത് തലത്തിൽ ഒരു വിദഗ്ദ സമിതി രൂപീകരിക്കുക.

കിളികൊല്ലൂർ ഗ്രാമപഞ്ചായത്തിലെ നിലവിലുള്ള വ്യവസായങ്ങളും അവയിലെ തൊഴിലവസരങ്ങളും പട്ടികയിൽ വിവരിക്കുന്നു.

| ക്രമ നമ്പർ | വ്യവസായങ്ങൾ | എണ്ണം | തൊഴിലാളികൾ |
|---|---|---|---|
| 1. | കശുവണ്ടി ഫാക്ടറികൾ | 26 | 9725 |
| 2. | കാഷ്യൂ പാക്കിംഗ് യൂണിറ്റുകൾ | 72 | 1650 |
| 3. | സാമില്ലുകൾ | 59 | 265 |
| 4. | തീപ്പെട്ടിനിർമ്മാണം | 5 | 90 |
| 5. | തീപ്പെട്ടിക്കൊള്ളി നിർമ്മാണം | 3 | 48 |
| 6. | ഫർണിച്ചർ നിർമ്മാണം | 26 | 126 |
| 7. | പെയ്ന്റ് നിർമ്മാണം | 3 | 18 |
| 8 | റബ്ബർ ചപ്പൽ നിർമ്മാണം | 2 | 7 |
| 9 | സിമന്റ് പൈപ്പ് നിർമ്മാണം | 2 | 10 |
| 10. | ക്ഷീരോൽപ്പന്നങ്ങൾ | 1 | 10 |
| 11. | കേബിൾ ഫാക്ടറി | 2 | 8 |
| 12. | പി. വി. സി പൈപ്പ് നിർമ്മാണം | 7 | 92 |
| 13. | ടിൻ ഫാക്ടറി | 4 | 12 |
| 14. | സോപ്പ് നിർമ്മാണം | 3 | 5 |
| 15. | മെറ്റൽ പണിയൂണിറ്റ് | 23 | 50 |
| 16. | ബേക്കറി ഉൽപ്പന്നങ്ങൾ | 20 | 30 |
| 17. | സോഡാ നിർമ്മാണം | 3 | 6 |
| 18. | അലൂമിനിയം പാത്ര നിർമ്മാണം | 1 | 3 |
| 19. | റബർബാൻഡ് | 1 | 2 |
| 20. | പ്ലൈവുഡ് നിർമ്മാണം | 2 | 40 |
| 21. | അച്ചടിശാലകൾ | 4 | 10 |
| 22. | ഓയിൽ മിൽ | 8 | 20 |
| 23. | ഫ്ളവർ മില്ലുകൾ | 23 | 50 |
| 24. | ചുടുകട്ട നിർമ്മാണം | 1 | 15 |
| 25. | ബീഡി നിർമ്മാണ സഹകരണ സംഘം | 1 | – |

അവലംബം ദ്വിതീയ വിവരശേഖരം

കിളികൊല്ലൂർ പഞ്ചായത്തിൽ ആരംഭിക്കാവുന്ന ചെറുകിട വ്യവായ യൂണിറ്റുകളുടെ ഒരവലോകനം മുൻപേജുകളിൽ നടത്തിയിട്ടുണ്ട്. കുറഞ്ഞമുതൽ മുടക്കും തദ്ദേശ ഭൗതിക വസ്തുക്കൾ അസംസ്കൃത സാധനങ്ങളായി ഉപയോഗിക്കാവുന്നതും സ്ത്രീകൾക്കും പുരുഷന്മാർക്കും തൊഴിൽ നല്കുന്നതും കുറഞ്ഞ സമയംകൊണ്ട് സംഘടിപ്പിച്ച് ഉൽപ്പാദനക്ഷമമാക്കാൻ സാധ്യതയുള്ളതു

ായ വ്യവസായ യൂണിറ്റുകൾക്കാണ് രൂപകല്പ
ചെയ്യുന്നത്. ഇത് ഗ്രാമസഭകളിൽ ചർച്ചകളിലൂ
ട ഉരുത്തിരിഞ്ഞുവന്ന നിർദ്ദേശങ്ങളാണ്. അ
ത്തരം വ്യവസായങ്ങളുടെ പട്ടിക ചുവടെ ചേർത്തി
ിക്കുന്നു.

ൃവസായം

. കയർ ഉൽപ്പന്നനിർമ്മാണയൂണിറ്റ്
. കശുവണ്ടി വെയ്സ്റ്റ് ഉപയോഗിച്ച പുതിയ ഉൽപ്പന്നങ്ങളുടെ നിർമ്മാണം.
. പഴസംസ്കരണ യൂണിറ്റുകൾ
. അച്ചാർ നിർമ്മാണ യൂണിറ്റുകൾ
. റെഡിമെയ്ഡ് വസ്ത്രനിർമ്മാണയൂണിറ്റ്
. ഫർണിച്ചർ വ്യവസായ യൂണിറ്റ്
. പി.വി.സി. ഫിറ്റിംഗ് യൂണിറ്റുകൾ
. കവർ നിർമ്മാണ യൂണിറ്റുകൾ

9. അപ്ഹോൾസറി യൂണിറ്റുകൾ
10. കെട്ടിയനിർമ്മാണ ഉപകരണ യൂണിറ്റുകൾ
11. പോളിത്തീൻ കവർ നിർമ്മാണ യൂണിറ്റുകൾ
12. പ്രിന്റിംഗ് യൂണിറ്റുകൾ
13. ഇഷ്ടിക നിർമ്മാണ യൂണിറ്റുകൾ
14. ആയുർവേദ മരുന്നു നിർമ്മാണം
15. ചൂരൽ ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ
16. കന്നുകാലി കോഴിത്തീറ്റ ഉൽപ്പാദനയൂണിറ്റുകൾ
17. ചിപ്സ് ഉൽപ്പാദനയൂണിറ്റുകൾ
18. കരകൗശല വസ്തുക്കളുടെ നിർമ്മാണം
19. തടികൊണ്ടുള്ള സ്വിച്ച് ബോർഡ് നിർമ്മാണം.
20. ഇലക്ട്രോണിക്സ് അസംബ്ലിംഗ് യൂണിറ്റുകൾ
21. ഇലക്ട്രോണിക്സ് ഘടക നിർമ്മാണം.
22. മോട്ടോർ പമ്പുസെറ്റ് നിർമ്മാണ യൂണിറ്റ്.



# 5.4
# ഗതാഗതം
# ഊർജ്ജം
# മാർക്കറ്റ്




## ഗതാഗതം

വികസനത്തിന്റെ മേഖലയിൽ എന്തുകൊണ്ടും അതിപ്രാധാന്യം കൽപ്പിക്കേണ്ടത് ഗതാഗതത്തിനാണ്. കൃഷി, വ്യവസായം, വ്യാപാരം എന്നിവയുടെ പുരോഗതിയുടെ അടിസ്ഥാന ഘടകം ഗതാഗത സൗകര്യമാണ്.

കൊല്ലം ചെങ്കോട്ട റോഡും, കൊല്ലം ചെങ്കോട്ട് റയിൽ പാതയും കിളികൊല്ലൂർ പഞ്ചായത്തിലൂടെ കടന്നു പോകുന്നു. തമിഴ്നാടും കേരളത്തിന്റെ കിഴക്കൻ ഭാഗങ്ങളുമായി വ്യാപാരം നടത്താനും യാത്ര ചെയ്യുന്നതിനും കിളികൊല്ലൂർ റയിൽവെ സ്റ്റേഷൻ സുപ്രധാന പങ്കാണ് വഹിക്കുന്നത്. കൊല്ലം ചെങ്കോട്ട റോഡുമായി ബന്ധിപ്പിക്കുന്ന അനവധി പഞ്ചായത്തു റോഡുകളുണ്ട്. ഈ പഞ്ചായത്തു റോഡുകളും ഈ പ്രദേശത്തിന്റെ കാർഷിക-വ്യാവസായിക-വ്യാപാര പുരോഗതിക്ക് തികച്ചും സഹായകം തന്നെ. രൂപീകൃത കാലഘട്ടത്തിൽ തന്നെ നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളെ തമ്മിൽ ബന്ധിപ്പിക്കുന്ന നിരവധി റോഡുകൾ ഉണ്ടായിരുന്നു. തുടർന്നുള്ള എല്ലാ വികസന പ്രവർത്തനങ്ങളിലും റോഡ് വികസനത്തിന് കിളികൊല്ലൂർ പഞ്ചായത്ത് അർപ്പിച്ചിട്ടുള്ള പ്രാധാന്യം ഗണനീയമാണ്.

വാഹനയാത്രയ്ക്ക അനുയോജ്യമായ 61.695 കിലോമീറ്റർ റോഡാണ് പഞ്ചായത്തിലുള്ളത്. ഒരു ച: കി: മീറ്റർ വിസ്തീർണ്ണത്തിന് 5.488 കിലോമീറ്റർ റോഡുണ്ട്. 8.189 കിലോമീറ്റർ ടാർ ചെയ്ത റോഡും 53.506 കി. മീറ്റർ ടാർ ചെയ്യാനുള്ള റോഡുമുണ്ട്. (അവലംബം സെൻസസ് 1991)

പഞ്ചായത്തിലെ മൊത്ത ജനസംഖ്യയും ടാർ റോഡിന്റെ നീളവും കണക്കിലെടുക്കുമ്പോൾ ഒരാൾക്ക് ശരാശരി 0.134 മീറ്റർ ടാർ റോഡ് മാത്രമാണുള്ളത്.

ബസ് യാത്രയ്ക്ക് അനുയോജ്യമായ റോഡുകൾ ഉപറോഡുകളുമായി ബന്ധിക്കപ്പെട്ടിരിക്കുന്നു. കെ. പി. റോഡ്, റ്റി. കെ. എം. കോളേജ് റോഡ്, കല്ലുംതാഴം, മോതീൻ മുക്ക് റോഡ് എന്നിവയിലൂടെ ബസ്സ് സർവ്വീസുകൾ നിലവിലുണ്ട്. കൂടാതെ അടുത്തകാലത്തായി മൂന്നാംകുറ്റി വഴി കെ. പി. റോഡിലൂടെ പോകുന്ന ഒരു പുതിയ റൂട്ടും ആരംഭിച്ചിട്ടുണ്ട്. എന്നാൽ കരിക്കോട് പഴയ ബസ്റ്റാൻഡ് – കണ്ടച്ചിറ ചീപ്പ് റോഡിലൂടെ ബസ് റൂട്ട് ഇതേവരെ ആരംഭിച്ചിട്ടില്ല.

ഗതാഗത ശൃംഖല ഭേദപ്പെട്ടതാണെങ്കിലും റോഡുകൾ ശോചനീയാവസ്ഥയിലാണ്. യഥാകാലത്ത് അറ്റകുറ്റപ്പണികൾ നടത്തിയാൽ ഇത് മെച്ചപ്പെടുത്താവുന്നതാണ്. ഗതാഗത രംഗത്തെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് അർപ്പണബോധമുള്ള ജനങ്ങളുടെ കായിക ശേഷി വിനിയോഗിക്കേണ്ടതാണ്. നിലവിലുള്ള റോഡുകളുടെ വീതി വളരെകുറവാണ്. ജനസംഖ്യാ വർദ്ധനവ്, പുതിയ വാഹനങ്ങളുടെ പെരുപ്പം, സമയത്ത് നടക്കാത്ത അറ്റകുറ്റ പണികൾ, വീതിക്കുറവ്, എന്നിവ റോഡ് യാത്ര അപകടകരമാക്കുന്നു. ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള നിർദ്ദേശങ്ങളിൽ കൂടുതലും റോഡുകളെ സംബന്ധിച്ചുള്ളതാണ്. ഓരോ വർഷവും പെറ്റി വർക്ക് എന്ന നിലയിൽ റോഡുകളിൽ താല്ക്കാലികമായി നടത്തുന്ന മണ്ണിടൽ യാതൊരു പ്രയോജനവും ചെയ്യുന്നില്ല. മഴക്കാലത്ത് ഈ മണ്ണ് മുഴുവൻ താഴേയ്ക്ക് ഒലിച്ച് വയലുകളിൽ ചെന്നു ചേരുന്നു.

പലറോഡുകളും പൊളിഞ്ഞു നശിച്ചു കിടക്കുകയാണ്. അടിയന്തിരമായി അവ ടാർ ചെയ്യണമെന്നും മറ്റു ചില റോഡുകൾ സൈഡു ഭിത്തി കെട്ടി സംരക്ഷിക്കണമെന്നുമുള്ള ആവശ്യങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

**പ്രശ്നങ്ങൾ**

1. പഞ്ചായത്തിലെ റോഡുകളുടെ പൊതു സ്ഥിതി വളരെ ശോചനീയമാണ്.
2. ടാർ റോഡുകളുടെ അറ്റകുറ്റപണികൾ കൃത്യമായി ചെയ്യാത്തതിനാൽ റോഡുകൾ പൂർണ്ണമായും തകർന്നു പോകുന്നു.
3. ചെമ്മൺപാതകളിൽ ഓരോവർഷവും മണ്ണിട്ട് റിപ്പെയർ ചെയ്യുന്നത് യാതൊരു പ്രയോജനവും ചെയ്യുന്നില്ല. കുത്തൊഴിക്കിൽപ്പെട്ട് ഇടുന്നമണ്ണ് ഒഴുകിപ്പോകുന്നു.
4. മഴവെള്ളമൊഴുകിപ്പോകാൻ ഓടകൾ ഇല്ലാത്തതിനാൽ വർഷകാലത്ത് മിക്കറോഡുകളും തകർന്നു പോകുന്നു.
5. സ്വകാര്യവ്യക്തികൾ റോഡിനോട് ചേർന്ന് മതിലുകൾ നിർമ്മിക്കുന്നത് ഭാവിയിലെ വികസന സാധ്യതകൾക്ക് മങ്ങൽ ഏൽപ്പിക്കുന്നു.

**പൊതു നിർദ്ദേശങ്ങൾ**

1. യഥാസമയത്ത് റോഡുകളുടെ അറ്റകുറ്റ പണികൾ നടത്തുവാനും അവയുടെ തുടർച്ചയായ സംരക്ഷണത്തിനും ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കുക.
2. പഞ്ചായത്ത് വക റോഡുകളിൽ കാലാകാലങ്ങളിൽ നടത്താറുള്ള മണ്ണിടീൽ പരിപാടി അവസാനിപ്പിക്കുക.
3. പ്രധാനപ്പെട്ട എല്ലാ പഞ്ചായത്ത് റോഡുകളും ടാർ ചെയ്യുക.
4. പ്രധാനപ്പെട്ട എല്ലാറോഡുകൾക്കും വശങ്ങളിലൂടെ ഓട നിർമ്മിക്കുക
5. ജെ. ആർ. വൈ. പദ്ധതിപ്രകാരം, അധിക വീതി ലഭിക്കാത്ത സാഹചര്യത്തിൽ റോഡുകൾക്ക് നാലുമീറ്റർവരെ വീതിയേ ഉള്ളെങ്കിലും പണിചെയ്യുവാൻ അനുവാദം നൽകുക.

**ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന ആവശ്യങ്ങൾ**

**വാർഡ് 1 (കരിക്കോട് എ.)**

1. ജമാലിന്റെ കടമുക്കുമുതൽ വടക്ക് കാപ്പെക്സ് വരെയുള്ള റോഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുക.
2. ഓയിൽ കമ്പനിമുതൽ ചരുവിള കമ്പനി വരെയുള്ള റോഡും
3. ചന്ദനത്തോപ്പ് തൈക്കാവ് ജംഗഷൻ മുതൽ പടിഞ്ഞാറ് റയിൽവേ ലൈൻ വരെയുള്ള റോഡും
4. കരിക്കോട് ലവൽക്രോസ് മുതൽ പത്തായക്കല്ലുവരെയുള്ള റോഡും സഞ്ചാരയോഗ്യമാക്കണം.
5. ചാത്തിനാംകുളം - കുറ്റിവിള റോഡ് ടാർ ചെയ്യണം.
6. മാതേപ്പള്ളിമുക്കു മുതൽ തുമ്പവിള തൊടി വരെ റോഡിൽ സൈഡ്ഭിത്തികെട്ടി സംരക്ഷിക്കണം. റോഡിന്റെ മദ്ധ്യഭാഗത്ത് നിൽക്കുന്ന പോസ്റ്റുകൾ മാറ്റി സ്ഥാപിക്കണം.
7. തോണ്ടലിൽ മുക്ക് മുതൽ റയിൽവേ റോഡു

വരെ സൈഡ് ഭിത്തികെട്ടി റോഡ് സംരക്ഷിക്കണം.

8. പുന്തലക്കടമുതൽ പട്ടാണിച്ചിറ വരെ സൈഡ് ഭിത്തികെട്ടണം.

വാർഡ് 2 (കരിക്കോട് ബി)

1. ഹക്കിം കമ്പനി മുതൽ പുതുവീട്ടിൽത്തറ – തൈക്കാവ് വരെയുള്ള റോഡ് ടാർ ചെയ്യണം.
2. കരിക്കോട് റയിൽവേ സ്റ്റേഷൻ മുതൽ ചപ്പേത്തടം വരെയുള്ള റോഡും
3. ഏറത്തുമുക്ക് – മാടൻകാവ് റോഡും ടാർചെയ്യണം.

വാർഡ് 3 (കരിക്കോട് സി.)

1. ചേരിയിൽ മുക്ക് – ചുവടുതാങ്ങിമുക്ക് റോഡ്
2. മുണ്ടോലി മുക്ക്– താവട്ട്മുക്ക് റോഡ്
3. കുരിശ്ശടി–ആറാട്ടിൽ റോഡ്
4. പനയ്ക്കൽമുക്ക്– പിള്ളവീട്ടിൽ കായൽവാരം റോഡ്
5. പഞ്ചായത്ത് വായനശാല – കിഴക്കോട്ട് – ഏലാ റോഡ് എന്നിവ ടാർ ചെയ്യുക.
6. സംഘംമുക്ക് – കിഴക്കോട്ട് തേവർമുക്ക് റോഡ് 7. എ. കെ. ജി. നഗർ കോളനിറോഡ്
8. കാരാമൂല – പുളിയ്ക്കൽതൊടി റോഡ്
9. ചേരിയിൽ മുക്ക് – കിഴക്കോട്ട് ഏലാ റോഡ്
10. തൈക്കാവ് മുക്ക് – ഇടത്തുങ്കൽ റോഡ് എന്നിവയുടെ അറ്റകുറ്റപണികൾ നടത്തുക

വാർഡ് 4 (മങ്ങാട്)

1. മങ്ങാട് ചിറയിൽകുളം– പടിഞ്ഞാറ് മങ്ങാട് പള്ളിറോഡും
2. പുതുപ്പള്ളി – മങ്ങാട് വയൽ റോഡും ടാർ ചെയ്യുക.

വാർഡ് 5 (അറുന്നൂറ്റിമംഗലം എ.)

1. മങ്ങാട് സ്കൂളിന് മുന്നിൽ തുടങ്ങി പുളിമൂട്ടിൽ മുക്ക്വരെയും
2. കിരാലുവിള മുതൽ തോട്ടുംകരവരെയും
3. ഇരപ്പൻചാൽ മുതൽ കളരിമുക്കുവരെയും നിലവിലുള്ള റോഡുകൾ ടാർ ചെയ്യണം.
4. കുമ്പളത്തുവിള–വെല്ലസ്ലിമുക്ക്–കാട്ടിൽമുക്ക് റോഡ് മെറ്റൽ ചെയ്യുക.

വാർഡ് 6 (അറുന്നൂറ്റിമംഗലം ബി.)

1. ചുവടുതാങ്ങിമുക്കിൽ നിന്നും തെക്കോട്ട് പോകുന്ന റോഡും
2. കേശവനഗർ കോളനിയുടെ പടിഞ്ഞാറ് ഭാഗത്ത് തുടങ്ങി തെക്കോട്ട് പോകുന്ന റോഡും
3. തെങ്ങയ്യത്തുമുക്കു മുതൽ കുളങ്ങരമുക്കുവരെയുള്ള റോഡും
4. നാട്ടുകാർ സ്വന്തമായി നിർമ്മിച്ച കെ. ജെ. ഹോസ്പിറ്റൽ – അറുന്നൂറ്റിമംഗലം ലെവൽക്രോസ് റോഡും ടാർ ചെയ്യുക.
5. ജി. കെ. ഫർണിച്ചർ മുക്കു മുതൽ പടിഞ്ഞാറോട്ട് ഏലാവരെയുള്ള റോഡിൽ സൈഡ് ഭിത്തികെട്ടി സംരക്ഷിക്കുക.

വാർഡ് 7 (അറുന്നൂറ്റിമംഗലം സി.)

1. മൂന്നാംകുറ്റി ക്ഷേത്രം പടിഞ്ഞാറ് – മങ്കുഴി ഏലാ റോഡ്
2. കണ്ണമത്ത് കിഴക്ക് – ഐസ്പ്ലാന്റ് റോഡ് എന്നിവ ടാർ ചെയ്യുക.
3. പള്ളി സെമിത്തേരിയിലേക്ക് പോകുന്ന റോഡ് വീതികൂട്ടി സഞ്ചാര യോഗ്യമാക്കുക.

വാർഡ് 8 (കന്നിമേൽ എ.)

1. ശ്രീ. ഗോപിനാഥന്റെ വീട്ടിന്റെ മുൻവശത്തുകൂടി കടന്നു പോകുന്ന റോഡ്
2. കാവനാട് ക്ഷേത്രത്തിന്റെ തെക്കുവശത്തുകൂടി ചെറുകരവരെ എത്തുന്ന റോഡ്
3. മാന്ത്രികപ്പുറം കോളനി റോഡ് എന്നിവ ടാർ ചെയ്യുക.
4. എൻ. എൻ. സി. കമ്പനിയുടെ ഇടതുവശത്തു നിന്നും കോളനിയിലേക്കുള്ള റോഡ് സഞ്ചാരയോഗ്യമാക്കണം.
5. രണ്ടാംകുറ്റി – ഉളിയക്കോവിൽ റോഡ്
6. ട്രാപ്ലാസ്റ്റ് – മുത്തയ്യത്തു കായൽവാരം റോഡ് എന്നിവ ടാർ ചെയ്യുക.

വാർഡ് 9 (കിളികൊല്ലൂർ എ.)

1. ഹരിശ്രീ–ജംഗ്ഷൻ മുതൽ മണ്ണാമല ക്ഷേത്രത്തിന് സമീപത്തു കൂടി സിയാറത്തുംമൂട് പ

ള്ളിക്ക് മുന്നിലെത്തിച്ചേരുന്ന റോഡ്

2. മൂന്നാംകുറ്റി ജംഗ്ഷൻ കിഴക്കോട്ട് പറമ്പിൽമുക്ക് വഴി ഹരിശ്രീ. ജംഗ്ഷൻ വരെയുള്ള റോഡ് എന്നിവ ടാർ ചെയ്യുക.
3. സിയാറത്തുംമൂട് പള്ളിമുതൽ കുന്നുംപുറം വരെയുള്ള റോഡിന്റെ സൈഡ് ഭിത്തി റിപ്പയർ ചെയ്യണം. റോഡിന്റെ ഒരു വശത്ത് ഓടനിർമ്മിക്കണം.
4. ഓവർ ബ്രിഡ്ജ് – മണ്ണാമല റോഡ് ടാർ ചെയ്യണം.

വാർഡ് 10 (കോളേജ് വാർഡ്)

1. എൻജിനീയറിംഗ് കോളേജ് – കുന്നുംപുറം റോഡ്
2. ഉണ്ണിത്താൻ കടമുക്ക് – ആനിയിൽ ക്ഷേത്രം – കൊച്ചുകുളം റോഡ് എന്നിവ ടാർ ചെയ്യണം.
3. കോളേജ് വാർഡിലൂടെ കടന്നുപോകുന്ന എം. എൽ. എ. റോഡിന്റെ പണി പൂർത്തീകരിക്കുക.
4. ടി. കെ. എം. കോളേജ് തെക്ക് – ഹരിജൻ വീടുകളിലേക്ക് പോകുന്ന റോഡ് വീതികൂട്ടി സഞ്ചാരയോഗ്യമാക്കണം.
5. കൊച്ചു തോടിന്റെ തെക്കോട്ട് കനച്ചിക്കുളം വരെയുള്ള റോഡ് ഗതാഗതയോഗ്യമാക്കുക.

വാർഡ് 11 (കിളികൊല്ലൂർ ബി.)

1. കാപ്പെക്സ്മുക്ക്– പൗരസമിതി റോഡ്
2. മാണിക്കടത്തുമുക്ക് – അഴകത്ത് തൊടി റോഡ്
3. പരുത്തിപ്പള്ളി കിഴക്കുവശത്തുനിന്നും പെരുവങ്കര കിഴക്കുവരെയുള്ള റോഡ് എന്നിവ ടാർ ചെയ്യണം.
4. ചെറുകുളങ്ങര – കനച്ചിക്കുളം – മാലിക്കര – റേഷൻകട റോഡും
5. കനച്ചിക്കുളം – കുന്നത്താൻവിള റോഡും
6. പാൽക്കുളങ്ങര ക്ഷേത്രം – കെ. പി. ജംഗ്ഷൻ റോഡും.
7. കെ. പി.ജംഗ്ഷൻ വടക്കോട്ട് – തെക്കടത്ത് ക്ഷേത്രം റോഡും അറ്റകുറ്റപണികൾ നടത്തി സഞ്ചാരയോഗ്യമാക്കണം.
8. പാൽക്കുളങ്ങര കിഴക്ക് വശംമുതൽ കനച്ചിക്കുളം വരെ (യുവസാരഥി) റോഡ് മണ്ണിട്ട് വൃത്തിയാക്കണം.
9 വലിയമാഠം റോഡ് ഊറ്റുകുഴിവരെയും
10. തെക്കടത്ത് ക്ഷേത്രം – മംഗലത്ത് ലക്ഷം വീട് വരെയും റോഡ് ഗതാഗതയോഗ്യമാക്കണം.

വാർഡ് 12 (കിളികൊല്ലൂർ സി.)

1. രായരുമുക്ക് – കട്ടവിളറോഡ്
2. രണ്ടാംനമ്പർ കമ്പനിക്ക് കിഴക്ക് പഞ്ചായത്ത് ബോർഡ് നിൽക്കുന്ന സ്ഥലത്തുനിന്നും മീനാക്ഷിവിലാസം സ്കൂൾ – കട്ടവിളപള്ളിക്ക് പുറകുവശം കൂടി കുറ്റിച്ചിറ പള്ളിവരെയുള്ള റോഡ്.
3. കുറ്റിച്ചിറ വഞ്ചിമുക്ക് – രായരുമുക്ക് റോഡ്
4. സ്കൂൾ ഗ്രൗണ്ട് – കട്ടവിളമുക്ക് – കിടങ്ങിൽ മുക്ക് – തടത്തിൽ മുക്ക് റോഡ്
5. എം. കെ. ഓയിൽ മിൽ – പുളിയ്ക്കൽ റോഡ് എന്നിവ റിപ്പെയർ ചെയ്യണം.
6. വരാലുവിളചിറ –കുന്നുവിള കിഴക്ക് റോഡ് ഗതാഗതയോഗ്യമാക്കുക.

വാർഡ് 13 (കന്നിമേൽ ബി.)

1. കാഞ്ഞിയ്ക്കൽ ഫാക്ടറി –പൈനുംമൂട് റോഡും
2. കോടാട്ട്മുക്ക് മുതൽ കിഴക്കോട്ട് കൊന്നമുക്ക്വരെയുള്ള റോഡും
3. കാഞ്ഞിയ്ക്കൽ നിന്നും ലക്ഷംവീട് വഴി കാലായി വരെയുള്ള റോഡും
4. കോയിക്കൽ സ്കൂളിന് സമീപം മുതൽ ആനന്ദവിലാസം കോളനി വരെയുള്ള റോഡും ടാർ ചെയ്യണം.
5. ചെമ്പ്രപ്പിള്ളതൊടിമുതൽ മംഗലശ്ശേരിവരെയുള്ള റോഡ് വീതികൂട്ടണം.
6. കണിയാംകടവ് തോടിന് മീതെ കവറിംഗ് സ്ലാബിട്ട് സഞ്ചാരയോഗ്യമാക്കണം.

വാർഡ് 14 (കന്നിമ്മേൽ സി.)

1. മുള്ളേത്ത്മുക്ക് – പട്ടന്റഴികം റോഡും

2. ചൈലഴികത്ത് മുക്ക് – കമ്മാച്ചേരി മുക്ക് റോഡും
3. ഇലവന്തിമുക്ക് – പറമ്പിലഴികത്ത് റോഡും
4. ഇലവന്തിമുക്ക് – റയിൽവേ ലൈൻ – പാറശ്ശേരിമുക്ക് റോഡും
5. പുള്ളിയിൽ മുക്ക് – പുളിമൂട്ടിൽ റോഡും
6. ഇലവന്തിമുക്ക് – തുണ്ടിൽ റോഡും ടാർ ചെയ്യണം.

വാർഡ് 15 (കന്നിമേൽ ഡി.)

1. ഠൗൺ അതിർത്തി – പുത്തൻപുരമുക്ക് റോഡും
2. മന്ദിരത്തിൽമുക്ക് – കോടാട്ട്മുക്ക് റോഡും
3. പൈനുംമൂട് – അശ്വതിമുക്ക് റോഡും ടാർ ചെയ്യുക.
4. ഗൗരിസാമിൽ തെക്കുവശത്തുനിന്നും പൈനുംമൂട്ടിൽ എത്തിച്ചേരുന്ന റോഡും
5. കച്ചിക്കട മുതൽ ഓട വരെയുള്ള റോഡും ഗതാഗത യോഗ്യമാക്കണം.
6. പുതുവയൽ മുക്ക് മുതൽ പാറശ്ശേരിത്തോട് വരെയുള്ള റോഡ് മണ്ണിട്ട് ഗതാഗത യോഗ്യമാക്കണം.
7. കന്നിമേൽ തോട് സ്ലാബിട്ട് ഗതാഗത യോഗ്യമാക്കണം.

**റോഡു വികസനത്തിൽ ജനങ്ങളുടെ പങ്കാളിത്തം**

ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്നിട്ടുള്ള മേൽപ്പറഞ്ഞ റോഡുകളുടെ പണി പൂർത്തീകരിക്കുക എന്നത് നമ്മുടെ പഞ്ചായത്തിനെ സംബന്ധിച്ചിടത്തോളം പലബുദ്ധിമുട്ടുകളും സൃഷ്ടിക്കും. പ്രധാനമായും പഞ്ചായത്ത് ഫണ്ട് മറ്റു വികസന പ്രവർത്തനങ്ങൾക്ക് ലഭിക്കാതെ വരും. അതുകൊണ്ട് ഇക്കാര്യത്തിൽ നാട്ടുകാരുടെ സഹായം ഉറപ്പുവരുത്തണം. പഞ്ചാത്തു റോഡുകളുടെ വികസനത്തിന് ഉപഭോക്താക്കളുടെ പങ്ക് അതിപ്രധാനമാണ്.

റോഡ് നിർമ്മാണത്തിന്റെ പൂർണ്ണ ചുമതല ആ പ്രദേശത്ത് രൂപീകരിക്കുന്ന പ്രാദേശിക സമിതിക്ക് ആയിരിക്കണം. മനുഷ്യാദ്ധ്വാനം പരമാവധി സൗജന്യമായി സംഘടിപ്പിക്കണം. റോഡിന്റെ വികസനം ഏറ്റവും കൂടുതൽ പ്രയോജനപ്പെടുന്നത് പരിസരവാസികൾക്കും സ്ഥിരമായി യാത്ര ചെയ്യുന്നവർക്കുമാണ്. അതുകൊണ്ടുതന്നെ ആവശ്യമായ ഫണ്ടിന്റെ ഒരു ഭാഗം അവരിൽ നിന്നും ശേഖരിക്കാവുന്നതാണ്. കഴിഞ്ഞ കാലങ്ങളിലും നടപ്പുവർഷത്തിലും പുതിയ റോഡുകളുടെ നിർമ്മാണത്തിൽ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിക്കാതെ തന്നെ പണമായും അദ്ധ്വാനശേഷിയായും ലക്ഷക്കണക്കിന് രൂപയാണ് നമ്മുടെ പഞ്ചായത്തിലെ ജനങ്ങൾ ചെലവഴിച്ചിട്ടുള്ളത്. ഇത് ഏറ്റവും ആവേശകരമാണ്. നിലവിലുള്ള റോഡുകളുടെ പുനർ-നിർമ്മാണത്തിനുകൂടി ഇത്തരം സംരംഭങ്ങൾ ഉണ്ടായാൽ നമുക്കിവിടെ അത്ഭുതങ്ങൾ സൃഷ്ടിക്കാനാകും എന്ന കാര്യത്തിൽ തർക്കമില്ല.

ഗ്രാമപഞ്ചായത്തിന്റെ പങ്ക്, മേൽനോട്ടം, ഫണ്ടിന്റെ ചെലവഴിക്കുന്ന രീതി എന്നിവ അതീവ ശ്രദ്ധയോടെ വേണം കൈകാര്യം ചെയ്യാൻ. റോഡ് വികസന പദ്ധതികൾ ആസൂത്രണം ചെയ്യുമ്പോൾ ഓരോ റോഡിന്റെയും പ്രാധാന്യവും പ്രയോജനവും പരിശോധിച്ചുവേണം അവ നടപ്പിലാക്കാൻ.

**റോഡുകളുടെ സംരക്ഷണം**

റോഡുകളുടെ നിർമ്മാണഘട്ടത്തിൽത്തന്നെ റോഡിന്റെ ആവശ്യകതയെക്കുറിച്ചും നിർമ്മാണപ്രവർത്തനങ്ങളിൽ പരിസരവാസികൾക്കുള്ള പങ്കിനെക്കുറിച്ചും ബോധവൽക്കരണം നടത്തണം. റോഡുകളുടെ നിർമ്മാണത്തിനായി എസ്റ്റിമേറ്റ് എടുക്കുന്ന നിലവിലുള്ള രീതികൾ മാറണം. നാട്ടിൽ നിലവിലുള്ള കൂലിയും സാധനങ്ങളുടെ വിലയും അടിസ്ഥാനപ്പെടുത്തി മാത്രമേ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പാടുള്ളൂ. അല്ലെങ്കിൽ എസ്റ്റിമേറ്റ് തുകയുക്കുള്ളിൽ നിർത്തി നിർമ്മാണ പ്രവർത്തനം നടത്തിയാൽ റോഡിന്റെ ഗുണമേന്മകുറയും. റോഡിന് ഭാവിയിലുണ്ടാകുന്ന വികസന സാധ്യതകൾ, മണ്ണൊലിപ്പ് തടയാനുള്ള മാർഗ്ഗങ്ങൾ എന്നിവയും ശ്രദ്ധിക്കേണ്ട പ്രശ്നങ്ങളാണ്. ടാർ ചെയ്ത് നന്നാക്കുന്ന റോഡുകൾ അടക്കം എല്ലാ റോഡുകളും നശിപ്പിക്കുന്നതിൽ ഒരു പ്രധാന പങ്ക് ടെലഫോൺ വകുപ്പിനും വാട്ടർ അതോറിറ്റി

യ്ക്കുമുണ്ട്. പഞ്ചായത്തിന്റെ അനുവാദമില്ലാതെ റോഡ് കുഴിക്കാൻ ആരെയും അനുവദിക്കരുത്. അങ്ങനെ അനുവാദം കൊടുക്കുന്നതിന് മുമ്പായി ഉണ്ടാകാവുന്ന നഷ്ടത്തിന് തുല്യമായ തുക ഫീസായി വാങ്ങാനും അടിയന്തിരമായി തന്നെ അറ്റകുറ്റ പണികൾ ചെയ്ത് നന്നാക്കാനും സംവിധാനം ഉണ്ടാകണം.

**റോഡ് വ്യാപനം ഉയർത്തുന്ന പരിസ്ഥിതി പ്രശ്നങ്ങളും പരിഹാരങ്ങളും.**

റോഡ് വ്യാപനത്തെത്തുടർന്ന് കൃഷിയോഗ്യമായ വയലുകൾ പലതും നികത്തപ്പെടും. 80 ശതമാനം വയലുകളും പലകാരണങ്ങളാൽ ഇതിനകം നികത്തപ്പെട്ടുകഴിഞ്ഞു. പുതിയ റോഡുകൾകൂടി പൂർത്തിയാകുമ്പോൾ ഉള്ള വയലുകളും നഷ്ടപ്പെടും. മണ്ണൊലിപ്പും വെള്ളപ്പൊക്കവും വർദ്ധിക്കും.

**പരിഹാരമാർഗ്ഗങ്ങൾ**

1. നിലവിലുള്ള എല്ലാ പഞ്ചായത്ത് റോഡുകളുടേയും ഇരുവശങ്ങളിലും വൃക്ഷങ്ങൾ വെച്ചുപിടിപ്പിക്കുക.
2. പുതിയ റോഡുകൾ നിർമ്മിക്കുമ്പോൾ നശിപ്പിക്കപ്പെടുന്ന മരങ്ങൾക്ക് പകരമായി പുതിയവ വെച്ച പിടിപ്പിക്കുക.
3. മണ്ണൊലിപ്പിനും നീർക്കെട്ടിനും പരിഹാരമായി ആവശ്യമായ സ്ഥലങ്ങളിൽ ഓടകളും കലുങ്കുകളും നിർമ്മിക്കുക.
4. വയലുകൾ നികത്തുന്നത് തടയാനുള്ള നിയമങ്ങൾ കർശനമായി നടപ്പിലാക്കുന്നതോടൊപ്പം നെല്ല് കൃഷിചെയ്യുന്ന ഭൂമി വാസസ്ഥലത്തിനുവേണ്ടി വില്ക്കാതിരിക്കാനും, കൃഷി ലാഭകരമായി നടത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കുക.

**പുതിയ റോഡ് രജിസ്റ്റർ**

പഞ്ചായത്തിൽ നിലവിലുള്ള റോഡ് രജിസ്റ്റർ അശാസ്ത്രീയമാണ്. റോഡ് വികസനത്തിന് ഇത് അടിസ്ഥാനമായി എടുക്കാനാവില്ല. പഞ്ചായത്തിൽ നിലവിലുള്ള പി. ഡബ്ല്യൂ. ഡി. റോഡുകൾ, പഞ്ചായത്ത് ടാർ റോഡുകൾ, മെറ്റൽ റോഡുകൾ, മൺറോഡുകൾ എന്നിവയുടെ ഒരു ആധികാരിക പട്ടിക തയ്യാറാക്കുന്നത് നല്ലതാണ്. ഈ പട്ടിക വാർഡടിസ്ഥാനത്തിൽ റോഡുകൾക്ക് നൽകേണ്ട മുൻഗണനാ ക്രമമനുസരിച്ചാണ് തയ്യാറാക്കേണ്ടത്. പുതിയ റോഡ് രജിസ്റ്ററിൽ താഴെ ച്ചേർക്കുന്ന വിവരങ്ങൾ ഉണ്ടായിരിക്കണം.

**റോഡ് രജിസ്റ്റർ**

1. വാർഡിന്റെ പേര്:
2. കോഡ് നമ്പർ
3. റോഡിന്റെ പേര് (റോഡിന്റെ തുടക്കവും ഒടുക്കവും കാണിക്കണം.)
4. ദൂരം
5. വീതി
6. ടാർ ചെയ്ത ദൂരം
7. മെറ്റൽ ചെയ്ത ദൂരം
8. മെറ്റൽ ചെയ്യേണ്ട ദൂരം
9. ഓവുചാൽ നിലവിലുള്ള ദൂരം
10. ഓവുചാൽ ആവശ്യമായ ദൂരം
11. പാർശ്വ സംരക്ഷണ ഭിത്തി നിലവിലുള്ള ദൂരം
12. പാർശ്വ സംരക്ഷണ ഭിത്തി ആവശ്യമുള്ള ദൂരം
13. നിലവിലുള്ള കലുങ്കിന്റെ എണ്ണം.
14. ആവശ്യമായ കലുങ്കിന്റെ എണ്ണം.
15. തന്നാണ്ടിൽ ചെലവഴിച്ച പൊതു ഫണ്ട്.
16. സഞ്ചിത തുക (15 + മുൻവർഷത്തെ = 16)

ഈ രജിസ്റ്റർ വർഷം തോറും പുതുക്കേണ്ടതാണ്.

**റെയിൽ ഗതാഗതം**

നമ്മുടെ പഞ്ചായത്തിൽ 5.28 കി. മീറ്റർ നീളത്തിൽ റയിൽപാതയുണ്ട്. കരിക്കോട് ജംഗ്ഷനിൽ സ്ഥിതിചെയ്യുന്ന കിളികൊല്ലൂർ റയിവേസ്റ്റേഷന് പരിമിതികൾ മാത്രമാണ് ഉള്ളത്. കൊല്ലം – ചെങ്കോട്ട ഷട്ടിൽ സർവ്വീസ് മാത്രമാണ് അവിടെ നിർത്തുന്നത്. ടി. കെ. എം. ആർട്ട്സ് ആന്റ് സയൻസ് കോളേജ്, എൻജിനീയറിംഗ് കോളേജ്, ചന്ദനത്തോപ്പ് സർക്കാർ ഐ. ടി. ഐ., ബിവറേജ് കോർപ്പറേഷൻ ഗോഡൗൺ, അതിന്റെ ഓഫീസ് പഞ്ചായത്തിലെ 26 ഓളം കശുവണ്ടി ഫാക്ടറികൾ, 17 കാഷ്യൂ പാക്കിംഗ് സെന്ററുകൾ, മൂന്ന് ഹൈസ്ക്കൂളുകൾ തുടങ്ങി നിരവധി സ്ഥാപനങ്ങ

ളിലെ ഉദ്യോഗസ്ഥർ, തൊഴിലാളികൾ, വിദ്യാർത്ഥികൾ- ഇവർക്കെല്ലാം ഉപയോഗിക്കാൻ കഴിയുന്ന ഒന്നാണ് കിളികൊല്ലൂർ റയിൽവേ സ്റ്റേഷൻ

ഷട്ടിൽ ട്രെയിൻ മാത്രം നിർത്തുന്ന ഈ സ്റ്റേഷൻ എത്രയും പെട്ടെന്ന് പരമാവധി വികസിപ്പിക്കേണ്ടതാണ്.

പ്രശ്നങ്ങൾ

1. കിളികൊല്ലൂർ സ്റ്റേഷന്റെ പ്രാധാന്യമനുസരിച്ച് വികസന പരിപാടികൾ നടപ്പാക്കുന്നില്ല.
2. മീറ്റർ ഗേജ്പാത ബ്രോഡ് ഗേജാക്കണമെന്ന ആവശ്യത്തിന് ഇന്നേവരെ പരിഹാരം കാണാൻ കഴിഞ്ഞിട്ടില്ല.
3. റയിൽവേസ്റ്റേഷൻ പരിസരത്ത് രാത്രിയിൽ ആവശ്യത്തിന് വെളിച്ചം കിട്ടുന്നില്ല.
4. വളരെക്കൂടുതൽ വാഹന ഗതാഗതം ഉള്ളതും ജനത്തിരക്കേറിയതുമായ ചന്ദനത്തോപ്പ് റയിൽവേ ക്രോസ്സിൽ ഇതേവരെ ഗേറ്റ് സ്ഥാപിച്ചിട്ടില്ല.
5. മണ്ണാമലയിൽ നിലവിലുണ്ടായിരുന്ന ഗേറ്റ് അടച്ചുപൂട്ടിയത് ജനങ്ങളുടെ സഞ്ചാര സ്വാതന്ത്ര്യത്തിനെ ഹനിക്കുന്നതാണ്.
6. ഇത്രയേറെ വ്യവസായ സ്ഥാപനങ്ങളും കോളേജുകളും ഉണ്ടായിട്ടും ബ്രോഡ് ഗേജിന്റെ രണ്ടു ലൈനുകൾ കടന്നു പോകുന്ന നമ്മുടെ പഞ്ചായത്തിൽ ഒരു ഹാൾട്ടിംഗ് സ്റ്റേഷൻ ഇല്ലെന്നത് പരിതാപകരമാണ്.

നിർദ്ദേശങ്ങൾ

1. മൂന്നാംകുറ്റിയ്ക്കും കരിക്കോടിനുമിടയ്ക്ക് ബ്രോഡ്ഗേജ് ലൈനിൽ ഒരു ഹാൾട്ടിംഗ് സ്റ്റേഷൻ സ്ഥാപിക്കുക.
2. കിളികൊല്ലൂർ സ്റ്റേഷനിൽ അതുവഴി പോകുന്ന എല്ലാ ട്രെയിനുകൾക്കും സ്റ്റോപ്പ് അനുവദിക്കുക.
3. കിളികൊല്ലൂർ സ്റ്റേഷനിൽ ലാട്രിൻ സൗകര്യം ഉണ്ടാകണം.
4. കൊല്ലം ചെങ്കോട്ട ലൈൻ ബ്രോഡ് ഗേജ് ആക്കുക.
5. ചന്ദനത്തോപ്പ് മാർക്കറ്റിന് അടുത്ത ക്രോസിംഗിൽ ഗെയ്റ്റ് സ്ഥാപിക്കുക.
6. മണ്ണാമലയിലെ അടച്ചുപൂട്ടിയ റയിൽവേ ഗേറ്റ് പുനഃസ്ഥാപിക്കുക.
7. കരിക്കോട് സി. വാർഡിൽ കടപ്പാവിള മുക്കിൽ നിന്നും കിഴക്കോട്ട് ഒരു റയിൽവേ നടപ്പാലം നിർമ്മിക്കുക.
8. കന്നിമേൽ ബി, കന്നിമേൽ സി എന്നീ വാർഡുകളെ ബന്ധിപ്പിക്കുന്ന മംഗലശ്ശേരി ക്രോസിംഗിൽ ഗെയ്റ്റ് സ്ഥാപിക്കുക.

അനുബന്ധം. 4

| വാർഡ് | നിലവിലുള്ള ടാർ ചെയ്ത റോഡുകൾ | നീളം കി. മീ. | വീതി മീ |
|---|---|---|---|
| 1. | കരിക്കോട് പഴയബസ്സ്റ്റാൻഡ് - പോക്കർവിള | 1.45 | 5. |
| 1 | ചാത്തിനാംകുളം-തൈക്കാവ്-അബ്ദുൾക്കർ കോളനി | 0.4 | 3.5 |
| 3 | താവൂട്ട്മുക്ക്-ഇരപ്പൻചാൽ (എം. എൽ. എ. റോഡ്) | 0.2 | 7 |
| 3 | കണ്ടച്ചിറ കുരിശടി-പള്ളി-സംഘംമുക്ക് | 0.4 | 5 |
| 4 | പോലീസ് സ്റ്റേഷൻ-കുഴിവിളമുക്ക് (എം. എൽ. എ. റോഡ്) | 2.0 | 5 |
| 4 | മങ്ങാട് എച്ച്. എസ്. - ശ്രീകുമാരപുരം ക്ഷേത്രം | 0.4 | 5 |
| 6 | കരിക്കോട് ഷാപ്പുമുക്ക്-താവൂട്ട്മുക്ക് (എം. എൽ. എ. റോഡ്) | 1.5 | 8 |
| 6 | മഠത്തിൽമുക്ക് - ചപ്പേത്തടം | 0.8 | 6 |
| 7 | മൈലവിള-കണ്ണമത്ത് റോഡ് | 0.2 | 4 |
| 7 | പെട്രോൾപമ്പ് - കിടങ്ങിൽമുക്ക് (എം. എൽ. എ. റോഡ്) | 0.3 | 4 |

| | | | |
|---|---|---|---|
| 7 | ഈശ്വർടാക്കീസ്– ആണിക്കമ്പനി | 0.15 | 4 |
| 7 | മൂന്നാംകുറ്റി–പോലീസ് സ്റ്റേഷൻ (എം. എൽ. എ. റോഡ്) | 0.2 | 8 |
| 7 | ഹരീശ്രീമുക്ക്–ഷൺമുഖവിലാസം കമ്പനി ( " ) | 0.1 | 7 |
| 7 | കെ. എസ്. ഇ. ബി. – മഠത്തിൽമുക്ക് | 0.15 | 6 |
| 8 | രണ്ടാംകുറ്റി–പൂന്നമൂട് | 0.5 | 6 |
| 8 | രണ്ടാംകുറ്റി–കാവനാട് കടവ് | 0.6 | 3.5 |
| 8 | രണ്ടാംകുറ്റി ഗോഡൗൺ–വേങ്ങശ്ശേരി | 0.39 | 3.5 |
| 9 | ഇ. എസ്. ഐ. – കല്ലുംതാഴം റെയിൽവേക്രോസ് | 0.29 | 3 |
| 10 | കുഴിവിള – കുറ്റിച്ചിറ | 0.605 | 4.7 |
| 10 | ടി. കെ. എം. എൻജിനീയറിംഗ് കോളേജ്–ഇരട്ടക്കുളം | 0.825 | 4 |
| 11 | കല്ലുംതാഴം തൈക്കാവ്–ഈഴവപാലം (പി. ഡബ്ല്യൂ. ഡി.) | 0.8 | 5 |
| 12 | രായരുമുക്ക് – അയത്തിൽ തൈക്കാവ് | 1.43 | 3.5 |
| 13 | രണ്ടാംകുറ്റിമാർക്കറ്റ്–റയിൽവേറോഡ് | 0.255 | 3.5 |
| 13 | കോയിക്കൽമുക്ക്–റെയിൽവേക്രോസ് | 0.25 | 4.5 |
| 13 | മുല്ലശ്ശേരിമുക്ക്–നെടിയത്തുകാവ് | 0.78 | 4 |
| 14 | മംഗലശ്ശേരി റെയിൽവേക്രോസ്–പുളിന്താനത്ത്മുക്ക് | 1.00 | 5 |
| 14 | ഈഴവപാലം–പുളിയത്തുമുക്ക് (പി. ഡബ്ല്യൂ. ഡി.) | 1.00 | 5 |
| 15 | എസ്. വി. ടാക്കീസ് –കുന്നേൽമുക്ക് | 1.5 | 5 |

(എം. എൽ. എ. റോഡുകളും പി. ഡബ്ല്യൂ. ഡി റോഡുകളും ഒന്നിലധികം വാർഡുകളിലൂടെ കടന്നുപോകുന്നവയാണ്. മേൽപ്പറഞ്ഞിരിക്കുന്ന ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ ആയതിനാൽ ഓരോ വാർഡിലും ഉൾപ്പെടുന്ന ഭാഗം മാത്രമേ അതാതു വാർഡിന്റെ നേരെ സൂചിപ്പിച്ചിട്ടുള്ളൂ.)

അവലംബം – ദ്വതീയവിവരശേഖരണം, പഞ്ചായത്ത് രേഖകൾ

അനുബന്ധം ബി.

പുതുതായി നിർമ്മിച്ച റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | സംഭാവന/ ശ്രമദാനം | നീളം കി. മീ. | വീതി മീ. |
|---|---|---|---|---|
| 2 | തൈയ്ക്കാവ്മുക്ക്–ചന്തേക്കാരന്റെ കട | Rs 11,000 | 0.15 | 4 |
| 2 | ചെങ്കോട്ട റെയിൽവേ ലൈൻ–പടിഞ്ഞാറ് അങ്കണവാടി | 14,300 | 0.2 | 4 |
| 4 | കളരിമുക്ക്–ആപ്പുഴ കായൽവാരം | 23,000 | 0.5 | 5 |
| 6 | കെ. ജെ ഹോസ്പിറ്റൽ–അറുന്നൂറ്റിമംഗലം ലെവൽക്രോസ് | 55,000 | 0.45 | 5 |
| 6 | കേശവനഗർ തെക്ക് മണലിൽമുക്ക്–എറണാകുളം ലൈൻ | 11,800 | 0.25 | 3.5 |
| 11 | പാൽക്കുളങ്ങര കിഴക്ക് – കനച്ചുകുളം യുവസാരഥി | 11,000 | 0.15 | 4 |

അവലംബം – ഗ്രാമസഭാ റിപ്പോർട്ടുകൾ

അനുബന്ധം സി.

പുതുതായി നിർമ്മിക്കേണ്ടുന്ന റോഡുകൾ

| വാർഡ് | റോഡിന്റെ പേര് | നീളം (മീറ്റർ) |
|---|---|---|
| 6 | മാടൻകാവ്–അറുന്നൂറ്റിമംഗലം ലെവൽക്രോസ് റോഡ് | 450 |
| 6 | ചുവടുതാങ്ങിമുക്ക് – കുഴിയിൽമുക്ക് റോഡ് | 450 |
| 9 | ഇ. എസ്. ഐ. കിഴക്കോട്ട് – റെയിൽവേ ഗേറ്റ് | 400 |
| 9 | മണ്ണാമല ലെവൽക്രോസ് തെക്കോട്ട് – കല്ലുംതാഴം ഗേറ്റ് | 250 |

അവലംബം – ഗ്രാമസഭാ റിപ്പോർട്ട്.

## ഊർജ്ജം

കിളികൊല്ലൂർ പഞ്ചായത്തിന് ആവശ്യമായ വൈദ്യുതി ലഭിക്കുന്നത് കുണ്ടറ സബ് സ്റ്റേഷനിൽ നിന്നാണ്. കിളികൊല്ലൂരും അയത്തിലുമുള്ള ഇലക്ട്രിസിറ്റി ഓഫീസുകൾക്കാണ് വൈദ്യുത വിതരണത്തിന്റെ ചുമതല. വൈദ്യുതിയുടെ വിതരണം കാര്യക്ഷമമാക്കുന്നതിനുവേണ്ടി 52 ട്രാൻസ്ഫോർമറുകളും 275 കിലോ മീറ്റർ നീളത്തിൽ വൈദ്യുത ലൈനുകളും സ്ഥാപിച്ചിട്ടുണ്ട്. ട്യൂബ് ലൈറ്റുകൾ ഉൾപ്പെട് 1857 വഴിവിളക്കുകൾ പ്രകാശിക്കുന്നു. നമ്മുടെ പഞ്ചായത്തിലെ വീടുകളിൽ നല്ലൊരു ശതമാനം ഇനിയും വൈദ്യുതീകരിക്കേണ്ടിയിരിക്കുന്നു. ഉപയോഗിക്കപ്പെടുന്ന വൈദ്യുതിയിൽ ഏറെയും വ്യാവസായിക ആവശ്യങ്ങൾക്കാണ്. വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പൂർണ്ണമായി വൈദ്യുതീകരിക്കപ്പെട്ട ഒരു വാർഡ്പോലും പഞ്ചായത്തിലില്ല. വൈദ്യുതി ഇതര ഊർജ്ജസ്രോതസ്സുകൾ നിലവിലില്ല. വിളക്കു കത്തിക്കാൻ മണ്ണെണ്ണ ഉപയോഗിക്കുന്ന വീടുകൾ ഇപ്പോഴും നിരവധിയുണ്ട്. വീട്ടാവശ്യങ്ങൾക്ക് വിറകും ഗോബർഗ്യാസും എൽ. പി. ജി. യും ഉപയോഗിക്കുന്നുണ്ട്.

### പ്രശ്നങ്ങൾ

വോൾട്ടേജ് ക്ഷാമം രൂക്ഷമാണ്. പലപ്പോഴും മുന്നറിയിപ്പില്ലാതെ വൈദ്യുതി സപ്ലൈ വിച്ഛേദിക്കപ്പെടുന്നു. ലൈനുകളിലെ അറ്റകുറ്റ പണികൾ, ലൈൻ മാറ്റൽ, എന്നിവ വൈദ്യുതി വിച്ഛേദിക്കുന്നതിന് കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഭൂരിഭാഗം വഴിവിളക്കുകളും മിക്കപ്പോഴും കത്താറില്ല. തെരുവുകളിൽ പലഭാഗത്തും ഇനിയും വഴിവിളക്കുകൾ സ്ഥാപിച്ചിട്ടില്ല. പഞ്ചായത്തിൽ വൈദ്യുതി എത്തിച്ചേരാത്ത നിരവധി പ്രദേശങ്ങൾ ഇനിയുമുണ്ട്.

വിറക് ഏകദേശം സുലഭമായി കിട്ടുന്ന പ്രദേശമാണ് കിളികൊല്ലൂർ. സാമില്ലുകളിൽ നിന്നും ലഭിക്കുന്ന വിറക്, അറക്കപ്പൊടി എന്നിവ സാധാരണക്കാരുടെ ഇന്ധനത്തിന്റെ ആവശ്യം ഒരു പരിധിവരെ നിറവേറ്റുന്നുണ്ട്. എൽ. പി. ജി. കണക്ഷനുകൾ ഉള്ള കുറെയധികം വീടുകൾ പഞ്ചായത്തിലുണ്ട്. എന്നാൽ ഗോബർഗ്യാസ് പ്ലാന്റുകൾ ഇവിടെ ജനസമ്മിതി ആർജിച്ചിട്ടില്ല. ഏതാനും വർഷങ്ങൾക്കുമുമ്പ് നിരവധി വീടുകളിൽ ഗോബർഗ്യാസ് പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള പണി ആരംഭിച്ചെങ്കിലും അതൊന്നുംതന്നെ പൂർത്തീകരിക്കാതെ കിടക്കുകയാണ്. പുകയില്ലാത്ത അടുപ്പുകൾക്കും വളരെയൊന്നും പ്രചാരം ലഭിച്ചിട്ടില്ല.

### പരിഹാരങ്ങൾ

1. ഊർജ്ജം ഉപയോഗിക്കുന്നതിൽ ശാസ്ത്രീയമായ മാനദണ്ഡങ്ങളും ഉപാധികളും സ്വീകരിച്ചാൽ മുപ്പതുശതമാനത്തിൽ അധികം ഊർജ്ജം ലാഭിക്കാവുന്നതാണ്. ഇക്കാര്യത്തിൽ ഐ. ആർ. ഇ. യുടെ നേതൃത്വത്തിലുള്ള കൊല്ലത്ത് പ്രവർത്തിക്കുന്ന ഊർജ്ജ

സംരക്ഷണ സമിതിയുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്. വ്യാപകമായ ബോധവത്കരണക്യാമ്പുകൾ നടത്തി ലക്ഷ്യം നേടാവുന്നതാണ്.

2. കിളികൊല്ലൂർ പഞ്ചായത്തിലെ എല്ലാ പ്രദേശങ്ങളിലേക്കും വൈദ്യുതി എത്തിക്കണം.
3. വഴിവിളക്കുകൾ ആവശ്യമായ പ്രദേശങ്ങളിൽ അവ സ്ഥാപിക്കണം
4. വൈദ്യുതീകരിക്കാത്ത ഹരിജൻ കോളനികൾ വൈദ്യുതീകരിക്കണം.
5. നിർദ്ധനർക്ക് നല്കുന്ന സൗജന്യ വൈദ്യുതി കണക്ഷൻ ഉടൻ നല്കാനുള്ള നടപടി സ്വീകരിക്കണം.
6. അറ്റകുറ്റ പണികൾക്കായി ലൈൻ ഓഫ് ചെയ്യുന്നത് മുൻകൂട്ടി പൊതു ജനങ്ങളെ അറിയിക്കണം.
7. വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ ലോഡ് കൂടുതൽ ഉള്ള ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കണം.
8. ചെറുകിട വ്യവസായങ്ങൾക്ക് അപേക്ഷ സമർപ്പിച്ചാലുടൻ വൈദ്യുതി നൽകുന്നതിന് നടപടി സ്വീകരിക്കണം
9. കിളികൊല്ലൂർ പഞ്ചായത്തിൽ മറ്റ് ഊർജ്ജ സ്രോതസ്സുകൾക്ക് സാധ്യതയുണ്ടോയെന്ന് വിദഗ്ദ്ധ സമിതിയെക്കൊണ്ട് അന്വേഷിപ്പിക്കണം.

കിളികൊല്ലൂർ ഗ്രാമപഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള ട്രാൻസ്ഫോർമറുകൾ

| ക്രമ നമ്പർ | ട്രാൻസ്ഫോർമറുകളുടെ സ്ഥാനം | കപ്പാസിറ്റി (കെ.വി.എ.) |
|---|---|---|
| 1 | കാപ്പെക്സ് ജംഗ്ഷൻ-3 | 250 |
| 2 | അലുമിനിയം കമ്പനി-4 | 160 |
| 3 | ഇരുമ്പ് ഉരുക്ക് കമ്പനി-5 | 315 |
| 4 | ചന്ദനത്തോപ്പ് മാർക്കറ്റ്-6 | 160 |
| 5 | കരിക്കോട് വെസ്റ്റ്-7 | 160 |
| 6 | കരിക്കോട് എച്ച്. എസ്. ഐ. -8 | 250 |
| 7 | സാരഥി ജംഗ്ഷൻ-9 | 100 |
| 8 | വി. എൽ. സി-12 | 250 |
| 9 | യൂണിക്കോൺ-13 | 100 |
| 10 | ഗുരു നാഗപ്പൻക്ഷേത്രം-16 | 63 |
| 11 | കണ്ടച്ചിറ നമ്പർ -1 -17 | 100 |
| 12 | റയിൽവേ സ്റ്റേഷൻ-18 | 100 |
| 13 | നൂർജ്ജഹാൻ ഓയിൽ മിൽ-19 | 250 |
| 14 | റാഡോ ജംഗ്ഷൻ - 20 | 250 |
| 15 | എൻജിനീയറിംഗ് കോളേജ്-21 | 250 |
| 16 | രായരുമുക്ക് - 28 | 160 |
| 17 | പാൽകുളങ്ങര ക്ഷേത്രം-29 | 100 |
| 18 | താവൂട്ട്മുക്ക് - 33 | 100 |
| 19 | മങ്ങാട് എച്ച്. എസ്. - 34 | 250 |
| 20 | മങ്ങാട് മാർക്കറ്റ് - 35 | 200 |
| 21 | കളരിമുക്ക് - 36 | 100 |
| 22 | അറുന്നൂറ്റിമംഗലം -2, -37 | 100 |
| 23 | അറുന്നൂറ്റിമംഗലം -1, -38 | 250 |
| 24 | വാട്ടർവർക്സ് - 39 | 100 |
| 25 | മൂന്നാംകുറ്റി മാർക്കറ്റ് - 40 | 100 |
| 26. | മൂന്നാംകുറ്റി ജംഗ്ഷന് -41 | 250 |
| 27 | പാരത്ഥാജംഗ്ഷൻ-42 | 100 |
| 28 | ഇ. എസ്. ഐ. - 43 | 250 |
| 29 | കെ. പി. പി. ജംഗ്ഷൻ -44 | 100 |
| 30 | പാൽകുളങ്ങര - 45 | 100 |
| 31 | സൂര്യാജംഗ്ഷൻ - 46 | 100 |
| 32 | മാരുതി -47 | 400 |
| 33 | ബ്രിഡ്ജ് നമ്പർ -2, -48 | 200 |
| 34 | ബ്രിഡ്ജ് നമ്പർ-1 - 49 | 250 |
| 35 | മാസ്റ്റർ കേബിൾസ് - 50 | 100 |
| 36 | വെൽവർത്ത് - 51 | 150 |
| 37 | വി. എൽ. സി. പ്രദാപ് -52 | 100 |
| 38 | ഹൈക്കൗണ്ട് -53 | 150 |
| 39 | സുപ്രീം - 54 | 100 |
| 40 | കെ. സി. മോഹൻ-55 | 100 |
| 41 | എസ്. വി. ടാക്കീസ്-56 | 150 |
| 42 | മാതേവീട് - 57 | 150 |
| 43 | കന്നിമേൽ -59 | 250 |

| | | |
|---|---|---|
| 44 | സിയാറത്തുംമൂട് - 62 | 100 |
| 45 | എരട്ടക്കുളം - 63 | 100 |
| 46 | ചരുവിള - 64 | 100 |
| 47 | മാതേവീട്- S-1 | 100 |
| 48 | ഇരപ്പൻചാൽ S-2 | 100 |
| 49 | ഇരട്ടക്കുളം P-4 | 100 |
| 50 | കുതിരമുക്ക് P-5 | 100 |
| 51 | ഇലപ്പിക്കോണം P-6 | 100 |
| 52 | കോയിക്കൽ സൗത്ത് P-7 | 100 |
| 53 | കാവയ്യം | |
| 54 | ഈഴവപാലം | |
| 55 | മാലിക്കര | |
| 56 | അയത്തിൽ വെസ്റ്റ് | |
| 57 | അയത്തിൽ ഈസ്റ്റ് | |

അവലംബം: പവർഹൗസ് രേഖകൾ

## മാർക്കറ്റിംഗ്

കിളികൊല്ലൂർ പഞ്ചായത്തിൽ രണ്ടു പൊതുമാർക്കറ്റുകളും നാല് സ്വകാര്യമാർക്കറ്റുകളും നിലവിലുണ്ട്. ഇവയിൽ രണ്ടാകുറ്റിയിലെ സ്വകാര്യമാർക്കറ്റും മൂന്നാംകുറ്റിയിലേയും ചന്ദനത്തോപ്പിലേയും പഞ്ചായത്ത് വക മാർക്കറ്റുകളും താരതമ്യേന മെച്ചപ്പെട്ട സൗകര്യങ്ങൾ ഉള്ളവയാണ്. കുറ്റിച്ചിറയിലും മങ്ങാട്ടും ഇരപ്പൻചാലിലുമുള്ള സ്വകാര്യമാർക്കറ്റുകൾക്ക് പരിമിതികൾ നിരവധിയുണ്ട്.

**പ്രശ്നങ്ങളും പരിഹാരങ്ങളും**

1. മാർക്കറ്റിംഗ് സൗകര്യങ്ങൾ പരിമിതമാണ്. പഞ്ചായത്തിൽ ഉൽപ്പാദിപ്പിക്കപ്പെടുന്ന കാർഷികവിളകളും ചെറുകിട വ്യാവസായിക ഉൽപ്പന്നങ്ങളും വിറ്റഴിക്കാൻ മാസചന്തകൾ നടത്തുന്നത് ഉചിതമായിരിക്കും.
2. മങ്ങാട്ട് നിലവിലുള്ള സ്വകാര്യചന്തയ്ക്കു പകരം ആധുനിക സൗകര്യങ്ങളോട് കൂടിയ ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കണം. ബൈപ്പാസ്സിനുവേണ്ടി സ്ഥലമെടുക്കുമ്പോൾ നിലവിലുള്ള മാർക്കറ്റ് ഇല്ലാതാകും.
3. കാർഷിക ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നതിന് ഉൽപാദന കേന്ദ്രങ്ങൾക്ക് സമീപം തന്നെ മാർക്കറ്റിംഗ് സൗകര്യം ഉണ്ടാകണം.
4. റഗുലേറ്റഡ് മാർക്കറ്റിംഗ് സംവിധാനം നടപ്പിലാക്കണം.
5. ജനകീയ ആസൂത്രണത്തിന്റെ ഫലമായി അതികമായി ഉൽപ്പാദിപ്പിക്കപ്പെടുമെന്നു കരുതുന്ന കാർഷിക - വ്യാവസായികോൽപ്പന്നങ്ങൾ സംഭരിക്കാനും പുതിയ വിപണികൾ കണ്ടെത്താനുമായി സഹകരണമേഖലയിൽ ഒരു പുതിയസംവിധാനം ഉണ്ടാക്കേണ്ടതാണ്.
6. രണ്ടാംകുറ്റിയിൽ ഒരു പൊതുമാർക്കറ്റ് സ്ഥാപിക്കണം.




# 5.5 വിദ്യാഭ്യാസം

ഉയർന്ന സാക്ഷരതാ നിലവാരം പുലർത്തുന്ന കിളികൊല്ലൂർ പഞ്ചായത്തിലെ വിദ്യാഭ്യാസ പുരോഗതുയുടെ ചരിത്രത്തിന് നൂറ്റാണ്ടിലേറെ പഴക്കമുണ്ട്. ലഭ്യമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ പഞ്ചായത്തിലെ പ്രഥമ വിദ്യാലയം (പ്രൈമറി) കോയിക്കലാണ് ആരംഭിച്ചത്. 1904 ൽ പ്രവർത്തനമാരംഭിച്ച മങ്ങാട് സെന്റ്: ജോസഫ് എൽ. പി. സ്കൂളും, 1905 ലാരംഭിച്ച മങ്ങാട് ഗവൺമെന്റ് പ്രൈമറിസ്കൂളും പതിനായിരങ്ങൾക്ക് അറിവിന്റെ വെളിച്ചം പകർന്നുകൊടുത്തു. മങ്ങാട് ഗവൺമെന്റ് പ്രൈമറിസ്കൂൾ 10 വർഷങ്ങൾക്കു ശേഷം 1915 ൽ മലയാളം മിഡിൽ സ്കൂളായി (എം. എം.) മാറി. ഈ സ്കൂളാണ് കിളികൊല്ലൂർ പഞ്ചായത്തിലെ ആദ്യത്തെ മിഡിൽ സ്കൂളാകാൻ സാധ്യത. 1963–64 ൽ മങ്ങാട് സ്കൂൾ ഹൈസ്കൂളായി ഉയർന്നു.

1958 ൽ ശ്രീ. തങ്ങൾകുഞ്ഞ് മുസലിയാർ സ്ഥാപിച്ച ടി. കെ. എം. എൻജിനീയറിംഗ് കോളേജ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ പഞ്ചായത്തിന്റെ അഭിമാനമാണ്. 120 വിദ്യാർത്ഥികളുമായി പ്രവർത്തനമാരംഭിച്ച ഈ സ്ഥാപനത്തിൽ ഇപ്പോൾ രണ്ടായിരം വിദ്യാർത്ഥികൾ പഠിക്കുന്നു.

1968 ലാണ് കണ്ടച്ചിറ സെന്റ്: ആന്റണീസ് എൽ. പി. എസ്., യു. പി. എസ്. ആയി ഉയർത്തിയത്. ഇതേവർഷം തന്നെ ചാത്തിനാംകുളം എം. എസ്. എം. എൽ. പി. എസും., കിളികൊല്ലൂർ ഹരിജൻ എൽ. പി. എസും ആരംഭിച്ചു. 1979 ൽ ചാത്തിനാംകുളം സ്കൂളും 1981 ൽ കോയിക്കൽ യു. പി. സ്കൂളും ഹൈസ്കൂളാക്കി ഉയർത്തി.

ഈ പഞ്ചായത്തിൽ മൂന്ന് ഹൈസ്കൂൾ, ഒരു അപ്പർപ്രൈമറി സ്കൂൾ, നാല് ലോവർ പ്രൈമറി സ്കൂൾ എന്നിങ്ങനെ എട്ടുസ്കൂളുകളും ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഒരു എൻജിനീയറിഗ് കോളേജുമാണുള്ളത്. രണ്ടു ഹൈസ്ക്കൂളുകളും ഒരു ലോവർ പ്രൈമറി സ്കൂളും സർക്കാർ വകയും മറ്റുള്ളവ സ്വകാര്യ സ്ഥാപനങ്ങളുമാണ്. എൻജിനീയറിംഗ് കോളേജ് ഒഴികേയുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികളിൽ ആൺകുട്ടികളും പെൺകുട്ടികളും ഏകദേശം എണ്ണത്തിൽ തുല്യമാണ്. മേൽ സൂചിപ്പിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾ കൂടാതെ കല്ലും താഴം ജംഗ്ഷന് സമീപം ഫാത്തിമാ കോളേജ് ഓഫ് ഫാർമസി എന്ന പേരിൽ ഒരു ഫാർമസി കോളേജ് നല്ലനിലയിൽ പ്രവർത്തിച്ചുവരുന്നു. രണ്ട് ഇം

ഗ്ലീഷ് മീഡിയം സ്കൂളുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ തൊട്ടടുത്ത പട്ടണത്തിലും മറ്റു പ്രദേശങ്ങളിലുമുള്ള ഇംഗ്ലീഷ് മീഡിയം വിദ്യാലയങ്ങളിലേക്കും നൂറുകണക്കിന് കുട്ടികൾ പഠിക്കാൻ പോകുന്നുണ്ട്.

പട്ടിക 1

സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം.

| വിദ്യാലയം | സർക്കാർ എയ്ഡഡ് | | വിദ്യാർത്ഥികളുടെ എണ്ണം ആൺ. | പെൺ | ആകെ. |
|---|---|---|---|---|---|
| എം. എസ്. എം. എച്ച്. എസ്. ചാത്തിനംകുളം | എയ്ഡഡ് | എൽ.പി. | 343 | 359 | 702 |
| | | യു.പി. | 373 | 348 | 721 |
| | | എച്ച്. എസ്. | 279 | 319 | 598 |
| ഗവ: എച്ച്. എസ്. മങ്ങാട് | സർക്കാർ | യു. പി. | 250 | 231 | 481 |
| | | എച്ച്. എസ്. | 373 | 349 | 722 |
| ഗവ: എച്ച്. എസ്. കോയിക്കൽ | സർക്കാർ | എൽ. പി | 345 | 336 | 681 |
| | | യു. പി. | 434 | 368 | 802 |
| | | എച്ച്. എസ്. | 353 | 389 | 742 |
| സെന്റ്: ആന്റണീസ് യു. പി. എസ്. കണ്ടച്ചിറ | എയ്ഡഡ് | യു. പി. | 166 | 177 | 343 |
| | | എൽ. പി. | 126 | 107 | 233 |
| എച്ച്. എസ്. എൽ. പി. എസ്. മങ്ങാട് | സർക്കാർ | | 137 | 139 | 276 |
| സെന്റ്: ജോസഫ് എൽ. പി. എസ്. മങ്ങാട് | എയിഡഡ് | | 102 | 105 | 207 |
| എൽ. എം. എസ്. എൽ. പി. എസ്. കിളികൊല്ലൂർ | " | | 122 | 141 | 263 |
| ഹരിജൻ എൽ. പി. എസ്. കിളികൊല്ലൂർ | " | | 259 | 222 | 481 |
| | | ആകെ | 3662 | 3590 | 7252 |

അവലംബം ദ്വിതീയ വിവര ശേഖരണം.

പഞ്ചായത്തിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ കണക്കും വിദ്യാർത്ഥികളുടെ എണ്ണവും പരിശോധിച്ചാൽ ജനസംഖ്യാ വർദ്ധനവിന് അനുസരിച്ച് വിദ്യാലയങ്ങളുടെ എണ്ണത്തിൽ ആനുപാതിക വർദ്ധനവ് വന്നിട്ടുള്ളതായിക്കാണാം. എന്നാൽ പഞ്ചായത്തിലെ വാർഡ് തിരിച്ചു പരിശോധിച്ചാൽ ഭൂരിപക്ഷം വാർഡുകളിലും പ്രാഥമിക വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഇല്ലെന്നു കാണാം. ചില വാർഡുകളിൽ വിദ്യാലയങ്ങൾ ആരംഭിക്കണമെന്ന ആവശ്യവും ഉയർന്നു വന്നിട്ടുണ്ട്. വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ചു എന്ന് അവകാശപ്പെടുന്ന നേട്ടങ്ങൾക്ക് കോട്ടങ്ങളും തട്ടിയിട്ടുണ്ട്.

പട്ടിക 2

അധ്യാപകരുടെ എണ്ണം.

| വിദ്യാലയത്തിന്റെ പേര് | അധ്യാപകർ | | ആകെ |
|---|---|---|---|
| | പുരുഷൻ | സ്ത്രീ | |
| എം. എസ്. എം. എച്ച്. എസ്. ചാത്തിനാംകുളം | 19 | 51 | 70 |
| ജി. എച്ച്. എസ്. മങ്ങാട് | 19 | 29 | 48 |
| ജി. എച്ച്. ഗെസ്. കോയിക്കൽ | 20 | 52 | 72 |
| സെന്റ്: ആന്റണീസ് യു. പി. എസ്. കണ്ടച്ചിറ | 0 | 14 | 14 |
| എച്ച്. എസ്. എൽ. പി. എസ് മങ്ങാട് | 3 | 7 | 10 |
| സെന്റ്: ജോസഫ് എൽ. പി. എസ് മങ്ങാട് | 1 | 4 | 5 |
| എൽ. എം. എസ്. എൽ. പി. എസ് കിളികൊല്ലൂർ | 0 | 7 | 7 |
| ഹരിജൻ എൽ. പി. എസ്. കിളികൊല്ലൂർ | 3 | 10 | 13 |
| ആകെ | 65 | 174 | 239 |

അവലംബം – ദ്വിദീയ വിവിര ശേഖരണം

അദ്ധ്യാപകരിൽ വനിതകളാണ് ഭൂരിപക്ഷവും. ആകെ അദ്ധ്യാപകരിൽ 77 % വും.സ്ത്രീകളാണ്.

പട്ടിക വർഗ്ഗ സമുദായത്തിൽ പെട്ടവർ പഞ്ചായത്തിൽ പൊതുവേ കുറവാണ്. ഒന്നാം ക്ലാസിൽ ചേരുന്ന പട്ടിക ജാതി – പട്ടിക വർഗ്ഗത്തിൽപ്പെട്ടകുട്ടികൾ പൂർണ്ണമായും പത്താം ക്ലാസിൽ എത്തിച്ചേരുന്നില്ല.

പട്ടിക 3

പട്ടികജാതി/പട്ടിക വർഗ്ഗവിദ്യാർത്ഥികളുടെ

എണ്ണം.

| | |
|---|---|
| പ്രൈമറി വിഭാഗം | 210 |
| അപ്പർപ്രൈമറി വിഭാഗം | 30 |
| ഹൈസ്ക്കൂൾ വിഭാഗം | 26 |

ഇടയ്ക്ക് വെച്ച് പഠനം നിർത്തിപോകുന്നതിന്റെ പിന്നിൽ വീട്ടിലെ ദാരിദ്ര്യം ഒരു പ്രധാന ഘടകമാണ് കശുവണ്ടി വ്യവസായ രംഗത്തെ മാന്ദ്യം തൊഴിലില്ലായ്മക്കും ദാരിദ്ര്യത്തിനും കാരണമായിട്ടുണ്ട്. അദ്ധ്യാപന രംഗത്തെ അനാകർഷണീയതയും പരിശേധിക്കേണ്ടതാണ്.

പട്ടിക 4

പഠിത്തം നിർത്തിയവരുടെ കണക്ക്

| സ്റ്റാൻഡേർഡ് | പട്ടികജാതി/പട്ടിക വർഗ്ഗം ആകെ | | | മറ്റുള്ളവർ | | ആകെ |
|---|---|---|---|---|---|---|
| | ആൺ. | പെൺ | | ആൺ | പെൺ | |
| 1–4 | 3 | 2 | 5 | 35 | 35 | 70 |
| 5–7 | 3 | 1 | 4 | 14 | 8 | 22 |
| 8–10 | 3 | 4 | 7 | 23 | 20 | 43 |
| ആകെ. | 9 | 7 | 16 | 72 | 63 | 135 |

അവലംബം ദ്വിതീയ വിവരശേഖരണം

സർക്കാർ വിദ്യാലയങ്ങളിലെ ആകെ അദ്ധ്യാപകരും വിദ്യാർത്ഥികളും എയ്ഡഡ് വിദ്യാലയങ്ങളെ അപേക്ഷിച്ച് കൂടുതലാണ്.

പട്ടിക 5

സർക്കാർ/എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകരുടേയും വിദ്യാർത്ഥികളുടേയും എണ്ണം.

| | |
|---|---|
| 3 സർക്കാർ വിദ്യാലയങ്ങളിലെ അദ്ധ്യാപകർ | 130 |
| 5 എയ്ഡഡ് വിദ്യാലയങ്ങളിലെ അദ്ധ്യാപകർ | 109 |
| ആകെ അദ്ധ്യാപകർ | 239 |
| 3 സർക്കാർ വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ | 3704 |
| 5 എയ്ഡയ് വിദ്യാലയങ്ങളിലെ വിദ്യാർത്ഥികൾ | 3548 |
| ആകെ വിദ്യാർത്ഥികൾ | 7252 |

ഈ പഞ്ചായത്തിലെ ഭൂരിപക്ഷം രക്ഷിതാക്കൾക്കും സർക്കാർ സ്കൂളുകളോട് താല്പര്യമുള്ളവരാണ്. പക്ഷേ മുൻ വർഷങ്ങളെ അപേക്ഷിച്ച് സർക്കാർ സ്കൂളുകളിലെ അധ്യാപകരുടെ എണ്ണക്കുറവ്, തൊട്ടടുത്ത് മറ്റ് സ്കൂളുകൾ ആരംഭിച്ചത്, ജനന നിരക്കിലുള്ള കുറവ്, അദ്ധ്യയന നിലവാരത്തിൽ സർക്കാർ സ്കൂളുകൾ മറ്റു സ്വകാര്യ സ്കൂളുകളെക്കാൾ മോശമാണെന്നുള്ള ധാരണ– ഇതെല്ലാം സർക്കാർ സ്കൂളുകളിൽ വിദ്യാർത്ഥികളുടെ എണ്ണം കുറയാൻ കാരണമായി.

പഞ്ചാത്തിലുള്ള മൂന്ന് ഹൈസ്കൂളുകളിലും ഒരു യു. പി. സ്കൂളിലും ലൈബ്രറി സൌകര്യമുണ്ട്. എന്നാൽ പ്രത്യേക ലബ്രേറിയൻ ഇല്ലാത്തതിനാൽ ഉദ്ദേശിക്കുന്ന നേട്ടമുണ്ടാക്കാൻ കഴിയുന്നില്ല. ഏതെങ്കിലും റഗുലർ അധ്യാപകനായിരിക്കും ലൈബ്രറിയുടെ ചുമതല. സ്വന്തം കടമതന്നെ നിർവ്വഹിക്കുവാൻ ബുദ്ധിമുട്ടുന്ന അധ്യാപകന് ഇത് ഒരു ഭാരമായി മാറുന്നു. ലബോറട്ടറി സൗകര്യമുള്ള വിദ്യാലയത്തിലാകട്ടെ അവ ഉപയോഗപ്പെടുത്തുന്നുമില്ല. അതുപോലെ ദൃശ്യ–ശ്രവ്യ ഉപകരണങ്ങൾ ഉണ്ടെങ്കിലും പ്രയോജനപ്പെടുത്താറില്ല എന്നതാണ് യാഥാർത്ഥ്യം.

അധ്യാപക – രക്ഷാകർതൃ സംഘടന എയ്ഡഡ്/ അൺ എയ്ഡഡ് സ്കൂളുകളിൽ ഫലപ്രദമായി പ്രവർത്തിക്കുന്നുവെങ്കിലും സർക്കാർ സ്കൂളുകളിൽ അവ കാര്യക്ഷമമല്ല.

| വിദ്യാലയം | സ്ഥല വിസ്തി: | കളിസ്ഥലം | കെട്ടിടം | ആവശ്യമുള്ളവ ബഞ്ച് | ഡെസ്ക് | മൂത്രപ്പുര | കക്കൂസ് | കുടിവെള്ളം |
|---|---|---|---|---|---|---|---|---|
| എം. എസ്. എം. എച്ച്. എസ്. ചാത്തിനംകുളം | 3 ഏക്കർ | 1 ഏക്കർ | ഉണ്ട് | 25 | 25 | 2 | 1 | കിണർ പൈപ്പ് |
| ഗവ: എച്ച്. എസ്. മങ്ങാട് | 4 ഏക്കർ 95 സെന്റ് | 2 " | ഉണ്ട് | 100 | 100 | 2 | 2 | " |
| ഗവ: എച്ച്. എസ്. കോയിക്കൽ | 1 ഏക്കർ 30 സെന്റ് | ഇല്ല | ആവശ്യത്തിനില്ല | 150 | 225 | 2 | 2 | കിണർ |
| സെന്റ്: ആന്റണീസ് യു. പി. എസ്. കണ്ടച്ചിറ | 1 ഏക്കർ 30 സെന്റ് | 60 സെന്റ് | ഉണ്ട് | 5 | 15 | 2 | 0 | കിണർ പൈപ്പ് |
| എച്ച്. എസ്. എൽ. പി. എസ്. മങ്ങാട് | 1 ഏക്കർ | 67 സെന്റ് | " | 20 | 40 | 1 | 1 | പൈപ്പ് |
| സെന്റ്: ജോസഫ് എൽ. പി. എസ്. മങ്ങാട് | 89 സെന്റ് | 65 സെന്റ് | " | 10 | 0 | 2 | 0 | പൈപ്പ് |
| എൽ. എം. എസ്. എൽ. പി. എസ്. കിളികൊല്ലൂർ | 46 സെന്റ് | 10 സെന്റ് | " | 10 | 8 | 0 | 0 | ഇല്ല |
| ഹരിജൻ എൽ. പി. എസ്. കിളികൊല്ലൂർ | 1 ഏക്കർ | 50 സെന്റ് | " | 0 | 0 | 1 | 0 | പൈപ്പ് |

വിദ്യാർത്ഥികളുടെ എണ്ണം കൊണ്ട് ഏറ്റവും വലിയ വിദ്യാലയമാണ് കോയിക്കൽ ഗവൺമെന്റ് ഹൈസ്ക്കൂൾ. പഴമകൊണ്ടും ശ്രദ്ധേയമായ ഈ സ്കൂളിലെ വിദ്യാർത്ഥികൾക്ക് കളിസ്ഥലം ഇല്ലെന്നത് ദുഃഖകരമാണ്. സ്കൂളിനോട് ചേർന്ന് സ്ഥലസൗകര്യം ഉണ്ടാക്കാനും പറ്റുന്ന സാഹചര്യമില്ല. പ്രൈമറി സ്കൂളായാൽ പോലും അവിടെ കക്കൂസ്, മൂത്രപ്പുര എന്നിവ നിർബന്ധമായും ഉണ്ടായിരിക്കണം.

പഞ്ചായത്തിലാകെയുള്ള മൂന്ന് ഹൈസ്കൂളുകളെക്കുറിച്ച് നേരത്തെ സൂചിപ്പിച്ചിട്ടുണ്ട്. പട്ടിക 8 ശ്രദ്ധിച്ചാൽ കഴിഞ്ഞ നാലുവർഷത്തെ എസ്. എസ്. എൽ. സി. വിജയശതമാനം അത്രമോശമാണെന്ന് പറയാൻ കഴിയില്ല. എന്നാൽ കഴിഞ്ഞ നാലു വർഷത്തിനുള്ളിൽ കോയിക്കൽ എച്ച്. എസിൽ വിജയശതമാനം 9.9 ശതമാനം കുറഞ്ഞിരിക്കുന്നു. 1992-93 ൽ 62 ശതമാനം ഉണ്ടായിരുന്നത് 95-96 ൽ 52.1 ശതമാനമായി. ഇരുന്നു പഠിക്കാൻവേണ്ട കെട്ടിട സൗകര്യമോ ഓടിച്ചാടി കളിക്കുവാനുള്ള കളിസ്ഥലമോ ഇവിടെ ഇല്ല. ഇവിടുത്തെ മറ്റ് ഭൗതിക സാഹചര്യങ്ങളും പരിശോധിക്കേണ്ടിയിരിക്കുന്നു. പലകാരണങ്ങളാലും ഈ സ്കൂളിൽ പഠിതാക്കളുടെ എണ്ണവും കുറഞ്ഞുവരികയാണ്. ഈ പരിമിതികൾക്കുള്ളിലും 50 ശതമാനത്തിലേറെ വിജയം നേടിയത് പ്രത്യേകം അഭിനന്ദനം അർഹിക്കുന്നു.

പട്ടിക 8

കഴിഞ്ഞ നാലുവർഷങ്ങളിലെ എസ്. എസ്. എൽ. സി വിജയശതമാനം

| സ്കൂളിന്റെ പേര് | 1992-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| എം. എസ്. എം. ചാത്തിനാംകുളം | 53 | 50 | 44 | 52 |
| ജി. എച്ച്. എസ്. മങ്ങാട് | 48 | 52.5 | 59.6 | 63 |
| ജി. എച്ച്. എസ്. കോയിക്കൽ | 62 | 53 | 51.8 | 52.1 |

അവലംബം - ദ്വിതീയ വിവരശേഖരണം

ശാസ്ത്ര സാങ്കേതിക വിദ്യ നിമിഷം പ്രതി വികസിച്ചുകൊണ്ടേയിരിക്കുന്നു. അതിനനുസരിച്ചുള്ള മാറ്റം വിദ്യാഭ്യാസ മേഖലയിലും അനിവാര്യമാണ്. എന്നാൽ നമ്മുടെ കലാലയങ്ങളുടെ ഭൗതിക സാഹചര്യവും അക്കാദമിക്ക് നിലവാരവും പരിശോധിച്ചാൽ നാം വളരെ പിന്നിലാണെന്ന് കാണാം.

പട്ടിക 9

കാൽപാദ പരീക്ഷാ മാർക്കിന്റെ അടിസ്ഥാനത്തിൽ വിദ്യാർത്ഥികളുടെ അക്കാദമിക് നിലവാരം

| സ്റ്റാൻഡേർഡ് | ലഭിച്ചമാർക്കിന്റെ ശതമാനം | | | | |
|---|---|---|---|---|---|
| | 30 ൽ താഴെ | 30-40 | 40-50 | 50-60 | 60-ന് മേൽ |
| III | 312 | 182 | 170 | 113 | 130 |
| IV | 362 | 173 | 120 | 113 | 116 |
| V | 297 | 146 | 140 | 115 | 143 |
| VI | 304 | 153 | 123 | 113 | 102 |
| VII | 269 | 172 | 127 | 114 | 103 |
| VIII | 222 | 195 | 152 | 105 | 99 |
| IX | 198 | 138 | 152 | 97 | 79 |

അവലംബം ദ്വിതീയ വിവരശേഖരണം

പഞ്ചായത്തിലെ ജനകീയ ആസൂത്രണ പ്രവർത്തകർ ശേഖരിച്ച വിവരങ്ങളുടേയും ഗ്രാമസഭകളിൽ നിന്നും വന്ന നിർദ്ദേശങ്ങളുടേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കുന്നത്. അക്കാദമിക് സൗകര്യങ്ങളുടെ അഭാവം പ്രത്യേകം ശ്രദ്ധിക്കപ്പെടേണ്ട ഒരു വിദ്യാലയമാണ് കിളികൊല്ലൂർ എൽ. എം. എസ്. എൽ. പി. എസ്. കുട്ടികളുടെ പ്രാഥമിക ആവശ്യത്തിനുള്ള യാതൊരു സൗകര്യങ്ങളുമില്ല. അടിയന്തിരമായി ഇതിന് പരിഹാരം കാണണം.

നമ്മുടെ പഞ്ചായത്തിൽ നിന്നും വർഷം തോറും ജയിച്ചുവരുന്ന വിദ്യാർത്ഥികൾക്ക് ഉന്നത വിദ്യാഭ്യാസത്തിന് പൂർണ്ണമായും പ്രവേശനം ലഭിക്കുന്നില്ല. കോള്ജേ് വിദ്യാഭ്യാസത്തിന് നാം ആശ്രയിക്കുന്നത് പ്രധാനമായും പട്ടണത്തിലെ കോളേജ്കളേയും നമ്മുടെ തൊട്ടടുത്തുള്ള ടി. കെ. എം. കോളേജിനേയുമാണ്.

സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് ഉന്നത നിലവാരം പുലർത്തുന്ന ഒരു കലാലയമാണ് ടി. കെ. എം. എൻജിനീയറിംഗ് കോളേജ്.

ഗ്രാമ സഭാ ചർച്ചകളുലൂടെ ഉയർന്നു വന്ന പ്രശ്നങ്ങൾ

1. ഇനിയും എൽ. പി. സ്കൂളുകൾ ആരംഭിക്കണം.
2. സ്കൂളുകളിൽ മൂത്രപ്പുര, കക്കൂസ് എന്നിവയുടെ ലഭ്യത ഉറപ്പാക്കണം.
3. മങ്ങാട് ഗവൺമെന്റ് ഹൈസ്കൂളിനോട് ചേർന്നുള്ള മിനിസ്റ്റേഡിയത്തിന്റെ പണി അടിയന്തിരമായി ആരംഭിക്കണം
4. കോയിക്കൽ ജി. എച്ച്. എസ്.. കിളികൊല്ലൂർ എൽ. എം. എസ്. എൽ. പി. എസ്. എന്നീ സ്ഥാപനങ്ങളുടെ ശോച്യാവസ്ഥ എത്രയും പെട്ടെന്ന് പരിഹരിക്കണം.
5. ഹൈസ്ക്കൂളുകളിലെ എസ്. എസ്. എൽ. സി. വിജയ ശതമാനം ഉയർത്താനാവശ്യമായ നടപടിയുണ്ടാകണം.
6. അദ്ധ്യാപന രീതിയിൽ കാലോചിതമായ മാറ്റം അനിവാര്യമാണ്.
7. സ്കൂൾ ലൈബ്രറി, ലബോറട്ടറി എന്നിവ ഫലപ്രദമായി വിദ്യാർത്ഥികൾക്ക് ഉപയോഗിക്കുവാനുള്ള അവസരം ഉണ്ടാകണം
8. തൊഴിലധിഷ്ഠിത വിദ്യാല്യം ആവശ്യമാണ്.
9. ഹൈസ്ക്കൂളുകളോട് ചേർന്ന് നഴ്സറിസ്കൂളുകൾ നല്ലരീതിയിൽ സംഘടിപ്പിക്കുക.
10. സ്വയം തൊഴിൽ പരിശീലന കേന്ദ്രങ്ങൾ സ്ഥാപിക്കുക.
11. സ്കൂളുകളിലെ കായിക വിദ്യാഭ്യാസത്തിന് ഊന്നൽ നൽകുക.
12. വിദ്യാർത്ഥികളുടെ കലാപരമായ അഭിരുചികളെ പ്രോത്സാഹിപ്പിക്കുക.
13. വിദ്യാർത്ഥികളിൽ വായനാശീലം വളർത്തുക.

നിർദ്ദേശങ്ങൾ

1. കന്നിമേൽ സി., കന്നിമേൽ ഡി. എന്നീ വാർഡുകളിൽ എൽ. പി. സ്കൂളുകൾ ആരംഭിക്കണം.
2. കിളികൊല്ലൂർ എൽ. എം. എസ്. എൽ. പി. എസിന്റെ ശോചനീയാവസ്ഥ പരിഹരിക്കുന്നതിന് സഹായസമിതി രൂപീകരിക്കുക.
3. കോയിക്കൽ ഗവൺമെന്റ് ഹൈസ്ക്കൂളിന് കളിസ്ഥലം, കെട്ടിട സൗകര്യം തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് പഞ്ചായത്തിന്റെ നേതൃത്വത്തിൽ വികസന സമിതി ഉണ്ടാക്കുക.
4. മങ്ങാട് ഹൈസ്കൂളിനോട് ചേർന്ന് മിനി സ്റ്റേഡിയം നിർമ്മിക്കാനുള്ള പഞ്ചായത്തുകമ്മിറ്റിയുടെ തീരുമാനം അടിയന്തിരമായി നടപ്പിലാക്കുക.
5. സാക്ഷരതാ പ്രവർത്തനം ശക്തമാക്കുക.
6. ഹൈസ്കൂളുകളിൽ തൊഴിലധിഷ്ഠിത വിദ്യാഭ്യാസം ആരംഭിക്കുക.
7. കുട്ടികളിൽ വായനാശീലം വളർത്തുവാനായി കുട്ടികളുടെ ലൈബ്രറി സ്ഥാപിക്കുക.
8. പഞ്ചായത്തിലെ മൂന്ന് ഹൈസ്ക്കൂളുകളിലും പ്ലസ് ടു ആരംഭിക്കുക.

9. ആധുനിക ദൃശ്യ-ശ്രവ്യ മാധ്യമങ്ങൾ ഉപയോഗിച്ചുള്ള പഠനം കുട്ടികൾക്ക് ലഭ്യമാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ മാധ്യമകേന്ദ്രം ആരംഭിക്കുക.
10. സ്കൂളധ്യാപകർക്ക് റിഫ്രഷ്മെന്റ് കോഴ്സുകൾ കൃത്യമായി സംഘടിപ്പിക്കുക.
11. പഞ്ചായത്ത് മേഖലയിലെ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായമെന്ന നിലയിൽ പഞ്ചായത്ത് തല പി. ടി. എ., മാതൃസംഗമം എന്നിവ രൂപീകരിക്കുക.
12. മോണിറ്ററിംഗ് ശക്തിപ്പെടുത്തുക.
13. ഓരോ ഹൈസ്കൂളിനും ഓരോ ലൈബ്രേറിയനെ നിയമിക്കുക.
14. ഒമ്പതാം ക്ലാസ് കഴിഞ്ഞുള്ള വെക്കേഷൻ സമയത്ത് മൂന്നു ഹൈസ്കൂളുകളിലേയും പത്താം ക്ലാസിലേക്ക് പ്രമോഷൻ ലഭിക്കാൻ സാധ്യതയുള്ള കുട്ടികൾക്ക് കോച്ചിംഗ് ക്ലാസ് നടത്തണം. അതിനായി പഞ്ചായത്തിലെ താല്പര്യമുള്ള അധ്യാപകരുടെ സേവനം ഉപയോഗപ്പെടുത്താവുന്നതാണ്.
15. എസ്. എസ്. എൽ. സി. കഴിഞ്ഞുള്ള ഉപരി പഠനത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ നല്കാനുള്ള സംവിധാനം ഉണ്ടാക്കുക.
16. കുട്ടികൾക്കുവേണ്ടി ഒരു പാർക്ക് സ്ഥാപിക്കുക.

# 5.6 കുടിവെള്ളവും പൊതുജനാരോഗ്യവും പരിസര ശുചിത്വവും

കുടിവെള്ളം.

കുടിവെള്ളത്തിനായി കിളികൊല്ലൂരിലെ ജനങ്ങൾ 95 ശതമാനവും കിണറുകളെയാണ് ആശ്രയിക്കുന്നത്. 3 ശതമാനം കുടുംബങ്ങൾ അയൽ വീടുകളിലെ കിണറുകളെ ആശ്രയിക്കുമ്പോൾ രണ്ട് ശതമാനം കുടുംബങ്ങൾ പൊതു ജലവിതരണ സമ്പ്രദായത്തെ ആശ്രിക്കുന്നു. ഏതാണ്ട് 11676 ഓളം വീടുകൾ കിളികൊല്ലൂരിലുണ്ട്.

നഗരവത്ക്കരണം, കുടിയേറ്റം, അനുയോജ്യമല്ലാത്ത ഭൂവിനിയോഗ രീതി, ജനസംഖ്യാവർദ്ധനവ്, ജലഉപയോഗരീതിയിലെ മാറ്റം– ഇവയെല്ലാം പരമ്പരാഗതമായ ജലസ്രോതസ്സുകളെ ബാധിച്ചു –ജലശേഷി ഗണ്യമായി കുറച്ചു. വരൾച്ചാസമയത്ത് ജലസമ്പന്നമായ കിളികൊല്ലൂരിൽ കുടിവെള്ള ക്ഷാമം ഒരു പ്രശ്നമായി മാറിക്കഴിഞ്ഞു.

പഞ്ചായത്തിന്റെ വടക്ക് കിഴക്കൻ മേഖലയായ ചാത്തിനാംകുളം, കോളേജ് വാർഡ്, കിളികൊല്ലൂർ സി എന്നീ പ്രദേശങ്ങളിൽ വരൾച്ചാകാലങ്ങളിൽ കുടിവെള്ള ക്ഷാമം രൂക്ഷമാണ്. മങ്ങാട് നാലാം വാർഡിൽ കായലോര പ്രദേശത്ത് വരൾച്ചയിലും വർഷകാലത്തും ഓരു വെള്ളമാണ് ലഭിക്കുന്നത്. കന്നിമേൽ സി. വാർഡിലും ഓരു ജലത്തിന്റെ സാന്നിദ്ധ്യമുണ്ട്. കിളികൊല്ലൂർ ബി. വാർഡിന്റെ കിഴക്കൻ മേഖല ജലക്ഷാമം അനുഭവപ്പെടുന്ന പ്രദേശങ്ങളിലൊന്നാണ്. ഭൂമിയുടെ ചരിവുകാരണം മഴവെള്ള മണ്ണിൽ ആഴ്ന്നിറങ്ങാതെ പെട്ടെന്ന് ഒഴുകിപോകുന്നതാണ് ഇതിനു മുഖ്യകാരണം.

പ്രാദേശികമായി കൂടുതൽ പൊതുടാപ്പുകളുടെ അഭാവം, ഉള്ള കിണറുകളുടെ ശോചനീയാവസ്ഥ ഇവ ജലക്ഷാമം രൂക്ഷമാക്കുന്നു.

പഞ്ചായത്തിന് സ്വന്തമായി ശുദ്ധജല വിതരണ പദ്ധതികൾ ഇല്ല. കേരള ജല അതോറിറ്റി പഞ്ചായത്തിൽ സ്ഥാപിച്ചിട്ടുള്ള പൊതു ടാപ്പുകളിൽ പലതിലും വേനൽക്കാലത്ത് ജലം ലഭിക്കുന്നില്ല. പലപ്പോഴു ടാപ്പുകളിൽ നിന്ന് ലഭിക്കുന്ന ജലം ഒട്ടും ശുദ്ധവുമല്ല. ഉയർന്ന പ്രദേശങ്ങളിൽ താമസിക്കുന്നവർ വരൾച്ചാ സമയങ്ങളിൽ 200 മീറ്ററിലധികം ദൂരെ പോയാണ് ജലം കൊണ്ടുവരുന്നത്. കുടിവെള്ളം ലഭ്യമാക്കുന്നതിനുവേണ്ടി പഞ്ചായത്ത് പല പദ്ധതികളും ആവിഷ്കരിച്ചിട്ടുണ്ട്. പ്രാദേശികമായി കിണറുകളും ഒരു പരിധിവരെ പൈപ്പ് ലൈനുകളും സ്ഥാപിച്ചിട്ടുണ്ട്. എന്നിരുന്നാലും ഉദ്ദേശിക്കുന്ന തരത്തിലുള്ള പ്രയോജനം ഇതിൽ നിന്നും ലഭിക്കുന്നില്ല. ഓരോ വാർഡിലും ചെറിയ പദ്ധതികൾ ആവിഷ്കരിച്ച് സ്വയം പര്യാപ്തത നേടിയാൽ മാത്രമേ കുടിനീർ ക്ഷാമം പരിഹരിക്കാനാകൂ.

പൊതു കിണർ, ടാപ്പുകൾ, കിണറുകൾ, കുഴൽകിണറുകൾ തുടങ്ങിയവയാണ് സാധാരണയായി ഉപയോഗിക്കുന്ന കുടിവെള്ള സ്രോതസ്സുകൾ പഞ്ചായത്തിലെ പൊതു കുടിനീർ സ്രോതസ്സുകളെ ആദ്യം വിലയിരുത്താം.

വേൾഡ് ബാങ്കിന്റെ പ്രോജക്ട് വർക്കിന് കീഴിൽ വരുന്ന മൂന്നാം കുറ്റിയിൽ സ്ഥാപിച്ചിരിക്കുന്ന 2,25,000 ഗ്യാലൻ ശേഷിയുള്ള വാട്ടർ ടാങ്ക് നിലവിൽ പ്രവർത്തിക്കുന്നില്ല. ഓവർ ഹെഡ് ടാങ്കായ ഇതിൽ വെള്ളം എത്തിക്കുന്നത് വാട്ടർ അതോറിറ്റിയുടെ മേഖലാ ഓഫീസിലെ പമ്പിൽ നിന്നുമാണ്. 6.5 കി. മീറ്റർ ആണ് ഈ പദ്ധതിപ്രകാരം പൈപ്പ് ലൈൻ സ്ഥാപിച്ചിരിക്കുന്നത്. ഇനിയും 6.5 കി. മീറ്റർ പൈപ്പ് ലൈൻ സ്ഥാപിക്കേണ്ടതുണ്ട്. രണ്ടാമതു വരുന്നത് കേരള വാട്ടർ അതോറിറ്റിയുടെ റൂറൽ വാട്ടർ സപ്ലൈസ്കീം അനുസരിച്ചുള്ളതാണ്. ഇതിന്റെ ശേഷി 50,000 ഗ്യാലൻ ആണ്. ഏകദേശം 9.6 കിലോമീറ്റർ പൈപ്പ് ലൈൻ ഈ പദ്ധതിപ്രകാരം സ്ഥാപിച്ചിട്ടുണ്ട്. ഇത് മാത്രമാണ് കാര്യമായി പ്രവർത്തിക്കുന്നത്. കൊല്ലം ശുദ്ധജല പദ്ധതിയിൽ കിളികൊല്ലൂരിനെ പൂർണ്ണമായും ഉൾപ്പെടുത്തിയാൽ കുടിവെള്ള ക്ഷാമം ഒരു പരിധിവരെ പരിഹരിക്കാവുന്നതാണ്. ഈ രണ്ടു പദ്ധതികൾ വഴിയും വേനൽക്കാലത്ത്

വേണ്ടത്ര ശുദ്ധജലം വിതരണം ചെയ്യാൻ കഴിയാറില്ല. വേൾഡ് ബാങ്കിന്റെ ഓഗ്മെന്റേഷൻ സ്കീം പ്രകാരം മൂന്നാംകുറ്റിയിലെ ഓവർഹെഡ് ടാങ്ക് കമ്മീഷൻ ചെയ്തു കഴിഞ്ഞു എന്നാണ് കേരള വാട്ടർ അതോറിറ്റിയിൽ അന്വേഷിച്ചപ്പോൾ അറിയൻ കഴിഞ്ഞത്. ഇത് പ്രകാരം 71 ടാപ്പുകൾ സ്ഥാപിച്ചിരിക്കുന്നു. അതിൽ 27 എണ്ണം പ്രവർത്തിക്കുന്നു. 44 എണ്ണം പ്രവർത്തിക്കുന്നില്ല. അഞ്ചുസ്ഥലങ്ങളിലാണ് റെയിൽവേ ലൈനുകൾ ക്രോസ് ചെയ്യുവാനുള്ളത്. ഇതിനുള്ള അനുവാദം സതേൺ റയിൽ വേ കൊടുത്തുകഴിഞ്ഞു ഇത് സ്ഥാപിക്കുമ്പോൾ പഞ്ചായത്തിലെ തെക്കൻ മേഖലയിലെ കുടിനീർ ക്ഷാമം ഒരളവുവരെ പരിഹരിക്കപ്പെടും.

13 കിലോമീറ്റർ പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുള്ളതിൽ 6.5 കിലോമീറ്റർ ഇതേവരെ പ്രവർത്തന യോഗ്യമായിട്ടില്ല. ഈ പദ്ധതിപ്രകാരം 90 ടാപ്പുകൾ അനുവദിച്ചിട്ടുണ്ട്.

പഞ്ചായത്തിൽ ആകെ 5 കുഴൽ കിണറുകളാണ് ഉള്ളത് അതിൽ 3 എണ്ണം പ്രവർത്തിക്കുന്നില്ല. 7 പൊതു കിണറുകളും 310 പൊതു ടാപ്പുകളും 1327 സ്വകാര്യ കണക്ഷനുകളും പഞ്ചായത്തിലുണ്ട്.

കിളികൊല്ലൂരിന്റെ കിഴക്കൻ ഉയർന്ന പ്രദേശങ്ങളിൽ വരൾച്ചാസമയത്ത് കുടിവെള്ളമെത്തിക്കാനുള്ള സംവിധാനം കാര്യക്ഷമമായി പ്രവർത്തിക്കുന്നില്ല. അതുകൊണ്ട് വേനൽക്കാലത്ത് ജലക്ഷാമം രൂക്ഷമാണ്. സ്ഥാപിച്ച കാലം മുതൽ വെള്ളം ലഭിക്കാത്ത ടാപ്പുകൾ 160 എണ്ണമുണ്ട്. പൈപ്പ് ലൈനുകൾ മിക്കപ്പോഴും പൊട്ടിയൊഴുകുന്നു. ശുദ്ധജലം മലിനപ്പെടുന്നു. റിപ്പയർ ചെയ്യാൻ കാലതാമസം നേരിടുന്നു. കിളികൊല്ലൂരിന്റെ തെക്കൻ മേഖലയിൽ ഇതുവരെയും ശുദ്ധജലം എത്തിയിട്ടില്ല. രണ്ടുമാസം വരെ ശുദ്ധജലം ലഭിക്കാത്ത വാർഡുകൾ പഞ്ചായത്തിലുണ്ട്. കിണറുകളിലെ ജല സ്രോതസ്സ് ഉയർന്ന പ്രദേശങ്ങളിൽ 50 അടി വരെ താഴ്ചയിലാണ്. കുരിശടി, ചുവടുതാങ്ങിമുക്ക്, കല്ലുംതഴം തുടങ്ങിയവ ഉയർന്ന സ്ഥലങ്ങളാണ്.

സ്വാഭാവിക ജലസ്രോതസ്സുകൾ സംരക്ഷിക്കുന്നതിനോ വർദ്ധിച്ച അളവിലുള്ള മലിനീകരണം നിയന്ത്രിക്കുന്നതിനോ വെള്ളത്തന്റെ പാഴ് ചെലവ് കുറയ്ക്കുന്നതിനോ നമുക്ക് കഴിഞ്ഞിട്ടില്ല. ശാസ്ത്രീയമായ വിവരങ്ങളുടെ അടിസ്ഥാനത്തിൽ ദീർഘകാല ലക്ഷ്യത്തോടെ ജല വിഭവത്തിന്റെ സമഗ്ര വികസനത്തിന് സഹായിക്കുന്ന തരത്തിൽ പദ്ധതികൾ നടപ്പിലാക്കാനും സാധിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ അടിയന്തിരമായി ജനപങ്കാളിത്തത്തോടെ പരിഹാര മാർഗ്ഗങ്ങൾ കൈക്കൊള്ളേണ്ടതാണ്.

**ഗ്രാമസഭകളിൽ നിന്നും ഉയർന്നുവന്ന പ്രശ്നങ്ങൾ**

1. കിളികൊല്ലൂർ പഞ്ചായത്തിൽ കുടിവെള്ളം എത്തിക്കേണ്ട സ്ഥലങ്ങൾ ധാരാളമായുണ്ട്.
2. ഇനിയും ധാരാളം പൊതുടാപ്പുകളും കിണറുകളും ഉണ്ടാകേണ്ടതുണ്ട്.
3. പഞ്ചായത്തിന് സ്വന്തമായി ജലവിതരണ പദ്ധതികളില്ല.
4. പൊതുപൈപ്പുകൾ പൊട്ടി ജലം നഷ്ടമാകുന്നു.
5. വാഹനങ്ങൽ കഴുകാനും, നനയ്ക്കാനുമായി ജലം ദുരുപയോഗം ചെയ്യുന്നു.
6. കുടിവെള്ള പദ്ധതികൾക്ക് വൻ ചെലവ് വരുന്നു.
7. പൊതു കിണറുകൾ ഉപയോഗ ശൂന്യമാകുന്നു.
8. ടാപ്പുകളിൽ നിന്നുള്ള ജലം പലപ്പോഴും ശുദ്ധമല്ല.
9. ഉയർന്ന പ്രദേശങ്ങളിലുള്ള ടാപ്പുകളിലേയ്ക്ക് ജലം എത്തുന്നില്ല.
10. പൊതു കിണറുകളിലെ ജലത്തിന്റെ ഗുണനിലവാരം പരിശോധിക്കാനുള്ള സംവിധാനങ്ങളില്ല.

**പൊതു നിർദ്ദേശങ്ങൾ**

1. മങ്ങാട് കമ്പോളത്തിനു സമീപമുള്ള ചിറയിൽകുളം വൃത്തിയാക്കി വെള്ളം ലിഫ്റ്റ് ചെയ്യുകയാണെങ്കിൽ മങ്ങാട് കായൽ തീരത്തെ ഓരു ജലം മൂലമുള്ള ശുദ്ധജല ക്ഷാമം പരിഹരിക്കാവുന്നതാണ്.

2. ഒന്നാം വാർഡിൽ കിണർ കുഴിച്ച് ടാങ്ക് സ്ഥാപിച്ച് വെള്ളം വിതരണം ചെയ്താൽ ആപ്രദേശത്തെ കുടിവെള്ള ക്ഷാമം പരിഹരിക്കാം.
3. കരുണാലയം മുക്കിലെ ഓവർ ഹെഡ് ടാങ്ക് എത്രയും പെട്ടെന്ന് കമ്മീഷൻ ചെയ്യുക. ഇനിയും പൂർത്തിയാകാനുള്ള 6.5 കിലോമീറ്റർ പൈപ്പ് ലൈൻ ഉടൻ സ്ഥാപിക്കുക.
4. കേടായികിടക്കുന്ന കൊപ്പാറമുക്കിലേയും മൂന്നാം കുറ്റിയിലേയും കുഴൽ കിണറുകൾ അടിയന്തിരമായി നന്നാക്കി ഉപയോഗപ്പെടുത്തുക.
5. എല്ലാ പഞ്ചായത്തുകുളങ്ങളും സംരക്ഷണ ഭിത്തികെട്ടി സംരക്ഷിക്കുക.
6. പഞ്ചായത്തു കിണറുകൾ വൃത്തിയാക്കുക.
7. നിരകത്ത് തൊടിയിലെ കുളം സംരക്ഷിക്കുക.
8. അതിരൂക്ഷമായ ജലക്ഷാമം അനുഭവിക്കുന്ന കിളികൊല്ലൂർ സി. വാർഡിൽ ഒരു മിനി സ്കീം നടപ്പിലാക്കി ശുദ്ധജലം എത്തിക്കുക.
9. കോളേജ് വാർഡിലെ ഇരട്ടക്കുളം സംരക്ഷിച്ച് നിലനിർത്തുക.
10 കിളികൊല്ലൂർ ആറ്റിനെ മലിനമാക്കുന്ന പ്രവർത്തനങ്ങൾ നിയമം മൂലം തടയുക.
11. ഓരോ വാർഡിലും ജലസംരക്ഷണ സമിതികൾക്ക് രൂപംകൊടുക്കുക.
12. വാട്ടർ അതോറിറ്റി ടാപ്പുകളുടേയും പൈപ്പ് ലൈനിന്റെയും സംരക്ഷണ ചുമതല പഞ്ചായത്തിനെ ഏൽപ്പിക്കുക.
13. പൈപ്പുകൾ പൊട്ടി ജലം പാഴാകുന്നതും മലിനപ്പെടുന്നതും ഒഴുവാക്കാൻ നടപടി സ്വീകരിക്കുക.
14. പഞ്ചായത്തിലെ ജലഗുണ നിലവാരം പരിശോധിക്കുന്നതിന് ജല പരിശോധനാകിറ്റ് ആവശ്യമാണ്.
15. പൈപ്പുലൈനുകൾ നീട്ടി ജലക്ഷാമം ഉള്ള പ്രദേശത്തേയ്ക്ക് കുടിവെള്ളം എത്തിക്കുക.
16 ടാപ്പുകളുടെ എണ്ണം വർദ്ധിപ്പിക്കുക.
17. ഉപയോഗ ശൂന്യമായ ടാപ്പുകൾ നീക്കം ചെയ്യുക.
18. ആറാംവാർഡിലെ ലക്ഷംവീട് കോളനിയിലുള്ള പൊതു കിണർ അടിയന്തിരമായി നന്നാക്കുക. കുറ്റിച്ചിറ, രായരുമുക്ക്, കെ. പി. നഗർ, അഴിക്കോടൻ നഗർ. എസ്. പി. നഗർ, വലിയ മാടം കോളനി തുടങ്ങിയ സ്ഥലങ്ങളിലെ പൊതു കിണറുകൾ അടിയന്തിരമായും നന്നാക്കുക.
19. ജലക്ഷാമം ഉള്ള വാർഡുകളിൽ ഹാൻഡ് പമ്പുകൾ വെക്കുക.

കിളികൊല്ലൂരിലെ ജലക്ഷാമം നേരിടുന്ന പ്രദേശങ്ങളും പ്രശ്ന പരിഹാരങ്ങളും

| വാർഡ് | പ്രശ്നമേഖല | പ്രശ്ന പരിഹാരം |
|---|---|---|
| 1 | ചാത്തിനാംകുളം, കാഞ്ഞിയിൽ തെക്കതിൽ കാപ്പക്സ് ജംഗ്ഷൻ, പോക്കർവിള. | ചാത്തിനാംകുളം സ്കൂളിന്റെ മുന്നിലുള്ള പൈപ്പ്ലൈൻ കുറ്റിവിളമുക്ക്വരെ നീട്ടുക കിളിത്തട്ട് മൂക്ക്, കാപ്പക്സ് ജംഗ്ഷൻ വരെയും പൈപ്പ്ലൈൻ ഇടുക. |
| 2 | തൈയ്ക്കാവ് ജംഗ്ഷൻ | കുഴൽ കിണർ സ്ഥാപിക്കുക, പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| 3 | കുരിശടി ഭാഗം, താവൂട്ട് മുക്ക്. | പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| 4 | മങ്ങാട് തീരപ്രദേശം | ടാപ്പുകളും പൈപ്പലൈനും സ്ഥാപിക്കുക മലിനീകരണം ഒഴിവാക്കുക. |
| 5 | തെങ്ങയ്യത്ത് മുക്ക്, | ടാപ്പുകൾ വർദ്ധിപ്പിക്കുക, |

| | | |
|---|---|---|
| | കെ. പി. റോഡിന്റെ കിഴക്കുവശം | പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| 6 | ലക്ഷംവീട് കോളനി, റയിൽവേക്രോസ് ഭാഗം, വിയറ്റ്നാം മുക്ക്, പള്ളിവിള | കേശവ നഗർ കോളനിയിലെ പൊതു കിണർ നന്നാക്കുക. ചുവടുതാങ്ങിമുക്കിന് തെക്കോട്ട് പൈപ്പ് ലൈൻ സ്ഥാപിക്കുക. പള്ളിവിളയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| 7 | കല്ലുംതാഴം, മൂന്നാംകുറ്റി, കരുണാലയം, | നല്ലടാപ്പുകൾ ഉപയോഗിക്കുക, ജലമലിനീകരണം തടയുക, വാട്ടർ ടാങ്ക് കമ്മീഷൻ ചെയ്യുക. |
| 8. | അഷ്ടമുടിക്കായൽ വാരം, കാവനാട് ക്ഷേത്രം | കായൽ പ്രദേശത്ത് പൈപ്പ് ലൈൻ സ്ഥാപിക്കുക, കുടിവെള്ളം എത്തിക്കുക. |
| 9. | മണ്ണാമ്മല, കല്ലുംതാഴം | കുഴൽകിണർ സ്ഥാപിക്കുക, മലിനീകരണം തടയുക. |
| 10. | ടി. കെ. എം. കോളേജ് ഭാഗം, തേൻമറച്ചിറ, കുറ്റിച്ചിറയ്ക്ക് വടക്ക് – കിഴക്ക് ഭാഗം | പൈപ്പ് ലൈൻ സ്ഥാപിക്കുക. |
| 11. | എൻ. എച്ച് ബൈപ്പാസിന്റെ ഇരുവശവും, കനച്ചുക്കുളം | പൊതുകിണർ സംരക്ഷിക്കുക, കുഴൽകിണർ സ്ഥാപിക്കുക. |
| 12. | കുറ്റിച്ചിറ, രായരുമുക്ക്, അയത്തിൽ ഭാഗം | വാട്ടർ ടാങ്ക് സ്ഥാപിക്കുക. ഒരു മിനിസ്കീം നടപ്പിലാക്കുക. |
| 13. | ആനന്ദവിലാസം, രണ്ടാംകുറ്റി, നാണിയമ്മ നഗർ ലക്ഷംവീട്, പൈനും മൂട്. | ടാപ്പുകൾ സ്ഥാപിക്കുക. മലിനീകരണം തടയുക |
| 14. | കുഴിങ്കണ്ടം, ചെറുവയൽ, പുല്ലേലി, കരിഞ്ഞിലോട്ട് തൊടി, വേലുശേരിൽതൊടി | ഓരു ജലം കാണപ്പെടുന്നു. പൈപ്പ് ലൈൻ സ്ഥാപിക്കുക. പൊതു കിണറുകൾ സ്ഥാപിക്കുക. |
| 15. | | നായരുകുളം സംരക്ഷിക്കുക. |
| 15. | കണ്ടോലി വയൽ, കുന്നേൽ, പാറശ്ശേരി | ഇടവഴികളിൽകൂടി പൈപ്പ് ലൈൻ സ്ഥാപിക്കുക, മലിനീകരണത്തിന് എതിരേ ബോധവത്കരണം നടത്തുക, കുടിവെള്ളം മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുന്നത് തടയുക |

INSTITUTE OF LOCAL ADMINISTRATION

## പൊതുജനാരോഗ്യം

1991 ഫെബ്രുവരിവരെ കിളികൊല്ലൂർ പഞ്ചായത്തിലെ ജനങ്ങൾ കൊല്ലം പട്ടണത്തിലെ ആശുപത്രികളെയാണ് പ്രധാനമായും ആശ്രയിച്ചിരുന്നത്. ചില ചെറിയ സ്വകാര്യ ആരോഗ്യ കേന്ദ്ര സ്ഥാപനങ്ങൾ ഒഴിച്ചാൽ ആധുനിക ചികിത്സാ സ്ഥാപനങ്ങൾ ഒന്നും തന്നെ പഞ്ചായത്തിൽ ഉണ്ടായിരുന്നില്ല. കിളികൊല്ലൂരിലെ ജനങ്ങൾ അന്ധവിശ്വാസ ചികിത്സാ സമ്പ്രദായങ്ങൾക്ക് എന്നും എതിരായിരുന്നു. പാരമ്പര്യ വൈദ്യം ഉൾപ്പെട്ട ആയൂർവ്വേദത്തിൽ എന്നും ജനങ്ങൾക്ക് വിശ്വാസം ഉണ്ടായിരുന്നു.

1991 മാർച്ച് മാസത്തിൽ പ്രവർത്തനം ആരംഭിച്ച കിളികൊല്ലൂർ പി. എച്ച്. സി. മൂന്നാംകുറ്റിയ്ക്ക് സമീപമുള്ള പഞ്ചായത്ത് വക ശിശുവിഹാറിലാണ് പ്രവർത്തിക്കുന്നത്. പഞ്ചായത്തിലെ ഏക സർക്കാർ ആയൂർവ്വേദ ഡിസ്പെൻസറി 14-ാം വാർഡിലെ ഇലവന്തി മുക്കിൽ 16-4-1974 ൽ പ്രവർത്തനമാരംഭിച്ചു. ഇന്ന് ഇ. എസ്. ഐ. ഡിസ്പൻസറി അടക്കം 19 സ്ഥാപനങ്ങൾ ആരോഗ്യ രംഗത്ത് കിളികൊല്ലൂരിൽ പ്രവർത്തിക്കുന്നുണ്ട്.

**ആരോഗ്യരംഗത്തെ സർക്കാർ സ്ഥാപനങ്ങൾ**

പട്ടിക 1

| | എണ്ണം | ഡോക്ടർ |
|---|---|---|
| ആശുപത്രി | - | - |
| ഡിസ്പെൻസറി (ഇ.എസ്.ഐ. ) | 1 | 5 |
| പി. എച്ച്. സെന്റർ | 1 | 1 |
| ആയൂർവേദ ഡിസ്പെൻസറി | 1 | 1 |
| ആകെ | 3 | 7 |

പട്ടിക 2

സ്വകാര്യ ആശുപത്രികൾ ഉൾപ്പെടെയുള്ള സ്ഥിതി വിവരകണക്കുകൾ

| | എണ്ണം | ഡോക്ടർ |
|---|---|---|
| സർക്കാർ ആശുപത്രി | - | - |
| സർക്കാർ ആയൂർവേദ ഡിസ്പെൻസറി | 1 | 1 |
| മറ്റുള്ളവ (പി.എച്ച.സി, ഇ.എസ്.ഐ) | 2 | 6 |
| സ്വകാര്യ ആശുപത്രികൾ | | |
| അലോപ്പതി | 5 | 7 |
| ഹോമിയോ | 5 | 5 |
| ആയൂർവ്വേദം | 5 | 6 |
| മാതൃശിശു സംരക്ഷണ കേന്ദ്രങ്ങൾ | 11 | - |

അവലംബം: പഞ്ചായത്ത് രജിസ്റ്റർ, ബ്ലോക്ക് ഡാറ്റാ ബാങ്ക്

കിളികൊല്ലൂരിലെ ആരോഗ്യരംഗത്ത് വലിയ മാറ്റങ്ങൾ വന്നിട്ടുണ്ട്. ഒരു പാരമ്പര്യ വിഷ ചികിത്സാ കേന്ദ്രം മൂന്നാംകുറ്റിയിൽ ഉണ്ട്. പാമ്പര്യ വൈദ്യശാലകൾ ഉൾപ്പെടെയുള്ള ആരോഗ്യസ്ഥാപനങ്ങൾ ഇവിടുത്തെ ആരോഗ്യമേഖലയെ സമ്പുഷ്ടമാക്കുന്നു.

ഇത്രയേറെ സ്ഥാപനങ്ങൾ ഈ രംഗത്ത് പ്രവർത്തിക്കുന്നുണ്ടെങ്കിലും പൊതു ആരോഗ്യ സ്ഥിതിയിൽ ഇതിന് അനുസൃതമായ ഗുണപരമായ വ്യതിയാനം കാണുന്നില്ല.

പഞ്ചായത്തിലെ ജനന-മരണ നിരക്കുകളെ കുറിച്ചുള്ള വിവരങ്ങൾ ലഭ്യമല്ല. ഇതിനുള്ള മുഖ്യകാരണം പഞ്ചായത്തിലെ ജനങ്ങൾ മുഖ്യമായും കിടത്തി ചികിത്സിക്കാൻ സൗകര്യമുള്ള കൊല്ലം മുനിസിപ്പാലിറ്റിയിലെ ആശുപത്രികളെയാണ് ആശ്രയിക്കുന്നത് എന്നതാണ്. അതുകൊണ്ട് ജനനവും മരണവും മുനിസിപ്പാലിറ്റിയിൽ തന്നെ റിപ്പോർട്ട് ചെയ്യപ്പെടുന്നു. എങ്കിൽ തന്നെയും പഞ്ചായത്തിൽ ലഭ്യമായ വിവരങ്ങൾ ഒന്നു വിശകലനം ചെയ്യാം.

പട്ടിക-3

| വർഷം | ജനനം | മരണം | ചാപിള്ള |
|---|---|---|---|
| 1994 | 52 | 143 | - |
| 1995 | 31 | 147 | 1 |
| 1996 | 43 | 147 | 2 |

അവലംബം: പഞ്ചായത്ത് രജിസ്റ്റർ, പി. എച്ച്. സി. രജിസ്റ്റർ.

കിടത്തി ചികിത്സാ സൗകര്യമുള്ള അഞ്ച് സ്വകാര്യ ആശുപത്രികൾ പഞ്ചായത്തിലുണ്ട്. കെ. ജെ. ഹോസ്പിറ്റൽ മൂന്നാംകുറ്റി, ഷിഫാ ഹോസ്പിറ്റൽ, എംഡീസ് ഹോസ്പിറ്റൽ തുടങ്ങിയവയാണ് സ്വകാര്യമേഖലയിലെ പ്രധാന ഹോസ്പിറ്റലുകൾ. സൗകര്യക്കുറവുകൊണ്ട് ജനങ്ങൾ മൂന്നു കിലോമീറ്റർ മാത്രം ദൂരമുള്ള ജില്ലാ ആശുപത്രിയേയും മറ്റു വൻകിട സ്വകാര്യ ആശുപത്രികളേയും സമീപിക്കുന്നുണ്ട്.

പട്ടിക 4

സ്ഥാപനങ്ങളും സേവനങ്ങളും– സർക്കാർതലത്തിൽ

| സ്ഥാപനം | വാർഡ് | ഡോക്ടർ | ഫാർമസി | ജീവനക്കാർ | പി.റ്റി. തൂപ്പുകാർ | സ്ഥാപിച്ച വർഷം |
|---|---|---|---|---|---|---|
| പി.എച്ച്.സി. കിളികൊല്ലൂർ | 7 | 1 | 1 | 25 | 1 | 1991 |
| ആയുർവ്വേദ ഡിസ്പെൻസറി | 14 | 1 | 1 | 1 | 1 | 1974 |
| ഇ. എസ്. ഐ. ഡിസ്പെൻസറി | 9 | 5 | 4 | 17 | 1 | 1962 |

അവലംബം : ഡോക്ടേഴ്സ് റിപ്പോർട്ട്, ദ്വിതീയ വിവര ശേഖരണം

മാസം തോറും ഏകദേശം 900 നും 1100 നും ഇടയ്ക്ക് രോഗികൾ പി. എച്ച്. സി. യിൽ എത്തുന്നുണ്ട്. രാവിലെ 8 മണിമുതൽ 11.30 വരെയാണ് പ്രവർത്തന സമയം. തിങ്കളാഴ്ച തോറും ഗർഭിണികളെ പരിശോധിക്കാറുണ്ട്. ബുധനാഴ്ചതോറും ക്ഷയം, പോളിയോ, വില്ലൻ ചുമ, തൊണ്ടമുള്ള്, ടെറ്റനസ്, അഞ്ചാംപനി എന്നീ രോഗങ്ങൾക്കും പ്രതിരോധ കുത്തിവെപ്പ് നടത്താറുണ്ട്.

പി. എച്ച്. സി യിലും ഇ. എസ്. ഐ. ലും വരുന്ന രോഗികളിൽ കൂടുതലും ആസ്മാ രോഗികളാണ്. കശുവണ്ടി. കയർ തൊഴിൽ മേഖല ആയതുകൊണ്ടാണ് ഇങ്ങനെ കണ്ടുവരുന്നതിന്റെ കാരണം. പി. എച്ച്. സി. യുടെ കീഴിൽ 11 ഉപകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. അമ്മമാർക്കും കുട്ടികൾക്കും വേണ്ട എല്ലാ പരിചരണങ്ങളും ശുശ്രൂഷകളും നൽകുന്നുണ്ട്. മാസത്തിൽ ഒരിക്കൽ ഡോക്ടർ ഈ ഉപകേന്ദ്രങ്ങൾ പരിശോധിക്കുകയും പ്രതിരോധ കുത്തിവെപ്പുകൾ നടത്തുകയും ചെയ്യുന്നു. ദേശീയ പരിപാടിയുടെ ഭാഗമായി കുടുംബക്ഷേമം മാതൃ ശിശുക്ഷേമം, മലമ്പനി നിവാരണം, മന്ത്, ക്ഷയം, കുഷ്ഠം, ക്യാൻസർ, അന്ധത, എന്നീ രോഗങ്ങൾക്ക് എതിരായും ഈ സ്ഥാപനത്തിലെ ജീവനക്കാർ ബോധവത്ക്കരണവും പ്രതിരോധ കുത്തിവെപ്പുകളും നടത്താറുണ്ട്.

പരിസര ശുചീകരണത്തിന് വേണ്ടി എല്ലാ വീടുകളിലും ആരോഗ്യ പ്രവർത്തകർ ബോധവത്ക്കരണം നടത്താറുണ്ട്. സാനിട്ടറി കക്കൂസ് നിർമ്മിക്കുന്നതിനെപ്പറ്റിയും കൊതുകു നിവാരണം പരിസര മലിനീകരണം തുടങ്ങിയവയാണ് ഈ ബോധവത്കരണപ്രവർത്തനങ്ങളിലെ മുഖ്യ ഇനങ്ങൾ

പട്ടിക 5

പകർച്ചവ്യാധികളുടെ സ്ഥിതിവിവരകണക്കുകൾ

| വർഷം | പ്രാണിജന്യരോഗങ്ങൾ | ജലജന്യരോഗങ്ങൾ | വായുജന്യരോഗങ്ങൾ |
|---|---|---|---|
| 1993-94 | - | 248 | 84 |
| 1994-95 | - | 146 | 74 |
| 1995-96 | - | 136 | 40 |

അവലംബം: കുടുംബാരോഗ്യ രജിസ്റ്റർ, പി. എച്ച്. സി. റിപ്പോർട്ട്.

കഴിഞ്ഞ നാലുവർഷങ്ങളായി കിളികൊല്ലൂർ പി. എച്ച്. സി. യിൽ വന്ന ഇൻപേഷ്യന്റ് ഔട്ട് പേഷന്റുകളുടെ എണ്ണം 4532 ആണ്.

പട്ടിക 6

| വർഷം | ആരോഗ്യകേന്ദ്രം | ഇൻപേഷ്യന്റ് | ഔട്ട്പേഷ്യന്റ് | ആകെ |
|---|---|---|---|---|
| 92-93 | പി. എച്ച്. സി. കിളികൊല്ലൂർ | ഇല്ല | 962 | 15017 |
| 93-94 | " " | ഇല്ല | 1012 | 15162 |
| 94-95 | " " | ഇല്ല | 1122 | 14263 |
| 95-96 | " " | ഇല്ല | 1436 | 12064 |

അവലംബം: പി. എച്ച്. സി. രജിസ്റ്റർ

## കുട്ടികളുടേയും ഗർഭിണികളുടേയും പ്രതിരോധ കുത്തിവെപ്പുകൾ

പട്ടിക 7

| കുട്ടികൾ | ബി.സി.ജി | ഡി.പി.റ്റി | | | | പോളിയോ | | | | ഡി.റ്റി | മീസിൽസ് |
|---|---|---|---|---|---|---|---|---|---|---|---|
| | | 1 ഡി | 2 ഡി | 3 ഡി | ബി.ഡി | 1 ഡി | 2 ഡി | 3 ഡി | ബി.ഡി | | |
| 1 വയസിൽ താഴെ | 844 | 247 | 310 | 412 | 330 | 247 | 310 | 412 | 330 | 328 | 212 |

അവലംബം: പി.എച്ച്. സി. രജിസ്റ്റർ

പട്ടിക 8

| ടെറ്റനസ് ടോക്സോയിഡ് (ടി. ടി) | 1 ഡി | 2 ഡി | ബി. ഡി |
|---|---|---|---|
| ഗർഭിണികൾ | 352 | 352 | ലഭ്യമല്ല |

അവലംബം: പി. എച്ച്. സി. രജിസ്റ്റർ

| | | |
|---|---|---|
| ഒരു വയസിനു താഴെയുള്ള പ്രതിരോധ കുത്തിവെപ്പ് നടത്തിയ കുട്ടികളുടെ എണ്ണം. | 438 | 438 |
| ആകെ ഗർഭിണികൾ | 352 | 352 |

അവലംബം: പി. എച്ച്. സി. രജിസ്റ്റർ

## കിളികൊല്ലൂർ പി. എച്ച്. സി. യിലെ ആരോഗ്യ സ്ഥിതി വിവരങ്ങൾ

പട്ടിക 9

| അമ്മാരുടെ എണ്ണം | എണ്ണം | ആകെ |
|---|---|---|
| ജീവിച്ചിരിക്കുന്ന കുട്ടികളുടെ എണ്ണം | | |
| 1 കുട്ടി | 1549 | |
| 2 കുട്ടികൾ | 3546 | |
| 2 ൽ കൂടുതൽ കുട്ടികൾ | 2499 | 7594 |
| കുടുംബാസൂത്രണ മാർഗ്ഗം സ്വീകരിച്ച അമ്മമാർ | | |
| 1 കുട്ടി ഉള്ളവർ | 699 | |
| 2 കുട്ടികൾ ഉള്ളവർ | 3406 | |
| 2 ൽ കൂടുതൽ കുട്ടികൾ ഉള്ളവർ | 2240 | 6345 |
| അംഗവൈകല്യമുള്ളവർ | | |
| 1. അന്ധർ | 15 | |
| 2. ബധിരർ | 39 | |
| 3. മൂകർ | 14 | |
| 4. ബധിര മൂകർ | 78 | |
| 5. ചലന-വൈകല്യമുള്ളവർ | 132 | 278 |
| മന്ദബുദ്ധികളുടെ എണ്ണം 16 ന് മേൽ | 49 | 49 |
| സ്ഥായിയായ രോഗബാധിതർ | | |
| 1. ക്യാൻസർ | 48 | |
| 2. കുഷ്ഠം | 6 | 54 |

അങ്കണവാടികൾ വഴി ശേഖരിച്ച ആരോഗ്യ സ്ഥിതി വിവരകണക്കുകൾ

പട്ടിക 10

| | |
|---|---|
| പഞ്ചായത്തിലെ ആകെ ജനസംഖ്യ | 61721 |
| പുരുഷന്മാർ | 30434 |
| സ്ത്രീകൾ | 31287 |
| പട്ടിക ജാതി ജനസംഖ്യ | 16877 |
| പട്ടിക വർഗ്ഗ ജനസംഖ്യ | 10 |
| അങ്കണവാടികളുടെ എണ്ണം | 43 |
| 1 വയസിൽ താഴെയുള്ള കുട്ടികൾ | 488 |
| 1-2 നും ഇടയ്ക്കുള്ള കുട്ടികൾ | 846 |
| 2-3 നും ഇടയ്ക്കുള്ള കുട്ടികൾ | 1059 |
| 3-5 നും ഇടയ്ക്കുള്ള കുട്ടികൾ | 2158 |
| ആകെ ഗർഭിണികളുടെ എണ്ണം | 352 |
| മുലയൂട്ടുന്ന അമ്മമാരുടെ എണ്ണം | 488 |
| ആകെ ജനനങ്ങൾ | 410 |
| ചാപിള്ള | 2 |
| 95-96 ൽ മരിച്ച ഒരു വയസിന് താഴെയുള്ള കുട്ടികളുടെ എണ്ണം | 3 |
| ഗർഭസംബന്ധമായ അസുഖങ്ങളിൽ മരിച്ച സ്ത്രീകളുടെ എണ്ണം | ഇല്ല |

അവലംബം: പി. എച്ച്. സി. രജിസ്റ്റർ, വിവരശേഖരണ സർവേ

കുട്ടികളുടെ ആരോഗ്യ പോക്ഷണ നിലവാരം

പട്ടിക 11

| പ്രായം | നോർമൽ | | ലഘുവായ പോഷണകുറവ് ഉള്ളവർ | | മിതമായ പോഷണക്കുറവ് ഉള്ളവർ | | ഗുരുതരമായ പോഷണക്കുറവ് ഉള്ളവർ | |
|---|---|---|---|---|---|---|---|---|
| | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ | ആൺ | പെൺ |
| 1 വയസിൽ താഴെ | 265 | 255 | 174 | 164 | 30 | 34 | ലഭ്യമല്ല | ലഭ്യമല്ല |
| 1-3 ഇടയിൽ | 641 | 630 | 255 | 230 | 100 | 69 | 9 | 6 |

അവലംബം: അങ്കണവാടി റിപ്പോർട്ട് 96

| | |
|---|---|
| അനുപൂരക പോഷകാഹാരം ലഭിക്കുന്ന കുട്ടികളുടെ എണ്ണം. | 1537 (1995), 1825 (1996) |
| അനുപൂരക പോഷകാഹാരം ലഭിക്കുന്ന ഗർഭിണികൾ | 291 (1995), 230 (1996) |
| അനുപൂരക പോഷകാഹാരം ലഭിക്കുന്ന മുലയൂട്ടുന്ന അമ്മമാർ | 281 (1995), 251 (1996) |

അവലംബം: അങ്കണവാടി രജിസ്റ്റർ

കിളികൊല്ലൂർ ആയൂർവേദ ഡിസ്പെൻസറിയിലെ ഡോക്ടറുടെ റിപ്പോർട്ട്

ഇവിടെ ചികിത്സയ്ക്കെത്തുന്ന രോഗികളിൽ 70 ശതമാനവും വിവിധ തരത്തിലുള്ള വാതരോഗികളാണ്. ത്വക്ക് രോഗങ്ങൾ പകർച്ചവ്യാധികൾ തുടങ്ങിയവയ്ക്കും വിഷ ചികിത്സയ്ക്കും രോഗികൾ എത്താറുണ്ട്. ദിവസേന ഏകദേശം 60 രോഗികൾക്കുള്ള കഷായം തയ്യാറാക്കി നൽകിവരുന്നു. കൂടാതെ തൈലങ്ങൾ, ചൂർണ്ണങ്ങൾ ഗുളികകൾ തുടങ്ങിയവ ആവശ്യക്കാർക്ക് നൽകിയും വരുന്നു. ഔട്ട പേഷ്യന്റ്കളുടെ എണ്ണം 125 ആണ്. കഴിഞ്ഞ 5 വർഷങ്ങളിൽ ചികിത്സക്കെത്തിയ രോഗികളുടെ കണക്കു പരിശോച്ചാൽ ഏകദേശം 20,000 വരും.

പട്ടിക 12

ആരോഗ്യ നിലവാരം

| | കിളികൊല്ലൂർ | കൊല്ലം | കേരളം | ഇന്ത്യ |
|---|---|---|---|---|
| 1. പൊതുമരണ നിരക്ക് | 2.38 | 5.79 | 5.9 | 9.3 |
| 2. ശിശുമരണ നിരക്ക് | 7.31 | 10.9 | 16 | 74 |
| 3. മാതൃമരണനിരക്ക് | 0.5 | 0.67 | 0.8 | ലഭ്യമല്ല |
| 4. ജനന നിരക്ക് | 6.6 | 16.20 | 17.3 | 28.7 |

കിളികൊല്ലൂർ പഞ്ചായത്തിലെ പൊതുജനാരോഗ്യ നിലവാരം സംസ്ഥാന ജില്ലാ നിലവാരത്തെക്കാൾ മെച്ചമാണ്. പഞ്ചായത്തിലെ ശിശുമരണ നിരക്ക് വൈകല്യം ബാധിച്ചവരുടെ നിരക്കും വളരെ കുറവാണ്. ആരോഗ്യ റിപ്പോർട്ട് പരിശോധിക്കുമ്പോൾ ഗുരുതരമായ പോഷകാഹാരക്കുറവ് അനുഭവപ്പെടുന്നില്ല. 1995–96 ൽ പി. എച്ച്. സിയിൽ വന്ന രോഗികളുടെ എണ്ണം ഏകദേശം 22,000 ത്തോളം വരും. പഞ്ചായത്തിലെ പ്രസവങ്ങൾ കൂടുതലും കൊല്ലത്തെ ആശുപത്രികളിലാണ് നടക്കുന്നത്. എംഡീസ് ആശുപത്രിയിലാണ് പഞ്ചായത്തിലെ പ്രസവങ്ങൾ കൂടുതൽ നടക്കുന്നത്.

കിളികൊല്ലൂർ ആയൂർവേദ ഡിസ്പെൻസറിയ്ക്ക് സ്വന്തമായ കെട്ടിടം ഉണ്ട്. എന്നാൽ പി. എച്ച്. സി. പഞ്ചായത്തിന്റെ ശിശുവിഹാറിലാണ്

പ്രവർത്തിക്കുന്നത്. ആരോഗ്യരംഗത്ത് അല്പം മുൻ പന്തിയിലാണ് എങ്കിലും കൂടുതൽ ഉപകേന്ദ്രങ്ങൾ സ്ഥാപിക്കേണ്ടതുണ്ട്. നല്ലരീതിയിൽ പ്രവർത്തിക്കുന്ന സർക്കാർ ആരോഗ്യസ്ഥാപനങ്ങളെ പഞ്ചായത്തിലെ ജനങ്ങൾ പൂർണ്ണമായും ഉപയോഗപ്പെടുത്തുന്നില്ല. ഇതിനുള്ള മുഖ്യകാരണം ആരോഗ്യകേന്ദ്രങ്ങളുടെ പോരായ്മകളാണ്.

പി. എച്ച്. സി. യിൽ കിടത്തി ചികിത്സാ സൗകര്യമില്ല. സ്വന്തമായി കെട്ടിടവും സ്ഥലവും ഇനിയും ഉണ്ടാകേണ്ടിയിരിക്കുന്നു. പശ്ചാത്തല സൗകര്യങ്ങൾ ഒട്ടും തന്നെയില്ല. മുഴുവൻ സമയ സ്റ്റാഫിന്റെ അഭാവം ഉണ്ട്. ലാബട്ടറിയോ ബ്ലഡ് ബാങ്കോ ഇവിടെ ഇല്ല. ആരോഗ്യ സർവേകൾ നടത്താറുണ്ട്. എന്നാലും പോരായ്മകൾ കാണപ്പെടുന്നു.

ജലജന്യരോഗങ്ങളാണ് കൂടുതലും പഞ്ചായത്തിൽ കണ്ടുവരുന്നത്. പരിസര മലിനീകരണം, ഗ്രാമപഞ്ചായത്തിൽ കൂടുതലാണ്. പഞ്ചായത്തിലെ തോടുകൾ മാലിന്യങ്ങളുടെ കലവറകളാണ്. ഇത് അടിയന്തിരമായി മാറ്റിയെടുക്കേണ്ടതുണ്ട്. വഴിയോരങ്ങളിലെ മാലിന്യങ്ങൾ ശുചിത്വമില്ലായ്മ, തുടങ്ങിയവ മൂലമുണ്ടാകുന്ന രോഗങ്ങൾ സർവ്വ സാധാരണമായി പഞ്ചായത്തിൽ കണ്ടുവരുന്നു. ഒരു രോഗി ഏത് ചികിത്സാ സമ്പ്രദായം സ്വീകരിക്കണമെന്ന് ഉപദേശിക്കാൻ കഴിവുള്ളവർ ഈ നാട്ടിൽ ഇല്ല.

## കുടുംബക്ഷേമം

സന്തുഷ്ടവും ഐശ്വര്യപൂർണ്ണവുമായ ഒരു കുടുംബ ജീവിതം രൂപപ്പെടുത്തുന്നതിന് ആവശ്യമായ ഘടകങ്ങൾ ഉൾപ്പെടുത്തിക്കൊണ്ടുള്ള ഒരു പരിപാടിയാണ് കുടുംബക്ഷേമം. ഗർഭസ്ഥ ശിശുമുതൽ വാർദ്ധക്യം വരെയുള്ള ഒരു വ്യക്തിയുടെ പൂർണ്ണ ആരോഗ്യത്തിന് വേണ്ട കാര്യങ്ങൾ ഈ പരിപാടിയിൽ വരും. കുടുംബാസൂത്രണ പരിപാടി വിശാലമായ ഒരു ജനകീയ പരിപാടിയായി മാറണം. വർദ്ധിച്ചുവരുന്ന ജനസംഖ്യയ്ക്ക് പട്ടിണി കൂടാതെ കഴിയുവാനുള്ള ഭക്ഷണവും പാർപ്പിടവും സാമാന്യവിദ്യാഭ്യാസവും ഉണ്ടാകണം. പരമാവധി വിഭവ ശേഷിയെ വിവേകപൂർവ്വം ചൂഷണം ചെയ്താൽ മാത്രമേ ഇത് സാദ്ധ്യമാവൂ.

### പ്രശ്നങ്ങളും നിർദ്ദേശങ്ങളും

1. പി. എച്ച്. സിക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും പശ്ചാത്തല സൗകര്യങ്ങളും ഇല്ല.
2. മുഴുവൻ സമയ ഡോക്ടറുടെ സേവനം ലഭിക്കുന്നില്ല.
3. ജനസംഖ്യാനുപാതികമായി അർഹമായ എണ്ണം ഉപകേന്ദ്രങ്ങൾ ഇല്ല.
4. എല്ലാ വീടുകൾക്കും കക്കൂസ് നിർമ്മിക്കാൻ കഴിഞ്ഞിട്ടില്ല.
5. പൊതുകക്കൂസ് നിർമ്മിക്കേണ്ടതുണ്ട്.
6. പ്രധാന കേന്ദ്രങ്ങളിൽ കംഫർട്ട് സ്റ്റേഷനുകൾ സ്ഥാപിക്കേണ്ടതുണ്ട്.
7. ശ്വാസ കോശ രോഗങ്ങളിൽ നിന്നും ഗ്രാമവാസികളെ വിമുക്തമാക്കേണ്ടതുണ്ട്.
8. കൊതുകു നശീകരണത്തിന്റെ ഭാഗമായി വെള്ളക്കെട്ടുകൾ നീക്കം ചെയ്യേണ്ടതുണ്ട്.
9. മലിന വസ്തുക്കൾ നിക്ഷേപിക്കുന്നതിന് പ്രധാന കവലകളിൽ വേസ്റ്റ് ബിന്നുകളും അവ നീക്കം ചെയ്യാനായി ജീവനക്കാരെയും നിയമിക്കേണ്ടതുണ്ട്.
10. മലിനവസ്തുക്കൾ റോഡിലേക്ക് വലിച്ചെറിയുന്നവരെ ശിക്ഷാനടപടികൾക്ക് വിധേയമാക്കുക.
11. അലഞ്ഞുതിരിഞ്ഞു നടക്കുന്ന നായ്ക്കളെ കൊല്ലുക.
12. മദ്യത്തിനും മയക്കുമരുന്നിനും എതിരായി കൂടുതൽ ബോധവത്ക്കരണം നടത്തേണ്ടതുണ്ട്.
13. ഗ്രാമപഞ്ചായത്തിന് സ്വന്തമായി ഒരു ശ്മശാനം ഉണ്ടാകേണ്ടതുണ്ട്.
14. പി. എച്ച്. സി. യെ ഒരു ആശുപത്രിയായി ഉയർത്തുക.
15. ഒരു ഫുഡ് ഇൻസ്പെക്ടറുടെ സേവനം ഉറപ്പുവരുത്തുക.
16. മാസത്തിൽ ഒരിക്കൽ ആരോഗ്യതല അഡൈ്വസറി കമ്മറ്റികൾ വിളിച്ചുകൂട്ടുക.

17. പി. എച്ച്. സിയെ ഒരു കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററായി ഉയർത്താൻ ആവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതുണ്ട്.
18. ഒരു ഹോമിയോ ആശുപത്രി സ്ഥാപിക്കുക.
19. ഒരു ആരോഗ്യ വികസന സമിതി രൂപീകരിക്കുക.
20. ഉപകേന്ദ്രങ്ങൾക്ക് ആവശ്യമായ സ്ഥലവും കെട്ടിടവും നൽകേണ്ടതുണ്ട്.
21. ആയുർവേദ ഡിസ്പൻസറിക്ക് ആവശ്യമായ പശ്ചാത്തല സൗകര്യങ്ങൾ ലഭ്യമാക്കുക.
22. ആയുർവേദ ഡിസ്പൻസറിയിൽ അത്യാവശ്യം മരുന്നകളും ആവശ്യമായ അറ്റകുറ്റ പണികളും അടിയന്തിരമായി നൽകേണ്ടതുണ്ട്.
23. പ്രകൃതി ചികിത്സക്ക് ആവശ്യമായ നടപടികൾ സ്വീകരിക്കുക.
24. കക്കൂസ്, കുളിമുറി, വൈദ്യൂതി എന്നിവ ആയൂർവേദ ഡിസ്പൻസറിക്ക് അടിയന്തിരമായി നൽകേണ്ടതുണ്ട്.
25. ഔഷധ സസ്യങ്ങൾ വച്ചുപിടിപ്പിക്കാനും അവസംരക്ഷിക്കാനുമുള്ള അത്യാവശ്യ നടപടികൾ സ്വീകരിക്കുക.
26. ആവശ്യമായ ഫർണിച്ചറുകൾ നൽകുക.
27. ഇ. എസ്. ഐ. ഡിസ്പൻസറിയിൽ ഗുണമേന്മയുള്ള മരുന്നുകൾ വിതരണം ചെയ്യുക.
28. സ്പെഷ്യലിസ്റ്റ് ഡോക്ടറുമാരെ ഇ. എസ്. ഐ. യിൽ നിയമിക്കുക.
29. തൊഴിലാളികൾക്ക് തൃപ്തികരമായ സേവനം ലഭിക്കുന്നതിലുള്ള സൗകര്യം ഇ. എസ്. ഐ. യിൽ ഉറപ്പാക്കുക.
30. പി. എച്ച്. സിയ്ക്ക് ആവശ്യമായ വാഹനം നൽകുക.

ആരോഗ്യരംഗത്തെ ജനകീയമായ ഇടപെടൽ രോഗപ്രതിരോധ പ്രവർത്തനങ്ങളെയും പരിസര ശുചീകരണത്തെയും ചിട്ടപ്പെടുത്തും. ആരോഗ്യ സംരക്ഷണ കാര്യത്തിൽ മുരുന്നുകളോ ഒരു വേള അതിലധികമോ പ്രാധാന്യം ബോധവത്കരണത്തിനുണ്ട്. സാമൂഹ്യ പങ്കാളിത്തത്തോടെ ആസൂത്രിത കാര്യങ്ങൾ വിനിയോഗിക്കാൻ കഴിഞ്ഞാൽ ആരോഗ്യരംഗത്ത് ഗുണപരമായ മാറ്റമുണ്ടാക്കാൻ കഴിയും

ഫീൽഡ് വർക്കർമാരിൽ ഭൂരിഭാഗത്തിലും കാണുന്ന നിഷ്ക്രിയത ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളെ സാരമായി ബാധിക്കുന്നു. പൊതു ആരോഗ്യ സ്ഥാപനങ്ങൾ ഉപയോഗപ്പെടുത്തുന്നതിൽ ജനങ്ങൾക്കുള്ള വിമുഖത എടുത്തു പറയേണ്ടതാണ്. ഇവയെ യഥാപൂർവ്വം ബന്ധപ്പെടുത്തി ആരോഗ്യരംഗത്ത് ഒരു പുതിയ കാഴ്ചപ്പാട് ഉണ്ടാകേണ്ടിയിരിക്കുന്നു.

## പരിസര ശുചിത്വം

പൊതുജനാരോഗ്യത്തെക്കുറിച്ച് പ്രതിപാദിക്കുമ്പോൾ കുടിവെള്ളം കഴിഞ്ഞാൽ പ്രാധാന്യം അർഹിക്കുന്ന ഒന്നാണ് ശുചിത്വം. അനാരോഗ്യകരമായി ചുറ്റപാടുകളേയും വസ്തുക്കളെയും രീതികളെയും തടയുവാനും ഇല്ലാതാക്കുവാനും കഴിയുന്ന അവസ്ഥയാണ് ശുചിത്വം കൊണ്ട് ഉദ്ദേശിക്കുന്നത്. ഇന്ന് കാണുന്ന രോഗങ്ങളിൽ ഭൂരിഭാഗവും ജല സംബന്ധമായ കാരണങ്ങളാൽ ഉണ്ടാകുന്നവയാണ്.

വ്യവസായ മാലിന്യങ്ങൾ, പാഴ്വസ്തുക്കൾ, കീടനാശിനികളുടെ ഉപയോഗം, മനുഷ്യരുടേയും മൃഗങ്ങളുടേയും വിസർജ്ജ്യങ്ങൾ, ചപ്പുചവറുകൾ, ഗാർഹിക മാലിന്യങ്ങൾ തുടങ്ങിയവയാണ് മലിനീകരണത്തിന് കാരണം ഇത്തരം മാലിന്യങ്ങൾ രോഗാണുക്കളും കൊതുകുകളും പെരുകുന്നതിന് കാരണമാകുന്നു. കിളികൊല്ലൂരിന്റെ നഗരവത്ക്കരണ പ്രവണതയും ജനസംഖ്യാവർദ്ധനവും പരിസര ശുചിത്വത്തെ ബാധിക്കുന്നു. സാമ്പത്തിക പരാധീനത, സ്ഥല പരിമിതി തുടങ്ങിയ കാരണങ്ങളാൽ പരിസര ശുചിത്വം ഇല്ലാതാകുന്നു. ബോധവത്ക്കരണം വഴിയും സർക്കാർ സന്നദ്ധ സംഘടനകൾ തുടങ്ങിയവയുടെ സഹായത്താലും ഇത് ഒരളവു വരെ പരിഹരിക്കാവുന്നതാണ്.

കിളികൊല്ലൂരിലെ 75 ശതമാനം കുടുംബങ്ങൾക്കും കക്കൂസ് ഉണ്ട്. ഒരു വിഭാഗം ആളുകൾക്ക് സൗജന്യമായി കക്കൂസ് നിമ്മിച്ചുകൊടുത്തുകൊണ്ട് പരിഹരിക്കാവുന്ന പ്രശ്നമല്ല ഇത്.

ഗ്രാമപഞ്ചായത്ത് പൊതുജനാരോഗ്യത്തിന് വേണ്ടി ചെലവിടുന്ന രൂപ വർഷത്തിൽ 45600 ആണ്. പഞ്ചായത്തിന്റെ മൂന്ന് ജോലിക്കാർ ഇതിനു വേണ്ടി പ്രവർത്തിക്കുന്നു. സമ്പൂർണ്ണ ശുചിത്വ ഗ്രാമമായി കിളികൊല്ലൂരിനെ പ്രഖ്യാപിച്ചിരിക്കുകയാണ്. എന്നാലും എല്ലാ അർത്ഥത്തിലും അത് പരിപൂർണ്ണമായി നടപ്പിലാക്കാൻ കഴിഞ്ഞിട്ടില്ല. ചപ്പുചവറുകളും മറ്റു വിസർജ്യവസ്തുക്കളും കമ്പോസ്റ്റ് വളമാക്കുകയും സംസ്കരിക്കുകയും ചെയ്യുക. കിണറുകളുടേയും വീടിന്റെ പരിസരവും വൃത്തിയായി സൂക്ഷിക്കുക. എരുത്തിലുകൾ ശുചിയാക്കി സൂക്ഷിക്കുക തുടങ്ങിയവയിലൂടെ പ്രാഥമിക തലത്തിലുള്ള ശുചിത്വം സാധ്യമാക്കാവുന്നതാണ്. 2000 ആണ്ടിൽ എല്ലാവർക്കും ആരോഗ്യം എന്ന മഹത്തായ ലക്ഷ്യം സാക്ഷാത്കരിക്കാൻ എല്ലാവർക്കും ശുദ്ധജലവും പരിസര ശുചിത്വവും സാദ്ധ്യമാക്കുക.

പട്ടിക 1. കിളികൊല്ലൂർ പഞ്ചായത്തിൽ വിതരണം ചെയ്ത സുരക്ഷിത കക്കൂസുകളെ കുറിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | ബ്ലോക്ക് വഴിവിതരണം ചെയ്തത് | സുരക്ഷിത കക്കൂസുകൾ ഉള്ള വീടുകൾ | സി. ആർ. എസ്. പി. കക്കൂസുകൾ ലഭിച്ചകുടുംബങ്ങൾ | | |
|---|---|---|---|---|---|
| | | | എസ്.റ്റി | മറ്റുള്ളവർ | ആകെ |
| 1992-93 | - | 138 | 4 | 1 | 5 |
| 1993-94 | – | – | 9 | 20 | 29 |
| 1994-95 | – | – | 3 | 6 | 9 |
| 1995-96 | 1500 | 2893 | 5 | 15 | 20 |

അവലംബം: ബ്ലോക്ക് റിക്കോർഡ്സ് 1996

പ്രശ്നങ്ങൾ

1. തുറസ്സായ സ്ഥലങ്ങളിലുള്ള മലമൂത്ര വിസർജ്ജനം , പരിസര ശുചിത്വത്തെ ബാധിക്കുന്നു
2. മലിന ജലം കെട്ടിക്കിടക്കുന്നത് കൊതുക് ശല്യത്തിന് കാരണമാകുന്നു.
3. പൊടിപടലങ്ങൾ, പുക, തുടങ്ങിയവ വായൂ മലിനീകരണത്തിന് കാരണമാകുന്നു.
4. കക്കൂസുകളുടെ അഭാവം ആൾക്കാരെ പൊതു സ്ഥലങ്ങളിൽ എത്തിക്കുന്നു.
5. റോഡരുകിലുള്ള മത്സ്യമാംസ കച്ചവടം പരിസര ശുചിത്വത്തെ പ്രതികൂമായി ബാധിക്കുന്നു.

നിർദ്ദേശങ്ങളും പരിഹാരങ്ങളും

1. പൊതുമാർക്കറ്റുകൾ ദിവസവും വൃത്തിയാക്കേണ്ടതുണ്ട്.
2. ചപ്പുചവറുകൾ സംഭരിച്ച് കമ്പോസ്റ്റു വളമാക്കാനുള്ള ഒരു സംഭരണ ഡിപ്പോ തുറക്കേണ്ടതുണ്ട്.
3. സാനിട്ടറി കക്കൂസുകൾ നിർമ്മിക്കാൻ പഞ്ചായത്തിൽ നിന്ന് സഹായം നൽകുക.
4. വീടുകളിലെ കിണറുകൾക്ക് ചുറ്റുമതിൽ കെട്ടാൻ ഏർപ്പാട് ചെയ്യുക.
5. എല്ലാ വാർഡുകളിലും വെസ്റ്റ് ബിന്നുകൾ സ്ഥാപിക്കുക.
6. വാർഡുകളിൽ ഹെൽത്ത് ക്ലബ്ബുകൾ രൂപീകരിക്കുക.
7. മാസത്തിൽ ഒരിക്കലെങ്കിലും ഓടകൾ വൃത്തിയാക്കി സ്ലാബിട്ട് സംരക്ഷിക്കുക.
8. പൊതു ശ്മശാനം സ്ഥാപിക്കുക.
9. ഒരു അറവ് ശാല സ്ഥാപിക്കുക.
10. മാലിന്യങ്ങൾ റോഡരുകിൽ നിക്ഷേപിക്കുന്നവരെ കർശനമായി ശിക്ഷിക്കണം.
11. ഹോട്ടൽ തൊഴലാളികൾക്ക് ഹെൽത്ത് കാർഡ് നൽകുക.
12. പകർച്ചവ്യാധികൾ തടയാനുള്ള പ്രതിരോധ നടപടികളും ബോധവത്കരണവും നടത്തുക.

രോഗംമൂലം നഷ്ടപ്പെടുന്ന വിലയേറിയ ജീവൻ തൊഴിൽ ദിനങ്ങൾ ഭാരിച്ച ചികിത്സാ ചെലവ് തുടങ്ങിയവ മെച്ചപ്പെട്ട ജീവിത നിലവാരത്തെ തടയുകയും വികസന പരിപാടികളെ പ്രശ്ന സങ്കീർണ്ണമാക്കുകയും ചെയ്യുന്ന സ്ഥിതി വിശേഷങ്ങളിൽനിന്ന് മോചനം നേടിയാലേ സാമൂഹിക മാറ്റം അർത്ഥപൂർണ്ണമാകൂ.

# 5.7 പാർപ്പിടവും സാമൂഹ്യ ക്ഷേമവും

പാർപ്പിടം

മങ്ങാട്, കിളികൊല്ലൂർ എന്നിങ്ങനെ രണ്ടു വില്ലേജുകൾ ചേർന്ന് കിളികൊല്ലൂർ പഞ്ചായത്തിന് 11.24 ച.കി.മീ. വിസ്തീർണ്ണവും 15 വാർഡുകളും ഉണ്ട്. 1996 ലെ അങ്കണവാടി റിപ്പോർട്ട് അനുസരിച്ച് 14550 കുടുംബങ്ങളിലായി 61721 ആളുകൾ ഇവിടെ അധിവസിക്കുന്നു. ഇവരിൽ 31287 സ്ത്രീകളും 30434 പുരുഷന്മാരും ആകുന്നു. 4219 കുടുംബങ്ങൾ ദാരിദ്ര രേഖയ്ക്ക് താഴെയാണ്. ഈ ഗ്രാമപഞ്ചായത്തിൽ ചേരികളില്ല. സ്ഥിരമായി കടത്തിണ്ണയിൽ അന്തിയുറങ്ങുന്ന കുടുംബങ്ങളുമില്ല. കയർ കശുവണ്ടി മേഖലകൾ ക്ഷയോന്മുഖമായിരിക്കുന്നു. എന്നാൽ കിളികൊല്ലൂരിൽ നിന്നും ഗൾഫ് നാടുകളിൽ പോയിട്ടുള്ളവർ ഈ നാടിന്റെ സാമ്പത്തിക പുരോഗതിയെ വളരെയേറെ സഹായിച്ചിട്ടുണ്ട്. പാർപ്പിട സൗകര്യത്തിൽ ഈ ഗൾഫ് സ്വാധീനം വലിയ പുരോഗതിക്ക് കാരണമായിട്ടുണ്ട്.

സമ്പന്ന വർഗ്ഗത്തെ അനുകരിച്ച് ഗൾഫ് കുടുംബങ്ങൾ ചെലവേറിയ വീടുകൾ വയ്ക്കുന്നു. ഇവയുടെ പണം വസ്തുവിന് വില വർദ്ധിപ്പിക്കുന്നു. ഇത് സാധാരണക്കാരന് താങ്ങാവുന്നതിനേക്കാൾ വളരെയേറെയാണ്. വസ്തുവും വീടും വാങ്ങുകകയും വിൽക്കുകയും ചെയ്യുന്നത് തൊഴിലാക്കിയിരിക്കുന്ന ചിലരും ഈ വിലവർദ്ധനയ്ക്ക് കാരണക്കാരാണ്. നിർമ്മാണ തൊഴിലാളികളുടെ കൂലി വർദ്ധനവും പാർപ്പിട നിർമ്മാണത്തിൽ ബുദ്ധിമുട്ടുണ്ടാക്കുന്നു. കൂടുതൽ മെച്ചപ്പെട്ടതും ചെലവേറിയതുമായ വീടുകൾ നിർമ്മിക്കാനുള്ള ആവേശവും പ്രവണതയും ഇന്ന് സാധാരണക്കാരനിലും പടർന്നു പിടിച്ചിരിക്കുന്നു. വീടും പുരയിടവും കടപ്പെടുത്തിയോ വിൽപ്പനയിലൂടെയോ പെൺകുട്ടികളെ വിവാഹം കഴിച്ച് അയക്കുമ്പോഴും പാർപ്പിട രംഗത്ത് പ്രശ്നങ്ങൾ ഉണ്ടാകുന്നു. വിദേശത്തുനിന്നും നേടുന്ന പണം ആളുകൾ പ്രത്യുത്പാന പരമല്ലാത്ത ഭവന നിർമ്മാണത്തിന്

പട്ടിക 1.
പഞ്ചായത്തിലെ വീടുകളെ സംബന്ധിച്ചവിവരം

| വാർഡ് | ആകെവീടുകൾ | ബഹുനില | മേൽക്കൂരയുടെ സ്വഭാവം | | | മറ്റുള്ളവ |
|---|---|---|---|---|---|---|
| | | | കോൺക്രീറ്റ് | ഓട് | ഓല | |
| 1 | 1435 | 19 | 369 | 545 | 525 | – |
| 2 | 1283 | 20 | 337 | 495 | 4025 | – |
| 3 | 531 | 4 | 135 | 205 | 192 | – |
| 4 | 604 | 9 | 188 | 262 | 165 | – |
| 5 | 682 | 5 | 219 | 242 | 241 | – |
| 6 | 803 | 11 | 165 | 320 | 239 | 20 |
| 7 | 747 | 20 | 275 | 330 | 125 | – |
| 8 | 765 | 26 | 182 | 226 | 311 | 18 |
| 9 | 1095 | 6 | 258 | 507 | 307 | 20 |
| 10 | 1201 | 6 | 295 | 555 | 349 | |
| 11 | 566 | 6 | 209 | 222 | 65 | 77 |
| 12 | 612 | 22 | 188 | 253 | 128 | 29 |
| 13 | 841 | 10 | 295 | 157 | 196 | 49 |
| 14 | 713 | 8 | 263 | 231 | 199 | 20 |
| 15 | 488 | 6 | 165 | 169 | 167 | – |
| ആകെ | 12366 | 178 | 3538 | 4789 | 3634 | 227 |

ധാരാളമായി ചെലവാക്കുന്നതുമൂലം സമൂഹത്തിന് നേടാനാവുന്ന പുരോഗതി നഷ്ടപ്പെടുന്നു.

കിളികൊല്ലൂർ പഞ്ചായത്തിൽ ആകെയുള്ള 14550 വീടുകളിൽ 3968 എണ്ണം മേൽത്തരം വീടുകളും 6746 എണ്ണം ഇടത്തരം വീടുകളും 3652 എണ്ണം വൂടുകൾ ചെറിയവീടുകളോ കുടിലുകളോ ആണ്. താമസയോഗ്യമായ വീടുകൾ ഇല്ലാത്ത ഇടത്തരക്കാരും ദാരിദ്ര്യരേഖയ്ക്ക താഴെയുള്ളവരുമുണ്ട്. അരക്ഷിത ബോധം മൂലം കൂടുതൽ ഉറപ്പുള്ള വീടുകൾ നിർമ്മിക്കുന്നതിൽ പലരും ശ്രദ്ധിക്കുന്നു. പുരയിടങ്ങളുടെ വിലവർദ്ധന പാർപ്പിട പ്രശ്നത്തെ കൂടുതൽ രൂക്ഷമാക്കുന്നു.

കിളികൊല്ലൂർ പഞ്ചായത്തിൽ റസിഡൻഷ്യൽ പ്ലോട്ട് സെന്റ് ഒന്നിന് 25000 ൽ അധികവും ടാർ റോഡുകളോട് ചേർന്ന് കിടക്കുന്ന പുരയിടങ്ങൾ സെന്റിന് 50000 രൂപയിൽ അധികവും വിലവർദ്ധിച്ചിരിക്കുന്നു. വയൽ നികത്തിയ പുരയിടത്തിന് ഏകദേശം 10,000 രൂപ വിലയോളം വരും വളരെ ഗുരുതരമായ പരിസ്ഥിതി പ്രശ്നം സൃഷ്ടിച്ചുകൊണ്ട് വയൽ നികത്തി വീട് വയ്ക്കുന്ന പ്രക്രിയ ഇവിടെ നിർബ്ബാധം നടക്കുന്നു. സ്വന്തമായി ഒരു തുണ്ടു ഭൂമിയ്ക്കും വീടിനു വേണ്ടിയും ഓടിനടക്കുന്ന പാവങ്ങൾ ഈ പരിസ്ഥിതി പ്രശ്നം കാണുന്നില്ല. വയൽ വാങ്ങി മണ്ണിട്ട് നികത്തി കച്ചവടം ചെയ്യുന്നവർ ധാരാളം.

കിളികൊല്ലൂർ പഞ്ചായത്തിൽ ഭവന നർമ്മാണരംഗത്ത് പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങളോ പൊതുമേഖലാ സ്ഥാപനങ്ങളോ ഇല്ല.

കെട്ടിടം പണിഞ്ഞുകൊടുക്കന്ന കോൺട്രാക്ടർമാർ ഉണ്ട്. ഭവനനിർമ്മാണത്തിനുള്ള അടിസ്ഥാന സാധനങ്ങൾ പുറത്തുനിന്നും പഞ്ചായത്തിൽ കൊണ്ടുവരുന്നവയാണ്.

പട്ടിക 2

നിർമ്മാണ സാമഗ്രികളുടെ വിലവിവരം

| ഇനവിവരം | വിലവിവരം |
|---|---|
| 1. സിമന്റ് | Rs181.00 |
| 2. കമ്പി(കിലോഗ്രാമിന്) | 15.00 |
| 3. പാറ (ലോഡിന്) | 775.00 |
| 4. മണൽ ( " ) | 1300.00 |
| 5. മെറ്റൽ 3/4" ( " ) | 2400.00 |
| 6. മെറ്റൽ 1 1/2" ( " ) | 1200.00 |
| 7. വെട്ടുകല്ല് (ഒന്നിന്) | 3.75 |
| 8. ഇഷ്ടിക നാടൻ | 1400/1000 |
| 9. ഇഷ്ടിക കമ്പനി | 2100/1000 |
| 10. സിമന്റ് ഇഷ്ടിക (20 X 20 X 40) | 14.00 |
| 11. ഓട് | 3750/1000 |
| 12. ആസ്ബസ്റ്റോസ് | 128/മീറ്റർ |
| 13. ലൈറ്റ് റൂഫ് ഷീറ്റ് (4 X 2.5) | 30.00 |
| 14 ജി. ഐ. ഷീറ്റ് (6 X 3) | 125.07 |
| 15 തേക്ക് (ക്യൂബിക് അടി) | 750.00 |
| 16 പ്ലാവ് ( " ) | 650.00 |
| 17. ആഞ്ഞിലി ( " ) | 450.00 |
| 18. മഹാഗണി ( " ) | 450.00 |

തടിയുടെ അഭാവം ഭവന നിർമ്മാണത്തെ ബാധിച്ചിട്ടുണ്ട്. ആഞ്ഞിലി, ശീലാന്തി, വേങ്ങ മുതലായ മരങ്ങൾ കിട്ടാനില്ല. തടിയുടെ ഉപയോഗം പരമാവധി കുറഞ്ഞവീടുകളാണ് ഇപ്പോൾ നിർമ്മിക്കുന്നത്. നിർമ്മിതീ കേന്ദ്രം, കോൺക്രീറ്റുകൊണ്ട് നിർമ്മിക്കുന്ന കതക്, ജനൽ കട്ടളകൾ അടുത്തകാലത്തായി ചിലർഉപയോഗിക്കുന്നതായി കാണുന്നു.

പട്ടിക 3

ഭവന നിർമ്മാണത്തിലെ കൂലിനിരക്കുകൾ

| തൊഴിൽ രംഗം | കൂലിനിരക്കുകൾ |
|---|---|
| 1. മേശിരി | Rs. 125 |
| 2. ആശാരി | 125 |
| 3. മൈക്കാട് | 100 |
| 4. പെയിന്റർ | 125 |
| 5 പ്ലംബർ | 10/മീറ്റർ |
| 6 ഇലക്ട്രീഷ്യൻ | 25/പോയിന്റ് |
| 7 കോൺക്രീറ്റ് മിക്സിംഗ് | 450/ചതുരം |

ഭവന നിർമ്മാണ മേഖലയിലെ പുത്തൻ പ്രവണത നിമ്മാണ പ്രവർത്തനങ്ങൾ ചെറു കൊൺട്രാക്റ്റുകളായി നൽകപ്പെടുന്നു എന്നതാണ്. മൊസെയ്ക്ക് ചെയ്യലും മാർബിൾ കല്ല് പാകലും പൂന്തോട്ട നിർമ്മാണവുമൊക്കെ ഇതിൽ പെടുന്നു.

ലക്ഷങ്ങൾ ചെലവാക്കി വൻ കെട്ടിടങ്ങൾ നിർമ്മിക്കുന്നത് കിളികൊല്ലൂരിൽ സാധാരണമായിരിക്കുന്നു. കെ. എസ് . എഫ്. ഇ. യെ ആണ് പാർപ്പിടനിർമ്മാണത്തിന് കിളികൊല്ലൂരിലുള്ളവർ ആശ്രയിക്കുന്ന സാമ്പത്തിക സ്ഥാപനം. പതിനെ

ട്ട് ശതമാനം പലിശയോട്കൂടി ഇവിടെ നിന്നും വീട് വയക്ക്കുന്നതിനായി 500000 രൂപ വരെ തനത് ഈടിൻമേൽ വായ്പകൾ നല്കുന്നു. 1994 മുതൽ ഇന്നുവരെ 22 പേരാണ് ഇവിടെ നിന്നും ലോൺ എടുത്തിട്ടുള്ളത്. ഈയിടെ ഭവന വായ്പയുമായി കാനറാ ബാങ്കിന്റെ കാൻഫിൻ, ഹഡ്കോയുടെ എച്ച്. ഡി. എഫ്. സി., കേരള ഭവന ബോർഡ്, വികസന അതോറിറ്റി തുടങ്ങിയ ഒട്ടനവധി സാധനങ്ങൾ രംഗത്ത് വന്നിട്ടുണ്ട്. ഇവിടെ നിന്ന് വായ്പ ലഭിക്കുന്നതിന് വ്യവസ്ഥകളുടെ നൂലാമാലകൾ സങ്കീർണ്ണത സൃഷ്ടിക്കുന്നു.

പാർപ്പിട പ്രശ്നത്തെ ലക്ഷ്യബോധത്തോടെ വീക്ഷിച്ച് ആവശ്യാധിഷ്ടിത സമീപനം സ്വീകരിക്കണം. ബേക്കൽ മോഡൽ വീടുകളും നിർമ്മിതി വീടുകളുമാണ് ഇവിടെ പ്രതിപാദ്യം. എന്നാൽ ബേക്കൽ മോഡലിന്റെ ബാഹ്യമായ അനുകരണത്തിനുവേണ്ടി പതിവിൽ കവിഞ്ഞ ചെലവിൽ നിർമ്മാണ പ്രവർത്തനം നടത്തുന്നത് ദൃശ്യമാണ്. തടിവിലയുടെ വർദ്ധനവ് കാരണം സാധാരണയായി തെങ്ങ് വ്യാപകമായി ഉപയോഗിക്കുന്നു.

**നിർദ്ദേശങ്ങൾ**

1. ആവശ്യാധിഷ്ടിത ഭവനങ്ങളെ കുറിച്ചുള്ള ബോധവത്ക്കരണം
2. അനാവശ്യമായ ധൂർത്തിനെതിരെ ആഢംബര നികുതി.
3. പഞ്ചായത്തുതലത്തിൽ ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിക്കുക.

4.1 പഞ്ചായത്ത് ഉടമസ്ഥതയിൽ വലിയ പുരയിടം വാങ്ങി വിഭജിച്ച് വിതരണം ചെയ്യുകയും ഉടമസ്ഥത പഞ്ചായത്തിൽ നിക്ഷിപ്തമാക്കിക്കൊണ്ട് ഇതിന്റെ കച്ചവട സാധ്യത ഇല്ലാതാക്കുകയും ചെയ്യുക.

4.2 ഇതിൽ കെട്ടിടങ്ങൾ വച്ച് നൽകി ഉടമസ്ഥത ദീർഘമായ നിശ്ചിത കാലാവധിക്ക് പഞ്ചായത്തിൽ തന്നെ നിക്ഷിപ്തമാക്കുക.

5. വസ്തു ഉള്ളവർക്കും വസ്തു വാങ്ങി വീട് വെക്കേണ്ടവർക്കും ടി വസ്തുവും വീടും ഈടാക്കി കടം കൊള്ളത്തക്കവിധം സാമ്പത്തിക സംവിധാനം ഏർപ്പെടുത്തുക.
6. അടവ് ബാക്കിക്ക് പലിശ എന്ന വ്യവസ്ഥയിൽ ഭവന നിർമ്മാണത്തിന് ലോണുകൾ ലഭ്യമാക്കുകയും അതുവഴി കാലാവധി പൂർത്തിയാക്കുന്നതിന് മുമ്പ്തന്നെ വായ്പകൾ തിരിച്ചടയ്ക്കുന്നതിനും അങ്ങനെ ധനകാര്യസ്ഥാപനങ്ങളുടെ വായ്പയുടെ മൂല്യം നിലനിർത്തുകയും അതുവഴി കൂടുതൽ വായ്പകൾ ലഭ്യമാക്കുകയും ചെയ്യുക.
7. ചെലവുകുറഞ്ഞ വീടിന്റെ സാങ്കേതിക വിദ്യ പ്രചരിപ്പിക്കുക.

8.1 നിർമ്മാണ വസ്തുക്കളുടെ അനാവശ്യമായ ഉപയോഗത്തിന് എതിരെ ബോധവത്ക്കരണം നടത്തുക.

8.2 കെട്ടിട നിർമ്മാണ സാമഗ്രിക്കളുടെ ഉത്പ്പാദനം സഹകരണ സംഘാടിസ്ഥാനത്തിൽ ആരംഭിച്ച് ഗുണനിലവാരവും വിലക്കുറവും ഉള്ള ഉൽപ്പന്നങ്ങൾ, കതക്, ജനൽ, മേൽക്കുരയ്ക്ക് ആവശ്യമായ ഉൽപ്പന്നങ്ങൾ എന്നിവ നിർമ്മിച്ച് വില്ക്കാവുന്നതാണ്.

8.3 പാർപ്പിട നിർമ്മാണ തൊഴിലാളികളുടെ കുറവ് പരിഹരിക്കുന്നതിനു വേണ്ടി പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ തൊഴിൽ രഹിതരായ യുവാക്കൾക്ക് ഈ മേഖലയിൽ പരിശീലനം കൊടുക്കുക.

8.4 കെട്ടിട നിർമ്മാണത്തിന് ആവശ്യമായ അവിദഗ്ദ്ധ – വിദഗ്ദ്ധ തൊഴിലളികളുടെ സേവനം ആവശ്യാനുസരണം ലഭ്യമാകുന്നതിന് കഴിയുന്ന തരത്തിൽ തൊഴിലാളികളുടെ ഒരു സംഘം രൂപീകരിക്കുക.

9. സിമെന്റ്, കമ്പി, ഇഷ്ടിക, ഓട്, തുടങ്ങിയ സാധനങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷിനിലൂടെ സുഗമമായി വിതരണം ചെയ്യുക വഴി ഇടത്തട്ടുകാരെ ഒഴിവാക്കുവാൻ കഴിയും.
10. റെഡിമെയ്ഡ് ബിൽഡിംഗ് പ്ലാൻ വിത്ത് എസ്റ്റിമേറ്റിന്റെ പകർപ്പുകൾ നാമമാത്രമായ വിലയ്ക്ക് അഥവാ സൗജന്യമായി വിതരണം ചെയ്യുക.
11. അഭ്യസ്ഥ വിദ്യരും തൊഴിൽ രഹിതരുമായ വിവിധ തട്ടിലുള്ള എൻജിനീയറന്മാരുടെ ഒരു സ്ഥിരം പാനൽ നിശ്ചിത പ്രതിഫല വ്യവസ്തയിൽ പഞ്ചായത്ത് തലത്തിൽ സംഘടിപ്പിക്കാവുന്നതും ആവശ്യുള്ള നിർമ്മാതാക്കൾക്ക് കുറഞ്ഞ നിരക്കിൽ ഫീസ് ചുമത്തി സേവനം ലഭ്യമാക്കാവുന്നതുമാണ്.
12. പഞ്ചാത്ത് ഏരിയാകളിലെ വിവധ ഓഫീസു

കളിൽ ജീവനക്കാരായി വരുന്നവരുടെ കുടുംബങ്ങൾക്ക് പഞ്ചായത്ത് ചെലവിൽ ഫ്ളാറ്റുകൾ നിർമ്മിച്ച് ന്യായമായ വാടകയ്ക്ക് കൊടുക്കാവുന്നതാണ്.

13. തട്ടും മുട്ടും: പ്രഥമ ദൃഷ്ട്യാ നിസ്സാരമെന്നു തോന്നാമെങ്കിലും ആധുനിക കെട്ടിട നിർമ്മാണ പ്രക്രിയയിലെ അതിപ്രധാനമായ ഒരു സ്ഥാനം ഈ സംഗതിക്കുണ്ട്. തൊഴിലാളികളുടെ സഹകരണ സംഘം വഴി കോൺക്രീറ്റ് പണിക്ക് ആവശ്യമായ തട്ടടിക്കുന്നതിനുള്ള തട്ടും മുട്ടും മിതമായ നിരക്കിൽ വാടകയ്ക്ക് നൽകാവുന്നതാണ്.
14. സർക്കാർ സ്ഥാപനങ്ങൾ വഴി നൽകുന്ന വായ്പകൾക്കുള്ള സാങ്കേതികമായ ബുദ്ധിമുട്ടുകൾ ഇല്ലാതാക്കുക.
15. ഭവന നിർമ്മാണ വ്യവസ്ഥകൾ സുധാര്യമാക്കുക.
16. സ്റ്റേജ് സർട്ടിഫിക്കേഷൻ പഞ്ചായത്ത് മെമ്പറുടേയും ഗ്രാമസഭാ കമ്മിറ്റിയുടേയും അധികാരത്തിലാക്കുക.
17. സർക്കാർ ഏജൻസികൾ വഴി നൽകുന്ന വായ്പയുടെ രേഖകൾ പഞ്ചായത്തിൽ സൂക്ഷിക്കുക.

ദുർബല വിഭാഗങ്ങൾക്കും ഇടത്തരക്കാർക്കും വേണ്ടിയുള്ള പദ്ധതികൾ ഉണ്ടെങ്കിലും ഇടത്തരക്കാർക്ക് നിർമ്മാണത്തിനോ പുതുക്കി പണിയുന്നതിനോ സഹായങ്ങളോ വായ്പകളോ വിരളമാണ്. ഇടത്തരക്കാരിൽ ഇങ്ങനെയുണ്ടാകുന്ന അരക്ഷിതബോധം അവരെ പൊതുധാരയിൽ നിന്നും ഒരു പരിധിവരെ അകറ്റിനിർത്തുന്നു. ഇത് പരിഹരിക്കാനായി അവരുടെ പാർപ്പിട പ്രശ്നത്തിൽ അനുഭാവ പൂർവ്വമായ ഒരു സമീപനം സ്വീകരിക്കണം.

കിളികൊല്ലൂർ പഞ്ചായത്തിൽ 14 കോളനികളിലായി 399 കുടുംബങ്ങൾ അധിവസിക്കുന്നുണ്ട്. അതിൽ അഞ്ചെണ്ണം ഹരിജൻ കോളനികളാണ്. 14 കോളനികളിൽ 4 എണ്ണത്തിൽ വാട്ടർ സപ്ലൈ സ്കീം നടപ്പാക്കിയിട്ടുണ്ട്. 75 കുടുംബങ്ങൾ താമസിക്കുന്ന ഐ. എച്ച്. ഡി. പി. കോളനിയും ഇതിൽ പെടുന്നു പഞ്ചായത്തിലെ മൂന്നാം വാർഡിൽ ഐ. എച്ച്. ഡി. പി. കോളനി വികസനത്തിന് സാധ്യതകൾ ഉള്ളതായി വിലയിരുത്തിയിട്ടുണ്ട്. ജോലിക്കൂലിയിലുണ്ടായ വർദ്ധനവും നിർമ്മാണ സാമഗ്രികളുടെ വിലക്കയറ്റവും വച്ചു നോക്കുമ്പോൾ വിവിധ സർക്കാർ പദ്ധതികളിലൂടെ ഭവന നിർമ്മാണത്തിന് നൽകുന്ന സഹായങ്ങൾ വളരെ പരിമിതമാണ്.

**ഗ്രാമസഭാ ചർച്ചകളിലെ നിർദ്ദേശങ്ങൾ**

1. സർക്കാർ ലഭ്യമാക്കുന്ന ഭവന നിർമ്മാണ വായ്പയുടെ സംഖ്യവർദ്ധിപ്പിക്കുക.
2. ഐ. എ. വൈ., എം. ഡബ്ല്യൂ. ജെ. ആർ. വൈ., ആർ. എൽ. ഇ. ജി. പി. എന്നീ സ്കീമുകൾ പ്രകാരമുള്ള തുക 30,000 മായി ഉയർത്തുക.
3. രാജീവ് ദശലക്ഷ പാർപ്പിട പദ്ധതി പ്രകാരമുള്ള തുക 50,000 മാക്കി ഉയർത്തുക.

പഞ്ചായത്തിലെ കണക്കു പ്രകാരം 3634 ഭവനങ്ങൾ ഓലമേഞ്ഞതാണ്. ഇത് മുഴുവനായി തന്നെ ഓട് മേയേണ്ടതാണ്. ഐ. ആർ. ഡി. പി. കണ്ക്കുകൾ പ്രകാരം 5165 പേർക്ക് ഭവന നിർമ്മാണ സഹായത്തിന് അർഹതയുണ്ട് മേലുദ്ധരിച്ച ഭവനങ്ങളുടെ പുനരുദ്ധാരണം കഴികെ ബാക്കിവരുന്ന 1531 കുടുംബങ്ങൾ പൂർണ്ണമായി ഭവന രഹിതരാണ്.

ഭവന രഹിതരുടെ പട്ടികയിൽ മുന്തിയ പങ്കും ഭൂരഹിതരായതിനാൽ അവർക്ക് ഭൂമിയും വീടും നൽകണം. അതിനുവേണ്ടി പഞ്ചായത്ത് അധീനതയിലുള്ള മിച്ച ഭൂമി, പുറമ്പോക്കുകൾ എന്നിവ പ്രയോജനപ്പെടുത്തണം. ഇത്കൂടാതെ സ്വന്തമായി സ്ഥലം ഉള്ളതുകൊണ്ട് ചേരിയെന്ന തരംതിരിവിൽ വരില്ലെങ്കിലും അതിനേക്കാൾ അനാരോഗ്യകരവും സഞ്ചാരയോഗ്യമല്ലാത്ത, വെള്ളക്കെട്ടുകൾ ഉള്ളതുമായ സാഹചര്യങ്ങളിൽ കുടിലുകൾ കെട്ടി താമസിക്കുന്ന 600 ഓളം കുടുംബങ്ങൾ ഈ പഞ്ചായത്തിന്റെ വിവിധ വാർഡുകളിലായി അധിവസിക്കുന്നുണ്ട്. ഒന്നും രണ്ടും സെന്റുകളോ പരമാവധി അഞ്ച് സെന്റ് വരെയോ ഭൂമിയും അതിൽ കെട്ടിയിട്ടുള്ള കുടിലുകളോ, പലകയടിച്ച് ലൈറ്റ് റൂഫിന്റെ മേൽക്കൂരയോട് കൂടിയ ചെറിയ വീടുകളാണ് മിക്കതും. ഇവിടങ്ങളിൽ എങ്ങും തന്നെ പൂർണ്ണായ ശുചിത്വ സൗകര്യങ്ങളോ കുടിവെള്ളമോ, വൈദ്യൂതിയോ ലഭ്യമാക്കിയിട്ടില്ല. പ്രശ്നങ്ങളുടെ ഏറ്റക്കുറച്ചിലുകൾ ഉണ്ടെങ്കിലും ആകെക്കൂടി നോക്കുമ്പോൾ പ്രത്യേക പരിഗണന നൽകേണ്ട പ്രശ്നങ്ങൾ രേഖപ്പെടുത്തുന്നു. കരിക്കോട് എ. വാർഡിലെ തെക്കേവീട്ടിൽ ചിറ പ്രദേശം– ഉദ്ദേശം 50 കുടുംബങ്ങൾ, 30 ഓളം കുടുംബങ്ങൾ പാർക്കുന്ന പട്ടാണിച്ചിറ, അറു

ന്നൂറ്റിമംഗലം **ബി** വാർഡിലെ വയലിൽ താമസിക്കുന്ന 30 കുടുംബങ്ങൾ, കിളികൊല്ലൂർ എ. വാർഡിൽ 15 കുടുംബങ്ങൾ പാർക്കുന്ന ആനിയിൽ തൊടി, 15 ഓളം കുടുംബങ്ങൾ താമസിക്കുന്ന കൈപ്പള്ളിതൊടി എന്നിവയും, കോളേജ് വാർഡിലെ പുന്നേത്ത് വയലിലെ 55 കുടുംബങ്ങളും ചാമ്പക്കുളം വയലിലെ 50 കുടുംബങ്ങളും 9-ാം വാർഡിലെ 60 കുടുംബങ്ങൾ താമസിക്കുന്ന കിളികൊല്ലൂർ വയലും 12-ാം വാർഡിലെ ഭഗവതിക്കുഴിയിലെ 20 കുടുംബങ്ങളും മങ്ങാട് മണലിൽ കായൽ വാരത്തുള്ള 35 കുടുംബങ്ങൾ, അറുന്നൂറ്റിമംഗലം എ യിലെ 15 കുടുംബങ്ങളുള്ള ചാമുണ്ടിവയൽ പ്രദേശം, കിളികൊല്ലൂർ ബി. വാർഡിൽ ആനന്ദവിലാസം കോളനിയിലെ 40 കുടുംബങ്ങൾ-കൊക്കാല വയൽ, കരിക്കോട് ബിയിലെ റയിൽവേ സ്റ്റേഷന് താഴെയുള്ള 50 കുടുംബങ്ങൾ താമസിക്കുന്ന കോളയ്ക്കൽ പ്രദേശം, കരിക്കോട് സി വാർഡിലെ 25 കുടുംബങ്ങളുള്ള കാരാമൂല, 14-ാം വാർഡിലെ 25 കുടുംബങ്ങളുള്ള ചെറുവയലിൽ കോളനി പ്രദേശം, 12-ാം വാർഡിലെ 15 കുടുംബങ്ങളുള്ള മാന്ത്രികപുറം 25 കുടുംബങ്ങളുള്ള വെട്ടോലിൽ പ്രദേശം 15-ാം വാർഡിലെ 15 കുടുംബങ്ങൾ വരുന്ന കണ്ടോലി വയലും 20 കുടുംബങ്ങൾ പാർക്കുന്ന പാറശ്ശേലി വയൽ, ഇവയൊക്കെയാണ് ശ്രദ്ധിക്കപ്പെടേണ്ടുന്ന പ്രദേശങ്ങൾ.

## സാമൂഹ്യ ക്ഷേമപദ്ധതി.

വിവിധ സ്വഭാവത്തിലുള്ള 12 ഇനം സാമൂഹ്യക്ഷേമപദ്ധതികൾ കേന്ദ്ര സംസ്ഥാന സർക്കരുകളുടെ നേതൃത്വത്തിൽ നമ്മുടെ പഞ്ചായത്തിൽ നടന്നു വരുന്നു. ബ്ലോക്ക് ഡെവലപ്പ്മെന്റ് ഓഫീസ് വഴിയാണ് ഈ പ്രവർത്തനങ്ങൾ നടക്കുന്നത്.

**1. ഐ. ആർ. ഡി. പി. (സംയോജിത ഗ്രാമ വികസന പദ്ധതി)**

കേന്ദ്ര-സംസ്ഥാന സർക്കാരുകളുടെ തുല്യപങ്കാളിത്തത്തോട് കൂടി ഗ്രാമീണരുടെ ദാരിദ്ര്യ നിർമ്മാർജ്ജനം ലക്ഷ്യം വച്ചുകൊണ്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയാണ് ഇത്. സ്വയം തൊഴിൽ പദ്ധതിപ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ വരുമാനം ഉയർത്തുക എന്നതാണ് ഇതിന്റെ ലക്ഷ്യം. ഈ പദ്ധതി പ്രകാരം ആസ്തിയും നിക്ഷേപവും ലഭ്യമാക്കുന്നതിനായി ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പയും സർക്കാരിൽ നിന്ന് ധനസഹായവും ക്രമീകരിച്ചിരിക്കുന്നു.

പാവപ്പെട്ടവരിൽ പാവപ്പെട്ടവരെ സഹായിക്കുന്ന ഈ സ്കീമിലേക്കുള്ള അർഹരെ തെരഞ്ഞെടുക്കുന്ന സമ്പ്രദായത്തെ, 'അന്ത്യോദയ സമീപനം' എന്ന് അറിയപ്പെടുന്നു. ഇപ്രകാരം തെരഞ്ഞെടുക്കപ്പെടുന്നവരുടെ ലിസ്റ്റ് അനുസരിച്ച് പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തിനു ശേഷം പദ്ധതി നടപ്പാക്കുന്നു. വാർഷിക ലക്ഷ്യത്തിന്റെ 50 ശതമാനം പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്കും 40 ശതമാനം വനിതകൾക്കും 3 ശതമാനം വികലാംഗർക്കും സംവരണം ചെയ്തിരിക്കുന്നു. പദ്ധതിയുടെ ഭാഗമായി 1992, 95 എന്നീ വർഷങ്ങളിൽ ഐ. ആർ. ഡി. പി. സർവ്വേ നടത്തിയിട്ടുണ്ട്. 1995 ലെ കണക്ക് പ്രകാരം ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരുടെ ഇനം തിരിച്ചുള്ള കണക്ക് പട്ടികയായി കൊടുത്തിരിക്കുന്നു.

പട്ടിക 1

| | |
|---|---|
| പട്ടിക ജാതി : | 392 |
| പട്ടിക വർഗ്ഗം: | ഇല്ല |
| മറ്റുള്ളവർ : | 4773 |
| ആകെ. | 5165 |

1995 ലെ കണക്കു പ്രകാരം 139 പേർ അംഗവൈകല്യമുള്ളവരാണ്. പട്ടിക രണ്ടിൽ 1992 മുതൽ നാളിതുവരെയുള്ള പദ്ധതിയുടെ പുരോഗതി ഇനം തിരിച്ച് രേഖപ്പെടുത്തിയിരിക്കുന്നു.

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള 4576 കുടുംബങ്ങൾ സഹായം അർഹിക്കുന്നവരായി ഇനിയുമുണ്ട്. 1992-93 വർഷം ഒരു കുടുംബത്തിന് വായ്പയും സഹായവുമായി ലഭിച്ച ശരാശരി ധനം 8437 രൂപയും 96-97 വർഷത്തിൽ ആത് 14598 രൂപയും ആണ്. 95-96 വർഷത്തിൽ ഗുണഭോക്തക്കളാക്കിയത് വെറും 93 കുടുംബങ്ങളെ മാത്രമാണ്. മുമ്പും പിമ്പും ഉണ്ടായതായി കാണുന്ന ഈ കുറവ് സംഭവിച്ചത് എങ്ങനെയെന്ന് പരിശോധിക്കണം. ([illegible])

**നിർദ്ദേശങ്ങൾ**

1. തെരഞ്ഞെടുപ്പിന്റെ അന്ത്യോദയ സമീപന രീതി മാറ്റണം
2. ഗ്രാമസഭ വാർഡ് തലത്തിൽ കൂടി അർഹരെ കണ്ടുപിടിക്കണം.
3. ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ബാങ്കുകൾ എന്നിവയുടെ സംയുക്താഭിമുഖ്യത്തിൽ വർഷം നാലുതവണ ഐ. ആർ. ഡി. പി. റിക്കവറി ക്യാമ്പുകൾ സംഘടിപ്പിക്കണം.

| വർഷം | ഗുണഭോക്താക്കൾ | | | ധനവിനിയോഗം(ലക്ഷത്തിൽ) | | | ശരാശരി |
|---|---|---|---|---|---|---|---|
| | പട്ടിക ജാതി | മറ്റുള്ളവർ | ആകെ | ധനസഹായം | ബാങ്ക് ലോൺ | ആകെ | |
| 1992-93 | 58 | 79 | 137 | 4.71 | 6.85 | 11.56 | 0.084379 |
| 93-94 | 50 | 83 | 133 | 4.87 | 7.59 | 12.46 | 0.093684 |
| 94-95 | 32 | 67 | 99 | 4.35 | 9.45 | 13.8 | 0.139393 |
| 95-96 | 20 | 73 | 93 | 3.99 | 10.46 | 14.45 | 0.155376 |
| 96-97 | 39 | 88 | 127 | 5.75 | 12.79 | 18.54 | 0.145984 |
| ആകെ | 199 | 390 | 589 | 23.67 | 47.14 | 70.81 | 0.120220 |

**ഐ. ആർ. ഡി. പി. കൂടുംബ വായ്പാ പദ്ധതി.**

1994 മുതൽ പഞ്ചായത്തിൽ നടപ്പാക്കി വരുന്ന ഐ. ആർ. ഡി. പി. യുടെ ഒരു അനുബന്ധ നടപടിയാണ്. ഒരു കുടുംബത്തിലെ ഒന്നിലധികം പേർക്ക് ഈ പദ്ധതി പ്രകാരം വായ്പ നൽകുന്നു. ഐ. ആർ. ഡി. പി. വാർഷിക ലക്ഷ്യത്തിന്റെ 15 മുതൽ 20 ശതമാനം വരെ കുടുംബ വായ്പാ പദ്ധതിയിൽപ്പെടുത്തി കൊടുക്കാവുന്നതാണ്. ഒരു കൂടുംബത്തിന് കുറഞ്ഞത് 30,000 രൂപയാണ് വായ്പയും സഹായവും ഉൾപ്പെടെ അനുവദിക്കുന്ന തുക.

| | | |
|---|---|---|
| 1994-95 | 12 | കൂടുംബങ്ങൾ |
| 1995-96 | 10 | " |
| 1996-97 | 15 | " |
| ആകെ | 37 | " |

**നിർദ്ദേശങ്ങൾ**

1. ഐ. ആർ. ഡി. പി. കുടുംബ വായ്പാ പദ്ധതിയിലെ സർക്കാർ സഹായം ഐ. ആർ. ഡി. പി. ക്ക് നൽകുന്ന തുകയിൽ നിന്നും ഉയർത്തണം. 2. കുടുംബ വായ്പാ പദ്ധതിയുടെ കുറഞ്ഞതുക 50,000 ആക്കി ഉയർത്തണം.
3. ഇത്തരം വായ്പകൾക്ക് നിലവിലുള്ള ജാമ്യ വ്യവസ്ഥകൾ ലഘൂകരിക്കുകയോ, ഇല്ലാതാക്കുകയോ ചെയ്യുക.

4

**ഡി. ഡബ്ല്യു. സി. ആർ. എ. (ഗ്രാമീണ വനിതാ-ശിശു വികസന പരിപാടി)**

കേന്ദ്ര-സംസ്ഥാന സർക്കാരുകളെ കൂടാതെ യൂണിസെഫിന്റെ കൂടി പങ്കാളിത്തമുള്ള ഈ പദ്ധതി ഐ. ആർ. ഡി. പി. യുടെ ഒരു അനുബന്ധ പരിപാടിയാണ്.തൊഴില്ലായ്മ പരിഹരിച്ചുകൊണ്ട് വനിതകളുടെ 10 മുതൽ 15 വരെ അംഗങ്ങൾ ഉള്ള സംയുക്ത സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ഗുണഭോക്താക്കൾ ആകുവാൻ കഴിയുക. 1994-95 മുതൽ കിളികൊല്ലൂർ പഞ്ചായത്തിൽ ഈ പദ്ധതി പ്രകാരം 3 യൂണിറ്റുകൾ തുടങ്ങിയിട്ടുണ്ട്. വിശദമായ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

**നിർദ്ദേശങ്ങൾ**

1. ഡി. ഡബ്ല്യൂ. സി. ആർ. എ. പദ്ധതി പ്രകാരമുള്ള യൂണിറ്റുകൾ രൂപീകരിക്കുന്നതിനെക്കുറിച്ചും ഈ പദ്ധതിയുടെ സാദ്ധ്യതയെക്കുറിച്ചും വ്യാപകമായ ബോധവത്ക്കരണം നടത്തുക.
2. ഗ്രാമ-ബ്ലോക്ക് പഞ്ചായത്ത് മെമ്പർമാരുടെ സഹകരണത്തോടെ യൂണിറ്റുകൾ സംഘടിപ്പിക്കുക.
3. ഓരോ ഗ്രൂപ്പിന്റെയും അംഗസംഖ്യ 10 ൽ നിന്ന് 5 ആയി കുറയ്ക്കുക.

## ട്രൈസം

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ള ഗ്രാമീണരായ തൊഴിൽ രഹിത യുവാക്കൾക്ക് തൊഴിൽ പരിശീലനവും തുടർന്ന് ഐ. ആർ. ഡി. പി. പദ്ധതിപ്രകാരം സ്വയം തൊഴിൽ വായ്പയും നൽകുന്നു. 1992 മുതൽ കിളികൊല്ലൂർ പഞ്ചായത്തിൽ ഈ പദ്ധതിയുടെ പുരോഗതിയുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | പട്ടികജാതി | മറ്റുള്ളവർ | ആകെ |
|---|---|---|---|
| 92-93 | 6 | 10 | 16 |
| 93-94 | 6 | 11 | 17 |
| 94-95 | 9 | 12 | 21 |
| 95-96 | 3 | 5 | 8 |
| ആകെ | 24 | 38 | 62 |

| വർഷം | ഗ്രൂപ്പുകളുടെ എണ്ണം | അംഗങ്ങളുടെ എണ്ണം | സഹായധനം | വായ്പാധനം | ആകെ. | ശരാശരി |
|---|---|---|---|---|---|---|
| 1994-95 | 1 | 10 | 43155 | 96000 | 139155 | 13915.50 |
| 1995-96 | - | - | - | | - | - |
| 1996-97 | 2 | 20 | 84,000 | 2,42,000 | 3,26,000 | 16,300 |
| ആകെ | 3 | 30 | 127155 | 3,38,000 | 465155 | 15505.16 |

**നവീന കൈത്തൊഴിൽ ഉപകരണ വിതരണ പരിപാടി**

1995-96 മുതൽ കൊല്ലം ജില്ലയിൽ ആരംഭിച്ച ഈ പരിപാടി പ്രകാരം കിളികൊല്ലൂരിലെ 256 കൈത്തൊഴിലുകാരിൽ 5 പേർക്കു മാത്രമാണ് സഹായം ലഭിച്ചിട്ടുള്ളത്

| വർഷം | പഞ്ചായത്ത് | ആകെ കൈത്തൊഴിലുകാർ | ഉപകരണങ്ങൾ ലഭിച്ചവർ |
|---|---|---|---|
| 1995-96 | തൃക്കടവൂർ | 161 | 65 |
| | തൃക്കരുവ | 94 | 8 |
| | ശക്തികുളങ്ങര | 148 | 2 |
| | കിളികൊല്ലൂർ | 256 | 5 |

കിളികൊല്ലൂർ പഞ്ചായത്ത് ഈ പദ്ധതിയുടെ കാര്യത്തിൽ പിന്നോക്കം പോകുവാനുണ്ടായ കാരണം വിലയിരുത്തേണ്ടതാണ്. ഈ പദ്ധതിയുടെ വരുമാന പദ്ധതി പുനർ നിർണ്ണയം ചെയ്യണം.

**സി. ഇ. എസ്.**

ചെറുകിട നാമമാത്ര കർഷകർക്ക് നൽകി വരുന്ന കാർഷിക ജലസേചന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം കിണർകുഴിക്കുന്നതിനും പമ്പ് സെറ്റ് വെക്കുന്നതിനും സഹായം നൽകുന്നു. ഈ പരിപാടി അടുത്തിടെ നിർത്തിവെച്ചത് ചെറുകിടകൃഷിക്കാരെ നിരാശരാക്കിയുട്ടുണ്ട്. കേന്ദ്ര ഗ്രാമവികസന മന്ത്രാലയത്തിൽ സമ്മർദ്ദം ചെലുത്തി ഈ പദ്ധതി പുനരാരംഭിക്കണം. വസ്തുവിന്റെ പരിധി 50 സെന്റ് എന്നത് 20 സെന്റാക്കി കുറയ്ക്കണം.

**ഐ. എ. വൈ. (ഇന്ദിരാ ആവാസ് യോജന)**

ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരിൽ സ്വന്തമായി രണ്ടുസെന്റു ഭൂമിയുള്ള വാസയോഗ്യമായ വീടില്ലാത്ത എല്ലാ വിഭാഗങ്ങൾക്കും ഇതിന് അർഹതയുണ്ട്. എന്നാൽ പട്ടികേതര സമുദായങ്ങൾക്ക് മൊത്തം തുകയുടെ 40 ശതമാനം വരെ മാത്രമേ കൊടുക്കാൻ അനുവദിച്ചിട്ടുള്ളൂ.

ഐ. എ. വൈ. പദ്ധതിയുടെ പുരോഗതി

| | 1992-93 | 93-94 | 94-95 | 95-96 |
|---|---|---|---|---|
| ലക്ഷ്യമിട്ടത് | - | - | 6 | 40 |
| പൂർത്തീകരിച്ചത് | 6 | 5 | 5 | 20 |
| പൂർത്തീകരിക്കാനുള്ളത് | 6 | 1 | 1 | 21 |
| റവന്യൂ റിക്കവറി | - | - | 1 | - |

**മില്ല്യൻ വെൽസ്കീം (വീടുകൾ)**

ജവഹർ റോസ്ഗാർ യോജനയ്ക്കായി ലഭിക്കുന്ന മൊത്തം തുകയിൽ 30 ശതമാനം ഈ പദ്ധതിക്കായി മാറ്റി വച്ചിരിക്കുന്നു. 33 1/3 ശതമാനം പട്ടികേതര വിഭാഗങ്ങൾക്കായി നൽകണം. ഈ പദ്ധതി പ്രകാരം കിളികൊല്ലൂരിന് ലഭിച്ചിട്ടുള്ള വീടുകളുടെ പട്ടിക ചുവടെ ചേർക്കുന്നു.

| വർഷം | പൂർത്തീകരിച്ച വീടുകൾ | പൂർത്തീകരിക്കേണ്ടവ | ആകെ |
|---|---|---|---|
| 92-93 | 21 | 2 | 23 |
| 93-94 | 23 | 2 | 25 |
| 94-95 | 17 | 3 | 20 |
| 95-96 | 3 | 1 | 4 |
| ആകെ | 64 | 8 | 72 |

ഈ പദ്ധതി പ്രകാരം 1992 മുതൽ 95-96 വരെയുള്ള കാലത്ത് 64 വീടുകളാണ് പൂർത്തീകരിച്ചിട്ടുള്ളത്.

**ജെ. ആർ. വൈ. (ജവഹർ റോസ്ഗാർ യോജന)**

ഈ പദ്ധതിപ്രകാരം 92-93 മുതൽ 95-96 വരെ 37 വീടുകൾ പൂർത്തീകരിച്ചിട്ടുണ്ട്.

പട്ടിക ജാതി പട്ടിക വർഗ്ഗക്കാർക്ക് വേണ്ടിയുള്ള പദ്ധതിയാണിത്. വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർത്തിരിക്കുന്നു.

| വർഷം | ടാർജറ്റ് | പൂർത്തീകരിച്ച വീടുകൾ |
|---|---|---|
| 1992-93 | 15 | 15 |
| 1993-94 | 11 | 11 |
| 1994-95 | 5 | 5 |
| 1995-96 | 7 | 7 |

**നിർദ്ദേശങ്ങൾ**

1. ജെ. ആർ. വൈ. പദ്ധതി പ്രകാരം നൽകുന്ന വായ്പാ തുക 40,000 ആക്കി ഉയർത്തുക.

2. ഈ പദ്ധതിയുടെ ഗുണം ഇതര വിഭാഗങ്ങൾക്കും ലഭിക്കത്തക്കവിധം നടപടി സ്വീകരിക്കുക.
3. ഇനിയും വീട് ലഭിക്കാത്ത പഞ്ചായത്തിലെ 3200 കുടുംബങ്ങൾക്ക് വീട് വയ്ക്കാനുള്ള സഹായം നൽകുക.

## സി. ആർ. എസ്. പി. (കക്കൂസ്)

കേന്ദ്ര-ഗ്രാമ ശുചിത്വ പരിപാടി പ്രകാരം കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയുക്തമായി ഗ്രാമീണരുടെ ശുചിത്വ സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനു വേണ്ടി കക്കൂസ് നിർമ്മാണത്തിന് സഹായം നൽകുന്ന പദ്ധതിയാണിത്. ഈ പദ്ധതി പ്രകാരം കിളികൊല്ലൂർ പഞ്ചായത്തിൽ നടത്തിയിട്ടുള്ള പ്രവർത്തനങ്ങളുടെ കണക്കുകൾ ചുവടെ ചേർക്കുന്നു.

| വർഷം | ലക്ഷ്യം | നിർമ്മിച്ചവയുടെ എണ്ണം | | |
|---|---|---|---|---|
| | | SC/ST | മറ്റുള്ളവർ | ആകെ |
| 1992-93 | 7 | 4 | 1 | 5 |
| 1993-94 | 30 | 9 | 20 | 29 |
| 1994-95 | 13 | 3 | 6 | 9 |
| 1995-96 | 20 | 5 | 15 | 20 |
| ആകെ. | 70 | 21 | 42 | 63 |

1996-97 വർഷത്തേയ്ക്കുള്ള ഈ പദ്ധതിയുടെ പ്രവർത്തനങ്ങൾക്ക് ഇനിയും അനുവാദം ആയിട്ടില്ല.

സമ്പൂർണ്ണ ഗ്രാമ ശുചിത്വപരിപാടിയിൽ ഉൾപ്പെടുത്തിയുള്ള കക്കൂസുകളുടെ നിർമ്മാണം പഞ്ചായത്തിൽ നടന്നുകൊണ്ടിരിക്കുകയാണ്. അതിന്റെ കണക്കുകൾ ചുവടെ ചേർക്കുന്നു. (1995-96)

| | |
|---|---|
| അനുവദിച്ചിട്ടുള്ള കക്കൂസുകൾ | - 1500 |
| ഏറ്റെടുത്ത് നടത്തുന്നത് | - 1089 |
| പൂർത്തീകരിച്ചത് | - 714 |
| പൂർത്തീകരിക്കാനുള്ളത് | - 375 |

നിർമ്മാണ സാധനങ്ങളുടെ വിലയും കൂലി ച്ചെലവിന്റെ വർദ്ധനവും പരിഗണിച്ച് സഹായധനം 5000 രൂപയാക്കി ഉയർത്തണം. ഈ പദ്ധതി പ്രകാരം പഞ്ചായത്തിൽ ഇനിയും 2000 ത്തിലധികം കക്കൂസുകൾ നിർമ്മിക്കേണ്ടതുണ്ട്.

## മില്ല്യൻ വെൽ സ്കീം കിണറുകൾ

ഈ പദ്ധതി പ്രകാരം 33 1/3 ശതമാനം തുക പട്ടികേതര വിഭാഗങ്ങൾക്ക് നൽകുന്നതാണ്. ഇത് പ്രകാരം കിളികൊല്ലൂർ പഞ്ചായത്തിൽ നിർമ്മിച്ചിട്ടുള്ള കിണറുകളുടെ വർഷം തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| 1992-93 | - 4 |
| 1993-94 | - 3 |
| 1994-95 | - 6 |
| 1995-96 | - 6 |
| ആകെ | - 19 |

ഈ പദ്ധതിക്ക് 1996-97 വർഷത്തേയ്ക്കുള്ള അനുമതി ലഭിച്ചിട്ടില്ല. 1500 ൽ അധികം കുടുംബങ്ങൾക്ക് ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കാൻ അർഹതയുണ്ട്.

## ജെ. ആർ. വൈ. - 20% റോഡുകൾ

ഗ്രാമീണർക്കിടയിൽ കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക എന്ന ലക്ഷ്യം വച്ചുകൊണ്ടുള്ള ഈ പദ്ധതി 1989 ൽ ആരംഭിച്ചു. ഈ പദ്ധതിയിൽപെടുത്തി കിളികൊല്ലൂരിൽ നിർമ്മിച്ച റോഡുകളുടെ വിവരം ചുവടെ ചേർക്കുന്നു.

| വർഷം | റോഡിന്റെ നീളം മീറ്റർ | മറ്റുപണികൾ എണ്ണം | മനുഷ്യപ്രയത്നം ദിനങ്ങൾ |
|---|---|---|---|
| 1992-93 | 600 | 4 | 4000 |
| 1993-94 | 350 | 2 | 4865 |
| 1994-95 | --- | 2 | 8500 |
| 1995-96 | --- | 2 | 11000 |
| ആകെ | 950 | 10 | 28365 |

## വിവിധ പെൻഷനുകളും ക്ഷേമനിധി പ്രവർത്തനങ്ങളും

റവന്യൂ വകുപ്പ് കൈകാര്യം ചെയ്തിരുന്ന വാർദ്ധക്യകാല പെൻഷൻ, വിധവാ പെൻഷൻ എന്നീ പെൻഷൻ പദ്ധതികളും വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ സഹായധനവും പട്ടികജാതി പട്ടികവർഗ്ഗക്കാരായ ഉദ്യോഗാർത്ഥികൾക്ക് ഇന്റർവ്യൂവിനായുള്ള യാത്രാ ചെലവ് സഹായവും അടുത്ത കാലത്തായി പഞ്ചായത്തിന്റെ ചുമതലയിലേക്കായി മാറ്റിയിരിക്കുകയാണ്. അർഹരായ മുഴുവൻ പേർക്കും ഈ ആനുകൂല്യങ്ങൾ കിട്ടുന്നില്ലെന്നും അനർഹർ ഇത് വാങ്ങുന്നുവെന്നും പരാതികളുണ്ട്.

1. വാർദ്ധക്യകാല പെൻഷൻ

പ്രതിമാസ കുടുംബവരുമാനം 200 രൂപയിൽ കവിയാത്ത 60 വയസ്സു കഴിഞ്ഞവർക്കുള്ള ഈ പദ്ധതി പ്രകാരം 57 പേർക്ക് പഞ്ചായത്തിൽ പെൻഷൻ കിട്ടുന്നു.

2. വിധവാ പെൻഷൻ

പ്രതിമാസം 200 രൂപയിൽ താഴെ വരുമാനമുള്ള പുനർവിവാഹം നടന്നിട്ടില്ലാത്ത പ്രായപൂർത്തിയായ ആൺമക്കളില്ലാത്ത വിധവകൾക്ക് നൽകുന്നതാണ് ഈ പെൻഷൻ. വിവാഹ മോചനം നേടിയ സ്ത്രീകൾക്കും 7 വർഷമായി ഭർത്താവിനെ കുറിച്ച് യാതൊരു വിവരവുമില്ലാത്ത സാഹചര്യത്തിലുള്ള എല്ലാ സ്ത്രീകൾക്കും ഇതിന് അപേക്ഷിക്കാം. 248 പേർക്ക് പഞ്ചായത്തിൽ ഇതിന്റെ ആനുകൂല്യം ലഭിക്കുന്നുണ്ട്.

3. വികലാംഗ പെൻഷൻ

പ്രതിമാസ കുടുംബ വരുമാനം 300 രൂപയിൽ താഴെയുള്ള 40 ശതമാനത്തിൽ കൂടുതൽ അംഗവൈകല്യമുള്ളവർക്ക് പ്രതിമാസം 85 രൂപാവീതം പെൻഷൻ നൽകുന്നു. പഞ്ചായത്തിൽ 61 പേർക്ക് ഈ ആനുകൂല്യം ലഭിക്കുന്നുണ്ട്.

4. കർഷക തൊഴിലാളി പെൻഷൻ

പ്രതിവർഷ കുടുംബവരുമാനം 1500 രൂപയിൽ താഴെയുള്ള 60 വയസ്സ് കഴിഞ്ഞവരും 10 വർഷം കേരളത്തിൽ കർഷക തൊഴിലാളിയായി ജീവിച്ചിട്ടുള്ളവർക്കും നൽകുന്നതാണ് ഈ ആനുകൂല്യം. പ്രതിമാസം 85 രൂപാവീതമുള്ള ഈ ആനുകൂല്യം പഞ്ചായത്തിൽ 172 പേർക്ക് നൽകുന്നുണ്ട്.

5. കയർതൊഴിലാളി പെൻഷൻ

1987 ഡിസംബർ 31 ന് മുൻപ് കയർ രംഗത്ത് തൊഴിലാളിയോ സ്വയം തൊഴിലാളിയോ ആയി ഉപജീനം നടത്തിയിരുന്നവർക്ക് കയർ തൊഴിലാളി ക്ഷേമനിധിയിൽ നിന്നും നൽകുന്നതാണ് ഈ ആനുകൂല്യം പ്രതിമാസം 75 രൂപാവീതം 150 പേർക്ക് ഈ പെൻഷൻ ലഭിക്കുന്നുണ്ട്.

6. കായിക താരങ്ങൾക്കുള്ള പെൻഷൻ

ഭാര്യയുടേയും ഭർത്താവിന്റെയും കൂടി പ്രതിമാസ വരുമാനം 300 രൂപയിൽ കഴിയാത്തവർക്ക് ജീവിതാന്ത്യം വരെയും 300 ൽ കൂടുതൽ ഉള്ളവർക്ക് ഒരു നിശ്ചിതകാലത്തേയ്ക്കും 100 മുതൽ 200 രൂപവരെയാണ് ഈ പദ്ധതിപ്രകാരം പെൻഷൻ നൽകുന്നത്. കേരളത്തിൽ ജനിച്ചവരോ താമസിച്ചവരോ ആയ കായിക രംഗത്ത് ശ്രദ്ധേയമായ പ്രകടനം കാഴ്ചവെച്ചവർക്കാണ് ഇത് നൽകുന്നത്. നമ്മുടെ പഞ്ചായത്തിൽ ഈ ആനുകൂല്യം ആർക്കും ലഭിക്കുന്നില്ല.

7. മത്സ്യതൊഴിലാളി പെൻഷൻ

ഏതെങ്കിലും മത്സ്യഗ്രാമത്തിൽ ഒരു വർഷം എങ്കിലും താമസിക്കുകയും കേരളത്തിൽ മത്സ്യതൊഴിലാളിയായി ജീവിക്കുകയും ചെയ്ത 60 വയസ് പൂർത്തിയായവർക്കാണ് ഇത് ലഭിക്കുന്നത്. വാർഷിക വരുമാനം 1500 രൂപയിൽ താഴെയായിരിക്കണം.

8. തൊഴിലില്ലായ്മാ വേതനം

പ്രതിമാസം 60 രൂപവീതം 1015 പേർക്ക് കിളികൊല്ലൂർ പഞ്ചായത്തിൽ ഈ ആനുകൂല്യം ലഭിക്കുന്നു.

9. അവശ കലാകാരന്മാർക്കും സാഹിത്യകാരന്മാർക്കുമുള്ള പെൻഷൻ

50 വയസ്സുകഴിഞ്ഞവരും കുടുംബ വാർഷിക വരുമാനം 9000 രൂപയിൽ കഴിയാത്തവരുമായ കലാ സാഹിത്യരംഗങ്ങളിൽ ശ്രദ്ധേയമായ പ്രവർത്തനം കാഴ്ചവെച്ചിട്ടുള്ള അംഗീകാരം ലഭിച്ച കലാകാരന്മാർക്കാണ് ഇത് ലഭിക്കുന്നത്. ഈ പഞ്ചായത്തിൽ അപേക്ഷകർ ഇല്ല.

10. കുടിപ്പള്ളിക്കൂടം ആശാന്മാരുടെ ക്ഷേമ പദ്ധതി

നമ്മുടെ പഞ്ചായത്തിൽ 15 പേർക്ക് 100 രൂപ വീതം ഈ പെൻഷൻ നൽകുന്നുണ്ട്.

11. വിധവകളുടെ പെൺമക്കളുടെ വിവാഹത്തിനുള്ള സഹായം

വാർഷിക കുടുംബവരുമാനം 5000 രൂപയിൽ കഴിയാത്ത വിധവകളുടെ പെൺമക്കളുടെ ആദ്യവിവാഹത്തിന് നൽകുന്നതാണ് ഈ സഹായം. പെൺകുട്ടിയുടെ ആഭരണം അടക്കമുള്ള സ്വത്ത് 6000 രൂപയിൽ കവിയരുത് എന്ന് വ്യവസ്ഥയുണ്ട്. ഈ പദ്ധതി പ്രകാരം 92–96 കാലയളവിൽ 123 പേർക്ക് 1250 രൂപാവീതമുള്ള ആനുകൂല്യം നൽകിട്ടുണ്ട്.

13. ഉദ്യോഗാർത്ഥിയുടെ ഇന്റർവ്യൂ യാത്രാ ചെലവ്.

പട്ടികജാതി പട്ടികവർഗ്ഗ ഉദ്യോഗാർത്ഥികൾക്ക് ജോലിക്കുവേണ്ടിയുള്ള ഇന്റർവ്യൂവിന് യാത്രാചെലവ് നൽകുന്നുണ്ട്.

14. ചികിത്സാ സഹായം

ക്ഷയരോഗം, കുഷ്ഠരോഗം, ക്യാൻസർ തു

ടങ്ങിയ രോഗങ്ങൾ ബാധിച്ച വാർഷിക വരുമാനം 2000 രൂപയിൽ കവിയാത്ത വർക്കാണ് ഈ ആനുകൂല്യം ലഭിക്കുന്നത് ക്ഷയരോഗികൾക്ക് 50 രൂപയും കുഷ്ഠരോഗം ബാധിച്ചവർക്ക് 100 രൂപയും ഈ പദ്ധതി പ്രകാരം ലഭിക്കുന്നു.

**15. വാഹനാപകടത്തിൽപെടുന്നവർക്കുള്ള സഹായം**

സാമൂഹിക സുരക്ഷാ പദ്ധതിപ്രകാരം ഇൻഷുറൻസ് കമ്പനിയുമായി ചേർന്ന് ജില്ലാ കളക്ടർ ആണ് ഇത് നൽകുന്നത്. പരുക്കേറ്റവർക്ക് 500 രൂപയും മരിച്ചവരുടെ ആശ്രിതർക്ക് 1000 രൂപാ വരെയും ഇടക്കാലാശ്വാസമായി തഹസീൽദാർ അനുവദിക്കുന്നു. 5000 രൂപ വരെയുള്ള ധനസഹായം ഇൻഷ്വറൻസ് കമ്പനികളുമായി ചേർന്ന് കളക്ടർക്ക് അനുവദിക്കാവുന്നതാണ്. ഇപ്രകാരമുള്ള സഹായങ്ങൾ ഈ പഞ്ചായത്തിൽ 67 പേർക്ക് 92–96 കാലയളവിൽ സഹായമായി ലഭിച്ചിട്ടുണ്ട്.

**16. സൗജന്യ നിയമ സഹായ പദ്ധതി**

ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഏതെങ്കിലും മുൻസിഫ് കോടതിയിലോ, മജിസ്ട്രേറ്റ് കോടതിയിലോ ജില്ലാ കോടതിയിലോ ലാന്റ് ട്രൈബ്യൂണലിലോ, ലേബർ ട്രൈബ്യൂണലിലോ നിലവിലുള്ള എല്ലാ കേസുകൾക്കും നടപടികൾക്കും പാവപ്പെട്ടവർക്ക് നിയമ സഹായം നൽകുന്നതാണ്. ഇതിന്റെ ഉയർന്ന വാർഷിക കുടുംബവരുമാന പരിധി 4800 രൂപയാണ്. ഈ പദ്ധതി പ്രകാരം ഈ പഞ്ചായത്തിൽ ആർക്കും ആനുകൂല്യം ലഭിച്ചിട്ടില്ല.

**17. അത്യാഹിതത്തിൽപ്പെടുന്നവർക്കുള്ള സഹായം**

പ്രകൃതിക്ഷോഭം, തീപിടുത്തം, മറ്റു അപകടങ്ങൾ എന്നിവയിൽ പെടുന്നവർക്ക് സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണ് ഇത്.

**18. പാവപ്പെട്ടവർക്കുള്ള ഇൻഷ്വറൻസ് പദ്ധതി.**

കുടുംബത്തിലെ വരുമാനമുണ്ടാക്കുന്ന അംഗം മരിച്ചാൽ അയാളുടെ ആശ്രിതർക്ക് സർക്കാർ അടച്ചിട്ടുള്ള പ്രീമിയത്തിന്റെ അടിസ്ഥാനത്തിൽ 3000 രൂപ സമാശ്വാസമായി നൽകുന്ന ഈ പദ്ധതി കൊല്ലം ജില്ലയിൽ നടപ്പിലാക്കിയിട്ടില്ല. വരുമാന പരിധി പ്രതിവർഷം 7200 രൂപയിൽ താഴെയായിരിക്കണം. അപകട മരണം പാമ്പുകടി, ഭക്ഷ്യവിഷബാധ, ഇടിമിന്നൽ, വൃക്ഷത്തിൽ നിന്നുള്ള വീഴ്ച, ആയുധ ധാരികളായ അക്രമികൾ, കാട്ടുമൃഗങ്ങൾ ഇവയുടെ ആക്രമണം, അപകട മരണം എന്നിവ സംഭവിച്ചാലാണ് ഈ സഹായം ലഭിക്കുന്നത്. കൊല്ലം ജില്ലയെ ഈ പദ്ധതിയിൻ കീഴിൽ കൊണ്ടുവരുന്നതിന് അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതാണ്.

### അങ്കണവാടികൾ

സാമൂഹ്യ ക്ഷേമരംഗത്ത് അടിസ്ഥാനപരമായ പ്രവർത്തനങ്ങൾ നടത്തുന്നതിനുവേണ്ടി രൂപം കൊടുത്തിട്ടുള്ള അങ്കണവാടികളുടെ പ്രവർത്തനം ബ്ലോക്കുകളുടെ ചുമതലയിൽനിന്ന് പഞ്ചായത്തിന്റെ നേരിട്ടുള്ള ഭരണത്തിൽ വരുകയാണ്. പഞ്ചായത്തിലെ 15 വാർഡുകളിലായി 43 അങ്കണവാടികളാണ് ഉള്ളത്. വിദ്യാഭ്യാസ മേഖലയിലെ പുതിയ പ്രവണതകളുടെ ഫലമായി ഈ രംഗത്ത് കുട്ടികളുടെ അഭാവം ഉണ്ടാകുന്നുണ്ട് എന്ന് ഗ്രാമസഭാ റിപ്പോർട്ടിൽ പറയുന്നു.

**അങ്കണവാടികളുടെ വാർഡ് തിരിച്ചുള്ള പട്ടിക.**
(പട്ടിക എ കാണുക പേജ് 99)

ആയിരം ജനങ്ങൾക്ക് ഒരു അങ്കണവാടി എന്ന ഐ. സി. ഡി. എസ്. ലക്ഷ്യം പ്രാവർത്തികമാക്കുന്നതിന് കിളികൊല്ലൂർ പഞ്ചായത്തിലെ 58,000 ജനസംഖ്യവെച്ച് നോക്കുമ്പോൾ ഇനിയും 14 എണ്ണം കൂടി സ്ഥാപിക്കേണ്ടതാണ്.

വളരുന്ന തലമുറയെ വാർത്തെടുക്കുന്നതിൽ സുപ്രധാനമായ പങ്കുവഹിക്കുന്ന അങ്കണവാടികളിലെ പ്രവർത്തനം നടത്തുന്നത് വർക്കർ, ഹെൽപ്പർ എന്നീ തസ്തികളിലുള്ള ജീവനക്കാരാണ്. വർക്കർക്ക് 550 രൂപയും ഹെൽപ്പർക്ക് 300 രൂപയും ഓണറേറിയമായി കൊടുക്കുന്നു. ആരോഗ്യ മേഖലയിലെ ഗൃഹസന്ദർശനം, രാവിലെ 9 മുതൽ വൈകിട്ട് 3.30 വരെയുള്ള ജോലി സമയം എന്നിവ പരിഗണിക്കുമ്പോൾ ഇത് തുലോം തുച്ഛമായ പ്രതിഫലമാണ് എന്ന് കാണാം. കാര്യക്ഷമവും ആത്മാർത്ഥവുമായ പ്രവർത്തനത്തിന് ഇവരുടെ വേതനം കാലോചിതമായി പരിക്ഷരിക്കണം.

## പൊതുവിതരണം

കിളികൊല്ലൂർ പഞ്ചായത്തിൽ 96 ലെ സെൻസസ് റിപ്പോർട്ട് പ്രകാരം 61721 ജനങ്ങളാണ് താമസിക്കുന്നത്. ഭക്ഷ്യവസ്തുക്കൾ വിതരണം ചെയ്യുന്നതിനായി 23 റേഷൻ കടകൾ ഉണ്ട്. ഇവ

പട്ടിക എ.

| വാർഡുകൾ | 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 | 14 | 15 | ആകെ |
|---|---|---|---|---|---|---|---|---|---|---|---|---|---|---|---|---|
| അങ്കണവാടികൾ | 4 | 3 | 5 | 3 | 2 | 3 | 3 | 2 | 4 | 4 | 1 | 3 | 2 | 2 | 2 | 43 |
| നമ്പരുകൾ | 1<br>3<br>4<br>28<br>– | 2<br>13<br>111<br>–<br>– | 5<br>6<br>7<br>8<br>112 | 9<br>18<br>107<br>–<br>– | 10<br>11<br>–<br>–<br>– | 12<br>14<br>113<br>–<br>– | 15<br>17<br>27<br>–<br>– | 109<br>110<br>–<br>–<br>– | 20<br>21<br>22<br>23<br>– | 16<br>19<br>24<br>26<br>– | 114<br>–<br>–<br>–<br>– | 25<br>29<br>108<br>–<br>– | 30<br>31<br>–<br>–<br>– | 32<br>33<br>–<br>–<br>– | 34<br>35<br>–<br>–<br>– | |
| സ്വന്തമായി കെട്ടിടമുള്ളവ | 4 | 3 | 4 | 3 | 2 | 2 | 2 | 2 | 2 | 4 | 1 | 2 | 2 | 2 | 2 | 37 |
| കെട്ടിടമില്ലാത്തവയുടെ നമ്പർ | – | – | 5 | – | – | 12 | 27 | – | 20,21 | – | – | 108 | – | – | – | 6 എണ്ണം |
| അറ്റകുറ്റപണി അത്യാവശ്യമായവയുടെ നമ്പർ | 3 | 13 | 112 | 9 | – | 14 | – | 109 | – | – | – | 25 | – | – | – | 7 എണ്ണം |
| ഫർണിച്ചർ ആവശ്യമായവയുടെ എണ്ണം | – | – | – | 1 | – | – | 1 | – | – | – | – | – | – | 1 | – | 3 |
| പാത്രങ്ങൾ ആവശ്യമായവയുടെ എണ്ണം | 2 | 2 | 1 | 1 | 1 | 2 | 1 | – | – | 2 | – | 2 | – | – | 2 | 16 |
| കിണറുകൾ ഉള്ളവയുടെ എണ്ണം | 2 | – | 1 | 1 | – | – | – | 1 | – | 1 | – | – | – | – | – | 6 |
| കക്കൂസ് ഉള്ളവയുടെ എണ്ണം | 2 | – | 2 | – | – | – | – | 1 | – | 3 | – | – | – | – | – | 8 |
| വൈദ്യുതീകരിച്ചത് | – | – | 1 | – | – | – | – | – | – | – | – | 1 | – | – | – | 2 |
| വയറിംഗ് നടത്തിയിട്ടുള്ളത് | 2 | – | – | – | – | – | – | – | – | – | – | – | – | – | – | 2 |

യിൽ എല്ലാംകൂടി 12671 കാർഡുകളും ഉണ്ട്. കൂടാതെ രണ്ട് മാവേലി സ്റ്റോറുകളും പ്രവർത്തിക്കുന്നു. അതിലൊന്ന് കിളികൊല്ലൂർ സി. വാർഡിൽ രായരുമുക്കിലും മറ്റൊന്ന് കോയിക്കൽ ജംഗ്ഷനിലുമാണ്. രൂപീകരണകാലത്ത് ഇവ കാര്യക്ഷമമായി പ്രവർത്തിച്ചിരുന്നുവെങ്കിലും തുടർന്ന് ഏതാനും വർഷങ്ങൾ അവയുടെ പ്രവർത്തനം മരവിച്ചിരിക്കുകയായിരുന്നു. എന്നാൽ കഴിഞ്ഞ ഓണം മുതൽ വീണ്ടും മാവേലി സ്റ്റോറുകളുടെ പ്രവർത്തനം കാര്യക്ഷമമാകാൻ തുടങ്ങിയിട്ടുണ്ട്. ഇവ നന്നായി പ്രവർത്തിക്കുകയാണെങ്കിൽ നിത്യോപയോഗ സാധനങ്ങളുടെ വില കുറെയൊക്കെ നിയന്ത്രിക്കുവാൻ സാധിക്കും.

ക്രിസ്തുമസ്സ്, ഓണം, റംസാൻ തുടങ്ങിയ വിശേഷ അവസരങ്ങളിൽ നടത്തുന്ന ഓണചന്തകൾ വില നിലവാരം പിടിച്ചു നിർത്തുന്നതിന് നിർണ്ണായക പങ്കാണ് വഹിക്കുന്നത്. കഴിഞ്ഞ ഓണക്കാലത്ത് ഓണചന്തകളും മാവേലിസ്റ്റോറുകളും പൊതു വിതരണ കേന്ദ്രങ്ങളും വഴി അവശ്യവസ്തുക്കൾ കുറഞ്ഞവിലയ്ക്ക് വിതരണം ചെയ്ത് പാവപ്പെട്ടവർക്കും സാധാരണക്കാർക്കും നല്കിയ ആശ്വാസം കുറച്ചൊന്നുമല്ല. ഈ സംവിധാനം സ്ഥിരമാക്കിയാൽ വളരെ പ്രയോജനകരമായിരിക്കും. പഞ്ചായത്തിൽ സഞ്ചരിക്കുന്ന ഒരു മാവേലി സ്റ്റോർ തുടങ്ങുന്നതും പ്രയോജനകരമാണ് കാർഡ് ഒന്നിന് ആഴ്ചതോറും 250 ഗ്രാം നിരക്കിൽ നിത്യോപയോഗ സാധനങ്ങൾ വിതരണം ചെയ്യുന്നതിനു പകരം മാസത്തിൽ ഒരു തവണ ഒന്നായ വാങ്ങാനുള്ള സംവിധാനം

റേഷൻ കടകൾ പൊതുവിതരണ കേന്ദ്രങ്ങളായി മാറിയിരിക്കുകയാണ്. സമൂഹത്തിന് പ്രയോജനം റേഷൻ കടകൾ ആയിരുന്നു. കേന്ദ്ര സർക്കാരിൽ നിന്നും ലഭിക്കേണ്ട ചില ആനുകൂല്യങ്ങൾ ഇതു വഴി നഷ്ടമായി. റേഷൻ കടകളുടെ സുഗ

മമായ പ്രർത്തനത്തിനും പൊതുജനങ്ങളുടെ പരാതികൾക്ക് പരിഹാരം കാണുന്നതിനും ഇവയുടെ മേൽ നോട്ടം പഞ്ചായത്തിലെ ഏൽപ്പിക്കേണ്ടതാണ്. റേഷൻകാർഡുമായി ബന്ധപ്പെട്ട അപേക്ഷകൾ പഞ്ചായത്തു തലത്തിൽ തന്നെ സ്വീകരിച്ച് പരിഹാരം കാണണം. പഞ്ചായത്തിൽ താമസിക്കുന്ന റേഷൻ കാർഡ് ഇല്ലാത്ത മുഴുവൻ കുടുംബങ്ങൾക്കും കാർഡ് നൽകണം. പട്ടയം കിട്ടാത്ത വസ്തുക്കളിൽ കുടിയേറി താമസിക്കുന്ന നിരവധി കുടുംബങ്ങൾ ഉണ്ട്. മിക്ക കുടുംബങ്ങൾക്കും റേഷൻകാർഡ് ഇല്ല. 300 മുതൽ 2000 ത്തിലധികം കാർഡുകൾ ഉള്ള റേഷൻ കടകൾ ഈ പഞ്ചായത്തിലുണ്ട്. 500 ൽ അധികം കാർഡുകളുള്ള നിരവധി കടകൾ ഈ പഞ്ചായത്തിലുണ്ട്. ഇത് സാധനങ്ങളുടെ ശരിയായ വിതരണത്തെ പ്രതികൂലമായി വാധിക്കുന്നു എന്നു മാത്രമല്ല ഉപഭോക്താക്കൾക്ക് മണിക്കൂറുകൾ കാത്തു നിൽക്കേണ്ടിയും വരുന്നു. ആയതിനാൽ 1, 2, 10, 11, 13, എന്നീ വാർഡുകളിൽ പുതിയ റേഷൻകടകൾ അത്യാവശ്യമാണ്. കൊറ്റംകര – കിളികൊല്ലൂർ – പെരിനാട് എന്നീ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് ചന്ദനത്തോപ്പിലും വടക്കേവിള, കിളികൊല്ലൂർ പഞ്ചായത്തുകൾ കേന്ദ്രീകരിച്ച് പുളിയത്തുമുക്കിലും മൂന്നാംകുറ്റിയിലും മാവേലി സ്റ്റോറുകൾ തുടങ്ങേണ്ടതാണ്. പഞ്ചായത്തിൽ സഹകരണ മേഖലയിലൊ, പഞ്ചായത്തിന്റെ മേൽ നോട്ടത്തിലോ ഒരു പച്ചക്കറി വിതരണ കേന്ദ്രം തുടങ്ങാൻ നടപടി എടുക്കണം.

മാവേലി സ്റ്റോർ വഴി വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളുടെ വിവരം

മാവേലിസ്റ്റോർ കോയിക്കൽ

| ഇനം | 92–93<br>കി. ഗ്രാം | 93–94<br>കി. ഗ്രാം | 94–95<br>കി. ഗ്രാം |
|---|---|---|---|
| അരി | 11048 | 46539 | 22816 |
| പഞ്ചസാര | 1759 | 266 | 2596 |
| തേയില | 1994 | 1363 | 1375 |
| മുളക് | 7208 | 2933 | 2866 |
| മല്ലി | 6615 | 2706 | 2311 |
| ചെറുപയർ | 12646 | 8186 | 6841 |
| വൻപയർ | 4537 | 2493 | 739 |
| കടല | 8685 | 6330 | 1314 |
| തുവര | 3943 | 1342 | 736 |
| പീസ് പരിപ്പ് | 5553 | 3025 | 491 |
| കടുക് | 820 | 452 | 383 |
| ഉലുവ | 495 | 258 | 211 |
| മഞ്ഞൾ | 764 | 355 | 300 |
| ജീരകം | 784 | 510 | 251 |
| പാമോയിൽ | 20936 | 7178 | 527 |
| ഉഴുന്ന് പരിപ്പ് | 9070 | 4520 | 2580 |
| ഉഴുന്ന് പിളർപ്പ് | 1237 | 284 | 282 |

മാവേലി സ്റ്റോർ വഴി വിതരണം ചെയ്ത ഭക്ഷ്യവസ്തുക്കളുടെ വിവരം
മാവേലിസ്റ്റോർ രായരുമുക്ക്

| ഇനം | 92–93<br>കി. ഗ്രാം | 93–94<br>കി. ഗ്രാം | 94–95<br>കി. ഗ്രാം | 95–96<br>കി. ഗ്രാം |
|---|---|---|---|---|
| അരി | 36699 | 30021 | 9695 | 11692 |
| പഞ്ചസാര | ഇല്ല | 1042 | 866 | 1710 |
| തേയില | 558 | 482 | 680 | 418 |
| മുളക് | 2013 | 1650 | 1183 | 1281 |
| മല്ലി | 1868 | 1407 | 1048 | 1048 |
| ചെറുപയർ | 1591 | 2192 | 1683 | 998 |
| വൻപയർ | 1709 | 1303 | 341 | 305 |
| കടല | 2325 | 3144 | 935 | 648 |
| തുവര | 720 | 437 | 298 | 166 |
| പീസ് പരിപ്പ് | 1135 | 843 | 461 | 356 |
| കടുക് | 197 | 165 | 144 | 137 |
| ഉലുവ | 144 | 95 | 86 | 79 |
| മഞ്ഞൾ | 202 | 148 | 100 | 97 |
| പാമോയിൽ | 11137 | 3848 | 6353 | 446 |
| ശർക്കര | – | – | 53 | 135 |
| ഉപ്പ് | – | – | 25 | 100 |

പൊതുവിതരണകേന്ദ്രത്തിന്റെ വിവരങ്ങൾ
(1995–96)
കിളികൊല്ലൂർ പഞ്ചായത്ത്.

1. കാർഡുകളുടെ എണ്ണം – 12671
2. വൈദ്യുതീകരിച്ച വീടുകൾ – 8557
3. വൈദ്യുതീകരിക്കാത്ത വീടുകൾ – 4204
4. ഗുണഭോക്താക്കളുടെ എണ്ണം – 60394
5. വിതരണം ചെയ്ത മൊത്തം അരി – 10718 കി.
6. വിതരണം ചെയ്ത ഗോതമ്പ് – 5395 കി.
7. വിതരണം ചെയ്ത പഞ്ചസാര – 3943 കി.
8. മണ്ണെണ്ണ പെർമിറ്റുകളുടെ എണ്ണം. – 1057
9. പെർമിറ്റുകൾ വഴി വിതരണം ചെയ്ത മണ്ണെണ്ണ – 99430 ലിറ്റർ
10. കാർഡു വഴി വിതരണം ചെയ്ത മണ്ണെണ്ണ – 331214 ലിറ്റർ

## 5.8 സംസ്കാരം

അഭിമാനാർഹമായ ഒരു സാംസ്കാരിക പാരമ്പര്യം കിളികൊല്ലൂർ പഞ്ചായത്തിനുണ്ട്. മങ്ങാട്ടുള്ള മാടൻ കാവ് എന്ന സ്ഥലത്തുനിന്ന് കണ്ടെടുത്തിട്ടുള്ള ചരിത്രാവശിഷ്ടങ്ങൾ ഇവിടുത്തെ ജനജീവിതത്തിന്റെ പ്രാചീനതയെ കാണിക്കുന്നു. ഇവിടെ നടത്തിയ ഉൽഖനനത്തിൽ നിന്നും കിട്ടിയ തെളിവുകൾ ഈ മനുഷ്യർ കൃഷിയിലും മൺപാത്ര നിർമ്മാണത്തിലും വളരെയധികം പുരോഗതി പ്രാപിച്ചവരാണെന്ന് തെളിയിക്കുന്നു. കയർ കശുവണ്ടി മേഖലകളിലെ ചരിത്ര പ്രസിദ്ധങ്ങളായ സമരങ്ങൾ ഈ പ്രദേശത്തിന്റെ സാംസ്കാരിക വളർച്ചയുമായി ബന്ധപ്പെട്ടതാണ്. ഇരുപതാം നൂറ്റാണ്ടിന്റെ പിറവിയോട്കൂടി കിളികൊല്ലൂർ പഞ്ചായത്തിന്റെ സാംസ്കാരിക പുരോഗതിക്ക് വേഗത വർദ്ധിച്ചതായിക്കാണാം. വിദ്യാലയങ്ങളുടെ പിറവിയും, കുട്ടികൾക്ക് നടന്നെത്താവുന്ന ദൂരത്തിൽ വിദ്യാലയങ്ങൾ ആരംഭിക്കാനുള്ള ഔൽസുക്യവും, സഹകരണ പ്രസ്ഥാനങ്ങളുടെ ഉദയവും, അഭൂതപൂർവ്വമായ അവയുടെ വളർച്ചയും, വ്യവസായ രംഗത്തുണ്ടായ ഉയർച്ച താഴ്ചകളും, തദ്ദേശിയരുടെ ദൈനം ദിന ജീവിതത്തിൽ പോലും പ്രതിഫലിച്ചു.

1920 കളിൽ ഒരു സഹകരണ സംഘം സ്ഥാപിക്കപ്പെട്ടു. അതിനോട് ചേർന്നുതന്നെ ഒരു ഗ്രാമോദ്ധാരണ ഗ്രന്ഥശാലയും പ്രവർത്തിച്ചിരുന്നു. വിജ്ഞാന പ്രദായിനി ഗ്രന്ഥശാലയും ഇവിടെ പ്രവർത്തിച്ചിരുന്നു. ശ്രീനാരായണ ഗുരുദേവന്റെ സാന്നിദ്ധ്യം കൊണ്ട് ധന്യമായ ഭൂമിയാണ് മങ്ങാടും കിളികൊല്ലൂരും. ദേശീയ പ്രക്ഷോഭണത്തിൽ ഈ പ്രദേശത്തുകാരുടെ സംഭാവന നിരവധിയാണ്.

ദശാബ്ദങ്ങൾക്കപ്പുറം കേരള നടന കലാപോഷിണി എന്ന പേരിൽ ഒരു നാടക സംഘം മങ്ങാട് കേന്ദ്രീകരിച്ച് ഉണ്ടായിരുന്നു. രാജാകേശവദാസൻ, ഹരിശ്ചന്ദ്ര ചരിതം, അനാർക്കലി തുടങ്ങി ചരിത്ര പ്രസിദ്ധങ്ങളായ നിരവധി നാടകങ്ങൾ ഈ സമിതി സംഘടിപ്പിച്ചിട്ടുണ്ട്. കോട്ടറഴികം കെ. ആർ. കുമാരൻ നടത്തുന്ന ശ്രീമഹാദേവീ കളരിസംഘം അര ദശാബ്ദത്തിലേറെ പഴക്കമുള്ളതാണ്.

കാർട്ടൂൺ ചിത്രരചനാ രംഗത്ത് പ്രശസ്തനായ പ്രൊഫസർ പി. കെ. രാമകൃഷ്ണനൻ, കർണ്ണാടക സംഗീത വിദ്വാൻ കെ. നടേശൻ ഭാഗവതർ എന്നിവർ മങ്ങാട് സ്വദേശികളാണ്. ശ്രീമതി ലക്ഷ്മിക്കുട്ടി ഭാഗവതർ, കെ. നടേശൻ ഭാഗവതർ, മിനി എന്നിവർ കർണ്ണാടക സംഗീതത്തിലും ശാസ്ത്രീയ സംഗീതത്തിലും ദേശീയ പുരസ്കാരങ്ങൾ നേടിയിട്ടുള്ളവരാണ്.

സ്വാതന്ത്ര്യസമര കാലഘട്ടത്തിൽതന്നെ ഉയർന്ന ഒരു സാംസ്കാരിക ബോധം ഉണ്ടായിരുന്ന ജനതയായിരുന്നു കിളികൊല്ലൂരിലേത്. സംസ്ഥാനത്ത് വ്യാപകമായ വർഗ്ഗീയ കലാപങ്ങൾ പൊട്ടിപ്പുറപ്പെട്ടപ്പോഴൊക്കെയും മതസൗഹാർദ്ദത്തിന്റെ ഉയർന്ന സാംസ്കാരിക പാരമ്പര്യം അവർ ഉയർത്തിപ്പിടിച്ചിട്ടുണ്ട്. നാനാജാതി മതസ്ഥർ ഇടതിങ്ങി വസിക്കുന്ന ഈ പ്രദേശത്ത് ഹിന്ദു-മുസ്ലീം-ക്രിസ്ത്യൻ ദേവാലയങ്ങൾ നിരവധിയുണ്ട്. ജാതിമത വ്യത്യാസമെന്യേ എല്ലാ ദേവാലയങ്ങളിലും വിശ്വാസികൾ നേർച്ച അർപ്പിക്കുകയും കാണിക്ക ഇടുകയും ചെയ്യുന്നത് സർവ്വസാധാരണമാണ്. ഉത്സവങ്ങളും പള്ളിപ്പെരുന്നാളുകളും പരസ്പര സ്നേഹവും സൗഹാർദ്ദവും പുതുക്കാനുള്ള അവസരമായി കണക്കാക്കപ്പെടുന്നു. ക്ഷേത്രങ്ങളിലേയും പള്ളികളിലേയും ഉത്സവങ്ങൾക്കും പെരുന്നാളുകൾക്കും കായികമായും സാമ്പത്തികമായും എല്ലാ സഹായങ്ങളും നാനാജാതി മതസ്ഥരിൽ നിന്നും ലഭിക്കാറുണ്ട്. മങ്ങാട്ടും കണ്ടച്ചിറയിലുമുള്ള ക്രിസ്ത്യൻ പള്ളികളിലെ പെരുന്നാളാഘോഷത്തിന്റെ ഭാഗമായി നടക്കുന്ന ഊരുവലത്ത് കടന്നുവരുന്ന വഴികളിൽ ക്രിസ്ത്യൻ കുടുംബങ്ങളോടൊപ്പം വീടിനുമുന്നിൽ മെഴുകുതിരി കത്തിച്ചുവെച്ച് ഭക്തിയോടെ നിൽക്കുന്ന ഹിന്ദു-മുസ്ലീം കുടുംബങ്ങളും ഹിന്ദുക്കളുടെ ഉൽസവങ്ങളിൽ പങ്കെടുക്കുന്ന ഇതര മതവിശ്വാസികളും ഗ്രാമത്തിലെ മതസൗഹാർദ്ദത്തിന്റെ പാരമ്പര്യത്തെ കാത്തു സൂക്ഷിക്കുന്നു. കിളികൊല്ലൂരിന്റെ മാത്രം പ്രത്യേകതയായ വിവിധമതസ്ഥരായ പതിനായിരത്തോളം സ്ത്രീകൾ ജോലി ചെയ്യുന്ന കശുവണ്ടി രംഗത്തെ തൊഴിലാളികളുടെ ഐക്യബോധവും മതസൗഹർദ്ദത്തിന് നല്കുന്ന സംഭാവന നിസ്സാരമല്ല.

കിളികൊല്ലൂർ പഞ്ചായത്ത് പ്രദേശത്ത് 14 ഹിന്ദു ദേവാലയങ്ങലും രണ്ടു ക്രൈസ്തവ ദേവാലയങ്ങളും മൂന്ന് മുസ്ലീം ദേവാലയങ്ങളും ഉണ്ട്. കൂടാതെ പതിനെട്ട് മാടൻ കാവുകളും 16

തൈക്കാവുകളും ഉള്ളതായി കണക്കാക്കാം. ശിവന്റെയും വിഷ്ണുവിന്റെയും ശക്തി സമന്വയിച്ചിരിക്കുന്നതായി വിശ്വസിക്കുന്ന ക്ഷേത്രമാണ് ശ്രീ ശങ്കരനാരായണ മൂർത്തി ക്ഷേത്രം. ഈ ക്ഷേത്രവും മങ്ങാടിന്റെ നല്ലൊരു ഭൂപ്രദേശവും ശ്രീമൂലം നഗറിലുള്ള അകവൂർമനക്കാരുടേതായിരുന്നു. മകരത്തിലെ പൂരം ഉത്തിരം നാൾ ആണ് ഉത്സവം.

കഥകളിക്കാണ് ഇവിടെ പ്രാധാന്യം കൊടുക്കുന്നത്. ശ്രീനാരായണ ഗുരുവിന്റെ അനുഗ്രഹാശ്ശിസുകളോടെ പുനഃപ്രതിഷ്ഠ നടന്ന ക്ഷേത്രമാണ് ശ്രീകുമാരപുരം ക്ഷേത്രം. ക്ഷേത്രപ്രവേശന വിളംബരത്തോട്കൂടി, അയിത്തം കല്പിച്ചിരുന്ന ആളുകളെ ആദ്യമായി മങ്ങാട്ട് ക്ഷേത്രത്തിൽ കയറാനാണ് അനുവദിച്ചത്. മീനമാസത്തിലെ പൂയം നാളിലാണ് ഇവിടെ ഉത്സവം. അകവൂർ മനക്കാരുടെ കുലദൈവമായ ചാമുണ്ടേശ്വരിയെ പ്രതിഷ്ഠിച്ചിട്ടുള്ള ക്ഷേത്രമാണ് ശ്രീചാമുണ്ടേശരി ക്ഷേത്രം. ആറ് തലമുറയോളം പഴക്കമുള്ളതാണ് കിളികൊല്ലൂർ പുതിയകാവ് ശ്രീദുർഗ്ഗാദേവീ ക്ഷേത്രം. അകവൂർ മനയിൽ നിന്നും നിയമിച്ചിരുന്ന ഒരാൾവന്ന് മാസത്തിലൊരിക്കൽ മാത്രമാണ് മുമ്പ് പൂജ നടത്തിയിരുന്നത്. ഇപ്പോൾ ഈ ക്ഷേത്രം ദേവസ്വം ബോർഡ് വകയാണ്. മീനത്തിലെ അശ്വതി നാളിലാണ് ഇവിടെ ഉത്സവം നടക്കുന്നത്. പാലക്കാട്ട് മനയ്ക്കൽനിന്നും തൃക്കണ്ണമംഗലം മനയിലേക്ക് ദത്തെടുത്ത ബ്രാഹ്മണ സ്ത്രീയുടെ കുടുംബ ക്ഷേത്രമായിരുന്നു കല്ലുംതാഴം തേവർ ക്ഷേത്രം. ഇവിടുത്തെ ഉത്സവം കുംഭമാസത്തിലെ രോഹിണി നക്ഷത്രത്തിലാണ്. ആദ്യകാലത്തെ ഒരു കുടുംബക്ഷേത്രമായിരുന്നു പാൽകുളങ്ങര ശ്രീ ഭദ്രകാളി അന്നപൂർണ്ണേശ്വരീ ക്ഷേത്രം. ക്ഷേത്രക്കര, തെക്കേക്കര, കിഴക്കേക്കര, മാലിക്കര, മണ്ണാമലക്കര, എന്നിങ്ങനെ അഞ്ച് കരക്കാരാണ് ഇപ്പോൾ ഇവിടെ ഉത്സവം നടത്തുന്നത്. മീനമാസത്തിലെ മകയിരം നാളിലാണ് ഉത്സവം നടക്കുക. ക്ഷേത്ര പരിസരത്തുതന്നെ ശ്രീകുമാരനാശാൻ മെമ്മോറിയൽ സ്മാരക കേന്ദ്രവും പഞ്ചായത്ത് ലൈബ്രറിയും സ്പോർട്ട്സ് ആന്റ് ആർട്ട്സ് ക്ലബ്ബും പോസ്റ്റോഫീസും, ഹെൽത്ത് സെന്ററും കാര്യക്ഷമതയോടെ പ്രവർത്തിച്ചുവരുന്നു.

കോയിക്കൽ ശ്രീകണ്ഠൻ ശാസ്താ ക്ഷേത്രം പണ്ട് ഒരു കളരിയായിരുന്നു. ക്ഷേത്രമായതിനു ശേഷം ദേവസ്വം ബോർഡിന്റെ ചുമതലയിൽ ഇവിടെ നിർമ്മിച്ച അഞ്ച് വിഗ്രഹങ്ങളിൽ ഒന്ന് ശബരിമലയിലും ശേഷിച്ച നാലിൽ ഒരെണ്ണം കോയിക്കലും പ്രതിഷ്ഠിച്ചതായിപ്പറയുന്നു.

മങ്ങാട് പള്ളി വിശുദ്ധകുരിശിന്റെ ദേവാലയമായി അറിയപ്പെടുന്നു. ഇന്ത്യയിൽ തന്നെയും അപർവ്വമായിട്ടുള്ളതാണ് ഇത്തരം പള്ളികൾ. കന്നിയിലേയും മകരത്തിലേയും ആദ്യ ഞായറാഴ്ചയാണ് ഈ ദേവാലയത്തിലെ പെരുനാൾ ആഘോഷം. ഈ പള്ളിയുടെ നിർമ്മാണത്തിനായി മംഗലത്തുവീട്ടിൽ കുമരൻചാന്നാർ സ്വർണ്ണവുംവസ്തുവും നിലവും പള്ളിയ്ക്ക് സംഭാവനയായി നൽകിയിട്ടുണ്ട്. പോർട്ടുഗീസുകാരുടെ കാലത്ത് നിർമ്മിച്ചിരുന്ന പണ്ടക ശാലകളുടേയും പള്ളിയുടേയും അവശിഷ്ടങ്ങൾ പള്ളിയുടെ പരസരത്തുനിന്നും കണ്ടെടുത്തിട്ടുണ്ട്. ഏകദേശം നൂറുവർഷങ്ങൾക്കുമുമ്പ് സ്ഥാപിച്ചതാണ് കണ്ടച്ചിറ വിശുദ്ധ തോമസ് ദേവാലയം

ഉദ്ദേശം 200 വർഷങ്ങൾക്കുമുമ്പ് പണികഴിപ്പിച്ച മുസ്ലീം ദേവാലയമാണ് വലിയപള്ളി. ഇത് മൂന്ന് പ്രാവശ്യം പുതുക്കി പണിയുകയുണ്ടായി. രണ്ടുമൂന്നായുസ്സ് പഴക്കമുള്ളതാണ് സിയാറത്തുംമൂട് പള്ളി. മൂന്നാംകുറ്റിയിൽ കൊല്ലം ചെങ്കോട്ട റോഡിന്റെ പടിഞ്ഞാറ് ഭാഗത്തായി ഇത് സ്ഥിതി ചെയ്യുന്നു. അങ്കവിള ലബ്ബമാരുടെ പള്ളിയെന്ന് പൊതുവേ അറിയപ്പെടുന്നതാണ് ഔലിയാപള്ളി (കോതമംഗലം പള്ളി)

**പുരോഗമന കലാ സാഹിത്യസംഘം.**

ജാതിമത ചിന്തകൾക്കും വർഗ്ഗീയതയ്ക്കും അതീതമായി അഴിമതി നിർമ്മാർജ്ജനം മുന്നിൽ കണ്ടുകൊണ്ടും കലയ്ക്കും സാഹിത്യ പുരോഗതിക്കുംഊന്നൽ കൊടുത്തുകൊണ്ടും പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന പുരോഗമന കലാസാഹിത്യസംഘത്തിന്റെ രണ്ടു യൂണിറ്റുകൾ കിളികൊല്ലൂരിലുണ്ട്- മങ്ങാട്ടും പാൽകുളങ്ങരയും. വർഗ്ഗീയ ഫാസിസത്തിനെതിരെ മതസൗഹാർദ്ദസമ്മേളനങ്ങളും സ്നേഹ യാത്രയും സാംസ്കാരിക സമ്മേളനങ്ങളും നടത്തിയിട്ടുണ്ട്.

**കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്.**

**കരിക്കോട് യൂണിറ്റ്**

കൊല്ലം ജില്ലിയിലെ ആദ്യത്തെ യൂണിറ്റ് രൂപം കൊണ്ടത് ടി. കെ. എം. എൻജിനീയറിംഗ് കോളേജിലാണ്. ഈ യൂണിറ്റ് ശാസ്ത്രം സാമൂ

ഹ്യ വിപ്ലവത്തിന് എന്ന മുദ്രാവാക്യം ഉയർത്തി ഗ്രാമപഞ്ചായത്തിന്റെ മുഴുവൻ ഭാഗത്തും പ്രവർത്തിച്ചു വരുന്നു. ശാസ്ത്രം, വിദ്യാഭ്യാസം, പരിസ്ഥിതി, ശുചിത്വം, ഊർജ്ജം എന്നീ മേഖലകളിൽ ആസൂത്രിതമായി ജനങ്ങളിലേക്ക് ബോധവത്ക്കരണം നടത്തുന്നു. പഞ്ചായത്ത് പ്രദേശത്തെ എല്ലാ സ്കൂളുകളേയും ഒരു മിച്ച് ചേർത്ത്, 'യുറിക്കാ വിജ്ഞാനോത്സവം' എല്ലാ വർഷവും നടത്തിവരുന്നു.

വിദ്യാഭ്യാസരംഗത്തും ഇവിടുത്തെ ആളുകൾ ഉയർന്ന നിലവാരം പുലർത്തുന്നുണ്ട്. ഔപചാരിക വിദ്യാലയങ്ങളും അനൗപചാരിക വിദ്യാലയങ്ങളും ഒമ്പതെണ്ണമുണ്ട്. സാക്ഷരതാപ്രവർത്തനം കാര്യക്ഷമമായി നടന്ന പഞ്ചായത്താണ് കിളികൊല്ലൂർ.

37 ഓളം സാംസ്കാരിക സംഘടനകൾ പഞ്ചായത്തിൽ പ്രവർത്തിക്കുന്നു ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് മങ്ങാട് കലാ തീയറ്റേഴ്സാണ്. അമച്വർ നാടക സമിതി എന്ന നിലയിൽ സ്വന്തമായി 9 നാടകങ്ങൾ അവതരിപ്പിച്ചിട്ടുണ്ട്. 1996 മുതൽ 5 സംവത്കരക്കാല നൃത്തസംഗീത പരിശീലന ക്ലാസ്സുകൾ നടത്തുകയുണ്ടായി. ഇപ്പോഴും നൃത്ത പരിശീലന ക്ലാസ്സുകൾ നടക്കുന്നുണ്ട്. ശ്രീ. കെ. കേശവൻ മെമ്മോറിയൽ ട്രോഫിക്ക് വേണ്ടിയുള്ള 4 അഖില കേരള നാടക മത്സരങ്ങൾ 1968, 1969, 1970, 1972 എന്നീ വർഷങ്ങളിൽ നടത്തുകയുണ്ടായി. വമ്പിച്ച സാംസ്കാരിക സമ്മേളനങ്ങളും സെമിനാറുകളും ചർച്ചായോഗങ്ങളും കലാ തീയറ്റേഴ്സ് നടത്തിയിട്ടുണ്ട്. പ്രതിമാസ പരിപാടികളായി നാടകം, ഗാനമേള, കഥാപ്രസംഗം, മാജിക്, നൃത്തം മിമിക്സ്, എന്നിവ നടത്തിവരുന്നു. പത്ത് ലക്ഷംരൂപ എസ്റ്റിമേറ്റും 800 സീറ്റിംഗ് കപ്പാസിറ്റിയുമുള്ള ആഡിറ്റോറിയത്തിന്റെ പണി പൂർത്തിയായി വരുന്നു. കേരള കലാമണ്ഡലം പോലെ എല്ലാ കലകളും പഠിപ്പിക്കുന്ന ഒരു കലാവിദ്യലയം നടത്തണം എന്നുള്ളതാണ് ലക്ഷ്യം.

മദ്യത്തിനും മയക്കുമരുന്നിനും എതിരെ ശക്തമായ പ്രവർത്തനം നടത്തുന്ന ഒരു സാംസ്കാരിക സംഘടനയാണ് ബ്ലെയ്സ്. ഇതിന്റെ കീഴിൽ റേഡിയോ ക്ലബ്ബ്, വനിതാ സമാജം, കൗൺസിലിംഗ് സെന്റർ എന്നിവ പ്രവർത്തിക്കുന്നു. ഇംഗ്ലീഷ് പ്രസംഗമത്സരത്തിൽ മൂന്ന് പ്രാവശ്യവും മലയാളത്തിൽ ഒരു പ്രാവശ്യവും സംസ്ഥാന തലത്തിൽ ഒന്നാം സ്ഥാനം നേടിയ ബി. ജയപ്രകാശ്, ഉപന്യാസ മത്സരത്തിൽ ഇന്ത്യൻ പ്രസിഡന്റിൽ നിന്നും ഉപഹാരം വാങ്ങിയ ജയാ എസ്. പിള്ള എന്നിവർ ഈ സംഘടനയിലെ അംഗങ്ങളാണ്.

ഒരു നല്ല കായിക സംസ്കാരം പണ്ടുകാലം മുതലേ കിളികൊല്ലൂരിൽ നില നിന്നു പോരുന്നു. അരനൂറ്റാണ്ടുമുമ്പ് കിടങ്ങിൽ കേശവൻ മുതലാളിയുടെ മേൽ നോട്ടത്തിലും തെന്നൂർ കാവനാട് കുട്ടൻ സാറിന്റെ (ജി. ലക്ഷ്മണൻ) രക്ഷാധികാരത്തിലും ഒരു നല്ല ബാല സമാജം പ്രവർത്തിച്ചിരുന്നു. ഈ സമാജം പില്ക്കാലത്ത് മങ്ങാട് യുവജന സമാജമായി മാറി. ഇതേ കാലഘട്ടത്തിൽ തന്നെ പാൽകുളങ്ങരയിലും ഒരു ബാലസമാജവും യുവജന സമാജവും പ്രവർത്തിച്ചിരുന്നു. കലാകായികരംഗത്ത് ഈ സമാജങ്ങൾ നിരവധി പ്രതിഭകളെ സൃഷ്ടിച്ചിട്ടുണ്ട്. മുതിരവിളയിൽ എം. ജെ. വിക്ടറിന്റെ രക്ഷാധികാരത്തിൽ മങ്ങാട് പള്ളിയോടനുബന്ധിച്ച് ആരംഭിച്ച സി. വൈ. എം. എ. എന്ന യുവജന സമാജം നല്ലരീതിയിൽ ഇപ്പോഴും പ്രവർത്തിച്ചുവരുന്നു.

ഈ കാലഘട്ടത്തിൽ കിളികൊല്ലൂരിൽ നിരവധി ഗ്രന്ഥശാലകളും വായനശാലകളും ഉയർന്നുവന്നു. ഇവ ഇവിടുത്തെ സാംസ്കാരിക പുരോഗതിക്ക് വലിയ സംഭാവനകൾ നൽകി. എട്ടോളം ഗ്രന്ഥ ശാലകൾ പഞ്ചാത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രന്ഥശാലാ സംഘത്തിന്റെ ഗ്രാന്റോടുകൂടിയാണ് ഇത് പ്രവർത്തിക്കുന്നത്. ഇവയുടെ പ്രവർത്തനം പുസ്തക വിതരണത്തിൽ മാത്രം ഒതുങ്ങിനില്ക്കാതെ സ്വാതന്ത്ര്യ സമരത്തിലും പുരോഗമന പ്രവർത്തനങ്ങളിലും പങ്കെടുത്തിട്ടുണ്ട്. 43 അങ്കണവാടികളും 11 ഹെൽത്ത് സെന്ററുകളും പഞ്ചായത്തിൽ പ്രവർത്തിക്കുന്നു. കലാസാഹിത്യ സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്ന അനേകം വ്യക്തികൾ ഇവിടെയുണ്ട്. 'നേതാജി', 'ഭാരതത്തിലെ നവരത്നങ്ങൾ' എന്നീ കൃതികൾ രചിച്ച് പ്രസിദ്ധനായിത്തീർന്ന പേരൂർ എസ് പ്രഭാകരൻ നമ്മുടെ പഞ്ചായത്ത് പ്രദേശത്ത് ജീവിച്ചിരിക്കുന്ന ഒരു സാഹിത്യകാരനാണ്.

അമ്പിളി, ദീപം തുടങ്ങിയ പത്രങ്ങളും കൈയ്യെഴുത്ത് മാസികളും വളരെ വർഷങ്ങൾക്കുമുമ്പ് പ്രചരിച്ചിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ അന്ത്യ ഭാഗത്തിൽ ഇലക്ട്രോണിക് മാധ്യമങ്ങളായ റേഡിയോ, ടെ

ലിവിഷൻ മുതലായവ പ്രചാരത്തിലെത്തിയതോടുകൂടി സംവേദനത്തിന്റെ സാധ്യതകളും വ്യാപ്തിയും വളരെ വർദ്ധിച്ചു. തെരുവു നാടകങ്ങളും അമചർ നാടകങ്ങളും നാടോടിക്കലകളും മറ്റും പരിശീലിപ്പിക്കുകയും പ്രദർശിപ്പിക്കുകയും ചെയ്യുന്ന നിരവധി കലാസമിതികൾ ഉണ്ട്. ശാസ്ത്രസാഹിത്യ പരിഷത്തിന്റെ കലാജാഥാ സംഘങ്ങളുമുണ്ട്. ഇവയെ പുനഃസംഘടിപ്പിച്ച് ഊർജ്ജസ്വലമാക്കേണ്ടതുണ്ട്.

പ്രശ്നങ്ങൾ

1. പഞ്ചായത്തിലെ നിലവിലുള്ള വായനശാലകളും ഗ്രന്ഥശാലകളും അപര്യാപ്തമാണ്.
2. വായനാശീലത്തിലെ പുതിയ പ്രവണതകൾ ഉദ്ദേശ്യലക്ഷ്യങ്ങളിൽ നിന്ന് വളരെ അകലെയാണ്.
3. അസാന്മാർഗ്ഗിക പ്രവർത്തനങ്ങൾക്ക് തടയിടാൻ ഇപ്പോഴത്തെ ഗ്രന്ഥശാലകളും വായനശാലകളും അപര്യാപ്തമാണ്.
4. വനിതാ ഗ്രന്ഥശാലകളോ കുട്ടികളുടെ വായനശാലകളോ ഇല്ല.
5. വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകൾ വേണ്ടത്ര ഉപയോഗ യോഗ്യമല്ല.
6. ചില പഴയ അനാചാരങ്ങൾക്ക് ഉപരി പുതിയ അനാചാരങ്ങളുടെ വേലിയേറ്റം.
7. ആധുനിക സൗകര്യങ്ങളോട് കൂടിയ ജിംനേഷ്യം പഞ്ചായത്തിലില്ല.
8. കായിക വിനോദ സൗകര്യങ്ങളുടെ അപര്യാപ്തത.
9. കലാസാംസ്കാരിക സമിതികളുടെ സാമ്പത്തിക പരിമിതികൾ.
10. തനതു കലകളുടെ നാശം.
11. ഇല്ക്ട്രോണിക് മാധ്യമങ്ങളുടെ അതിപ്രസരം.

**പരിഹാരങ്ങൾ**

1. നിലവിലുള്ള ഗ്രന്ഥശാലകളും, വായനശാലകളും പുനർജ്ജീവിപ്പിക്കുക.
2. ഒരു വനിതാ വായനശാലയും ഗ്രന്ഥശാലയും സ്ഥാപിക്കുക.
3. നല്ലതുപോലെ പ്രവർത്തിക്കുന്നതും കെട്ടിടം പൂർത്തിയാക്കാൻ കഴിയാതെ കിടക്കുന്നതുമായ സാംസ്കാരിക കേന്ദ്രങ്ങൾക്ക് സാമ്പത്തിക സഹായം നല്കുക.
4. കലാകായിക സാംസ്കാരിക കേന്ദ്രങ്ങൾക്കു സഹായം നല്കുക.
5. എല്ലാവാർഡിലും വായനശാലകൾ സ്ഥാപിക്കുക.
6. സ്വഭാവരൂപീകരണത്തിനും മതമൈത്രിക്കു വേണ്ടിയും അനാചാരങ്ങൾക്കെതിരെയുമുള്ള ബോധവത്ക്കരണം.
7. സാസ്കാരിക ബോധം വളർത്തിക്കൊണ്ടുവരുന്നതിന് ശിശുഗ്രന്ഥ ശാലകളും വായനശാലകളും സ്ഥാപിക്കുക.
8. വിദ്യാലയങ്ങളിലെ ഗ്രന്ഥശാലകൾ ഉപയോഗയോഗ്യമാക്കുക.
9. പഞ്ചായത്തിലെ എല്ലാ സാംസ്കാരിക സംഘടനകളുടേയും പ്രവർത്തനം ഏകോപിപ്പിക്കാനായി കേന്ദ്രീകൃതസംഘടനയ്ക്കു രൂപം നൽകുക.
10. നാടൻ കലകൾക്ക് പ്രോത്സാഹനം നൽകുക.
11. സ്കൂളുകളോട് ചേർന്ന കളിസ്ഥലം ഇല്ലാത്ത സ്കൂളുകൾക്കു കളിസ്ഥലം നൽകുക.
12. പഞ്ചായത്തിൽ ഒരു പൊതുകളിസ്ഥലം സ്ഥാപിക്കുക.
13. കലാകായിക സാംസ്കാരിക രംഗത്ത് പുതിയ പ്രതിഭകളെ കണ്ടെത്തി പ്രോത്സാഹിപ്പിക്കുക.
14. പ്രാദേശികവും ദേശീയവുമായ ആഘോഷങ്ങളും ഉത്സവങ്ങളും പ്രോത്സാഹിപ്പിക്കുക.
15 കായിക വിനോദ സൗകര്യങ്ങളും സ്പോർട്ട്സ് സൗകര്യങ്ങളും മെച്ചപ്പെടുത്തുക.
16 സ്വന്തമായി വസ്തുവും കെട്ടിടവും ഇല്ലാത്ത ക്ലബ്ബുകൾക്ക് അവ നൽകുക.
17 വീഡിയോ ക്ലബ്ബ് സ്ഥാപിക്കുക.
18 ഫിലിം സൊസൈറ്റി സ്ഥാപിക്കുക.

# നിലവിലുള്ള ഗ്രന്ഥ ശാലകളെകുറിച്ചുള്ള വിവരങ്ങൾ

| സ്ഥാപനത്തിന്റെ പേരും മേൽവിലാസവും | സ്ഥാപിച്ച വർഷം | അംഗങ്ങളുടെ എണ്ണം | കെട്ടിടം | സാമ്പത്തിക സഹായം | അഫിലിയേഷൻ | ഗ്രേഡ് | ഗ്രന്ഥങ്ങളുടെ എണ്ണം | വിതരണം | മറ്റുപ്രവർത്തനങ്ങൾ |
|---|---|---|---|---|---|---|---|---|---|
| 1. പ്രകാശ് ലൈബ്രറി & റീഡിംഗ് റൂം കരിക്കോട്, മങ്ങാട് പി. ഒ. | 1954 | 750 | സ്വന്തം | ഉണ്ട് | ഇല്ല | | 375 | 75 X 12 | സെമിനാറുകൾ |
| 2. സന്തോഷ് ലൈബ്രറി & റീഡിംഗ് റൂം മങ്ങാട് പി. ഒ. കൊല്ലം – 15 | 1971 | 244 | ഉണ്ട് | കേരള ഗ്രന്ഥ ശാലാ സംഘം | കേരള ഗ്രന്ഥശാലാ സംഘം | | ഡി | 3000 | 150 X 12 സന്നദ്ധപ്രവർത്തനം |
| 3. മങ്ങാട് സഹകരണസംഘം ലൈബ്രറി & റീഡിംഗ് റൂം | എം. ഇ. 1101 | 7934 | ഉണ്ട് | ” | ” | | 3867 | 496 X 12 | സാമൂഹ്യസേവനം |
| 4. കിളികൊല്ലൂർ പഞ്ചായത്ത് ലൈബ്രറി & റീഡിംഗ് റൂം പാൽകുളങ്ങര | 1991 | 71 | ഉണ്ട് | പഞ്ചായത്ത് | ഇല്ല | | 434 | 35 X 12 | സാംസ്കാരിക പ്രവർത്തനം |
| 5. കിളികൊല്ലൂർ പഞ്ചായത്ത് പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം മൂന്നാംകുറ്റി | 1960 | 1330 | വാടക | കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ, പഞ്ചായത്ത് | കേരളാ സ്റ്റേറ്റ് ലൈബ്രറി കൗൺസിൽ | ബി | 8837 | 350 X 12 | |
| 6. കിളികൊല്ലൂർ പഞ്ചായത്ത് പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം കരിക്കോട് സി. | 1990 | 69 | ഉണ്ട് | പഞ്ചായത്ത് ഫണ്ട് | ഇല്ല | ഇല്ല | 393 | 75 X 12 | |
| 7. മങ്ങാട് വൈ. എം. എ. ലൈബ്രറി & റീഡിംഗ് റൂം മങ്ങാട് | 1950 | 60 | ഉണ്ട് | ഇല്ല | ഇല്ല | ഇല്ല | 1400 | 150 X 12 | സ്കോളർഷിപ്പ് വിതരണം സന്നദ്ധപ്രവർത്തനം ഓണപ്പുടവ വിതരണം |
| 8. ചെപ്പള്ളിൽ കുഞ്ഞുപിള്ള മെമ്മോറിയൽ പബ്ലിക് ലൈബ്രറി & റീഡിംഗ് റൂം കരിക്കോട് | 1951 | 1200 | ഉണ്ട് | കേരള ഗ്രന്ഥശാലാ സംഘം | കേരള ഗ്രന്ഥശാലാ സംഘം | സി | 6500 | 300 | സഞ്ചരിക്കുന്ന ഗ്രന്ഥശാല, സന്നദ്ധപ്രവർത്തനം |

## നിലവിലുള്ള കലാസാംസ്കാരിക സ്ഥാപനങ്ങൾ

| സ്ഥാപനത്തിന്റെ പേരും മേൽവിലാസവും | സ്ഥാപിത വർഷം | അംഗങ്ങളുടെ എണ്ണം | കെട്ടിടം | സാമ്പത്തിക സഹായം | അഫിലിയേഷൻ | മുഖ്യപ്രവർത്തനം |
|---|---|---|---|---|---|---|
| 1. മങ്ങാട് ക്ലാതീയറ്റേഴ്സ് മങ്ങാട് പി. ഒ., കൊല്ലം – 15 | 1966 | 300 | ആഡിറ്റോറിയം പണിനടക്കുന്നു | കേന്ദ്ര സർക്കാർ രൂപ 1,10,000, പഞ്ചായത്ത് 25,000 തദ്ദേശസ്വയം ഭരണ സ്ഥാപനം 40,000 | സംഗീത നാടക അക്കാഡമി | പ്രതിമാസ നാടകം കലാപ്രദർശനം, നൃത്തപരിശീലനം, സെമിനാറുകൾ |
| 2. ബ്ലെയ്സ്, മൂന്നാംകുറ്റി മങ്ങാട് പി. ഒ. | 1986 | 65 | ഇല്ല | ഇല്ല | ഇല്ല | മദ്യത്തിനും മയക്കുമരുന്നിനും എതിരെയുള്ള പ്രവർത്തനം |
| 3. യുവസാരതി ആർട്ട്സ & സ്പോർട്ട്സ് ക്ലബ്, കണിച്ചുകുളങ്ങര, കിളികൊല്ലൂർ, കൊല്ലം –4 | 1988 | 48 | ഇല്ല | ഇല്ല | ഇല്ല | സാമൂഹിക സാംസ്കാരിക സാഹിത്യ രംഗം |
| 4. പുലരി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കരിക്കോട്, | 1992 | 78 | ഇല്ല | ഇല്ല | ഇല്ല | ഡാൻസ്, സന്നദ്ധപ്രവർത്തനം |
| 5. കളിക്കൂട്ടം, അറുന്നൂറ്റിമംഗലം മങ്ങാട് പി. ഒ. | 1993 | 45 | ഇല്ല | ഇല്ല | ഇല്ല | ഫുട്ബാൾ, ക്രിക്കറ്റ് ടൂർണമെന്റ്, സന്നദ്ധപ്രവർത്തനം |
| 6.യുവധാര ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കരിക്കോട് സി. മങ്ങാട് പി. ഒ. | 1993 | 300 | ഇല്ല | ഇല്ല | ഇല്ല | ഫുട്ബാൾ, കബഡി, വോളിബാൾ ടൂർണമെന്റ്, സന്നദ്ധപ്രവർത്തനം |
| 7. അഞ്ജലി ബാലജന സഖ്യം, കരിക്കോട് സി., മങ്ങാട് പി. ഒ. | 1992 | 9 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക പ്രവർത്തനം |
| 8. എസ്. റ്റി. എ. സി, കരിക്കോട് സി. മങ്ങാട് പി. ഒ. | 1985 | 48 | പള്ളിവക | ഇല്ല | ഇല്ല | ജിംനേഷ്യം |
| 9. പി. എ. കെ. ബ്രദേഴ്സ്, ആനന്ദവിലാസം, കന്നിമേൽ ബി. | 1991 | 13 | ഇല്ല | ഇല്ല | ഇല്ല | ഓണാഘോഷം |
| 10. സി. വൈ. എം. എ. ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മങ്ങാട് പി. ഒ., കൊല്ലം | 1946 | 96 | സ്വന്തം | ഇല്ല | ഇല്ല | ഷട്ടിൽ, വോളിബാൾ ടൂർണമെന്റ് വായനശാല, സന്നദ്ധപ്രവർത്തനം |
| 11. പ്രകാശ് മെറ്റോറിയൽ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മങ്ങാട് | 1992 | 102 | ഇല്ല | ഇല്ല | ഇല്ല | സന്നദ്ധപ്രവർത്തനം, ഓണാഘോഷം |
| 12. അജന്ത ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മങ്ങാട് | 1984 | 110 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക രംഗം |

| | | | | | | |
|---|---|---|---|---|---|---|
| 13. പ്രിയദർശിനി ബാലജനസഖ്യം കന്നിമേൽ എ., കിളികൊല്ലൂർ | 1974 | 202 | ഇല്ല | ഇല്ല | നെഹ്റു യുവകേന്ദ്രം | കലാകായിക സാംസ്കാരിക രംഗം |
| 14. കലാഭവൻ, മാന്ത്രികപ്പുറം, കന്നിമേല എ. | 1986 | 13 | ഇല്ല | ഇല്ല | ഇല്ല | കലാകായിക സാംസ്കാരിക രംഗം |
| 15. കേരള ശാസ്ത്ര സാഹിത്യ പരിഷത്ത്, കരിക്കോട് യൂണിറ്റ്, കോളേജ് വാർഡ് | 1987 | 25 | ഇല്ല | ഇല്ല | ഇല്ല | സാക്ഷരതാ പ്രവർത്തനം, സാമൂഹ്യ സേവനം |
| 16. പ്രത്യക്ഷ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കരിക്കോട് പി. ഒ. | 1984 | 40 | ഇല്ല | ഇല്ല | ഇല്ല | കലാകായിക സാംസ്കാരിക പ്രവർത്തനം |
| 17. ദേശാഭിമാനി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, അറുന്നൂറ്റിമംഗലം മങ്ങാട് | 1989 | 60 | ഇല്ല | ഇല്ല | ഇല്ല | കലാകായിക സാംസ്കാരിക പ്രവർത്തനം |
| 18. പുഞ്ചിരി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, ചേരിയിൽ കാവ്, കന്നിമേൽ ഡി. | 1982 | 40 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക രംഗം |
| 19. പത്തായക്കല്ല് ബ്രദേഴ്സ്, ചന്ദനത്തോപ്പ് | 1992 | 35 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക സന്നദ്ധ പ്രവർത്തനം |
| 20. ഡി. എസ്. എ. സി. കല്ലുംതാഴം, തെക്കടത്ത് ക്ഷേത്രം | 1960 | 55 | വാടക | ഇല്ല | ഇല്ല | സന്നദ്ധപ്രവർത്തനം ടെലിവിഷൻ പ്രദർശനം |
| 21. ജ്വാല ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മണ്ണാമല | 1992 | 47 | ഉണ്ട് | ഇല്ല | ഇല്ല | രക്തദാനം, സന്നദ്ധപ്രവർത്തനം കലാസാംസ്കാരിക പ്രവർത്തനം |
| 22. വൈ. എം. എ. ആർട്ട്സ് ക്ലബ്ബ് പാൽകുളങ്ങര | 1950 | 65 | ഉണ്ട് | ഇല്ല | ഇല്ല | സ്പോർട്ട്സ് പ്രതിഭകളെ പ്രോത്സാഹിപ്പിക്കുന്നു. |
| 23. സ്വാതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മണ്ണാമല, കിളികൊല്ലൂർ | 1992 | 21 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക രംഗം |
| 24. സെവന്റീൻസ് സാംസ്കാരിക വേദി ചാത്തിനാംകുളം | 1992 | 17 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക രംഗം, രക്തദാനം |
| 25. ചാത്തിനാംകുളം പീപ്പിൾസ് ആർട്ട്സ് ക്ലബ്ബ്, ചാത്തിനാംകുളം, കരിക്കോട്. | 1959 | 50 | സ്വന്തം | ഇല്ല | ഇല്ല | വായനശാല, കലാസാംസ്കാരിക രംഗം |
| 26. ക്ലാസിക് ആർട്ട് & സ്പോർട്ട്സ് ക്ലബ് ചാത്തിനാംകുളം | 1980 | 34 | ഇല്ല | ഇല്ല | ഇല്ല | മദ്യവിരുദ്ധപ്രവർത്തനം, കായിക രംഗം, സാംസ്കാരിക രംഗം |
| 27. ശ്രുതി ആർട്ട്സ് & സ്പോർട്ടസ് ക്ലബ്ബ് ഇടപ്പുര ജംഗ്ഷൻ, കിളികൊല്ലൂർ ബി. | 1990 | 12 | വാടക | ഇല്ല | | വായനശാല. രക്തദാനം, മെഡിക്കൽ ക്യാമ്പുകൾ, കലാസാംസ്കാരികം |

| | | | | | | |
|---|---|---|---|---|---|---|
| 28. കേളി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ് | 1996 | 35 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക രംഗം |
| അറുന്നൂറ്റിമംഗലം ബി. മങ്ങാട് പി. ഒ. | 1995 | 21 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക രംഗം |
| 29. ഐശ്വര്യാ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കരിക്കോട് | | | | | | |
| 30. നവജ്യോതി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, മണ്ണാമല | 1983 | 50 | സ്വന്തം സ്ഥലം | ഇല്ല വാടക കെട്ടിടം | ഇല്ല | രക്തദാനം, സാക്ഷരതാ പ്രവർത്തനം മെഡിക്കൽ ക്യാമ്പ്, സന്നദ്ധ സേവനം കലാസാംസ്കാരികം |
| 31. രാമാനുജവിലാസം ലൈബ്രറി, റീഡിംഗ് റൂം, സ്പോർട്ട്സ് & ആർട്ട്സ് ക്ലബ്ബ്, രായരുമുക്ക്, കോളേജ് വാർഡ് | 1975 | 110 | ഉണ്ട് | ഇല്ല | ഇല്ല | സന്നദ്ധപ്രവർത്തനം, കലാസാംസ്കാരിക കായികരംഗം |
| 32. ഓസ്കാർ ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കുന്നുംപുറം, കോളേജ് വാർഡ് | 1990 | 25 | ഇല്ല | ഇല്ല | ഇല്ല | സന്നദ്ധപ്രവർത്തനം, കായിക രംഗം |
| 33. ഗാലക്സി ആർട്ട്സ് & സ്പോർട്ട്സ് ക്ലബ്ബ്, കുന്നുംപുറം, കോളേജ് വാർഡ് | 1990 | 13 | ഇല്ല | ഇല്ല | ഇല്ല | ശാസ്ത്രബോധം വളർത്തൽ, കലാസാംസ്കാരികം |
| 34. കല, കല്ലുംതാഴം | 1959 | 125 | പഞ്ചായത്തുവക | ഇല്ല | ഇല്ല | സ്പോർട്ട്സ്, സാംസ്കാരിക സന്നദ്ധ പ്രവർത്തനം |
| 35. ക്രസന്റ് ബ്ലൂസ്റ്റാർ, ചുവടുതാങ്ങിമുക്ക്, മങ്ങാട് | 1995 | 40 | ഇല്ല | ഇല്ല | ഇല്ല | കലാസാംസ്കാരിക രംഗം |
| 36. സെവൻ സ്റ്റാർ സ്പോർട്ട് & ആർട്ട്സ് ക്ലബ്ബ്, മൂന്നാംകുറ്റി | 1977 | 125 | ഇല്ല | ഉണ്ട് | ഇല്ല | സാക്ഷരതാപ്രവർത്തനം, തൊഴിൽ പരിശീലനം, രക്തദാനം |
| 37. യംഗ് മെൻസ്, ലിറ്ററി & റിക്രിയേഷൻ ക്ലബ്ബ്, കരിക്കോട് | 1975 | 99 | ഉണ്ട് | ഇല്ല | ഇല്ല | സ്പോർട്ട്സ് ആന്റ് ഗെയിംസ്, ഓണാഘോഷം |

# 5.9 വനിതാരംഗം

വനിതാ വിമോചന പ്രസ്ഥാനങ്ങളുടെ ശബ്ദം ചിലപ്പോഴൊക്കെ ഉയർന്നു കേൾക്കാറുണ്ടെങ്കിലും അവയുടെ സജീവമായ ഇടപെടലുകൾ ഗ്രാമതലങ്ങളിൽ സാധാരണമല്ല. നമ്മുടെ പഞ്ചായത്തിൽ സ്ത്രീകളിൽ നല്ലൊരു വിഭാഗവും ഏതെങ്കിലും തൊഴിൽ രംഗത്ത് പ്രവർത്തിക്കുന്നവരാണ്.

മറ്റെല്ലാ പഞ്ചായത്ത് പ്രദേശങ്ങളിലും എന്നപോലെ പഴയകാലത്ത് കിളികൊല്ലൂരിലും രാഷ്ട്രീയ -സാമൂഹിക മണ്ഡലങ്ങളിൽ സ്ത്രീകളുടെ പങ്കാളിത്തം വളരെ കുറവായിരുന്നു. അനാചാരങ്ങളും അന്ധവിശ്വാസങ്ങളും സ്ത്രീകളെ സാമൂഹ്യമായ അടിമകളാക്കിമാറ്റിയിരുന്നു. എങ്കിലും ആദ്യകാലം മുതൽ തന്നെ തൊഴിൽ എടുത്ത് ജീവിക്കുന്നതിൽ തല്പരരായിരുന്നു നമ്മുടെ പഞ്ചായത്തിലെ സ്ത്രീ സമൂഹം. തൊഴിലെടുക്കുന്ന സ്ത്രീകൾ ഭൂരിഭാഗവും കാർഷിക രംഗത്തായിരുന്നു കേന്ദ്രീകരിച്ചിരുന്നത്. ആ കാലഘട്ടം മുതൽതന്നെ കൂലിയുടെ കാര്യത്തിൽ കടുത്ത ചൂഷണത്തിന് സ്ത്രീകൾ വിധേയരായിരുന്നു. വിശാലമായ നെൽ വയലുകളായിരുന്നു സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ പ്രദാനം ചെയ്തിരുന്നത്. കൂലിവർദ്ധനവിനുവേണ്ടി അക്കാലത്ത് നടന്ന കൊയ്ത്തു സമരം അടക്കമുള്ള അവകാശ സമരങ്ങളിൽ സ്ത്രീകൾ പ്രധാന പങ്കാണ് വഹിച്ചിട്ടുള്ളത്.

തങ്ങൾകുഞ്ഞ് മുസലിയാർ കിളികൊല്ലൂരിൽ കശുവണ്ടി ഫാക്ടറികൾ ആരംഭിച്ചതോടെയാണ് വ്യാവസായിക മേഖലയിലേക്ക് സ്ത്രീകൾ വ്യാപകമായി എത്തപ്പെട്ടത്. നെൽ വയലുകളുടെ വ്യാപകമായ നികത്തൽ ആ രംഗത്തെ തൊഴിൽ സാധ്യതയ്ക്ക് മങ്ങൽ ഏൽപ്പിക്കുകയും കൂടി ചെയ്തപ്പോൾ വ്യാവസായിക രംഗത്തേക്കുള്ള കുടിയേറ്റം വർദ്ധിച്ചു. കശുവണ്ടിഫാക്ടറികൾ ഒന്നിനു പിറകേ ഒന്നായി പഞ്ചായത്തിന്റെ വിവിധ മേഖലകളിൽ ആരംഭിച്ചത് സ്ത്രീകളുടെ തൊഴിലവസരങ്ങൾ വൻതോതിൽ വർദ്ധിക്കാൻ ഇടയാക്കി. തോട്ടണ്ടി, ഉയർന്ന ഗുണമേന്മയുള്ള അണ്ടിപ്പരിപ്പായി രൂപപ്പെടുത്തുന്നതിന് 90 ശതമാനത്തിലധികവും സ്ത്രീ തൊഴിലാളികളെയാണ് വേണ്ടിയിരുന്നത്. ഈ രംഗത്തും സ്ത്രീകൾ കടുത്ത ചൂഷണത്തിന് വിധേയരായി. കൂലിക്കൂടുതലിനും നിയമപരമായ അവകാശങ്ങൾക്ക് വേണ്ടിയും അവർക്ക് ത്യാഗോജ്ജ്വലങ്ങളായ നിരവധി സമരങ്ങൾ നടത്തേണ്ടിവന്നു. ഈ രംഗത്തെ ട്രേഡ് യൂണിയനുകളുടെ പ്രവർത്തനങ്ങളും ചൂഷണത്തിന് എതിരായ തൊഴിലാളി സമരങ്ങളും പതിനായിരക്കണക്കിന് സ്ത്രീ തൊഴിലാളികളിൽ പുതിയ ഒരു അവബോധം സൃഷ്ടിക്കാനും അവകാശബോധം വളർത്തുവാനും സഹായകമായി. സാമൂഹ്യ-രാഷ്ട്രീയ രംഗങ്ങളിൽ ഇത് നിസാരമല്ലാത്ത ചലനങ്ങൾ സൃഷ്ടിച്ചു.

കശുവണ്ടി വ്യവസായം കിളികൊല്ലൂരിൽ ആരംഭിക്കുന്നതിനു മുമ്പ് തന്നെ പഞ്ചായത്തിൽപ്പെടുന്ന മങ്ങാട്, ലോകകമ്പോളത്തിൽ പ്രസിദ്ധമായിരുന്നു. അക്കാലത്ത് മങ്ങാടൻ കയർ ലോകപ്രശസ്തി നേടിയിരുന്നു. കയർ മേഖലയിലും നൂറുകണക്കിന് സ്ത്രീകൾ പണിയെടുത്തിരുന്നു. അവിടെയും സ്ത്രീകൾക്കായിരുന്നു പ്രാമുഖ്യം. കടുത്ത ചൂഷണം അന്നും ഇന്നും നിലനിൽക്കുന്ന ഒരു മേഖലയാണ് കയർ വ്യവസായം. യന്ത്രവത്ക്കരണവും കൂടി ആയപ്പോൾ സ്ത്രീകൾ ക്രമേണ ഈ രംഗത്ത് നിന്നും ഒഴിവാക്കപ്പെടുന്ന സ്ഥിതിയിലാണ്.

1991 ലെ സെൻസസ് പ്രകാരം നമ്മുടെ പഞ്ചായത്തിലെ മൊത്തം ജനസംഖ്യ 56773 ആണ്. ഇതിൽ സ്ത്രീകൾ 28932 വരും. അതായത് 50.96 ശതമാനം സ്ത്രീകളും 49.04 ശതമാനം പുരുഷന്മാരും. പുരുഷന്മാരെക്കാൾ കൂടുതലായി 1091 സ്ത്രീകൾ ഉണ്ട്.

അടുത്തകാലത്തായി വിദ്യാഭ്യാസരംഗത്ത് സംസ്ഥാനത്ത് പ്രകടമായ ചിലപ്രവണതകൾ നമ്മുടെ പഞ്ചായത്തിലും ദൃശ്യമാണ്. വിദ്യാഭ്യാസ കാര്യത്തിൽ കൂടുതൽ ശ്രദ്ധിക്കുന്നതിലും, എസ്. എസ്. എൽ. സി. പരീക്ഷയിലും, ഉന്നത വിദ്യാഭ്യാസ രംഗത്തും പെൺകുട്ടികൾ ആൺകുട്ടികളെ അപേക്ഷിച്ച് വളരെ മുന്നിലായിരിക്കുന്നു. 91 ലെ സെൻസസ് പ്രകാരം സ്ത്രീകളിൽ 75 ശതമാനം പേരും സാക്ഷരർ ആണ്. നമ്മുടെ പഞ്ചായത്തിലെ വിവിധ സ്കൂളുകളിലായി പഠിക്കുന്ന 7252 വിദ്യാർത്ഥികളിൽ 3590 പെൺകുട്ടികളാണ് (പട്ടിക എ. കാണുക) അതുപൊലെ നമ്മുടെ പഞ്ചാ

യത്തിലെ സ്കൂളുകളിലെ 239 അദ്ധ്യാപകരിൽ 174 പേർ (77%) സ്ത്രീകളാണ്.

പട്ടിക എ

സ്കൂൾ വിദ്യാർത്ഥികളുടെ എണ്ണം.

| സ്കൂൾ | ആൺ | പെൺ | ആകെ | പെൺകുട്ടികളുടെ % |
|---|---|---|---|---|
| ലോവർ പ്രൈമറി | 1434 | 1409 | 2843 | 49.56 |
| അപ്പർ പ്രൈമറി | 1223 | 1124 | 2347 | 47.89 |
| ഹൈസ്കൂൾ | 1005 | 1057 | 2062 | 51.26 |
| ആകെ | 3662 | 3590 | 7252 | 49.5 |

തൊഴിൽ മേഖലിയിലെ സ്ത്രീ പങ്കാളിത്തം കാണിക്കുന്ന 91-ലെ സെൻസസ് പട്ടിക താഴെ കൊടുത്തിരിക്കുന്നു.

പട്ടിക 1

| തൊഴിൽ മേഖല | സ്ത്രീകൾ |
|---|---|
| കർഷകർ | 821 |
| കർഷകതൊഴിലാളി | 841 |
| മൃഗസംരക്ഷണം | 1160 |
| കശുവണ്ടി രംഗം | 9309 |
| കെട്ടിട നിർമ്മാണം | 64 |
| ഗതാഗതം വാർത്താവിനിമയം | 7 |
| വ്യാപാരം | 88 |
| മത്സ്യവിപണനം | 155 |
| കയർ | 734 |
| മറ്റുള്ളവ | 186 |
| ആകെ | 13365 |

അവലംബം - ദ്വിതീയ വിവര ശേഖരണം

മുഖ്യതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവരുടെ കാര്യത്തിൽ സ്ത്രീകൾ പുറകിലാണ്. എന്നാൽ നാമമാത്രതൊഴിലാളികളിൽ ഭൂരിപക്ഷവും സ്ത്രീകളാണ്. തൊഴിൽ ഇല്ലാത്തവരിൽ ഏറ്റവും കൂടുതലും സ്ത്രീകളാണ്.

പട്ടിക 2

| തൊഴിൽ | പുരുഷൻ | സ്ത്രീ | ആകെ |
|---|---|---|---|
| മുഖ്യതൊഴിലാളികൾ | 11178 | 3777 | 14955 |
| നാമമാത്രതൊഴിലാളികൾ | 1217 | 9588 | 10805 |
| തൊഴിലില്ലാത്തവർ | 15446 | 15567 | 31013 |
| ആകെ | 27841 | 28932 | 56775 |

കിളികൊല്ലൂർ പഞ്ചായത്തിൽ സ്ത്രീകളെ ബാധിക്കുന്ന പ്രധാന പ്രശ്നം കൂലിക്കുറവാണ്.

26 ഓളം കശുവണ്ടി ഫാക്ടറികളിലും 17 ഓളം പാക്കിംഗ് സെന്ററിലും 100 ഓളം പൊടിപ്പരിപ്പ് തിരിയൽ കേന്ദ്രങ്ങളിലും കയർ രംഗത്തുമെല്ലാം പണിയെടുക്കുന്ന സ്ത്രീകൾ വർഷങ്ങളായി ചൂഷണം ചെയ്യപ്പെടുന്നു. കശുവണ്ടി രംഗത്തെ ട്രേഡ് യൂണിയനുകളുടെ പ്രവർത്തനങ്ങളാൽ കുറച്ചു മാറ്റങ്ങൾ ഉണ്ടായിട്ടുണ്ടെങ്കിലും ഇന്നും സ്വകാര്യമുതലാളിമാർ നിയമപരമായ ആനുകൂല്യങ്ങൾ നൽകുന്ന കാര്യത്തിൽ വിമുഖത കാണിക്കുന്നു. കയർരംഗത്ത് ചിന്നിച്ചിതറിക്കിടക്കുന്ന ചെറുതും വലുതുമായ യൂണിറ്റുകളിലെ സ്ത്രീതൊഴിലാളികളെ സംഘടിപ്പിക്കുന്ന കാര്യത്തിൽ വലിയ വിജയമൊന്നും നേടാൻ കഴിഞ്ഞിട്ടില്ല. ഏറ്റവും കുറവ് കൂലി ലഭിക്കുന്നതും നിയമപരമായ അവകാശങ്ങൾ, ബോണസ് തുടങ്ങിയവ ലഭിക്കാത്തതുമായ ഒരു മേഖലയാണ് ഇത്. കടുത്ത ദാരിദ്ര്യമനുഭവിക്കുന്ന കുടുംബങ്ങളിലെ സ്ത്രീകൾ മാത്രമാണ് ഇന്ന് ഈ രംഗത്തേക്ക് വരുന്നത്. അഡ്വാൻസ് തുക നൽകിയാണ് ഈ മേഖലയിൽ തൊഴിലാളികളെ ജോലിക്കെടുക്കുന്നത്. പണത്തിന്റെ ബുദ്ധിമുട്ടുകാരണം അഡ്വാൻസ് വാങ്ങുന്ന തൊഴിലാളിയും തുടർന്ന് കടുത്ത ചൂഷണത്തിന് വേധേയമാകുന്നു. മുൻകൂർ ഒരു വലിയ തുക കൈപ്പറ്റുന്ന അവർ അവകാശങ്ങൾ ചോദിച്ചുവാങ്ങാൻ കഴിയാതെ ഏറ്റവും കുറഞ്ഞകൂലിയും വാങ്ങി അവിടെ ത്തന്നെ ജോലി ചെയ്യുന്നു. തൊണ്ടുതല്ലുരംഗത്തെ സ്ത്രീതൊഴിലാളികൾ കാലക്രമേണ ആരോഗ്യമെല്ലാം നശിച്ച് നിത്യരോഗികളായിമാറുന്നു. ഈ രംഗത്ത് യഥാർത്ഥത്തിൽ ഒരിനം അടിമപ്പണിയാണ് നിലനിൽക്കുന്നത്.

സ്വകാര്യ ആശുപത്രികളിൽ നഴ്സിംഗ് ജോലി ചെയ്യുന്നവർക്കും, സ്വകാര്യ അൺ എയ്ഡഡ് സ്കൂളുകളിലെ വനിതാ അധ്യാപകർക്കുമെല്ലാം കിട്ടുന്ന ശമ്പളം പുരുഷന് കിട്ടുന്നതിന്റെ പകുതിയിൽ താഴെ മാത്രമാണ്. ഇത്തരത്തിലെല്ലാ മേഖലയിലുമുള്ള സ്വകാര്യമാനേജുമെന്റുകൾ സ്ത്രീകളെ കൂടുതലായി ജോലിക്ക് എടുക്കുന്നതിന്റെ ബിസിനസ് തന്ത്രം നാം മനസ്സിലാക്കണം. ശമ്പളം കുറച്ചുകൊടുത്താൽ മതി, ആനുകൂല്യങ്ങളൊന്നും കൊടുക്കേണ്ട. പുരുഷന്മാരേക്കാൾ കൂടുതൽ ജോലി ചെയ്യും, കൂലിക്കുറവിനെതിരേയും ആനുകൂല്യങ്ങൾക്ക് വേണ്ടിയും, ജോലിക്കൂടുതലിന് എതിരെയും സമരം ചെയ്യില്ല. ഇത് നിലവിലുള്ള നിയമങ്ങൾക്കും, ട്രേഡ് യൂണിയനുകൾക്കും, വനിതാ വിമോചന പ്രസ്ഥാനങ്ങൾക്കും മുമ്പിൽ ഒരു വെല്ലുവിളിയായി ഉയർന്നു നിൽക്കുന്നു.

ജോലികിട്ടാതെ വിഷമിക്കുന്ന സ്ത്രീകളിൽ ഭൂരിഭാഗവും അഭ്യസ്ഥവിദ്യരാണ്. ഇവർക്കെല്ലാം സർക്കാർ ജോലികിട്ടുമെന്ന് പ്രതീക്ഷിക്കുന്നത് ശരിയല്ല. ഇവർക്ക് ആവശ്യമായ തൊഴിൽ പരിശീലനം നൽകി പുതിയ മേഖലകളിൽ ഇവരുടെ കഴിവ് വിനിയോഗിക്കണം.

സ്ത്രീകൾക്ക് ആരംഭിക്കാവുന്ന വ്യവസായങ്ങൾ, സേനവന മേഖലകൾ എന്നിവ കണ്ടെത്തണം. വ്യവസായ മാനേജ് മെന്റിലും, വ്യവസായങ്ങൾ നടത്തുന്ന കാര്യത്തിലും പലപ്പോഴും പുരുഷന്മാരേക്കാൾ കഴിവ് സ്ത്രീകൾ പ്രകടിപ്പിക്കാറുണ്ട്. ഇലക്ട്രോണിക്സ് രംഗത്ത് നമ്മുടെ പഞ്ചാത്തിൽ ചെറുകിട അസംബ്ലിംഗ് യൂണിറ്റുകൾ ആരംഭിച്ചാൽ നൂറുകണക്കിന് അഭ്യസ്ഥവിദ്യരായ സ്ത്രീകൾക്ക് തൊഴിൽ നൽകാൻ അത് സഹായിക്കും.

നിലവിലുള്ള അങ്കണവാടികൾ കേന്ദ്രീകരിച്ച് മഹിളകളെ സംഘടിപ്പിച്ച് വനിതാ സൊസൈറ്റികൾ രൂപീകരിക്കാം. ഡി. ഡബ്ല്യൂ. സി. ആർ. എ., ഐ.ആർ. ഡി. പി., ഇന്ദിരാ മഹിളാ യോജന, തുടങ്ങിയ പദ്ധതികൾ വഴി തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. പഞ്ചാത്തിൽ നിലവിലുള്ള ഭൂരിപക്ഷം മഹിളാ സമാജങ്ങളും പ്രവർത്തന രഹിതങ്ങളാണ്. രാഷ്ട്രീയ പ്രസ്ഥാനങ്ങളുമായി ബന്ധപ്പെട്ട മഹിളാ സംഘടനകളുടെ പ്രവർത്തനവും മന്ദഗതിയിലാണ്. ഓരോ പ്രദേശത്തും സ്ത്രീകളെ ബാധിക്കുന്ന ചില പ്രത്യേക പ്രശ്നങ്ങൾ ഉണ്ടാകും. ഉദാഹരണത്തിന് നമ്മുടെ പഞ്ചായത്തിൽ കശുവണ്ടിരംഗത്തും കയർ രംഗത്തും തൊഴിൽ ചെയ്യുന്ന സ്ത്രീകളുടെ പ്രശ്നങ്ങൾ. ഇത് മറ്റ് പലപഞ്ചായത്തിലും കാണണമെന്നില്ല. ഇങ്ങനെയുള്ള പ്രശ്നങ്ങളിൽ പ്രത്യേകിച്ചും, മറ്റുള്ള പൊതു പ്രശ്നങ്ങളിൽ പൊതുവായും ശ്രദ്ധ കേന്ദ്രീകരിക്കാൻ മഹിളാ സംഘടനകൾക്ക് കഴിഞ്ഞാൽ മാത്രമേ അഭ്യസ്ഥവിദ്യരും അല്ലാത്തവരുമായ സ്ത്രീകളെ ആകർഷിക്കാൻ കഴിയൂ. അങ്ങനെ അവരുടെ നിത്യ ജീവിത പ്രശ്നങ്ങളിൽ ഇടപെടുന്നതിലൂടെ അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കുമെതിരെ അവരുടെ ഇടയിൽത്തന്നെ ബോധവത്കരണം നടത്താനും സാമൂഹ്യ രാഷ്ട്രീയ രംഗങ്ങളിൽ അവരെ മുന്നോട്ട് കൊണ്ടുവരാനും സാധിക്കും.

നമ്മുടെ പഞ്ചായത്ത് പ്രസിഡന്റ് വനിതയാണ് .കൂടാതെ നാല് വനിതാ പഞ്ചായത്ത് മെമ്പർമാരും നമുക്കുണ്ട്. ജനകീയ സഭകളിൽ സ്ത്രീകൾക്ക് സംവരണം ഏർപ്പെടുത്തിയ സർക്കാർ തീരുമാനത്തിന്റെ ഫലമാണ് ഇത്. കൂടുതൽ സ്ത്രീകളെ പൊതു രംഗത്തേക്ക് കൊണ്ടുവരാൻ ഇത് സഹായിക്കുമെന്ന കാര്യത്തിൽ തർക്കമില്ല. പക്ഷേ ഇത് പ്രാവർത്തികമാകണമെങ്കിൽ മഹിളാ സംഘടനകൾ കൂടുതൽ ജാഗ്രത പുലർത്തേണ്ടിയിരിക്കുന്നു.

**പ്രശ്നങ്ങൾ**

1. മിക്കതൊഴിൽ മേഖലകളിലും സ്ത്രീകൾക്ക് 100 ദിവസത്തിലധികം തൊഴിൽ ലഭിക്കുന്നില്ല.
2. പണിയെടുക്കന്ന തൊഴിൽ സ്ഥാപങ്ങളിൽ നിയമപരമായ ആനുകൂല്യങ്ങൾ പൂർണ്ണമായി ലഭിക്കുന്നില്ല.
3. തുല്യജോലിക്ക് തുല്യവേതനം ലഭിക്കുന്നില്ല.
4. തൊഴിൽ നിയമങ്ങളിൽ വേണ്ടത്ര പരിജ്ഞാനമോ, പരിശീലനമോ സ്ത്രീകൾക്ക് ലഭിക്കുന്നില്ല.
5. സർക്കാർ സഹായ പദ്ധതികൾ ഏതൊക്കെയാണെന്ന അറിവില്ലായ്മ.
6. സ്വയം തൊഴിൽ സംരംഭങ്ങളിലുള്ള താല്പര്യക്കുറവ്.
7. പൊതുരംഗത്തേയ്ക്ക് വരാൻ സ്ത്രീകൾ അറച്ചു നിൽക്കുന്നു.
8. വിധവകൾക്കുള്ള ധനസഹായം നിസ്സാരമാണ്.
9. അപകടങ്ങളിൽ കുടുംബനാഥൻ മരിച്ച പല കുടുംബങ്ങൾക്കും, സർക്കാർ ആനുകൂല്യത്തെക്കുറിച്ച് അറിവല്ലായ്മ കാരണം നിശ്ചിത സമയത്ത് അപേക്ഷിക്കാത്തതു മൂലം ആനുകൂല്യം ലഭിക്കുന്നില്ല.
10. അഭ്യസ്ഥവിദ്യരായ സ്ത്രീകളുടെ തൊഴിലില്ലായ്മയ്ക്ക് പരിഹാരം കാണാൻ കഴിയുന്നില്ല.
11. മദ്യപാനം പലകുടുംബങ്ങളുടെയും സാമ്പത്തിക ഭദ്രതയും സമാധാന ജീവിതവും തകർക്കുന്നു.

പരിഹാരങ്ങൾ.

1. കിളികൊല്ലൂർ പഞ്ചായത്തിൽ ശാസ്ത്രീയമായി വ്യാപകമായി കശുമാവുകൾ കൃഷിചെയ്യുക. കൂടുതൽ തോട്ടണ്ടി ഇറക്കുമതി ചെയ്യുക. ഇതുവഴി സ്ത്രീകൾക്ക് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനാകും. റയിൽപാതയുടേയും റോഡുകളുടേയും വശങ്ങളിൽ കശുമാവ് വെച്ചുപിടിപ്പിക്കുക.
2. പഞ്ചായത്തിലെ എല്ലാവാർഡിലും വനിതാ തൊഴിൽ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്ത് പ്രവർത്തനം ആരംഭിക്കുക.
3. കയർ രംഗത്തെ അരക്ഷിതാവസ്ഥയ്ക്ക് അടിയന്തിരമായി പരിഹാരം കാണണം. എല്ലാ കയർ തൊഴിലാളികളെയും ക്ഷേമനിധിയിൽ ഉൾപ്പെടുത്തുകയും പെൻഷൻ അനുവദിക്കുകയും ചെയ്യുക. മാന്യമായി ജീവിക്കാനുള്ള മിനിമം കൂലി നിശ്ചയിക്കുക.
4. പൊതുമേഖലയിൽ കയറും കയറുൽപന്നങ്ങളും നിർമ്മിക്കുന്ന ഒരു വൻകിട വ്യവസായശാല സ്ഥാപിക്കണം. യഥാർത്ഥത്തിൽ ആലപ്പുഴയിൽ സ്ഥാപിച്ചിട്ടുള്ളതുപോലെയുള്ള ഒന്ന് മങ്ങാട്ട് ആരംഭിക്കുന്നതിന് സമയം അതിക്രമിച്ചിരിക്കുന്നു.
5 കാഷ്യൂകോർപ്പറേഷൻ ഫാക്ടറികൾ തുറന്നു പ്രവർത്തിപ്പിക്കുക.
6 വനിതാ സംഘടനകൾക്കും സമാജങ്ങൾക്കും പഞ്ചായത്ത് തലത്തിൽ നേതൃത്വ പരിശീലന ക്ലാസ്സുകൾ സംഘടിപ്പിക്കുക.
7. സ്ത്രീകളുടെ ക്ഷേമത്തിനായി കേന്ദ്ര സംസ്ഥാന സർക്കാരുകൾ നടപ്പിലാക്കുന്ന പദ്ധതികളെ ക്കുറിച്ച് അവരുടെ ഇടയിൽ ബോധവത്ക്കരണ ക്യാമ്പുകൾ നടത്തുക.
8. മേൽപ്പറഞ്ഞസ്കീമുകൾ നടപ്പിലാക്കാനുള്ള അധികാരം ഗ്രാമപഞ്ചായത്തുകൾക്ക് നൽകുക.
9. കിളികൊല്ലൂർ പഞ്ചായത്തിൽ കെൽട്രോണിന്റെ ആഭിമുഖ്യത്തിൽ ഒരു വൻകിട വനിതാ ഇലക്ട്രോണിക് അസംബ്ലിംഗ് യൂണിറ്റ് സ്ഥാപിക്കുക.
10 തൊഴിൽ സമയത്ത് കുട്ടികളെ സംരക്ഷിക്കുന്നതിന് ആവശ്യമായ ക്രഷുകൾ സ്ഥാപിക്കുക.
11 വനിതകൾക്കായി പ്രത്യേക തൊഴിൽ ദാന പദ്ധതികൾ ആവിഷ്കരിക്കുന്നതിനായി ഒരു വിദഗ്ദ സമിതിയെ നിയോഗിക്കണം. 260 ദിവസത്തോളം തൊഴിലില്ലാതാകുന്ന കാഷ്യൂ രംഗത്തെ തൊഴിലാളികൾക്കും, തൊഴിൽ ഇല്ലാത്തമറ്റ് സ്ത്രീകൾക്കും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്ന പുതിയ മേഖലകൾ കണ്ടെത്താൻ ഈ സമിതി സഹായിക്കും.
12 മദ്യനിരോധനം കർശനമായി നടപ്പിലാക്കുക.
13. സ്ത്രീകളെ ആക്ഷേപിക്കുന്ന അശ്ലീല ചിത്രങ്ങൾ നിരോധിക്കുക.

# 5.10 സഹകരണം

കേരളത്തിലെ ഗ്രാമീണരുടെ സാമ്പത്തികാഭിവൃദ്ധിക്ക് ശ്രദ്ധേയമായ സംഭാവനകൾ അർപ്പിച്ച ഒരു മേഖലയാണ് സഹകരണപ്രസ്ഥാനം. കാർഷികവായ്പാ സംഘങ്ങളായിട്ടാണ് സഹകരണ പ്രസ്ഥാനം തുടങ്ങിയതെങ്കിലും ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഈ പ്രസ്ഥാനത്തിന്റെ ഗുണമേൻകൾ ഇന്നു ലഭ്യമാണ്. കിളികൊല്ലൂർ പഞ്ചായത്തിന്റെ സാമൂഹിക സാംസ്കാരിക-രാഷ്ട്രീയ വളർച്ചയ്ക്ക് സഹകരണപ്രസ്ഥാനം കാര്യപ്രസക്തമായ പങ്കാണ് വഹിച്ചുകൊണ്ടിരിക്കുന്നത്. കിളികൊല്ലൂർ പഞ്ചായത്തിൽ സഹകരണ പ്രസ്ഥാനത്തിന് ആരംഭംകുറിച്ചത് മങ്ങാട് പ്രദേശം തന്നെയാണ്.

കിളികൊല്ലൂരിൽ രണ്ട് സർവ്വീസ് സഹകരണ ബാങ്കും രണ്ടു ക്ഷീരവ്യവസായ സഹകരണ സംഘവും ഒരു കയർ വ്യവസായ സഹകരണ സംഘവും ഒരു ഹരിജൻ സർവ്വീസ് സഹകരണ സംഘവും ഒരു ചാരിറ്റബിൾ സൊസൈറ്റിയും ഉൾപ്പെടെ ഏഴു സഹകരണ സംഘങ്ങളാണ് നിലവിലുള്ളത്. ഇതിൽ മൂന്നെണ്ണവും മങ്ങാട് കേന്ദ്രമാക്കിയാണ് പ്രവർത്തിക്കുന്നത്.

മങ്ങാട് സർവ്വീസസ് സഹകരണബാങ്ക് നമ്പർ 1096 ആണ് ഇവിടത്തെ ആദ്യത്തെ സഹകരണ സ്ഥാപനം. 1925-ൽ ആണ് ഇതിന്റെ പ്രവർത്തനം ആരംഭിച്ചത്. ഇത് പരസ്പര സഹായസഹകരണ സംഘമായിട്ടാണ് പ്രവർത്തിച്ചു തുടങ്ങിയത്. എഴുപത്തൊന്നു വർഷങ്ങൾക്കു മുമ്പ് മങ്ങാട് പ്രദേശത്തെ സാമൂഹ്യപ്രതിബദ്ധതയുള്ള ഏതാനും പേരുടെ ശ്രമഫലമായിട്ടാണ് ഈ സംഘം രജിസ്റ്റർ ചെയ്തത്. കൃഷി, കൈത്തറി മേഖലകളെ സംരക്ഷിച്ചും തേനീച്ചവളർത്തൽ, കോഴി വളർത്തൽ, എന്നീ കുടിൽ വ്യവസായങ്ങളെ പരിപോഷിപ്പിച്ചതോടൊപ്പം ആതുര ശുശ്രൂഷാരംഗത്തും പ്രത്യേകം ശ്രദ്ധിച്ചിരുന്നു. ഈ സംഘത്തിന്റെ ആദ്യകാല പ്രസിഡന്റ് മുതിരവിളയിൽ ശ്രീ. ജോസഫ് ഫെർണാന്റസും സെക്രട്ടറി തൊടിയിൽ റ്റി. പി. സേവ്യറും ആയിരുന്നു. ഇതിന്റെ കീഴിൽ ഒരു ഗ്രാമോദ്ധാരണ ഗ്രന്ഥശാലയും വായനശാലയും പ്രവർത്തിച്ചിരുന്നു. ചില ആധികാരിക ഗ്രന്ഥങ്ങളും നല്ല സാഹിത്യകൃതികളും അക്കൂട്ടത്തിൽ ഉണ്ടായിരുന്നു. മങ്ങാട് പ്രദേശത്തെ ആളുകളുടെ വിദ്യാഭ്യാസ പുരോഗതിക്ക് അവ സഹായകമായിരുന്നു. ഈ സംഘത്തിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ തോതിൽ കൈത്തറി നെയ്ത് ഉണ്ടാക്കിയിരുന്നു. മങ്ങാടൻ കൈത്തറി തുണിയുടെ ഗുണമേന്മ വളരെ പ്രസിദ്ധമായിരുന്നു. വർഷംതോറും ശ്രീചിത്തിര തിരുനാൾ മഹാരാജാവിന്റെ ചിത്രാഘോഷത്തോടനുബന്ധിച്ച് നടത്തിപ്പോന്നിരുന്ന കൈത്തറി പ്രദർശനത്തിൽ പങ്കെടുത്ത് പതിവായി സമ്മാനം നേടിയിരുന്നു.

മങ്ങാട് സഹകരണസംഘത്തിന്റെ പ്രവർത്തനത്തിൽ മതിപ്പുതോന്നിയിട്ട് ആശ്രാമം ഗസ്റ്റ് ഹൗസിനുചുറ്റുമുള്ള ഗവൺമെന്റ് പ്രദേശം കൃഷി ആവശ്യത്തിന് വിട്ടുകൊടുത്തിരുന്നു. അവിടെ ഉല്പാദിപ്പിച്ചിരുന്ന കാർഷിക വിഭവങ്ങളുടെ വില്പന ഉദ്ഘാടനം ചെയ്തത് അന്ന് പഞ്ചാബു ഗവർണ്ണരായിരുന്ന ശ്രീ പട്ടം താണുപിള്ളയായിരുന്നു. ഏഴുപതിറ്റാണ്ടിലേറെ പഴക്കമുള്ള ഈ സ്ഥാപനത്തിന്റെ ഇപ്പോഴത്തെ പ്രവർത്തനമൂലധനം ഒരു കോടി നാല്പത്തിയാറു ലക്ഷം രൂപയാണ്. ഇപ്പോൾ വിതരണം നടത്തിയിട്ടുള്ള ലോൺ തുക ഒരു കോടി അമ്പത് ലക്ഷം രൂപയാണ്. പരസ്പരസഹകരണസംഘമായിതുടങ്ങി വിവിധോദ്ദേശ സഹകരണസംഘം,സർവ്വീസ് സഹകരണ സംഘം എന്നീ പടവുകൾ കടന്നാണ് ഇന്നത്തെ വികസിത രൂപമായ സർവ്വീസ് സഹകരണ ബാങ്കായി മാറിയത്.

മങ്ങാടൻ കയർ പ്രസിദ്ധമാണ്. ഈ വ്യവസായത്തെ സംരക്ഷിക്കുന്നതിന് ആ മേഖലയിൽ പ്രവൃത്തി എടുക്കുന്ന തൊഴിലാളികളുടെ ഉന്നമനം ലക്ഷ്യമാക്കിക്കൊണ്ട് 1953 - ൽ മങ്ങാട് കയർ വ്യവസായ സഹകരണസംഘം പ്രവർത്തനം ആരംഭിച്ചു. ഈ സ്ഥാപനത്തിലെ ആദ്യകാല പ്രസിഡന്റ് തെന്നൂർ കാവനാട് ശ്രീ. ജി. ലക്ഷ്മണനും സെക്രട്ടറി തോട്ടുംമുഖത്ത് ശ്രീ. കെ. അലിക്കുഞ്ഞും ആയിരുന്നു. മേൽ സൂചിപ്പിച്ച രണ്ടു സ്ഥാപനങ്ങളുടേയും തൊട്ടടുത്തുതന്നെ 1957-ൽ മങ്ങാട് ക്ഷീരവ്യവസായ സഹകരണസംഘവും പ്രവർത്തനം ആരംഭിച്ചു. ഇതിന്റെ ആദ്യകാലപ്രസിഡന്റ് കിഴക്കേവിളമേക്കേവീട്ടിൽ ശ്രീ. കെ. വിദ്യാനന്ദൻ ആയിരുന്നു. ക്ഷീരശേഖരണവിതരണരംഗത്ത് സ്തുത്യർഹമായ സേവനമാണ് ഈ സംഘം കാഴ്ചവച്ചുകൊണ്ടിരിക്കുന്നത്. 1958-ൽ കിളികൊല്ലൂർ സർവ്വീസ് സഹകരണബാങ്കും, 1991-ൽ കിളികൊല്ലൂർ ക്ഷീരവ്യവസായ സഹകരസംഘവും പ്രവർത്തനം തുടങ്ങി. ഈ സംഘങ്ങളുടെ കാര്യക്ഷമമായ പ്രവർത്തനം കിളികൊല്ലൂർ പഞ്ചായത്തിന്റെ കാർഷിക വ്യവസായിക സാമൂഹ്യരാഷ്ട്രീയ പുരോഗതിയിൽ കാര്യമായ സ്വാധീനം ചെലുത്തിയിട്ടുണ്ട്. ഇവ കൂടാതെ പഞ്ചായത്തിലുള്ള മൂന്ന് ഹൈസ്കൂളിലും സ്കൂൾ സഹകരണസംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കിളികൊല്ലൂർ സഹകരണസംഘം ആദ്യകാല പ്രസിഡന്റ് പണ്ടാശ്ശേരിൽ നീലകണ്ഠൻ ബി. എ. യും സെക്രട്ടറി സി. എൻ. ദിവാകരനുമായിരുന്നു. ഹരിജൻ സർവ്വീസ് സഹകരണസംഘം ആദ്യ പ്രസിഡന്റ് ചിറയിൽ വീട്ടിൽ കെ. തുളസീധരനും സെക്രട്ടറി ജി. രവീന്ദ്രനും ആണ്. കിളികൊല്ലൂർ

ക്ഷീരവ്യവസായ സഹകരണസംഘം ആദ്യകാലത്ത പ്രസിഡന്റ് ശ്രീ. ബാലകൃഷ്ണപിള്ളയും സെക്രട്ടറി ശ്രീ. സതീശനുമാണ്. സ്കൂൾ സംഘങ്ങളിൽ നിന്നും വിദ്യാർഥികൾക്കാവശ്യമുള്ള പാഠപുസ്തകങ്ങളും നോട്ടുബുക്കുകളും മറ്റും വിതരണം നടത്തിവരുന്നു.

പട്ടിക 1 ഉം 2 ഉം കാണുക

പ്രശ്നങ്ങൾ

1. പഞ്ചായത്തിൽ നിലവിലുള്ള സഹകരണ സംഘങ്ങൾ കർഷകരുടെ ആവശ്യങ്ങൾ നിറവേറ്റാൻ പര്യാപ്തമല്ല.
2. നിലവിലുള്ള ക്ഷീര വ്യവസായ സഹകരണ സംഘങ്ങൾ അപര്യാപ്തമാണ്.
3. കയർ വ്യവസായ സഹകരണ സംഘം അതിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങളിൽ നിന്നും വളരെ അകലെയാണ്.
4. കാർഷിക മേഖലയ്ക്ക് തനതായ സഹകരണ സംഘം ഇല്ല.
5. കൂട്ടുകൃഷി പദ്ധതി ഇപ്പോൾ നടക്കുന്നില്ല.
6. വനിതാ സഹകരണ സംഘങ്ങൾ ഇല്ല.
7. ഭവന നിർമ്മാണ സംഘങ്ങൾ ഇല്ല.
8. മത്സ്യമേഖലയിൽ തൊഴിലാളി സഹകരണ സംഘങ്ങൾ ഇല്ല.
9. വിദ്യാലയങ്ങളിലെ സഹകണ സംഘങ്ങളുടെ പ്രവർത്തനത്തിൽ വിദ്യാർത്ഥി പങ്കാളിത്തം ഇല്ല.
10. സഹകരണ സംഘങ്ങളോട് ചേർന്നുള്ള പൊതു വിതരണ സ്ഥാപനങ്ങളുടെ ദൗർലഭ്യം
11. വായ്പകൾക്കുള്ള അമിത പലിശയും കടുത്ത ജാമ്യ വ്യവസ്ഥയും അനാവശ്യ കാലവിളംബവും

പരിഹാരങ്ങൾ

1. പഞ്ചായത്തിൽ ഒരു കാർഷിക സഹകരണ സംഘം സ്ഥാപിക്കുക.
2. പഞ്ചായത്തിലെ മുഴുവൻ പ്രദേശത്തും പ്രയോജനം ലഭിക്കത്തക്ക രീതിയിൽ ക്ഷീരവ്യവസായ സഹകരണസംഘങ്ങൾ സ്ഥാപിക്കുക.
3. നിലവിലുള്ള ക്ഷീരസംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുക.

3.1 പാൽ സംഭരണ വിതരണത്തിന് ആധുനിക സജ്ജീകരണങ്ങൾ ഏർപ്പെടുത്തുക

3.2 കാലിവളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സാമ്പത്തിക സഹായം നൽകുക.

3.3 കാലിത്തീറ്റ ഉൽപ്പാദനവും സംഭരണവിതരവും സഹകരണാടിസ്ഥാനത്തിലാക്കുക.

4. സഹകരണ അടിസ്ഥാനത്തിൽ ഒരു ജൈവവള നിർമ്മാണ കേന്ദ്രം ആരംഭിക്കുക.
5. നിലവിലുള്ള കയർ സഹകരണ സംഘത്തിന്റെ പ്രവർത്തനം കാര്യക്ഷമമാക്കുകയും അതിനോട് ചേർന്ന് കയർ ഉൽപ്പന്നങ്ങളുടെ നിർമ്മാണ കേന്ദ്രം ആരംഭിക്കുകയും ചെയ്യുക.
6. ഓരോ വില്ലേജിലും വനിതാ സഹകരണ സംഘങ്ങൾ ആരംഭിക്കുക.
7. ഭവന നിർമ്മാണ സഹകരണ സംഘം സ്ഥാപിച്ച് കെട്ടിട നിർമ്മാണത്തിന് ആവശ്യമായ സാധനങ്ങൾ വിതരണം നടത്തുകയും തൊഴിലാളികളെ രജിസ്റ്റർ ചെയ്ത് അവരുടെ ലഭ്യത ഉറപ്പുവരുത്തുകയും ചെയ്യുക.
8. മത്സ്യ സംഭരണവിതരണകേന്ദ്രങ്ങൾ സ്ഥാപിക്കുക.
9. ഓരോ വില്ലേജിലും സഹകരണ മേഖലയിൽ ഓരോ ട്യൂട്ടോറിയൽ കോളേജുകൾ സ്ഥാപിക്കുക.
10. പഞ്ചായത്തിൽ ഒരു കൈത്തറി സഹകരണ സംഘം സ്ഥാപിക്കുക.
11. സ്കൂൾ സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ ആവശ്യമായ നോട്ടുബുക്കുകൾ നിർമ്മിച്ച് കുറഞ്ഞ നിരക്കിൽ വിതരണം നടത്തുക.
12. ബീഡിതൊഴിലാളി സഹകരണ സംഘം സ്ഥാപിക്കുക.

പഞ്ചായത്തിലെ സഹകരണ സംഘങ്ങളുയും ജനങ്ങളുടേയും ഉന്നമനത്തിനുവേണ്ടി ഏറ്റെടുക്കാവുന്ന പദ്ധതിക്കള സംബന്ധിച്ച് ജനങ്ങളിൽ നിന്നും ലഭിച്ച നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ ഒരു റിപ്പോർട്ടാണ് ചർച്ചയ്ക്കായി ഇവിടെ സമർപ്പിക്കുന്നത്.

## പട്ടിക 1 കിളികൊല്ലൂർ പഞ്ചായത്തിലെ സഹകരണ സ്ഥാപനങ്ങളെ സംബന്ധിച്ച വിവരങ്ങൾ

| സഹകരണ സംഘത്തിന്റെ പേര് | ആരിഭിച്ച വർഷം | അംഗത്വ എണ്ണം | പ്രവർത്തന പരിധി | ഓഹരി മൂലധനം | നിക്ഷേപങ്ങൾ സ്ഥിരം | ഹ്രസ്വം | മറ്റു നിക്ഷേപങ്ങൾ | പ്രവർത്തന വായ്പകൾ മൂലധനം | | നഷ്ടം/ ലാഭം | ജീവനക്കാരുടെ ശമ്പളവും മറ്റും എണ്ണം | |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. മങ്ങാട് സർവ്വീസസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ-1069 | 1925 | 8435 | മങ്ങാടുവില്ലേജ്, | 20 ലക്ഷം | 53,79,232 | 13,60330 | 78,79608 | 1,46,00,000 | 1,4897472 | നഷ്ടം | 7 | 470023 |
| 2. കിളികൊല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ-4251 | 1958 | 7700 | കിളികൊല്ലൂർ അറുന്നൂറ്റിമംഗലം സി. വാർഡ് | 10 ലക്ഷം | 50,00,000 | 15,00,000 | 31,32,008 | 1,10,40,000 | 6595004 | നഷ്ടം | 5 | 341185 |
| 3. കിളികൊല്ലൂർ ഹരിജൻ സർവ്വീസ് സഹകരണസംഘം ക്ലി...പ്തം നമ്പർ-ക്യൂ. 887 | 1984 | 1035 | കിളികൊല്ലൂർ പഞ്ചായത്ത് | 3 ലക്ഷം | ഇല്ല | 1143 | ഇല്ല | | 415120 | | 1. | |

മങ്ങാട് സർവ്വീസ് സഹകരണസംഘം കൃഷിവകുപ്പിൽ നിന്നും അനുവദിക്കുന്ന സബ്സിഡിയോടുകൂടി സൗജന്യനിരക്കിലും അല്ലാതെയും രാസവളവിതരണം നടത്തുന്നുണ്ട്. മേൽ സൂചിപ്പിച്ച ഒന്നും രണ്ടും സഹകരണ ബാങ്കുകളിൽ നിന്നും വിദ്യാർത്ഥികൾക്ക് പഠനോപകരണങ്ങൾ വാങ്ങാൻ കുറഞ്ഞ പലിശ നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നു. കിളികൊല്ലൂർ പഞ്ചായത്ത് ഒരു കാർഷിക മേഖലയാണെങ്കിലും കൃഷിക്കാരിൽ ഭൂരിപക്ഷവും നാമമാത്ര കർഷകരാണ്. ഇവരുടെ ഒരു ചെറിയ വിഭാഗത്തിനു മാത്രമേ കാർഷിക വായ്പകൾ ലഭിക്കാനുള്ള സാധ്യതയുള്ളൂ.

പട്ടിക 2

### കയർ സഹകരണ സംഘം

| സംഘത്തിന്റെ പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വ എണ്ണം | ഓഹരിമൂലധം | ഇപ്പോഴത്തെ മൂലധനം പിരിഞ്ഞ്കിട്ടിയത് | വാങ്ങിയ സർക്കാർ | വാങ്ങിയ | ആകെ | തൊണ്ട് | ഉല്പാദിപ്പിച്ച ചികിരി | വിറ്റുവരവ് കയറ് | ജീവനക്കാർ |
|---|---|---|---|---|---|---|---|---|---|---|---|---|
| 1. മങ്ങാട് കയർ വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 36 | 1953 | മങ്ങാട് | 1240 വില്ലേജ് | 10 ലക്ഷം | ,1,38,116 | 434700 | 5,72,816 | ഇല്ല | 30 ക്വിൻൽ | 144 ക്വിന്റൽ | 1,74,842 | 3 |

ലോക പ്രസിദ്ധമായ മങ്ങാടൻ കയർ ഉൽപ്പാദന മേഖലയിൽ പ്രവർത്തിക്കുന്ന സംഘം എന്ന നിലയിൽ ശ്രദ്ധേയമാണ്. ഈ സംഘത്തിന്റെ കഴിഞ്ഞകാല പ്രവർത്തന ചരിത്രം പരിശോധിച്ചാൽ ഇപ്പോൾ ശോചനീയമായ ഒരു ചിത്രമാണ് കാണാൻ കഴിയുന്നത്. ഇതിലെ തൊഴിലാളികൾക്ക് ന്യായമായ കൂലിയും കൂടുതൽ തൊഴിൽ അവസരങ്ങളും നൽകി സ്വകാര്യ മുതലാളിമാരുടെ ചൂഷണത്തിൽ നിന്നും തൊഴാളികളെയും വ്യവസായത്തെയും സംരക്ഷിക്കുന്നതിനുവേണ്ടി ആരംഭിച്ച മങ്ങാട് കയർ വ്യവസായ സഹകരണ സംഘം വൻ പരാജയത്തിലാണ്. ഈ വർഷം പച്ചത്തൊണ്ട് സംഭരണം നടന്നിട്ടേയില്ല. അതുകൊണ്ടുതന്നെ തൊണ്ടുതല്ലുന്ന തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടു. കയർ ഉൽപാദനം യന്ത്രവത്ക്കരിക്കപ്പെടുകയും ചെയ്തു. ഉൽപ്പാദനവും കുറഞ്ഞു. അങ്ങനെയും തൊഴിൽ അവസരങ്ങളിൽ കുറവുവന്നു. യന്ത്രങ്ങളിലൂടെ ഉൽപ്പാദിപ്പിക്കപ്പെടുന്ന ഇപ്പോഴത്തെ കയറിന് മങ്ങാടൻ കയറിന്റെ യാതൊരു മേന്മയുമില്ല.

പട്ടിക 3

## ക്ഷീരവ്യവസായ സഹകരണ സംഘങ്ങൾ

| പേര് | ആരംഭിച്ച വർഷം | പ്രവർത്തന പരിധി | അംഗത്വ എണ്ണം | ഓഹരി മൂലധനം | വായ്പകൾ | ശേഖരിച്ച പാൽ | വിറ്റഴിച്ച പാൽ | ജീവനക്കാർ |
|---|---|---|---|---|---|---|---|---|
| 1. മങ്ങാട് ക്ഷീര വ്യവസായ സഹകരണ സംഘം ക്ലിപ്തം നമ്പർ 4084 | 1957 | മങ്ങാട് വില്ലേജ് | 243 | 10300 | ഇല്ല | 68,409 | 68,409 | 1 |
| 2. കിളികൊല്ലൂർ ക്ഷീര വ്യവസായ സഹകരണസംഘം ക്ലിപ്തം നമ്പർ ക്യൂ. 4083 | 1991 | കിളികൊല്ലൂർ വില്ലേജ് | 310 | | | | | 1 |

പഞ്ചായത്ത് പ്രദേശത്ത് രണ്ട് ക്ഷീര സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ട്. മങ്ങാട് സംഘത്തിന് മാത്രമാണ് സ്വന്തമായി ഭൂമിയും കെട്ടിടവുമുള്ളത്. 61,000 ൽ പരം ജനസംഖ്യയുള്ള കിളികൊല്ലൂർ പഞ്ചായത്ത് ജനങ്ങൾക്ക് ആവശ്യമായ പാൽ സംഭരിച്ച് വിതരണം നടത്താൻ ഈ സൊസൈറ്റികൾക്ക് കഴിയുന്നില്ല. പാൽ സംഭരിച്ച് കേടുകൂടാതെ സൂക്ഷിക്കാൻ ആവശ്യമായ സജ്ജീകരണങ്ങൾ ഒന്നും തന്നെ ഇവയ്ക്കില്ല. കർഷകർക്ക് സാമ്പത്തിക സഹായം നൽകാനോ കാലിത്തീറ്റ വിതരണം നടത്താനോ പുല്ല് ഉല്പാദനത്തിനോ ഉള്ള സംവിധാനം നിലവില്ല. അതുകൊണ്ട് തന്നെ പശുക്കളുടെ എണ്ണം കുറഞ്ഞുകൊണ്ടിരിക്കുന്നു.

# 5.11 പട്ടിക ജാതി പട്ടിക വർഗ്ഗ ക്ഷേമം

സാമൂഹ്യ വിപ്ലവകാരിയായ ശ്രീനാരായണ ഗുരുവും അധഃസ്ഥിതരുടെ ആചാര്യനായ അയ്യങ്കാളിയുടേയും സന്ദർശനം കൊണ്ട് പരിപാപനമായ ഭൂമിയാണ് കിളികൊല്ലൂർ. വ്യാവസായിക സാമൂഹ്യ രാഷ്ട്രീയ രംഗത്തെ വിപ്ലവം ഇവിടെ പട്ടിക ജാതിക്കാരോടുള്ള ഉച്ചനീചത്വങ്ങൾ അവസാനിക്കുവാൻ കാരണമായി.

ഈ പഞ്ചായത്തിലെ ആകെ ജനസംഖ്യയുടെ ഏകദേശം 11 ശതമാനം പട്ടിക ജാതി വിഭാഗമാണ്. 14 അംഗീകൃതകോളനികളിലായി 399 പട്ടിക ജാതി കുടുംബങ്ങളും കോളനികളിൽ അല്ലാതെ 192 കുടുംബങ്ങളും രണ്ടുപട്ടിക വർഗ്ഗ കുടുംബങ്ങളുമുണ്ട്. കോളനി നിവാസികളിൽ 2929 പുരുഷന്മാരും 3099 സ്ത്രീകളും പട്ടിക വർഗ്ഗ വിഭാഗത്തിൽ ഏഴു പുരുഷന്മാരും 7 സ്ത്രീകളും ഉൾപ്പെടെ 6042 പേരുണ്ട്. കോളനികളിൽ അല്ലാതെ വിവിധ വാർഡുകളിലെ 192 പട്ടിക ജാതി കുടുംബങ്ങളിലെ ജനസംഖ്യയെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമല്ല.

വിദ്യാഭ്യാസ സാമൂഹിക മേഖലകളിൽ ഒട്ടനവധി നേട്ടങ്ങൾ കൈവരിക്കാൻ ഈ വിഭാഗത്തിന് കഴിഞ്ഞിട്ടുണ്ട്. എന്നാൽ അതിനനുസരിച്ച് സാമ്പത്തിക പുരോഗതി നേടാൻ കഴിഞ്ഞിട്ടില്ല. ഭരണ രംഗത്തുണ്ടായ പുരോഗമന നിയമ നടപടികളുടെ ഭാഗമായി കുടികിടപ്പുകാർക്കും കൈവശക്കാർക്കും ഭൂമി സ്വന്തമാക്കാൻ കഴിഞ്ഞു. എന്നാൽ വീടിന്റെ പ്രശ്നം ഇപ്പോഴും ഗുരുതരമായി തുടരുന്നു. കേരളത്തിന്റെ മറ്റു പ്രദേശങ്ങളെ അപേക്ഷിച്ച് ഉച്ചനീചത്വങ്ങൾ പൊതുവേ കുറവായിരുന്നുവെങ്കിലും ഇന്നും പൂർണ്ണമായും മാറിക്കഴിഞ്ഞുവെന്ന് പറയാൻ കഴിയുകയില്ല.

പട്ടിക ജാതി-വർഗ്ഗ ക്ഷേമത്തിനു വേണ്ടി സർക്കാർ നടപ്പാക്കുന്ന പരിപാടികളെ സംബന്ധിച്ച് പൂർണ്ണമായ അറിവില്ലായ്മകൊണ്ടും, പ്രയാസമേറിയ നിബന്ധനകൾ മൂലവും ഗുണഭോക്താക്കളെ ആകർഷിക്കാൻ കഴിയുന്നില്ല. നാലുശതമാനം പലിശയ്ക്ക് ഖാദിബോർഡിൽ നിന്നും ലക്ഷക്കണക്കിന് രൂപ സമ്പന്ന വിഭാഗങ്ങൾക്ക് അയവേറിയ നിബന്ധനകൾ പ്രകാരം നൽകുമ്പോൾ പട്ടിക വിഭാഗക്കാർക്ക് നൽകുന്ന നാമമാത്ര വായ്പകൾക്ക് പോലും കടുത്ത നിബന്ധനകളാണ്. സ്വാശ്രയ പഞ്ചായത്തായ കിളികൊല്ലൂരിൽ സ്വയം തൊഴിൽ കണ്ടെത്താൻ വ്യവസായ വകുപ്പിൽ നിന്നും ബാങ്കിലേക്ക് അയച്ച രണ്ട് ആപേക്ഷകളും രണ്ടുകൊല്ലം കഴിഞ്ഞിട്ടും ബാങ്കുകാർ പരിഗണിക്കാത്ത അവസ്ഥയുണ്ട്. ഐ. ആർ. ഡി. പി. ലോൺ എടുത്ത് കുടിശ്ശിക വന്ന കുടുംബത്തിന് കുടിശ്ശികക്കാർ എന്ന നിലയിൽ മറ്റൊരാനുകൂല്യവും ലഭിക്കുന്നില്ല. എങ്കിലും സർക്കാർ-തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നൽകിവരുന്ന വിവിധ സഹായ പദ്ധതികളിലൂടെ ഈ വിഭാഗത്തിന് നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്.

### വിദ്യാഭ്യാസം

വിദ്യാഭ്യാസ രംഗത്ത് ആശാവഹമായ പുരോഗതി ഉണ്ടായിട്ടുണ്ട്. പലവാർഡുകളിലും ബിരുദവും ബിരുദാനന്തര ബിരുദവുമുള്ള നിരവധി പേരുണ്ട്. വിവിധ സർക്കാർ ഓഫീസുകളിലും സ്കൂളുകളിലും പട്ടിക ജാതിയിൽപ്പെട്ട ധാരാളം പേർ സേവനം അനുഷ്ഠിക്കുന്നുണ്ട്. രണ്ടിലധികം എൻജിനീയർ മാർ ഈ പഞ്ചാത്തിലെ ഓരോ വാർഡിലുമുണ്ട്. സാക്ഷരതയുടെ കാര്യത്തിൽ പഞ്ചായത്തിലെ മറ്റു പല വിഭാഗങ്ങളെയും അപേക്ഷിച്ച് പട്ടിക ജാതിക്കാരുടെ നില പിന്നിലല്ല. എന്നാൽ ഇന്ന് ഈ വിഭാഗത്തിലെ യുവജന വിഭാഗം വിദ്യാഭ്യാസ കാര്യത്തിൽ ഒരു അലസ മനോഭാവം പ്രകടിപ്പിക്കുന്നു. എസ്. എസ്. എൽ. സി. യും പ്രീഡിഗ്രിയും തോറ്റ് വിദ്യാഭ്യാസം നിർത്തുന്നവരുടെ സംഖ്യ വളരെ വലുതാണ്. കുടുംബ പ്രാരാബ്ധവും കുട്ടികളുടെ പഠനം നിർത്താൻ ഒരു കാരണമാണ്. ഈ നിലയ്ക്ക് മാറ്റം വരുത്തുവാൻ രക്ഷകർത്താക്കൾക്കും കുട്ടികൾക്കുമിടയിൽ ബോധവത്ക്കരണം നടത്തേണ്ടിയിരിക്കുന്നു. എന്തു തന്നെയായാലും ഇന്നു ലഭിക്കുന്ന വിദ്യാഭ്യാസ ആനുകൂല്യങ്ങൾ പരമാ

പട്ടിക 1. കോളനികളുടെ ലിസ്റ്റ്.

| പേര് | ഹരിജൻ കോളനി | ഐ. എച്ച്. ഡി. പി. കോളനി | ലക്ഷംവീട് കോളനി | ഹരിജൻ സെറ്റിൽമെന്റ് കോളനി | അംഗീകൃത കോളനി | വീടുകൾ |
|---|---|---|---|---|---|---|
| 1. എ. കെ. ജി. നഗർ<br>കരിക്കോട് സിയ | | | ✓ | | | 10 |
| 2. ചാമ്പക്കുളം | | | | | ✓ | 20 |
| 3. ചാമുണ്ടി | | ✓ | | | | 17 |
| 4. ചാത്തിനാംകുളം<br>അംബദ്കർ കോളനി<br>കരിക്കോട് ബി. | | | | | ✓ | 55 |
| 5. കെ. പി. നഗർ | ✓ | | | | | 17 |
| 6. കുന്നത്തു ഭാഗം കോളനി | | | | | ✓ | 40 |
| 7. കുഴിങ്ങണ്ടം | | ✓ | | | | 75 |
| 8. മാലിക്കര (വലിയമാഠം) | | | | | ✓ | 32 |
| 9. മാന്ത്രികപ്പുറം | ✓ | | | | | 19 |
| 10. മങ്ങാട് വടക്കേക്കര | ✓ | | | | | 15 |
| 11. പറങ്കിമാംകൂട്ടം | ✓ | | | | | 24 |
| 12. പാറശ്ശേരി കോളനി | | | | | ✓ | 16 |
| 13. അറുന്നൂറ്റിമംഗലം | | | | ✓ | | 33 |
| 14. വെട്ടോലിലൻ കോളനി | ✓ | | | | | 26 |
| ആകെ | 5 | 2 | 1 | 1 | 5 | 399 |
| മൊത്തം കോളനികളുടെ എണ്ണം 14 | | | | | | |

വധി പ്രയോജനപ്പെടുത്താൻ ഇവരെ പ്രാപ്തരാക്കണം.

**തൊഴിൽ**

പട്ടിക ജാതി വിഭാഗങ്ങൾ മറ്റുപ്രദേശങ്ങളിലെപ്പോലെ ഇവിടെയും കർഷക തൊഴിലാളികളായിരുന്നു. പകലന്തിയോളം പണിയെടുത്ത് അർദ്ധപട്ടിണിക്കാരായി കഴിഞ്ഞവരാണ്. എന്നാൽ സംഘടിത വ്യവസായ വളർച്ചയുടെ ഫലമായി പരമ്പരാഗത തൊഴിൽ രംഗങ്ങളിൽ നിന്നും പിന്മാറി ബഹുഭൂരിപക്ഷവും കശുവണ്ടി രംഗത്തായി. വ്യവസായ തകർച്ചയും കൂലിക്കുറവും കൊണ്ട് കയർ രംഗത്തുണ്ടായിരുന്നവർ പോലും കശുവണ്ടി, സാമിൽ, തീപ്പെട്ടി എന്നീ രംഗങ്ങളിലേക്ക് മാറി.

കാർഷിക രംഗത്ത് ഭാഗികമായി മാത്രമേ തൊഴിൽ ലഭിക്കുന്നുള്ളു. കാർഷിക രംഗത്ത് ഇവരെ ഉറപ്പിച്ച് നിർത്തണമെന്നുണ്ടെങ്കിൽ ആരംഗത്ത് കൂടുതൽ തൊഴിൽ സാധ്യതയും സേവന വേതന രംഗത്ത് മാറ്റങ്ങളും ആവശ്യമാണ്.

**പാർപ്പിടം**

കോളനികളിലും ലക്ഷം വീടുകളിലും താമസിക്കുന്നവർ മിക്കവാറും ഓടിട്ടവീടുകളിലാണ്. ചെറ്റപ്പുരകളിൽ നിന്ന് മാറ്റം ആഗ്രഹിക്കുന്ന ഒറ്റപ്പെട്ടുകഴിയുന്ന നിരവധി കുടുംബങ്ങൾ ഉണ്ട്. ലഭ്യമായ കണക്കുകൾ അനുസരിച്ച് 60 ൽ അധികം ഭൂരഹിത-ഭവന രഹിതർ ഈ പഞ്ചായത്തിലുണ്ട്. പട്ടിക ജാതി പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ, തൃതല പഞ്ചായത്ത് എന്നിവയിലൂടെ ഇവർക്ക് ഭൂമിയും വീടും നൽകേണ്ടതാണ്. കോർപ്പറേഷൻ ഇന്നു നൽകുന്ന ഭൂമിയുടെ വില, വർദ്ധിച്ചുവരുന്ന ഭൂമിയുടെ വിലയുമായി തട്ടിച്ചു നോക്കിയാൽ അപര്യാപ്തമാണെന്ന് കാണാം.

കോളനികളിൽ അല്ലാതെ ഒറ്റപ്പെട്ടുകഴിയുന്ന കുടുംബങ്ങൾ വിവിധ ഏജൻസികളിൽ നിന്നും വായ്പ എടുത്ത് കടക്കെണിയിൽ പെട്ടിട്ടുണ്ട്. അതുപോലെ സർക്കാർ ഏജൻസികൾ നൽകുന്ന തുക അപര്യാപ്തമായതുകൊണ്ട് വീട് നിർമ്മാണം അപൂർണ്ണമായി കിടക്കുന്ന അവസ്ഥയുമുണ്ട്.

പഞ്ചായത്തിൽ പൂർണ്ണ സാനിറ്റേഷൻ നടപ്പാക്കി വരുകയാണ്. കക്കൂസ്സില്ലാത്ത വീടുകളും കോളനികളുമുണ്ട്. ഇപ്പോൾ ലഭിക്കുന്ന 2000 രൂ

പ കൊണ്ട് കക്കൂസ് നിർമ്മാണം പൂർത്തിയാക്കാൻ കഴിയില്ല. ശുചീകരണത്തിന്റെ അഭാവം മൂലം ക്ഷയരോഗം തുടങ്ങിയ മാരക രോഗങ്ങൾ കോളനി പ്രദേശങ്ങളിൽ സാധാരണമാണ്. കുഴിങ്കണ്ടം പോലുള്ള കോളനികളിൽ കെട്ടിക്കിടക്കുന്ന മലിന ജലം ഒഴുക്കിവിടാൻ ആവശ്യമായ ഓടകൾ പോലുമില്ല. കുടിവെള്ളത്തിന്റെ കാര്യത്തിലും കോളനി നിവാസികൾ ദയനീയാവസ്ഥയിലാണ്. വലിയമാഠം, കെ. പി. നഗർ. ചാത്തിനാംകുളം, വടക്കേക്കര കോളനി, കേശവനഗർ ലക്ഷംവീട്, എ. കെ. ജി. നഗർ,മംഗലത്തു ലക്ഷംവീട് എന്നിവിടങ്ങളിൽ വരൾച്ചതുടങ്ങിക്കഴിഞ്ഞാൽ കുടിവെള്ളപോലും കിട്ടാതാകും. കുഴിങ്കണ്ടം, മങ്ങാട് കായൽ വാരം, കിളികൊല്ലൂർ തോടിന്റെ കര, തുടങ്ങിയ സ്ഥലങ്ങളിൽ ഓരു ജലമായതുകൊണ്ട് അവിടേയും ശുദ്ധജലം കിട്ടുന്നില്ല.

| വാർഡു | പേര് | വീടുകൾ | ഓല | ഓട് | കോൺക്രീറ്റ് | വൈദ്യുതീകരിച്ചത് | വാട്ടർ സപ്ലൈ |
|---|---|---|---|---|---|---|---|
| 1 | കെ. പി. നഗർ(എച്ച്. സി.) | 17 | 10 | 7 | - | 9 | |
| 2 | എ. കെ. ജി. നഗർ | 10 | 3 | 7 | - | 5 | |
| 2. | ചാത്തിനാംകുളം | 55 | 20 | 35 | - | 35 | |
| 4. | ചാമുണ്ടി | 17 | 6 | 11 | - | 7 | |
| 4. | മങ്ങാട് വടക്കേക്കര | 15 | 9 | 6 | - | 11 | |
| 8. | മാന്ത്രികപ്പുറം (എച്ച്. സി) | 19 | 2 | 15 | 2 | 17 | |
| 8. | വെട്ടോലിൽ | 26 | 11 | 14 | 1 | 2 | |
| 10. | ചാമ്പക്കുളം | 20 | 14 | 6 | - | - | |
| 10. | പറങ്കിമാംകൂട്ടം | 24 | 16 | 8 | - | 9 | |
| 11. | പാറശ്ശേരിക്കോളനി | 16 | 11 | 5 | - | 12 | |
| 11. | മാലിക്കര (വിലിയമാഠം) | 32 | 19 | 13 | - | | |
| 12. | കുഴിങ്കണ്ടം | 75 | 13 | 60 | 2 | 21 | |
| 13. | അറുന്നൂറ്റിമംഗലം | 33 | 18 | 15 | - | 21 | |
| 15. | കുന്നത്തു ഭാഗം | 40 | 6 | 28 | 6 | 32 | |
| | ആകെ. | 399 | 358 | 230 | 11 | 202 | |

മറ്റുകോളനികൾ

| പേര് | കുടുംബങ്ങൾ | വൈദ്യുതീകരിച്ചത് | വൈദ്യുതീകരിക്കാത്തത് | വാട്ടർസപ്ലൈ |
|---|---|---|---|---|
| 1. മംഗലത്തു ലക്ഷംവീട് | 8 | 8 | - | ഇല്ല |
| 2. ആനന്ദവിലാസം കോളനി | 10 | 6 | 4 | ഇല്ല |
| 3. നാണിയമ്മ നഗർ ലക്ഷംവീട് | 6 | 6 | - | - |
| 4. കേശവൻനഗർ | 7 | 7 | - | ഇല്ല |
| 5. അഴീക്കോടന നഗർ | 10 | 10 | - | ഇല്ല |
| ആകെ | 41 | 31 | 4 | - |

പ്രശ്നങ്ങൾ

1. വിദ്യാഭ്യാസ രംഗം പ്രത്യേകം ശ്രദ്ധിക്കുന്നില്ല. ഇടയ്ക്കുവെച്ചുള്ള കൊഴിഞ്ഞുപോക്ക് വർദ്ധിക്കുന്നു.
2. നാമമാത്ര കർഷകരുടെ തൊഴിൽ സാദ്ധ്യത കുറയുന്നു.
3. പട്ടിക ജാതി – പട്ടിക വർഗ്ഗ കുടുംബങ്ങളിൽ പലർക്കും ഇപ്പോഴും വാസയോഗ്യമായ വീടുകൾ ഇല്ല.
4. ഭൂമിയില്ലാത്തവരും നിരവധിയുണ്ട്.
5. വിവിധ ഏജൻസികൾ വഴി ലഭിക്കുന്ന സാമ്പത്തിക സഹായം വീട് വെയ്ക്കുന്നതിന് പര്യാപ്തമല്ല.
6. കോളനികളിൽ പ്രാഥമിക സൗകര്യങ്ങൾ കുറവാണ്.
7. കുടിവെള്ളം എല്ലാകാലങ്ങളിലും ലഭിക്കുന്നില്ല.
8. ശുചീകരണത്തിന്റെ അഭാവം മൂലം രോഗങ്ങൾ വർദ്ധിക്കുന്നു.
9. താഴ്ന്ന പ്രദേശങ്ങളിൽ മലിനജലം കെട്ടിക്കി

ടക്കുകയും വർഷകാലത്ത് വെള്ളപൊക്കം മൂലം കെടുതികൾ ഉണ്ടാകുകയും ചെയ്യുന്നു.

10. പാവപ്പെട്ടവരുടെ ചികിത്സക്കും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം ലഭിക്കുന്നില്ല.
11. ഐ. ആർ. ഡി. പി., ഐ. എ. വൈ., ജെ. ആർ. വൈ. പി. എം. ആർ. വൈ. എന്നീ പദ്ധതികൾ വേണ്ടരീതിയിൽ പ്രയോജനപ്പെടുന്നില്ല.
12. പട്ടിക ജാതി – പട്ടിക വർഗ്ഗവികസന കോർപ്പറേഷൻ അഭ്യസ്തവിദ്യരായ വ്യവസായ സംരംഭകർക്ക് നൽകുന്ന വായ്പകളും ഗ്രാന്റുകളും ലക്ഷ്യം നേടുന്നില്ല.
13. വിവിധ ഏജൻസികൾ മുഖേന നടത്തുന്ന ക്ഷേമ പ്രവർത്തനങ്ങളെക്കുറിച്ചുള്ള അറിവില്ലായ്മ.
14. ഭാവിയെക്കുറിച്ചുള്ള ദീർഘവീക്ഷണമില്ലായ്മ.

പരിഹാരങ്ങൾ

1. വാട്ടർ സപ്ലൈ സ്കീം നടപ്പിലാക്കാത്ത കോളനികളിൽ അത് നടപ്പിലാക്കണം. ലോകബാങ്കിന്റെ സഹായത്തോടെയുള്ള പൈപ്പ്ലൈൻ എല്ലാകോളനികളിലേയ്ക്കും എത്തിക്കുക. കഴിയാത്തിടത്ത് കുഴൽകിണർ സ്ഥാപിക്കണം.
2. വൈദ്യൂതീകരിക്കാത്ത ഹരിജൻ വീടുകളും കോളനികളും എത്രയും പെട്ടെന്ന് വൈദ്യൂതീകരിക്കണം.
3. കാർഷിക മേഖല വിപുലപ്പെടുത്തി തൊഴിൽ സാധ്യത വർദ്ധിപ്പിക്കുക.
4. അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് വ്യാവസായിക പരിശീലനം നൽകി കുടിൽ വ്യവസായങ്ങളും ചെറുകിട വ്യവസായങ്ങളും നടത്താൻ പ്രാപ്തരാക്കുക.
5. സ്വാശ്രയ പഞ്ചായത്ത് പദ്ധതിയിൽപ്പെടുത്തി അനുവദിക്കപ്പെട്ട രണ്ട് വ്യവസായങ്ങൾക്കും വായ്പ പൂർണ്ണമായും കൊടുക്കുന്നതിന് നടപടി സ്വീകരിക്കുക.
6. ഹരിജൻ യുവതീ യുവാക്കൾക്ക് ഇലക്ട്രോണിക്സ് ഉപകരണങ്ങൾ, പ്ലാസ്റ്റിക് ഉല്പന്നങ്ങൽ, കയർ ഉല്പന്നങ്ങൾ റെഡിമെയ്ഡ് വസ്ത്രങ്ങൾ എന്നിവ നിർമ്മിക്കാനും വിപണനം നടത്താനും ആവശ്യമായ പരിശീലനം നൽകുക.
7. ഇപ്പോൾ വാടകകെട്ടിടത്തിൽ പ്രവർത്തിക്കുന്ന ഹരിജൻ സഹകരണ സംഘത്തിനും, ഹരിജൻ വനിതാ സഹകരണ സംഘത്തിനും കെട്ടിടം നിർമ്മിക്കുവാൻ അഞ്ചുസെന്റ് സ്ഥലമോ സ്ഥലം വാങ്ങാനുള്ള പണമോ അനുവദിക്കണം. കെട്ടിടം നിർമ്മിച്ചുകൊടുക്കണം.
8. വീടില്ലാത്തവർക്ക് വീട് വച്ച്കൊടുക്കുക.
9. ഭൂമിയ്ക്കും വീടിനുംവേണ്ടിയുള്ള സാമ്പത്തിക സഹായം വർദ്ധിപ്പിക്കുക.
10. ലക്ഷംവീട് കോളനികളിലെ ഒന്നിച്ചു ചേർന്നുള്ള വീടുകൾ വിഭജിച്ച് ഒറ്റവീടുകൾ വീതമാക്കുക.
11. ലക്ഷംവീട് കോളനികളിലും മറ്റുകോളനികളിലുമുള്ള വീടുകളുടെ മെയ്ന്റനൻസ് അടിയന്തിരമായി നടത്തുക.
12. പട്ടിക ജാതിക്കോളനികളിൽ അങ്കണവാടികളും നഴ്സറി സ്കൂളുകളും സ്ഥാപിക്കുക.
13. ഓരോ കോളനികളേയും കേന്ദ്രീകരിച്ച് നിശാപാഠശാലകൾ സ്ഥാപിച്ച് കുട്ടികൾക്ക് ട്യൂഷനും കൊഴിഞ്ഞുപോയവർക്ക് തുടർ വിദ്യാഭ്യാസവും നൽകുക.
14. കോളനികളിൽ വായനശാല സ്ഥാപിക്കുക.
15. എസ്. എസ്. എൽ. സിക്കും. അതിനു മുകളിലും പഠിക്കുന്നവർക്ക് സ്കോളർഷിപ്പുകൾ ഏർപ്പെടുത്തുക്.
16. പട്ടിക കോളനികളിൽ ബോധവത്ക്കരണ ക്ലാസ്സുകൾ നടത്തുക, ടി. വി. സെറ്റുകൾ സ്ഥാപിക്കുക.
17. മാലിക്കര (വലിയമാഠം) കോളനിയുടെ പടിഞ്ഞാറുവശം കരിങ്കൽ ഭിത്തികെട്ടി വെള്ളപ്പൊക്ക ഭീക്ഷണിയിൽ നിന്നും സംരക്ഷണം ഉറപ്പുവരുത്തുക.
18. കിളികൊല്ലൂർ പഞ്ചായത്തിലെ എല്ലാ പട്ടിക ജാതി കോളനികളിലേയും, ലക്ഷംവീടുകോ

ളനികളിലേയും, പട്ടിക ജാതിക്കാർ തിങ്ങിപ്പാർക്കുന്ന പ്രദേശങ്ങളിലേയ്ക്ക് റോഡ്കൾ നിർമ്മിച്ചും ഉള്ളവ ടാർ ചെയ്തും ഗതാഗത സൗകര്യം വർദ്ധിപ്പിക്കുക.

19. കുഴിങ്കണ്ടം കോളനിയിലെ റോഡു പണി അടിയന്തിരമായി പൂർത്തിയാക്കുക.

20 കോളനി പ്രദേശങ്ങളിലെ മണ്ണൊലിപ്പ് നടയാൻ സത്വര നടപടി സ്വീകരിക്കുക.

21. പറങ്കിമാംകൂട്ടം കോളനിയിലെ കുടിവെള്ള ക്ഷാമം പരിഹരിക്കാൻ ഒരു കുഴൽ കിണർ സ്ഥാപിക്കുക.

22. അംഗീകാരത്തനുവേണ്ടി അപേക്ഷിച്ചിട്ടുള്ള കരിക്കോട് സി. 'കരാമൂല കോളനിയായി' അംഗീകരിച്ച് ഉത്തരവ് ആകുക.

23. താഴെപ്പറയുന്ന പുതിയതായി അംഗീകരിക്കാൻ കഴിയുന്ന (യോഗ്യതയുള്ള) കോളനികൾക്ക് അംഗീകാരം നൽകാനുള്ള നടപടി സ്വീകരിക്കുക.

മങ്ങാട്- പള്ളിപടിഞ്ഞാറ്റതിൽ കോളനി

മങ്ങാട്- മണലിൽ കായൽ വാരം കോളനി

അറുന്നൂറ്റിമംഗലം- പള്ളിക്കൂടം വിള കോളനി

അറുന്നൂറ്റിമംഗലം എ.- മലക്കംവിള കോളനി

കരിക്കോട് എ.- കുറ്റിവിള കോളനി

കരിക്കോട് എ.- എസ്. പി. നഗർ കോളനി

കരിക്കോട് ബി. പാമ്പാലിൽ കോളനി

കോളേജ് വാർഡിൽ -കുന്നുംപുറത്ത് കോളനി

കോളേജ് വാർഡിൽ- രായരുമുക്ക് കോളനി

കന്നിമേൽ എ.- കാവനാട് കോളനി

കന്നിമേൽ ബി. - ആനന്ദവിലാസം കോളനി

കന്നിമേൽ ഡി.- കണ്ടോലി വയലിൽ കോളനി

24. കോളനികൾ തോറും മെഡിക്കൽ ക്യാമ്പുകൾ നടത്തുക. മാറാരോഗങ്ങൾ ഉള്ളവരെ വിദഗ്ദ്ധ ചികിത്സയ്ക്ക് വിധേയരാക്കുക.

25. സർവ്വോപരി പട്ടിക ജാതി-പട്ടിക വർഗ്ഗക്കാരുടെ സാമ്പത്തിക, സാമൂഹ്യ, സാംസ്കാരിക വളർച്ച രാഷ്ട്രത്തിന്റെ വളർച്ചയായിക്കണ്ട്. എല്ലാ ഡിപ്പാർട്ടുമെന്റുകളുടേയും നിർമ്മാണ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുവാൻ ഗ്രാമപഞ്ചായത്ത് ദത്ത ശ്രദ്ധമാണ്.

| വാർഡു | പേര് | വീടുകൾ | ഓല | ഓട് | കോൺക്രീറ്റ് | ഭൂമിയുണ്ടെങ്കിലും വീടില്ലാത്തവർ | ഭൂരഹിത ഭവന രഹിതർ | വൈദ്യുതീകരിച്ചത് | വൈദ്യുതീകരിക്കാത്തത് | വാട്ടർ സപ്ലൈ |
|---|---|---|---|---|---|---|---|---|---|---|
| 1 | കരിക്കോട് എ. | 76 | 38 | 38 | - | 37 | 42 | 29 | 47 | - |
| 2 | കരിക്കോട് ബി. | 75 | 35 | 40 | - | 50 | 40 | 28 | 47 | - |
| 3 | കരിക്കോട് സി. | 150 | 50 | 100 | - | 25 | 25 | 110 | 40 | - |
| 4 | മങ്ങാട് | 100 | 49 | 51 | - | 10 | 25 | 68 | 32 | - |
| 5 | അറുന്നൂറ്റിമംഗലം ബി. | 22 | 5 | 15 | 2 | 7 | 10 | 12 | 10 | - |
| 6 | അറുന്നൂറ്റിമംഗലം എ. | 20 | 5 | 15 | - | 4 | 5 | 10 | 10 | - |
| 7 | അറുന്നൂറ്റിമംഗലം സി. | 34 | 4 | 28 | 2 | 5 | 5 | 25 | 5 | - |
| 8 | കന്നിമേൽ എ. | 37 | 20 | 10 | 7 | 5 | 10 | 27 | 10 | - |
| 9 | കിളികൊല്ലൂർ എ. | 50 | 20 | 30 | - | 35 | 30 | 20 | 30 | - |
| 10 | കോളേജ് വാർഡ് | 28 | 18 | 8 | 2 | 5 | 10 | 10 | 18 | - |
| 11 | കിളികൊല്ലൂർ ബി. | 35 | 18 | 14 | 3 | 8 | 6 | 27 | 8 | 2 |
| 12 | കിളികൊല്ലൂർ സി | 67 | 32 | 33 | 2 | 15 | 14 | 45 | 22 | - |
| 13 | കന്നിമേൽ ബി | 48 | 30 | 17 | 1 | 18 | 24 | 30 | 17 | - |
| 14 | കന്നിമേൽ സി | 20 | 15 | 5 | 1 | 8 | 24 | 14 | 6 | - |
| 15 | കന്നിമേൽ ഡി | 33 | 4 | 28 | 1 | 10 | 15 | 17 | 16 | - |

# 5.12 വിഭവസമാഹരണം

### സന്നദ്ധസേവനവും മൂലധന നിക്ഷേപവും

സാക്ഷരതാ പ്രസ്ഥാനത്തിലെന്നപോലെ സന്നദ്ധസേവനമാണ് ജനകീയാസൂത്രണ പ്രസ്ഥാനത്തിന്റേയും ജീവൻ. യാതൊരു പ്രതിഫലവും പറ്റാതെ ഒരു ലക്ഷത്തിലേറെ യുവാതീയുവാക്കൾക്ക് നിരക്ഷരരെ അക്ഷരം പഠിപ്പിക്കുന്നതിന് മാസങ്ങൾ ചിലവഴിക്കാൻ കഴിഞ്ഞെങ്കിൽ അതിലെത്രയോ കൂടുതൽ ആളുകളെ ഈ പുതിയ വികസന സാക്ഷരതാ പ്രസ്ഥാനത്തിൽ അണിനിരത്താനാവും.

ഇപ്രകാരം വൻതോതിൽ സന്നദ്ധപ്രവർത്തനം സംഘടിപ്പിക്കുന്നത് കൂലി വേലക്കാരുടെ താല്പര്യങ്ങളെ പ്രതികൂലമായി ബാധിക്കുകയില്ലേയെന്ന് സംശയിക്കുന്നവരുണ്ടാകും. ഇത് ഒരു തെറ്റിദ്ധാരണ മാത്രമാണ്. കൂലിവേലയുടെ അടിസ്ഥാനത്തിൽ ഒരിക്കലും ചെയ്യാൻ മുൻകൈ ഉണ്ടാകാൻ സാദ്ധ്യതയില്ലാത്ത സാമൂഹിക സാമ്പത്തിക പശ്ചാത്തല സൗകര്യങ്ങൾ സൃഷ്ടിക്കുന്നതിനാണ് സന്നദ്ധപ്രവർത്തനത്തെ വിനിയോഗിക്കുക.

ഇവയുടെ നിർമ്മാണം നിക്ഷേപത്തിനും ഉൽപ്പാദന വർദ്ധനവിനും അനുകൂലമായ ഒരു അന്തരീക്ഷം സൃഷ്ടിക്കുക വഴി കൂടുതൽ തൊഴിൽ അവസരങ്ങൾ ഉൽപ്പാദന തുറകളിൽ സൃഷ്ടിക്കുകയാണ് ചെയ്യുക. ജനങ്ങളുടെ സാമൂഹിക ബോധത്തെയും ദേശാഭിമാന ബോധത്തെയും തട്ടിയുണർത്താൻ കഴിഞ്ഞാൽ മാത്രമേ ഈ ലക്ഷ്യം കൈവരിക്കാനാകൂ.

### സന്നദ്ധസേവനം നമ്മുടെ പഞ്ചായത്തിൽ

സന്നദ്ധ സേവനത്തിന്റെ കാര്യത്തിൽ കിളികൊല്ലൂർ പഞ്ചായത്തിന് അഭിമാനിക്കാൻ വകയുണ്ട്. ജനകീയ ആസൂത്രണത്തെക്കുറിച്ച് ചിന്തിക്കുന്നതിന് വർഷങ്ങൾക്കുമുമ്പ് തന്നെ നൂറുകണക്കിന് തൊഴിൽ ദിനങ്ങളും ലക്ഷക്കണക്കിന് രൂപയും സൗജന്യമായി സംഭാവനകൾ നൽകി നിരവധി റോഡുകളും അംഗൻവാടി കെട്ടിടങ്ങളും നിർമ്മിച്ച ചരിത്രം പഞ്ചായത്തിനുണ്ട്. പുതിയ പഞ്ചായത്ത് അധികാരത്തിൽ വന്ന ശേഷവും ആവേശകരമായ ഇത്തരം സംരംഭങ്ങൾ നമ്മുടെ പഞ്ചായത്തിൽ നടന്നിട്ടുണ്ട്.

ശരിയായി ആസൂത്രണം ചെയ്യുന്ന പ്രവർത്തന മേഖകളിൽ സന്നദ്ധ പ്രവർത്തനത്തെ വിനിയോഗിച്ചാൽ കൂടുതൽ മൂലധന നിക്ഷേപത്തിനും ഉൽപ്പാദന വർദ്ധനവിനും അനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ കഴിയും. നമ്മുടെ വികസന രംഗത്തെ പ്രധാന പ്രതിസന്ധി മൂലധന നിക്ഷേപത്തിന്റെ കുറവാണ്.

### കശുവണ്ടി-കയർ രംഗത്തെ പ്രതിസന്ധി

കശുവണ്ടി രംഗത്തെ ഉയർച്ചയും താഴ്ചയും പഞ്ചായത്തിന്റെ ജനജീവിതത്തിലും പ്രതിഫലിക്കുന്നു. കഴിഞ്ഞരണ്ടു വർഷമായി 100 ദിവസത്തിലധികം പ്രവർത്തിച്ച ഫാക്ടറികൾ വിരലിലെണ്ണാവുന്നത് മാത്രമാണ്. കയർ വ്യവസായവും പ്രതിസന്ധിയിലാണ്. കാർഷിക രംഗം വളരെ വേഗതയിൽ പിന്നോട്ട് അടിക്കുകയാണ്. ഇതെല്ലാം ചേർന്ന് സാമ്പത്തിക രംഗത്തെ തകർച്ചയിലാക്കിയിരിക്കുന്നു. ഈ തകർച്ചയിൽ നിന്നും കര കയറണമെങ്കിൽ കാർഷിക വ്യാവസായിക രംഗത്തെ പുനരുജ്ജീവിപ്പിക്കണം. കാർഷിക വ്യാവസായിക പുരോഗതിക്ക് പ്രതിബന്ധമായി നിൽക്കുന്ന എല്ലാറ്റിനെയും തട്ടിമാറ്റണം. പ്രതിബന്ധങ്ങളിൽ പ്രധാനം സമ്പത്തിന്റെ അപര്യാപ്തതയാണ്.

### പഞ്ചായത്തിന്റെ വരവും ചെലവും

സ്പെഷ്യൽ ഗ്രേഡ് വിഭാഗത്തിൽ പെട്ട നമ്മുടെ പഞ്ചായത്തിന്റെ 94-95 ലെ വരവ് 3592135 രൂപയും ചെവല് 3604458.90 രൂപയുമാണ്. വിവിധ തരത്തിലുള്ള നികുതികൾ, ലൈസൻസ് ഫീസ്, പഞ്ചായത്തുവക സ്വത്തുക്കളിൽ നിന്നുള്ള വരവ് വാടക ഇവയൊക്കെ പ്രധാന വരവിനങ്ങളാണ്. കൂടാതെ സർക്കാർ വക ഗ്രാന്റുകളും ഇതിൽപെടും. ഇങ്ങനെ കിട്ടുന്ന മുഴുവൻതുകയും വിനിയോഗിക്കുന്നത് ഭരണ നിർവ്വഹണം, പൊതുമരാമത്ത്, വിദ്യാഭ്യാസം, ജലവിതരണം, ഓടകൾ, ആരോഗ്യം തെരുവ് വിളക്കുകൾ കത്തിക്കുക തുടങ്ങിയ ആവശ്യങ്ങൾക്കാണ്. ചുരുക്കത്തിൽ ലക്ഷക്കണക്കിന് രൂപ ഭരണ നിർവ്വഹണത്തിനും സാമൂഹ്യ ക്ഷേമപ്രവർത്തനങ്ങൾക്കും മാത്രമായി വർഷംതോറും വിനിയോഗിക്കപ്പെടുന്നു. പ്രദേശത്തിന്റെ വികസനത്തിന്റെ അടിസ്ഥാനമായ

കാർഷിക രംഗത്തോ, വ്യാവസായിക രംഗത്തോ ഈ പണത്തിന്റെ ഒരു ഭാഗം പോലും ചെലവഴിക്കപ്പെടുന്നില്ല. ഈ രണ്ടുരംഗത്തും സ്വതന്ത്രമായി ഇടപെടാനുള്ള അവസരം പഞ്ചായത്തിന് ലഭിച്ചാൽ തീർച്ചയായും വലിയമാറ്റം ഉണ്ടാകുമെന്ന കാര്യത്തിൽ സംശയം വേണ്ട.

പഞ്ചായത്ത് മേഖലയിൽ നിന്നും സർക്കാർ പിരിച്ചെടുക്കന്ന നിരവധി നികുതികൾ ഉണ്ട്. സ്റ്റാമ്പ് ഡ്യൂട്ടി, വാഹന നികുതി, എന്നിവ ഇതിൽ പെടും സർക്കാര പിരിച്ചെടുക്കുന്ന ഈ നികുതികളിൽ പഞ്ചായത്തിന്റെ വിഹിതം വർഷങ്ങൾ കഴിഞ്ഞാണ് ലഭിക്കുന്നത്. മാത്രമല്ല കൂടുതൽ സ്വാധീനം സർക്കാരിൽ ചെലുത്താൻ കഴിയുന്ന പഞ്ചായത്തുകൾക്ക് കൂടുതൽ വിഹിതം (ഗ്രാന്റ്) ലഭിക്കുന്നു. ശാസ്ത്രീയമല്ലാത്ത ഈ സമ്പ്രദായത്തന് പകരം നികുതികൾ പിരിക്കുന്ന മേഖലയിൽ വച്ചു തന്നെ ഗ്രാന്റുകൾ പഞ്ചായത്തിനു കൈമാറാനുള്ള തീരുമാനം ഉണ്ടാകണം. പഞ്ചായത്തിന്റെ തനതു വരുമാനങ്ങൾ വിവിധ തരത്തിലുള്ള നികുതികളാണ്. കെട്ടിട നികുതി തൊഴിൽ നികുതി വിനോദ നികുതി ലൈസൻസ് ഫീസ് എന്നിവയണ് പ്രധാനപ്പെട്ടവ.

## നിലവിലുള്ള നികുതികളും പുതിയ ചില നിർദ്ദേശങ്ങളും

നിലവിലുള്ള വ്യവസ്തയിലെ ഒരു പോരായ്മ നികുതി നിർണ്ണയിക്കുന്ന രീതിയാണ്. ഓരോ വീടിന്റെയും നിർമ്മാണ ചെലവിനെ അടിസ്ഥാനപ്പെടുത്തി നികുതി അസസ്സ് ചെയ്യുന്നതായിരുക്കും ഉചിതം ഇതിന് സ്ലാബ് ആവിശ്കരിക്കാവുന്നതാണ്. നമ്മുടെ പഞ്ചായത്തിൽ പെർമിഷൻ വാങ്ങാതെ വർഷങ്ങൾക്കുമുമ്പ് കെട്ടിയ നിരവധി വീടുകളുണ്ട്. ഇവയ്ക്കൊന്നിനും നികുതി അസസ്സ്മെന്റ് നടത്തിയിട്ടില്ല. അതുകൊണ്ടുതന്നെ പഞ്ചായത്തിന് കിട്ടേണ്ടുന്ന വലിയൊരു തുക നഷ്ടപ്പെട്ടിട്ടുണ്ട് നിശ്ചിത കാലയളവിന് മുമ്പ് വച്ച എല്ലാ വീടുകൾക്കും കെട്ടിടങ്ങൾക്കും നികുതി നിശ്ചയിച്ച് കൊടുക്കണം.

## വിനോദ നികുതി

പഞ്ചായത്ത് മേഖലയിൽ 4 സിനിമാ തീയേറ്ററുകൾ പ്രവർത്തിക്കുന്നു ഇവയിൽ നിന്നും പഞ്ചായത്തിന് കിട്ടേണ്ട നികുതി കൃത്യാമായി ലഭിക്കുന്നുണ്ടോ എന്ന് പരിശേധിക്കണം ഇല്ലെങ്കിൽ നികുതി പൂർണ്ണമായി പിരിച്ചെടുക്കുന്നതിന് നടപടി സ്വീകരിക്കണം.

## പരസ്യ നികുതി

നമ്മുടെ പഞ്ചായത്തിന്റെ വിവിധ പ്രദേശങ്ങളിലും കരിക്കോട് മൂന്നാംകുറ്റി കല്ലുംതാഴം രണ്ടാംകുറ്റി എസ്. വി. ടാക്കീസ് ജംഗ്ഷൻ തുടങ്ങിയ ഭാഗങ്ങളിലും കൊല്ലം-ചെങ്കോട്ട റോഡിന്റെ വശങ്ങളിലും വൻകിട കമ്പനികളുടെ നിരവധി കൂറ്റൻ പരസ്യ ബോർഡുകളും ചുവരെഴുത്തുകളുമുണ്ട്. ഇവയ്ക്ക് പരസ്യനികുതി ഏർപ്പടുത്താവുന്നതാണ്.

## ലൈസൻസ് ഫീസ്

ചെറുകിട വ്യവസായങ്ങൾക്ക് ലൈസൻസ് നൽകാനുള്ള നടപടിക്രമങ്ങൾ കൂടുതൽ ലഘൂകരിക്കണം. വ്യവസായം തുടങ്ങാൻ ഇറങ്ങിയത് ഒരു തെറ്റായിപോയി എന്ന് സംരംഭകന് തോന്നരുത്. നമ്മുടെ പഞ്ചായത്തിൽ നിരവധി ചെറുകിട യൂണിറ്റുകൾ ലൈസൻസ് ഇല്ലാതെ പ്രർത്തിക്കുന്നുണ്ട്. പഞ്ചായത്തിലെ മുഴുവൻ ഇത്തരം ചെറുകിട യൂണിറ്റുകളെയും കണ്ടെത്തി ചെറിയൊരു ഫീസ് ഈടാക്കണം. പഞ്ചായത്തിലെ ഉദ്യോഗസ്ഥർ നികുതി പിരിക്കാൻ പോകുന്നത് ജോലിയുള്ള ദിവസങ്ങളിലാണ്. എന്നാൽ ഈ ദിവസങ്ങളിൽ ചെന്നാൽ ഉത്തരവാദപ്പെട്ട ആരുംതന്നെ വീടുകളിൽ കാണില്ല. അതുകൊണ്ടുതന്നെ സാമ്പത്തിക വർഷം കഴിഞ്ഞാലും 50 ശതമാനം നികുതിപോലു പിരിച്ചെടുക്കാൻ കഴിയുന്നില്ല. ഇതിന് ഒരു പരിഹാരം എന്ന നിലയിൽ ഗ്രാമസഭകളിൽ നിന്നും ഉയർന്നു വന്ന ഒരു നിർദ്ദേശം വാർഡുതോറും നികുതി പിരിവ് ക്യാമ്പുകൾ നടത്തുക എന്നതാണ്. വർഷത്തിൽ രണ്ടോമൂന്നോ തവണ ഇത് നടത്തണം. ക്യാമ്പ് നടത്തുന്ന വിവരം മുൻകൂട്ടി ജനങ്ങളെ അറിയിക്കണം. കൂടുതൽ കുടിശ്ശിക വരുത്തിയിട്ടുള്ള നികുതിദായകരിൽ നിന്നും അത് പിരിച്ചെടുക്കാൻ ജനപ്രതിനിധികളുടെ സഹായവും തേടാവുന്നതാണ്.

പഞ്ചായത്ത് വക രണ്ടു മാർക്കറ്റുകൾ, മൂന്നാംകുറ്റിയിലെ ഷോപ്പിംഗ് കോംപ്ലക്സ്, കമ്മ്യൂണിറ്റിഹാൾ, ആമ്പുലൻസ് എന്നിവയിൽ നിന്നും പഞ്ചായത്തിന് വരുമാനം ലഭിക്കുന്നുണ്ട്. കരിക്കോട് പുതുതായി പണികഴിപ്പിക്കുവാൻ തീരുമാനിച്ചിട്ടുള്ള കല്യാണ മണ്ഡപംകൂടി പൂർത്തിയാകുമ്പോൾ ഒരു പുതിയ വരുമാന മാർഗ്ഗംകൂടി തുറന്നുകിട്ടും. കല്യാണ മണ്ഡപം നിർമ്മിക്കുന്ന സ്ഥ

ലത്തിന് സമീപത്തുള്ള 40 സെന്റ് സ്ഥലത്ത് ഒരു വർക്കിംഗ് വിമെൻസ് ഹോസ്റ്റൽ നിർമ്മിക്കാവുന്നതാണ്. ടി. കെ. എം. ആർട്ട്സ്, എൻജിനീയറിംഗ് കോളേജുകൾ, നിരവധി സർക്കാർ ഓഫീസുകൾ, കൊല്ലം നഗരത്തിന്റെ സാമിപ്യം ഇവയെല്ലം ഇതിന് അനുകൂല ഘടകങ്ങളാണ്. ആധാരമെഴുത്ത് ആഫീസുകൾ, ക്ലബ്ബുകൾ, ട്യൂഷൻ സെന്ററുകൾ എന്നിവയ്ക്കും പഞ്ചായത്തിൽ നിന്നും സർവ്വീസ് നടത്തുന്ന ആട്ടോറിക്ഷാ, ടാക്സികൾ, ലോറികൾ എന്നിവയ്ക്ക് പത്രം ഏജന്റുമാർ പഞ്ചായത്തിലുള്ള ബസുടമകൾ, എന്നിവർക്കും ചെറിയ ഒരു തുക ലൈസൻസ് ഫീസായോ, രജിസ്ട്രേഷൻ ഫീസായോ ചുമത്താവുന്നതാണ്. പഞ്ചായത്ത് ലൈസൻസ് എല്ലാ കടകൾക്കും നിർബന്ധമാക്കണം. സംസ്ഥാന സർക്കാർ, പഞ്ചായത്ത്, വ്യവസായത്തിൽ മുതൽ മുടക്കാൻ താല്പര്യമുള്ളവർ, ബാങ്കുകൾ എന്നിവയുടെ കൂട്ടായ സഹായത്തോട് വ്യാവസായി മേഖലയിൽ വമ്പിച്ച നിക്ഷേപങ്ങൾ നടത്താൻ ആകും. മത്സ്യകൃഷി, ആധുനിക കയർ ഫാക്ടറി, റബ്ബർതടി ഹാർഡ്വുഡ് ആക്കിമാറ്റുന്ന പ്രോസസിംഗ് യൂണിറ്റുകൾ, നമ്മുടെ നാട്ടിൽ സുലഭമായ കശുവണ്ടിത്തൊലി, അറക്കപ്പൊടി ഇവ അസംസ്കൃത വസ്തുക്കളായി ഉപയോഗിക്കുന്ന വ്യവസായങ്ങൾ, പെയിന്റ് നിർമ്മാണം എന്നീ മഖലകളിലിൽ മുതൽ മുടക്കുന്നത് ലാഭകരമാണ്.

കശുവണ്ടി ഗ്രാമമായ നമ്മുടെ പഞ്ചാത്തിനെ പ്രത്യേകമായി തെരഞ്ഞെടുത്തുകൊണ്ട് പഞ്ചായത്തിലെ എല്ലാ വീടുകളിലും ഏറ്റവും കുറഞ്ഞത് ഒരു കശുമാവെങ്കിലും വെച്ചുപിടിപ്പിക്കുന്ന ഒരു പദ്ധതി ആസൂത്രമണം ചെയ്യാവുന്നതാണ്, വസ്തുവിന്റെ ലഭ്യത അനുസരിച്ച് കൃഷിനടത്തണം. വഴിയോരങ്ങളിലും, റെയിൽവേ ലൈനിന്റെ ഇരുവശങ്ങളിലും, സർക്കാർ സ്ഥാപനങ്ങൾ, സ്കൂളുകൾ, അങ്കണവാടികൾ തുടങ്ങിയവടുടെ പരിസരത്തിലുമെല്ലാം നല്ലയിനം കശുമാവിൻ തൈകൾ ശാസ്ത്രീയമായി വെച്ച് പിടിപ്പിക്കണം. ഇതിനായി വാർഡ് അടിസ്ഥാനത്തിൽ കാർഷിക വിദഗ്ദ്ധരെയും ജനപ്രതിനിധികളെയും നാട്ടുകാരെയും ചേർത്തുള്ള സമിതികൾ രൂപീകരിക്കണം. ഇത് ശരിയായി ആസൂത്രണം ചെയ്ത് നടപ്പാക്കിയാൽ നമ്മുടെ പഞ്ചായത്തിൽ കാർഷിക വ്യവസായ രംഗത്ത് ഒരു കുതിച്ചു ചാട്ടം സൃഷ്ടിക്കാനാകും എന്ന കാര്യത്തിൽ സംശയമില്ല.

മേൽപ്പറഞ്ഞ കാര്യങ്ങൾ നടപ്പാക്കുന്നതുവഴി പഞ്ചായത്തിന്റെ സാമ്പത്തിക നില വളരെ ഭദ്രമാക്കാൻ കഴിയും.

### ധനകാര്യസ്ഥാപനങ്ങൾ

നമ്മുടെ പഞ്ചായത്തിൽ സ്റ്റേറ്റ് ബാങ്ക് ഓഫ് ട്രാവൻകൂറിന്റെയും കാത്തലിക്ക് സിറിയൻ ബാങ്കിന്റെയും ഓരോ ശാഖകളും രണ്ട് സഹകരണ ബാങ്കുകളും ഒരു ഹരിജൻ സഹകരണ ബാങ്കും നിലവിലുണ്ട്. കൂടാതെ നിരവധി സ്വകാര്യ പണമിടപാടു സ്ഥാപനങ്ങളും യാതൊരു ഈടുമില്ലാതെ വായ്പ നൽകുന്ന വ്യക്തികളുമുണ്ട്. സ്വകാര്യ സ്ഥാപനങ്ങളുടെയും വ്യക്തികളുടേയും കെണിയിൽ കുടുങ്ങാതെ ഒരു പരിധിവരെ സാധാരണക്കാരനെ സഹായിക്കുന്നത് സഹകരണ ബാങ്കുകളാണ്. എസ്. ബി. ടി. യുടേയും കാത്തലിക്ക് സിറിയൻ ബാങ്കിന്റേയും പ്രവർത്തനങ്ങൾ പഞ്ചായത്തിലെ ജനങ്ങൾക്ക് കുറേക്കൂടി പ്രയോജന പ്രദമാക്കണം. വ്യവസായ സംരംഭകരുടെ അഭിപ്രായത്തിൽ ബാങ്കുകളുടെ സമീപനം പ്രോത്സാഹജനകമല്ല.

### വിഭവച്ചോർച്ച

പൊതുമരാമത്ത് പണികൾ കോൺട്രാക്ടർമാരെ ഏൽപ്പിക്കുന്നതു വഴി അതിന്റെ ആയുർദൈർഘ്യം കുറയും. പുതുതായി ടാർ ചെയ്യുന്ന റോഡുകൾ ഒരു വർഷം പൂർത്തിയാകുന്നതിനു മുമ്പുതന്നെ പൊളിയാൻ തുടങ്ങുന്നു. തുടർച്ചയായി റിപ്പെയർ പണികൾ ചെയ്യേണ്ടിവരുന്നു. വർഷം തോറും ചെമ്മൺപാതകളിൽ മണ്ണിടീൽ നടത്തുന്നതുകൊണ്ട് യാതൊരു പ്രയോജനവും ലഭിക്കുന്നില്ല. മഴയത്ത് മണ്ണ് മുഴുവൻ ഒലിച്ചുപോകുന്നു. ഇതെല്ലാം പഞ്ചായത്ത് ഫണ്ടിന്റെ വ്യാപകമായ ചോർച്ചയ്ക്ക് ഉദാഹരണങ്ങളാണ്. മരാമത്ത് പണികൾ ജനകീയ സമിതികളെക്കൊണ്ട് ചെയ്യിക്കുകയും നടപടിക്രമങ്ങൾ ലഘൂകരിക്കുകയും ചെയ്താൽ ഫണ്ടു ചോർച്ച പൂർണ്ണമായും ഒഴിവാക്കാൻ കഴിയും.

### മനുഷ്യാദ്ധ്വാനം

ഈ അധ്യായത്തിൽ ആദ്യം സൂചിപ്പിച്ചതുപോലെ നമ്മുടെ പഞ്ചായത്തിലെ പ്രധാന വിഭവം മനുഷ്യദ്ധ്വാനമാണ്. എല്ലാ ബഹുജന-യുവജന സംഘടനകൾക്കും നിരവധി സാംസ്കാരിക സ്ഥാപനങ്ങൾക്കും സ്വാധീനമുള്ള പഞ്ചായത്താണ് നമ്മുടേത്. നാഷണൽ സർവ്വീസ് സ്കീമിനെ പോലെ പഞ്ചായത്ത് തലത്തിൽ സന്നദ്ധ സേവനത്തിന്

തയ്യാറുള്ളവരുടെ ഒരു സന്നദ്ധ തൊഴിൽ ദാന സേന രൂപീകരിക്കുന്നത് നന്നായിരിക്കും. ഓരോ വർഷവും മരാമത്ത് പണികൾ ചെയ്യാൻ അനുയോജ്യമായ കാലാവസ്ഥയുള്ള സമയത്ത് പത്തോപതിനഞ്ചോ ദിവസം നീണ്ടുനിൽക്കുന്ന പഞ്ചായത്തുതല ക്യാമ്പു സംഘടിപ്പിക്കണം. അതിനു വളരെ മുമ്പുതന്നെ അവരെ കൊണ്ടു ചെയ്യിക്കാൻ കഴിയുന്ന വർക്കുകളെ സംബന്ധിച്ച എല്ലാ തീരുമാനങ്ങളും നടപടിക്രമങ്ങളും പൂർത്തിയാക്കിയിരിക്കണം. ശരിയായി ആസൂത്രണം ചെയ്ത് നടപ്പിലാക്കിയാൽ വലിയ ഒരു വിഭവ സമാഹരണ പ്രസ്ഥാനമായി ഇതിനെ മാറ്റിയെടുക്കാം.

പട്ടിക 1
പഞ്ചായത്തിന്റെ പ്രധാനപ്പെട്ട വരവ് ഇനങ്ങൾ

| ഇനം | 1993–94 | 94–95 |
|---|---|---|
| 1. കെട്ടിട നികുതി | 314741.10 | 643230.25 |
| 2. തൊഴിൽ നികുതി | 228498.00 | 372745.00 |
| 3. ലാൻഡ് സെസ്സ് | 6933.00 | 2252.00 |
| 4. വസ്തുകൈമാറ്റനികുതി | 487928.00 | 481372.00 |
| 5. ജലനികുതി(25%) | 90000.00 | 50000.00 |
| 6. വിനോദ നികുതി | 297525.05 | 343764.00 |
| 7. കെട്ടിട വാടക | 36595.00 | 38497.00 |
| 8. ചന്തപ്പിരിവ് | 106220.00 | 156402.00 |
| 9. ലേലം | 4420.00 | 1651.90 |
| 10. ആംബുലൻസ് | 20284.70 | 19640.00 |
| 11. ലൈസൻസ് ഫീസ് | 109022.25 | 242532.25 |
| 12. കമ്മ്യൂണിറ്റി ഹാൾ | 6075.00 | 9451.00 |
| ആകെ | 1708242.10 | 2361537.40 |

പട്ടിക 2
പ്രധാന ചെലവിനങ്ങൾ

| ഇനം | 93–94 | 94–95 |
|---|---|---|
| 1. ഭരണം | 644819.00 | 750452.30 |
| 2. പൊതുമരാമത്ത് | 174623.90 | 497506.00 |
| 3. വിദ്യാഭ്യാസം | 69989.60 | 86629.85 |
| 4. പൊതുജനാരോഗ്യം | 106150.00 | 100426.45 |
| 5. വെളിച്ചം | 445110.00 | 398728.00 |
| 6. സാമൂഹ്യ ക്ഷേമം | 35860.00 | 80851.00 |
| ആകെ | 1476552.50 | 1914594.10 |

അവലംബം പഞ്ചായത്ത് രേഖകൾ

പട്ടിക 3
പൊതുസാമ്പത്തിക നില – 1993–94

| ഇനം | പൊതുകണക്ക് | മൂലധനക്കണക്ക് | കടം |
|---|---|---|---|
| വരവ് | 1593982.80 | 766984.00 | 144777.85 |
| ചെലവ് | 1875068.00 | 766984.00 | 107604.00 |

പട്ടിക 4
പൊതു സാമ്പത്തികനില – 1994–95

| ഇനം | പൊതുകണക്ക് | മൂലധനക്കണക്ക് | കടം |
|---|---|---|---|
| വരവ് | 2669827.25 | 307176.20 | 152305.90 |
| ചെലവ് | 2056244.10 | 307176.20 | 139982.00 |

അവലംബം: പഞ്ചായത്ത് രേഖകൾ

1993–94 ൽ സർക്കാർ ഗ്രാന്റും അറ്റാദായവും ഇനത്തിൽ 445031 രൂപ കിട്ടിയപ്പോൾ 94–95 ൽ അത് 314215 ആയി കുറഞ്ഞു.



## 5.13 ടൂറിസം

ഒരു കണ്ഠാഭരണം പോലെ കിളികൊല്ലൂരിനെ പുണർന്ന് ഒഴുകുന്ന കിളികൊല്ലൂർ ആറ് നമ്മളിൽ നഷ്ടപ്രതാപത്തിന്റെ സ്മൃതികളുണർത്തുന്നു. ഇന്നലെകളിൽ സമൃദ്ധിയുടെ കേവ് ഭാരം പേറി കെട്ടുവള്ളങ്ങൾ കിഴക്കിന്റെ വെനീസിലേക്ക് പോയത് ഇതുവഴിയായിരുന്നു. തുഴപ്പാടിന്റെ ചിരിയും തുഴപ്പാട്ടിന്റെ ഈണവും കേട്ടൊഴുകിയ കിളികൊല്ലൂർ തോടിന് തിരുവിതാംകൂറിന്റെ വാണിജ്യവ്യവസായ വസന്തത്തിന്റെ ശീലുകൾ ചൊല്ലാനുണ്ട്. പരവൂർകായലിൽ തുടങ്ങി അഷ്ടമുടിക്കായലിൽ ചേരുന്ന കിളികൊല്ലൂർ തോടിനെ ദേശീയ ജലപാതയുമായി ബന്ധപ്പെടുത്തിയാൽ നമ്മുടെ ഗ്രാമപഞ്ചായത്തിൽ ടൂറിസം വികസനത്തിന് വഴിയൊരുക്കാം.

പാലക്കടവിൽ കിളികൊല്ലൂർ തോടിന് കുറുകെ ഉണ്ടായിരുന്ന കമാനാകൃതിയിലുള്ള പാലം രാജഭരണകാലത്ത് നിർമ്മിച്ചതായിരുന്നു. ഇന്ന് ആ പഴയ പാലത്തിന്റെ സ്ഥാനത്ത് സൗന്ദര്യമില്ലാത്ത പുതിയ പാലമാണ്. ഇന്ന് ഈ തോട് ഒരു മാലിന്യ ശേഖരമായി മാറിയിട്ടുണ്ട്. മണ്ണടിഞ്ഞ് ആഴംകുറഞ്ഞുപോയ തോട്ടിലൂടെ ഇപ്പോൾ ഭാരം കയറ്റിയ കെട്ടുവള്ളങ്ങൾക്കോ ചങ്ങാടങ്ങൾക്കോ പോകാൻ കഴിയില്ല. ആഴം വർദ്ധിപ്പിച്ചും മാലിന്യങ്ങൾ നീക്കം ചെയ്തും തോട് സംരക്ഷിക്കാൻ കഴിയണം. ഇരുകരകളിലും ബലമുള്ള ഭിത്തികൾ സ്ഥാപിച്ച് മണ്ണൊലിപ്പ് തടഞ്ഞ് ഒരു തീര നടപ്പാത സൃഷ്ടിക്കാവുന്നതാണ് കിളികൊല്ലൂർ. തോട്ടിലൂടെയുള്ള ബോട്ട് സഞ്ചാരം ടൂറിസ്റ്റുകൾക്ക് അപൂർവ്വ അനുഭവമായിരിക്കും. ഇരുകരകളിലേയും ഗ്രാമീണ ജീവിതം കാണാനും കൊല്ലത്തിന്റെ പെരുമ ഉയർത്തിയ കശുവണ്ടി ഫാക്ടറികളും കയർ ഉദ്പ്പാദന മേഖലകളും സന്ദർശിക്കാനും ടൂറിസ്റ്റുകൾക്ക് അവസരം ഒരുക്കണം. പാലക്കടവ് കേന്ദ്രീകരിച്ച് ബോട്ടുജെട്ടി സ്ഥാപിച്ച് കര-ജല മാർഗ്ഗങ്ങളുടെ സംഗമസ്ഥാനമായി പാലക്കടവിനെ വികസിപ്പിക്കുന്നതിന് ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയും ജലഗതാഗത വകുപ്പിന്റെയും സഹായം ആവശ്യപ്പെടാവുന്നതാണ്. തോടിന്റെ ഇരുകരകളിലുമുള്ള പഞ്ചായത്ത് വക സ്ഥലങ്ങളിൽ റിസോർട്ടുകളും വിശ്രമ സങ്കേതങ്ങളും സ്ഥാപിക്കാൻ കഴിയണം. ഒരു ഫ്ളോട്ടിംഗ് റസ്റ്റോറന്റ് തുടങ്ങാൻ കഴിഞ്ഞാൽ അത് പഞ്ചായത്തിന് മറ്റൊരു വരുമാന മാർഗ്ഗമാകുമെന്ന് പ്രത്യേകം പറയേണ്ടതില്ല. ഓണക്കാലത്ത് ചെറുവള്ളങ്ങളുടെ തുഴച്ചിൽ മത്സരങ്ങളും നടത്താവുന്നതാണ്.

ദേശാടനകിളികൾ വിരുന്നു വരാറുള്ള കണ്ടച്ചിറയിലേക്ക് ടൂറിസ്റ്റുകളെ ആകർഷിക്കാൻ കഴിയണം. കണ്ടച്ചിറ ചീപ്പിന് കിഴക്ക് ഭാഗത്തെ രണ്ടര ഏക്കർ ചതുപ്പിലാണ് മൺസൂൺകാലത്ത് ദേശാടനകിളികൾ എത്തുന്നത്. അപൂർവ്വമായ പക്ഷി വംശജരാണ് ഇവിടെ എത്തുന്നത്. വൻകരകൾ താണ്ടി എത്തുന്ന ഈ പക്ഷിക്കൂട്ടങ്ങളെ കാണാനും പഠിക്കാനുമുള്ള സൗകര്യം ഇവിടെ സൃഷ്ടിക്കാൻ കഴിയണം. അതിനായി പക്ഷിനിരീക്ഷണ ഗോപുരങ്ങളോ, പക്ഷിനിരീക്ഷണ കൂടാരങ്ങളോ സ്ഥാപിക്കാൻ കഴിഞ്ഞാൽ അത് ജില്ലയിലെ ഏക പക്ഷിനിരീക്ഷണകേന്ദ്രമായി വികസിക്കുമെന്നതിൽ സംശയമില്ല. കണ്ടച്ചിറയുടെ പ്രകൃതി രമണീയത ജില്ലയിലെ മറ്റൊരു ഗ്രാമത്തിനും അവകാശപ്പെടാൻ കഴിയാത്തതാണ്. പാടത്തിന് അക്കരയിലൂടെ തീപ്പെട്ടിക്കൂടുകൾ പോലെ ഇഴഞ്ഞുനീങ്ങുന്ന തീവണ്ടി വെസെക്സിനെ (Wesex) ഓർമ്മിപ്പിക്കുന്നതാണ്.

മങ്ങാട് പുരാവസ്തു ഗവേഷകരുമായി സഹകരിച്ച് കൂടുതൽ ഖനനങ്ങൾ നടത്താനും ഇതിനോടകം ലഭിച്ചിട്ടുള്ള പുരാവസ്തുക്കൾ ഒരു മ്യൂസിയം സ്ഥാപിച്ച് അതിൽ സൂക്ഷിക്കാനും കഴിയണം. കളരി അഭ്യാസത്തിന് പുകൾപെറ്റ മങ്ങാട് കേന്ദ്രീകരിച്ച് ഒരു കളരി പഠന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിച്ചാൽ ഈ കേരളീയ കായികാഭ്യാസത്തിൽ തല്പരരായ വിനോദ സഞ്ചാരികളെ ആകർഷിക്കാൻ കഴിയും. മാസങ്ങളോളം ഇവിടെ താമസിച്ച് ഈ ആയോധന കല പഠിക്കാൻ കഴിയും വിധം ഇൻസ്റ്റിറ്റ്യൂട്ടിൽ അനുബന്ധ സൗകര്യങ്ങൾ വികസിപ്പിക്കണം. മുഗൾ വാസ്തുശില്പ രീതിയിൽ നിർമ്മിച്ചിരിക്കുന്ന ടി. കെ. എം. എൻജീനിയറിംഗ് കോളേജ് നമ്മുടെ വാസ്തു ശില്പ വൈഭവത്തിന് സാക്ഷ്യം പറയുന്നു.

കൊല്ലം ബൈപ്പാസ് കൊല്ലം - ചെങ്കോട്ട റോഡിനെ മുറിച്ചുകടക്കുന്ന കല്ലുംതാഴത്ത് ഒരു ടൗൺ ഷിപ്പ് സ്ഥാപിക്കാൻ കഴിഞ്ഞാൽ സഞ്ചാരികളെ ഈ ഇടത്താവളത്തിലേക്ക് ആകർഷിക്കാൻ കഴിയും. കിളികൊല്ലൂർ റയിൽവേസ്റ്റേഷൻ ഇതോടൊപ്പം വികസിപ്പിക്കാനും കഴിയണം

## പഠന പര്യടനം 14.11.1996

N ⟶ S

*Altitude - 10-20 m. from MSL*




| | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|
| ഭൂപ്രകൃതി | ചതുപ്പ് | സമതലം | ചരിവ് | ഉടർന്ന പ്രദേശം | ചരിവ് | ചതുപ്പ് | സമതലം | ചരിവ് | ഉടർന്ന പ്രദേശം | ചരിവ് | സമതലം | ഉടർന്ന പ്രദേശം |
| മൺതരം | എക്കൽ മണ്ണ് | | വെട്ടുകൽ മണ്ണ് | | | മണൽ കലർന്ന എക്കൽ മണ്ണ് | | വെട്ടുകൽ മണ്ണ് | | മണൽ കലർന്ന എക്കൽ മണ്ണ് | | വെട്ടുകൽ മണ്ണ് |
| സസ്യാവരണം | | തെങ്ങ്, കവുങ്ങ്, കുരുമുളക്, വാഴ, മറ്റു വൃക്ഷങ്ങൾ | | | | നെല്ല് | | വൃക്ഷവിളകൾ തെങ്ങ് | | | നെല്ല് | തെങ്ങ് |
| ജലലഭ്യത | ഓരു ജലം | | ശുദ്ധജലം ലഭ്യം | ക്ഷാമം | ശുദ്ധജലം ലഭ്യം | ലഭ്യം | ശുദ്ധജലം ലഭ്യം | ലഭ്യം | ശുദ്ധജലം ക്ഷാമം | ലഭ്യം | ശുദ്ധജലം ലഭ്യം | ലഭ്യം |

# ഉപസംഹാരം

എവിടെയോ വച്ച് നമുക്ക് കൈമോശം വന്ന ആത്മവിശ്വാസം വീണ്ടെടുക്കണം ഒന്നും ശരിപ്പെടില്ല എന്ന നിരാശാബോധം വലിച്ചെറിയണം. നമ്മുടെ സമൂഹത്തിന്റെ നന്മയ്ക്ക് ഇതല്ലാതെ മറ്റൊരു മാർഗ്ഗമില്ല. നമ്മെ നാമല്ലാതെ മറ്റ് ആരാണ് രക്ഷിക്കുക.

അവകാശബോധംപോലെ കർത്തവ്യബോധവും പ്രധാനമാണ്. പ്രതിഫലം ജീവിയ്ക്കുവാൻ ആവശ്യമാണെന്നതുകൊണ്ട് സേവനം ഒരു അനാവശ്യം ആണെന്ന് ആരും പറയുകയില്ലല്ലോ. സേവനം നിഷേധിയ്ക്കപ്പെട്ടാൽ എല്ലാ സാമൂഹിക നന്മകളും നഷ്ടപ്പെടും. സേവനം ചിലർക്കുമാത്രം, നമുക്ക് സ്വന്തം കാര്യം എന്ന വിചാരവും നന്നല്ല. ഇതാ നാം ഒരു വഴിത്തിരിവിൽ എത്തിയിരിക്കുന്നു. ഇത് നാം കാത്തിരുന്ന ധന്യമുഹൂർത്തം. വോട്ടവകാശത്തിൽ മാത്രം ഒതുങ്ങിയ ജനാധിപത്യത്തിന്റെ അവകാശങ്ങളും കടമകളും ഇന്ന് നമ്മെ തേടി വരുന്നു. ജാതിമത വർഗ്ഗീയ ചിന്തകൾക്കും രാഷ്ട്രീയ വൈരങ്ങൾക്കും അതീതമായി നമുക്ക് ഒത്തു ചേരാം. ഇവിടെയാണ് ആസൂത്രണത്തിന്റെ പുതിയ സംസ്കാരം തളിരിടുന്നത്.

കൂട്ടായ്മയുടെ സംസ്കാരം മനുഷ്യനും മനുഷ്യനും തമ്മിലുള്ള സഹകരണത്തിന്റെ സംസ്കാരം.

മുരടിച്ച് നിൽക്കുന്ന നമ്മുടെ സമൂഹത്തിന്റെ വികസനം എങ്ങനെ സാദ്ധ്യമാകും എന്നതാണ് പ്രശ്നം. ദാരിദ്ര്യവും തൊഴിലില്ലായ്മയും നിർമ്മാർജ്ജനം ചെയ്യാൻ അടിയന്തിര പ്രാധാന്യത്തോടെ പരിപാടികൾ ആവിഷ്കരിയ്ക്കണം. ആലസ്യവും സ്വാർത്ഥതയും ഭേദവിചാരങ്ങളും ഉപേക്ഷിച്ച് ജനത ഒന്നടങ്കം 9-ാം പഞ്ചവത്സര പദ്ധതിയുടെ ജനകീയാസൂത്രണ പരിപാടികളിൽ പങ്കെടുക്കണം. ഇതിനുള്ള അവസരം സർക്കാർ നമുക്ക് തരുന്നുണ്ട്. ഇവിടെ സർക്കാരും ജനവും സാങ്കേതികവിദഗ്ദ്ധരും പ്രാദേശിക വിഭവങ്ങളും കൂടി ചേർന്ന് വികസനത്തിന്റെ പുതിയ പാതതുറക്കുന്നു. നിരാശാഗ്രസ്ഥരായ ജനങ്ങളുടെ കർമ്മശേഷി ഉണർന്നെഴുന്നേൽക്കുമ്പോൾ ഉൽപ്പാദന മേഖലകൾ സജീവമാകും. കാർഷിക വ്യാവസായിക മേഖലകളിലെ ഉൽപ്പാദനം വർദ്ധിയ്ക്കും.

ഗ്രാമസഭകളിൽ ഉയർന്നുവന്ന ജനകീയ ആവശ്യങ്ങൾ ഈ വികസന റിപ്പോർട്ടിൽ അവതരിപ്പിയ്ക്കപ്പെട്ടിരിയ്ക്കുന്നു. ഇതിൽ അടിയന്തിര പ്രാധാന്യമുള്ള അനവധി പ്രശ്നങ്ങൾ ഉണ്ട്. റോഡ്, കുടിവെള്ളം, വെളിച്ചം, കൃഷി, വ്യവസായം, വിദ്യാഭ്യാസം പൊതുജനാരോഗ്യം സംസ്കാരം തുടങ്ങിയ എത്രയെത്ര വിഷയങ്ങളാണ് ഗ്രാമസഭകളിലൂടെ ഈ റിപ്പോർട്ടിൽ സ്ഥാനം പിടിച്ചിരിയ്ക്കുന്നത്. ഇവയെല്ലാം അർഹിക്കുന്ന പ്രാധാന്യത്തോടെ ഇവിടെ ചർച്ചചെയ്യപ്പെടുകയും മുൻഗണനാക്രമം നിശ്ചയിച്ചു രേഖപ്പെടുത്തുകയും ചെയ്യുന്നതാണ്. സെമിനാറിൽ തീരുമാനിക്കപ്പെടുന്ന കാര്യങ്ങൾ മുൻഗണനാക്രമത്തിൽ നടപ്പിലാക്കുവാനുള്ള നടപടികൾ ഒമ്പതാം പദ്ധതിക്കാലത്ത് ഉണ്ടാകുന്നതുമാണ്.

**വികസന റിപ്പോർട്ട് തയ്യാറാക്കിയവർ**

1. ആമുഖം : } കെ. ശിവൻ
2. ചരിത്രം :
3. പൊതുവിവരണം : കെ. പി. പത്മകുമാർ
4. ഭൂപ്രകൃതിയും വിഭവങ്ങളും : കെ. പി. പത്മകുമാർ, വി. സുഭാഷ് ചന്ദ്രബോസ് (C.E.S.S.), ടി. പ്രേംലാൽ
5. വികസന മേഖലകൾ

5.1 കൃഷിയും ജലസേചനവും : എ. വിശ്വനാഥൻ, പി. ചന്ദ്ര ശേഖരപിള്ള, ടി. പ്രേംലാൽ.

5.2 മൃഗസംരക്ഷണം, മത്സ്യബന്ധനം : ഡോ: കെ. കെ. തോമസ്, എസ്. നടരാജൻ. ആർ. മോഹൻദാസ്, ഭഗത് സിംഗ്, എസ്. പ്രസാദ്.

5.3 വ്യവസായം : പ്രൊഫ: മുഹമ്മദ്കുഞ്ഞ്

5.4 ഗതാഗതം ഊർജ്ജം മാർക്കറ്റ് : മുഹമ്മദ് ഹബീവ്, പ്രൊഫ: മുഹമ്മദ്കുഞ്ഞ്, എസ്. പ്രസാദ്,

5.5 വിദ്യാഭ്യാസം : പി. ഇസഡോർ, ആർ. സുകുമാരൻ

5.6 കുടിവെള്ളവും പൊതുജനാരോഗ്യവും : കെ. പി. പത്മകുമാർ

5.7 പാർപ്പിടം, സാമൂഹ്യക്ഷേമം പൊതു വിതരണം: പി. കെ. ബോസ്, ജി. സരസ്വതി അമ്മ, ആർ. ലതികകുമാരി, എം. ആർ. മോഹനൻ പിള്ള,

5.8 സംസ്കാരം: ആർ. സുകുമാരൻ, എസ്. പ്രസാദ്

5.9 വനിതാക്ഷേമം : ആർ ലതികകുമാരി ജി. സരസ്വതി അമ്മ, എ. നൂർജ്ജഹാൻ, എസ്. പ്രസാദ്

5.10 സഹകരണം : ആർ. സുകുമാരൻ പി. ഇസഡോർ,

5.11 പട്ടിക ജാതി-പട്ടിക വർഗ്ഗ ക്ഷേമം: എൻ ഗോപിനാഥൻ, എൽ രാജി, എസ്. ഹരിദാസൻ, ആർ അജയകുമാർ,

5.12 വിഭവ സമാഹരണം: എം. ആർ. മോഹനൻപിള്ള ആർ. ലതികകുമാരി. എസ്. പ്രസാദ്, ആർ. അജയകുമാർ,

5.13 ടൂറിസം : എ. വഹാബ്, കെ. പി. പത്മകുമാർ.

**ദ്വിതീയ സ്ഥിതി വിവര ശേഖരണം**

1. ശ്രീ. ഉത്തമൻ
2. ശ്രീമതി. എ. നൂർജഹാൻ
3. ശ്രീ. ബി. എസ്. എസ്. നായർ
4. ശ്രീഗോപിനാഥൻപിള്ള
5. ശ്രീ അനുമുഖം പിള്ള
6. ശ്രീ. ജി. തങ്കപ്പൻപിള്ള
7. ശ്രീമതി ലതികസുകുമാരൻ
8. ശ്രീമതി. ടി. കെ. ഇന്ദിര
9. ശ്രീ. വിജയൻ ആചാരി
10. ശ്രീ. ജി. ലാലു.
11 ശ്രീ. പി. ശ്യാംപ്രകാശൻപിള്ള.
12. ശ്രീ. രാധാകൃഷ്ണൻ
13. ശ്രീ. എൻ. ഹരിദാസൻ,
14 ശ്രീ. കെ. ബാബു
15 ഗ്രാമപഞ്ചായത്തിലെയും മറ്റുവിവിധവകുപ്പുകളിലേയും ഉദ്യോഗസ്ഥർ

## കിളികൊല്ലൂർ - ഇലക്ട്രിക്കൽ മേജർ സെക്ഷൻ - വിതരണ ശൃംഖല

